

# അച്ചടിമാധ്യമം – തത്ത്വവും പ്രയോഗവും

## COURSE CODE: B21ML01DE

Discipline Specific Elective Course
Undergraduate Programme in
Malayalam Language and Literature

# SELF LEARNING MATERIAL

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# അച്ചടിമാധ്യമം - തത്ത്വവും പ്രയോഗവും

Course Code: B21ML01DE

Semester - IV

SGOU

## Discipline Specific Elective Course
## Undergraduate Programme in Malayalam Language and Literature
## Self Learning Material

**(With Model Question Paper Sets)**

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

അച്ചടിമാധ്യമം
തത്ത്വവും പ്രയോഗവും
Course Code: B21ML01DE
Semester - IV
BA Malayalam
Language and Literature

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-970238-3-5
9 788197 023835

# DOCUMENTATION

## Academic Committee

Prof. Thomas Thamarasseri
Dr. Lekshmi V. S.
Dr. Athman A. V.
Dr. S. Nazeeb
Dr. Baburajan K.
Dr. S. Sudarsana Babu
Dr. Vijaya V.A.
Dr. Indusree S. R.
Dr. Vidhya D. R.
Chayam Dharmarajan
Dr. Aju K. Narayanan
Dr. Suja S.
Dr. S. Ajayakumar
Dr. Sudha Mary Thomas

## Development of the Content

Jessy Joseph, S.A. Shujad, Dr. Athira A.R., Dr. G. James

## Review

Content : Prof. Thomas Thamarasseri, S.A. Shujad, Dr. James G.
Format : Dr. I. G. Shibi
Linguistics : S.A. Shujad

## Edit

Prof. Thomas Thamarasseri, S.A. Shujad, Dr. James G.

## Scrutiny

Aswani A.P., Deepam S., Dr. Thara S.S., Dr. Deepthi V.S., Dr. Lathika A.C.

## Co-ordination

Dr. I.G. Shibi and Team SLM

## Design Control

Azeem Babu T. A.

## Cover Design

Jobin J.

## Production

August 2024

## Copyright

© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The undergraduate programme in Malayalam Language and Literature is designed to meet standards comparable to similar programmes at other state universities in Kerala. The curriculum provides ample opportunity to explore evolving literary formats and their impact on the language's richness. Malayalam language and literature lessons are integrated in appropriate proportions, and frontier topics are suitably incorporated. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Warm regards.
Dr. Jagathy Raj V. P.

01-08-2024

# CONTENTS


| | | |
|---|---|---|
| **Block 01** | **ആശയവിനിമയത്തിന്റെ വർഗീകരണം** | **1** |
| യൂണിറ്റ് 1 | ആശയവിനിമയത്തിന്റെ വർഗീകരണം | 2 |
| **Block 02** | **അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും** | **17** |
| യൂണിറ്റ് 1 | അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും | 18 |
| **Block 03** | **വാർത്ത-നിർവചനം** | **40** |
| യൂണിറ്റ് 1 | വാർത്ത-നിർവചനം | 41 |
| **Block 04** | **വാർത്തേതര രചനകൾ** | **62** |
| യൂണിറ്റ് 1 | വാർത്തേതര രചനകൾ | 63 |
| | **Model Question Paper Sets** | **96** |


SGOU

# BLOCK 01

# ആശയ വിനിമയത്തിന്റെ വർഗീകരണം

SGOU

യൂണിറ്റ് 1

# ആശയവിനിമയത്തിന്റെ വർഗീകരണം

## Learning Outcomes

- ആശയവിനിമയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നു
- വിനിമയം ഏതെല്ലാം തരത്തിൽ മനുഷ്യന് ഉപകാരപ്രദമാകുന്നു എന്ന് പരിശോധിക്കുന്നു
- ദേശാടനപ്പക്ഷികളുടെ ആശയവിനിമയം എങ്ങനെയെന്നതിനെക്കുറിച്ച് അന്വേഷിക്കുന്നു.
- സംഘ ആശയവിനിമയത്തെക്കുറിച്ച് മനസിലാക്കുന്നു
- ബഹുജന ആശയവിനിമയത്തിന്റെ കർമ്മങ്ങൾ ഏതെല്ലാം എന്ന് വിശകലനം ചെയ്യുന്നു
- വിജ്ഞാനവിതരണം ഏതെല്ലാം വിധത്തിൽ കൈമാറ്റം ചെയ്യപ്പെടുന്നു എന്ന് പരിശോധിക്കുന്നു

## Prerequisite

മനുഷ്യവംശം മാത്രമല്ല നമുക്കു ചുറ്റുമുള്ള സകല ജീവജാലങ്ങളും പരസ്പര സമ്പർക്കങ്ങളിലൂടെയും കൊടുക്കൽ വാങ്ങലുകളിലൂടെയും ജീവിതത്തെ ക്രമീകരിച്ചിരിക്കുന്ന സംവിധാനമാണ് നമ്മുടെ പ്രകൃതി ഒരുക്കിയിരിക്കുന്നത്. എല്ലാ ജീവിവർഗങ്ങളും ജീവസന്ധാരണത്തിനായി സഹജീവികളുമായി ഇടപഴകി മുന്നോട്ടുപോകുന്ന പ്രക്രിയയാണ് സാധാരണയായി നടന്നുവരുന്നത്. രണ്ടാമതൊരു ജീവിയിലേക്കോ കൂടുതൽ ജീവിസമൂഹങ്ങളിലേക്കോ സന്ദേശങ്ങൾ കൈമാറാനായി പൊതുവായ ഭാഷകൾ വികസിപ്പിച്ചിട്ടുണ്ട്. ആംഗ്യങ്ങൾ, ശബ്ദങ്ങൾ, വാക്കുകൾ, ശാരീരിക ചലനങ്ങൾ തുടങ്ങിയ മാർഗങ്ങളിലൂടെയാണ് സന്ദേശങ്ങൾ കൈമാറുന്നത്. പ്രകൃതിയിൽ പരസ്പര സഹകരണത്തോടെ ജീവജാലങ്ങൾ കൊടുക്കൽ വാങ്ങലുകൾ പ്രാചീനകാലത്തുതന്നെ നടത്തിയിരുന്നതായി തിരിച്ചറിഞ്ഞിട്ടുണ്ട്. ആഹാരത്തിനും പാർപ്പിടത്തിനുമായാണ് അക്കാലങ്ങളിലെ മനുഷ്യരുൾപ്പെടെയുള്ള ജീവിവർഗങ്ങൾ സഞ്ചാരം ഒരു ജീവിതശൈലിയായി തെരഞ്ഞെടുത്തത്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും അനേകായിരം കിലോമീറ്ററുകളോളം സഞ്ചരിക്കുന്ന പക്ഷികളെക്കുറിച്ച് നമുക്കറിയാം. മധ്യേഷ്യയിൽനിന്നും യൂറോപ്പിൽനിന്നുമെല്ലാം ദേശാടനപ്പക്ഷികൾ എല്ലാവർഷവും ആവാസവ്യവസ്ഥയ്ക്ക് അനുകൂലമായ കേരളത്തിന്റെ ചില പ്രത്യേകപ്രദേശങ്ങളിൽ എത്തിച്ചേരാറുണ്ട്. ആഹാരത്തിനുവേണ്ടിയും അന്തിയിൽ ചേക്കേറുന്നതിനു വേണ്ടിയും അനുയോജ്യമായ പ്രദേശങ്ങളാണ് അവർ തേടുന്നത്. അതുകൊണ്ടാണ് കേരളംപോലെ ഭൂപ്രകൃതി നിലനിൽക്കുന്ന പ്രദേശങ്ങളിൽ പക്ഷികൾ ദേശാടനത്തിലൂടെ എത്തിച്ചേരുന്നത്. കുമരകം, കുട്ടനാട്, ആക്കുളം തുടങ്ങിയ കായലോരങ്ങളാണ് ദേശാടനപ്പ

ക്ഷികളുടെ ആവാസകേന്ദ്രങ്ങൾ. ഋതുഭേദങ്ങൾക്ക് അനുസരിച്ചുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്നതിനുവേണ്ടിയാണ് പക്ഷികളുടെ ഈ ദേശാടനം. വർഷത്തിൽ പന്ത്രണ്ട് മാസത്തോളം ദേശാടനപ്പക്ഷികൾ ഇങ്ങനെ ഭൂഖണ്ഡങ്ങൾ താണ്ടി യാത്ര ചെയ്യുന്നുണ്ടെന്നാണ് കണക്ക്. കടലിലെ തിരമാലകൾക്കുമുകളിൽ വിശ്രമിച്ചുകൊണ്ട് ദൂരങ്ങൾ താണ്ടുന്ന ഈ പക്ഷികൾ അവരുടെ ശരീരഭാരം കുറയ്ക്കുന്നതിനും മറ്റുമുള്ള മുന്നൊരുക്കങ്ങളും നടത്താറുണ്ടത്രെ. യൂറോപ്യൻരാജ്യങ്ങളിൽനിന്ന് തണുപ്പുകാലത്ത് ഇരുപതിനായിരത്തോളം കിലോമീറ്റർ താണ്ടി കേരളത്തിൽ എത്തുന്ന ലക്ഷക്കണക്കിന് പക്ഷികളുടെ കഥ അത്ഭുതകരമാണ്. മനുഷ്യന് അനുനിമിഷം ലോകവിവരങ്ങൾ അറിയാൻ ഇന്ന് ആഗോളനെറ്റ്‌വർക്ക് സംവിധാനങ്ങൾ ഉണ്ട്. ഇത് ആശയവിനിമയത്തിന്റെ വിസ്മയകരമായ വികാസമാണെന്ന് പറയാം. എന്നാൽ യാതൊരു നെറ്റ് വർക്കും ഇല്ലാതെ ഭൂഖണ്ഡങ്ങൾക്കപ്പുറത്തുനിന്ന് ദേശാടനക്കിളികൾ കേരളത്തിലെ കായലോരങ്ങളിലേക്ക് വഴിതെറ്റാതെ പറന്നെത്തുമ്പോൾ അവർക്കിടയിൽ ആശയവിനിമയം നടക്കുന്നത് എങ്ങനെയെന്ന് ഇനിയും കണ്ടെത്താൻ ആയിട്ടില്ല. ചുരുക്കത്തിൽ ആശയവിനിമയം എന്നത് ആഗോളവ്യാപകമായ ഒരു പ്രക്രിയയാണ്. അതേസമയം തന്നെ ഇത് വളരെ സങ്കീർണവുമാണ്.

പരമ്പരാഗത രീതിയിലുള്ള ആശയവിനിമയതലങ്ങളിൽ നിന്ന് ബഹുജന ആശയവിനിമയം എങ്ങനെയൊക്കെ വ്യത്യസ്തമാകുന്നു എന്ന് പരിശോധിക്കുമ്പോൾ കിട്ടുന്ന ഉത്തരങ്ങൾ ലളിതമല്ല. പ്രാചീനകാലം മുതൽ ഉത്തരാധുനിക കാലംവരെയുള്ള ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ വൈവിധ്യങ്ങളാർന്ന ആശയവിനിമയ സംവിധാനങ്ങളിലുള്ള സാങ്കേതികവിദ്യകളിലേക്ക് മനുഷ്യൻ പ്രവേശിച്ചുകഴിഞ്ഞു. വിവരവിജ്ഞാനങ്ങളെ ശേഖരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമായി മാധ്യമങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. വിവിധ മാധ്യമങ്ങളിലൂടെ സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിച്ചു. പത്രം, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ബഹുജനമാധ്യമങ്ങൾ മുഖ്യധാരയിലേക്കെത്തി. റേഡിയോയും ടെലിവിഷനും വികാസം പ്രാപിച്ചതോടെ ആശയവിനിമയപ്രക്രിയ കൂടുതൽ ലളിതമായി. ഡേവിഡ് സാർനോഫ് റേഡിയോയെ കരുത്തുറ്റ ബഹുജനമാധ്യമമാക്കി മാറ്റി. ഇംഗ്ലണ്ടിൽ ബി ബി സി രംഗത്ത് വന്നതോടുകൂടി ലോകമെമ്പാടും റേഡിയോയുടെ പ്രചാരണം സാധ്യമായി.

പത്രങ്ങൾക്ക് സമാനമായി റേഡിയോയും ടെലിവിഷനും സാമൂഹ്യ വീക്ഷണത്തോടെ പ്രക്ഷേപണങ്ങളിൽ മാറ്റം വരുത്തി. സാമൂഹ്യവളർച്ചയ്ക്ക് അനുകൂലമായ പരിഷ്കരണപദ്ധതികൾ വളരെ വേഗം ജനങ്ങളിലേക്ക് എത്തിക്കുക എന്നുള്ളതായിരുന്നു തങ്ങളുടെ ലക്ഷ്യം. ആധുനിക സംവിധാനങ്ങൾ ആയതുകൊണ്ട് മിക്ക ടെലിവിഷൻ ചാനലുകളും സംപ്രേഷണം വ്യാപകമാക്കി. ആധുനിക സാങ്കേതികവിദ്യകൾ നൂതനമായ വഴികളിലൂടെ മനുഷ്യരെ പരസ്പരം ബന്ധിപ്പിച്ചപ്പോൾ ഭരണകൂടങ്ങളുടെ തന്ത്രങ്ങളെല്ലാം അസ്ഥാനത്തായി. പുത്തൻ സാഹചര്യങ്ങളിലൂടെ മുന്നേറാനായി ഭരണവർഗത്തിന് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് മാധ്യമസ്ഥാപനങ്ങൾ ഉയർന്നുവന്നത്. വിപണിവൽക്കരിക്കപ്പെട്ട സമൂഹത്തിലെ മാധ്യമ ഉടമസ്ഥർ ഭരണകൂടത്തോട് വിധേയത്വം പുലർത്തിയത് വാർത്തകളുടെ വിശ്വാസ്യതയെ കെടുത്തി. ഇരുപതാംനൂറ്റാണ്ടിന്റെ ഒന്നാംപകുതി അവസാനിക്കുന്നതാകട്ടെ, അച്ചടിക്കൊപ്പം റേഡിയോ, സിനിമ എന്നീ രണ്ടു പുതിയ മാധ്യമാനുഭവങ്ങളുടെ ആവിർഭാവത്തോടെയാണ്.

## Keywords

വിനിമയം-കമ്മ്യൂണിക്കേഷൻ-പ്രേഷിതൻ-സ്വീകർത്താവ്-ആശയവിനിമയ പ്രക്രിയ-വിനിമയ മാധ്യമങ്ങൾ-ബഹുജന ആശയവിനിമയത്തിന്റെ ധർമ്മങ്ങൾ-നവമാധ്യമം-ഡിജിറ്റൽ മാധ്യമം

## Discussion

ആശയവിനിമയത്തിന്റെ അടിസ്ഥാനശിലയായ വിനിമയം എന്ന പ്രക്രിയയെ വിശദീകരിക്കാം. മനുഷ്യന്റെ സംസ്കാരവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് വിനിമയം. എല്ലാത്തരം ജീവിവർഗങ്ങളും വിനിമയത്തിൽ ഇടപെടുന്നുണ്ട് എന്നുള്ള വസ്തുത നാം പരിശോധിച്ചു കഴിഞ്ഞു. പൊതുവേ ആശയവിനിമയം എന്ന തലത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. വാക്കുകളും ഭാഷയും ചേർന്നുണ്ടാകുന്ന വെറുമൊരു പ്രതിഭാസമല്ല വിനിമയം. ഇതിനു പല തലങ്ങളുണ്ട്. ആശയതലം, സംസ്കാരതലം, സർഗാത്മകതലം, വിജ്ഞാനതലം എന്നിവയെല്ലാം വിനിമയോപാധികളാണ്. മാത്രമല്ല മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒന്നായി ആശയവിനിമയം അഥവാ സംവേദനം മാറിയിരിക്കുന്നു. 'കമ്മ്യൂണിക്കേർ' എന്ന പദത്തിൽ നിന്നോ പൊതുവായത് എന്നർത്ഥമുള്ള 'കമ്മ്യൂണിസ്'എന്ന ലാറ്റിൻ പദത്തിൽ നിന്നോ രൂപപ്പെട്ടതാണ് കമ്മ്യൂണിക്കേഷൻ. ആശയവിനിമയത്തിന് ഹിന്ദിയിൽ 'സഞ്ചാർ'എന്നും ബഹുജനാശയവിനിമയത്തിന് 'ജനസഞ്ചാർ'എന്നും പറയുന്നു. കമ്മ്യൂണിക്കേഷൻ എന്ന ആംഗലേയപദം ലോകത്തുണ്ടായിട്ടുള്ള എല്ലാ വികസനപ്രക്രിയയിലും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ആഗോളവ്യാപകമായ ഒരു പ്രക്രിയയായ ആശയവിനിമയം ഇന്ന് ബൃഹത്തായ ഒരു വിജ്ഞാനശാഖയായി മാറിയിരിക്കുന്നു. റേഡിയോ, ടെലിവിഷൻ, അച്ചടി, ഇന്റർനെറ്റ് തുടങ്ങി ധാരാളം മാധ്യമങ്ങൾ വിനിമയത്തിന്റെ ഭാഗമാണ്. വാക്കുകൾ കണ്ണികളായി ചേർത്ത് അതിലൂടെ അർഥസമ്പുഷ്ടമായ ഒരു മുഹൂർത്തം സൃഷ്ടിക്കുന്ന പ്രക്രിയയാണ് ആശയവിനിമയം. ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, അഭിപ്രായങ്ങൾ എന്നിവയുടെ രൂപത്തിലുള്ള സന്ദേശം രണ്ടോ അതിലധികമോ വ്യക്തികൾക്കിടയിലേക്ക് അല്ലെങ്കിൽ ലക്ഷ്യസ്ഥാനത്തേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണിത്.

രണ്ട് വ്യക്തികൾ തമ്മിലോ വ്യക്തിയും സമൂഹവും തമ്മിലോ സംവേദനം നടക്കാറുണ്ട്. ആശയവിനിമയത്തിന് പ്രാഥമികമായി ആശയം പുറപ്പെടുവിക്കുന്ന ആളും ആശയം സ്വീകരിക്കുന്ന ആളും വേണം. ആശയം പുറപ്പെടുന്നത് എവിടെ നിന്നാണോ അതിനെ ഉത്ഭവകേന്ദ്രം എന്നും ആശയം എത്തിച്ചേരുന്ന സ്ഥലത്തെ പ്രാപ്യസ്ഥാനമെന്നും പറയാം. സന്ദേശം ഏതിൽ കൂടിയാണോ പ്രാപ്യസ്ഥാനത്ത് എത്തുന്നത് ആ മാർഗത്തിനെ സന്ദേശമാധ്യമം എന്നു പറയാം, ഉത്ഭവകേന്ദ്രത്തിൽ നിന്ന് പുറപ്പെടുന്ന ആശയം സന്ദേശമാധ്യമത്തിലൂടെ സഞ്ചരിച്ച് പ്രാപ്യസ്ഥാനത്ത് എത്തുമ്പോഴാണ് ആശയവിനിമയം എന്ന പ്രക്രിയ പൂർണമാവുന്നത്. ആശയം പുറപ്പെടുവിക്കുന്ന വ്യക്തിയെ 'ദാതാവ്'അഥവാ 'പ്രേഷിതൻ' എന്നും ആശയം ഗ്രഹിക്കുന്ന വ്യക്തിയെ 'സ്വീകർത്താവ്' എന്നും പറയുന്നു. ദാതാവ് എന്ന വാക്കിന്റെ അർഥം കൊടുക്കുന്നയാൾ എന്നാണ്. പ്രേഷിതൻ എന്ന വാക്കിന്റെ ഇംഗ്ലീഷ് പദം സെന്റർ എന്നുമാണ്. (ഭരണഭാഷ മലയാളമാകുന്നതിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിൽനിന്ന് അയക്കുന്ന കത്തുകളിൽ 'ഫ്രം' എന്നതിന് സൂചിപ്പിക്കാനായി പ്രേഷിതൻ എന്നും 'ടു' എന്നതിന് സ്വീകർത്താവ് എന്നുമാണ് എഴുതുന്നത്)

ചുവടെ കൊടുത്തിരിക്കുന്ന സൂചനകളിൽ നിന്നും ഈ പ്രക്രിയയുടെ ഘടന മനസിലാക്കാവുന്നതാണ്.

A - പ്രേഷിതൻ (ദാതാവ്)

B - സന്ദേശം

C - സ്വീകർത്താവ്

## ആശയവിനിമയം: നിർവചനങ്ങൾ

ആശയവിനിമയത്തെ സംബന്ധിച്ച് ഒട്ടേറെ നിർവചനങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു നിർവചനത്തിൽ ആശയവിനിമയത്തെ ഒതുക്കിനിർത്താനാവില്ല. ആശയങ്ങളോ വികാരങ്ങളോ വിവരങ്ങളോ പരസ്പരം കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ് ആശയവിനിമയം. ദാതാവ് (പ്രേഷിതൻ), സന്ദേശം, മാധ്യമം, സ്വീകർത്താവ് എന്നിങ്ങനെ നാല് ഘടകങ്ങളുടെ ഏകോപനമാണ് ഇവിടെ നടക്കുന്നത്.

മനുഷ്യരല്ലാത്ത ജീവികളും ആശയവിനിമയം നടത്തുന്നുണ്ട്. സാഹചര്യങ്ങൾക്കനുസരിച്ചുള്ള അർഥമേ മൃഗങ്ങളുടെ ആശയവിനിമയത്തിനുള്ളൂ. മൃഗങ്ങളുടെ ആശയവിനിമയോപാധി closed ended ആണ്. അടിസ്ഥാന ചോദനകൾക്കനുസൃതമായ ശബ്ദങ്ങളല്ലാതെ മറ്റൊന്നും അവ പ്രകടിപ്പിക്കുന്നില്ല. ഒരു വ്യക്തിക്ക് ഒരേ സമയം ശ്രോതാവായും അതേസമയം വക്താവായും നിലനിൽക്കാനാവും. മൃഗങ്ങളുടെ ആശയവിനിമയ വ്യവസ്ഥയിൽ ഈ സാധ്യതയില്ല. ചില പ്രത്യേക ശബ്ദങ്ങൾ ഉപയോഗിച്ച് ഇണയെ ആകർഷിക്കാൻ ആൺപക്ഷികൾക്ക് കഴിയുമെങ്കിലും പെൺപക്ഷികൾക്ക് അത് തീരെകഴിയില്ല. ഭാഷ ശ്രവിക്കുകയും ഭാഷയിലൂടെ പ്രതികരിക്കാൻ കഴിയുകയും ചെയ്യുന്ന ഒരേയൊരു ജീവി മനുഷ്യൻ മാത്രമാണ്.

ആശയവിനിമയത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട നിർവചനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

1. ആശയവിനിമയം ഒരു സാമൂഹ്യ സമ്പർക്ക പ്രക്രിയ ആണെന്നാണ് ധാമ, ഭട്നഗർ (എഡ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ഫോർ ഡെവലപ്മെന്റ് എന്നിവർ നിർവചിക്കുന്നത്.
2. ദാദാവിൽ നിന്നും സ്വീകർത്താവിലേക്ക് സന്ദേശം കൈമാറുന്ന പ്രക്രിയയാണ് ആശയവിനിമയം എന്ന് റോജേഴ്സും ഷൂ മേക്കറും അഭിപ്രായപ്പെടുന്നു.
3. ആശയവിനിമയം എന്നാൽ ഒരു പങ്കുവയ്ക്കൽ പ്രക്രിയ ആണെന്നാണ് വിൽബർ ഷ്രാമിന്റെ കണ്ടെത്തൽ. പൊതുവായത് എന്നർഥമുള്ള കമ്മ്യൂണിസ്റ്റ് എന്ന ലാറ്റിൻ പദത്തോട് കമ്മ്യൂണിക്കേഷൻ ബന്ധപ്പെടുത്തിയത് ഇദ്ദേഹമാണ്.
4. എന്തെങ്കിലും പ്രതികരണം ഉണ്ടാവുന്ന വിധത്തിൽ നിശ്ചിതസമയത്തിനും സന്ദർഭത്തിനും മുകളിൽ നടക്കുന്ന സന്ദേശ കൈമാറ്റത്തെയാണ് ആശയവിനിമയം എന്ന് പറയുന്നത്. ജോസഫ് എ. ഡെവീറ്റോയുടെതാണ് ഈ അഭിപ്രായം.
5. ഒന്നോ അതിലധികമോ വ്യക്തികൾ മറ്റൊരാളിലേക്ക് അല്ലെങ്കിൽ നിരവധി ആളുകളിലേക്ക് ആശയങ്ങളും വിവരങ്ങളും വികാരങ്ങളും അഭിപ്രായങ്ങളും ഏതെങ്കിലും മാധ്യമത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ് ആശയവിനിമയം എന്ന് തിയഡോർസൺ ആന്റ് തിയഡോർസൺ നിർവചിക്കുന്നു.
6. ജോർജ് ഗർബനറുടെ വീക്ഷണത്തിൽ ആശയവിനിമയം എന്നത് സന്ദേശങ്ങളിലൂടെയുള്ള സാമൂഹ്യസമ്പർക്കമാണ്.

ആശയവിനിമയത്തെ സംബന്ധിച്ചുള്ള ഉത്തരഘടനാവാദത്തെക്കുറിച്ച് പുനർവിചിന്തനം നടത്തിയിട്ടുള്ള സ്റ്റുവർട്ട് ഹാൾ ഈ വാദം സുസ്ഥിരമല്ല എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. കർത്താവിന്റെയും ശ്രോതാവിന്റെയും സാഹചര്യങ്ങൾക്ക് അനുസരിച്ച് ഇതിന്റ അർഥം പലതായി വ്യാഖ്യാനിക്കപ്പെടാനുള്ള സാധ്യത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ഈ നിർവചനങ്ങൾക്കെല്ലാം ഉപരിയായി പല തലങ്ങളിലായി വ്യാപിച്ചുകിടക്കുന്നതാണ് ആശയവിനിമയത്തിന്റെ അർഥം. എല്ലാത്തരം മുന്നറിയിപ്പുകളും നമുക്ക് ലഭിക്കുന്നത് ആശയവിനിമയത്തിലൂടെയാണ്. ഇത് നമ്മുടെ ഭാവി ജീവിതത്തിന്റെ വ്യാപനം കുറിക്കുന്നവയാകാം. അല്ലെങ്കിൽ ജാഗ്രത കാണിക്കാനുള്ള സൂചനയാവാം. കോവിഡ് മഹാമാരിയുടെ കാലത്ത് മനുഷ്യവർഗത്തിന്റെ നിലനിൽപ്പ് തന്നെ ആശയവിനിമയം എന്ന തൂണിന് മുകളിലാണെന്ന വസ്തുത നാം മനസ്സിലാക്കി. അതുപോലെ യുദ്ധം, പ്രകൃതിദുരന്തങ്ങൾ, കച്ചവടസാമ്പത്തികമാന്ദ്യം

തുടങ്ങിയവയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ആശയവിനിമയ ഉപാധിയിലൂടെയാണ് നമുക്ക് ലഭിക്കുന്നത്. അതുപോലെതന്നെ ദാരിദ്ര്യം, രോഗം, നിരക്ഷരത, അജ്ഞത, തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്താൻ ആശയവിനിമയം വലിയതോതിൽ മാർഗദർശനങ്ങളാകാറുണ്ട്.

പലപ്പോഴും അപകടങ്ങളിൽ രക്ഷാമാർഗം കാണിച്ചു കൊടുക്കുന്ന ചൂണ്ടുപലകയായും ആശയവിനിമയോപാധികൾ മാറുന്നുണ്ട്. 2018-ലും 2019-ലും കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ അതിവേഗത്തിലുള്ള ആശയവിനിമയത്തിന്റെ പ്രാധാന്യം എന്താണെന്ന് നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ദുരന്തമുഖങ്ങളിൽ രക്ഷാപ്രവർത്തനത്തിന് വഴികാട്ടിയായി നിന്നത് വിവിധ ആശയവിനിമയോപാധികളായിരുന്നു. സ്വതന്ത്രമായ ആശയവിനിമയം നിർവഹിക്കുന്ന മാധ്യമങ്ങൾക്ക് ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ നിർണായകമായ പങ്കുണ്ട്. ഇവിടെ ഗവൺമെന്റിനെയും ജനങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് മാധ്യമങ്ങൾ.

## ആശയവിനിമയപ്രക്രിയ

പ്രേഷിതരാണ് ആശയവിനിമയപ്രക്രിയയുടെ മുഖ്യഘടകം. വിനിമയ പ്രക്രിയയുടെ ഉറവിടമാണ് പ്രേഷിതർ. അയയ്ക്കുന്നയാൾക്ക് പലതരം വിവരങ്ങൾ ഉണ്ട് - ഒരു കല്പന, അഭ്യർത്ഥന അല്ലെങ്കിൽ ആശയം - അവൻ അല്ലെങ്കിൽ അവൾ മറ്റുള്ളവരുമായി പങ്കിടാൻ ആഗ്രഹിക്കുന്നു. ആ സന്ദേശം ലഭിക്കണമെങ്കിൽ, അയയ്ക്കുന്നയാൾ ആദ്യം സന്ദേശത്തിന്റെ ആശയം മനസിലാക്കണം, അത് ഗ്രഹിച്ചശേഷം മറുപടി അയയ്ക്കാനും കഴിയും. സന്ദേശം സ്വീകരിക്കുന്ന ആളിനെ സ്വീകർത്താവ് എന്ന് വിളിക്കപ്പെടുന്നു.

അടിസ്ഥാനപരമായി ആശയവിനിമയത്തിന് ശാസ്ത്രീയ സങ്കൽപ്പങ്ങളുടെ സാക്ഷാത്കാരവുമായി ബന്ധമുണ്ട്. ഈ സങ്കൽപ്പത്തിൽ വിവിധ ഘടകങ്ങൾ നാം അറിയാതെ പ്രവർത്തിക്കുന്നുണ്ട്. ആശയം ഉത്ഭവിക്കുന്ന പ്രക്രിയയാണ് ഒരു ഘടകം. ആശയം എത്തിച്ചേരുന്നത് മറ്റൊരു ഘടകവും. ഭാഷണത്തിൽ ഏർപ്പെടുന്ന വ്യക്തി 'ഉത്ഭവസ്ഥാനവും' 'ശ്രോതാവ്' 'പ്രാപ്യസ്ഥാനവും' ആയിരിക്കും. ശാസ്ത്രീയമായി വിശദീകരിക്കുകയാണെങ്കിൽ ഉത്ഭവസ്ഥാനത്തിൽനിന്നുള്ള സന്ദേശം പ്രാപ്യസ്ഥാനത്ത് എത്തിച്ചേരുമ്പോൾ ആശയവിനിമയപ്രക്രിയ പൂർണമാകുന്നു. പക്ഷേ ഇതിനിടയിൽ ഒരു മാധ്യമം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ മാധ്യമത്തെ 'സഞ്ചാരപഥം'എന്ന് വിളിക്കുന്നു. ശബ്ദമോ സമാനമായ ഘടകമോ തരംഗ രൂപത്തിൽ വിനിമയം ചെയ്യുന്നത് ആശയങ്ങളാണ്. ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് സന്ദേശത്തെ കൊണ്ടുചെന്നെത്തിക്കുന്ന പ്രക്രിയ രൂപ പരിണാമത്തിലൂടെ മാത്രമേ നടക്കുകയുള്ളൂ. 'സങ്കേതം' എന്നറിയപ്പെടുന്ന സാങ്കേതികമാർഗങ്ങളിലൂടെയാണ് ആശയവിനിമയം നടക്കുന്നത്. ഒരു ലോഹക്കമ്പിയിലൂടെ വൈദ്യുതതരംഗമായും ആശയങ്ങളുടെ വിനിമയം നടക്കുന്നുണ്ട്. ഇതെല്ലാം സംഭവിക്കുന്നത് സന്ദേശം എന്ന വിനിമയമാർഗത്തിലൂടെയാണ്.

അന്തരീക്ഷത്തിലൂടെയുള്ള തരംഗങ്ങളുടെ രൂപത്തിലും സന്ദേശങ്ങൾ കൈമാറ്റം ചെയ്യാറുണ്ട്. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് സന്ദേശങ്ങൾ അയക്കുമ്പോൾ അവയ്ക്ക് രൂപപരിണാമം സംഭവിക്കുന്നു. സന്ദേശത്തെ 'രൂപമാറ്റം വരുത്തുന്നതിന് 'സങ്കേതനം'എന്നും അത് സാധ്യമാക്കുന്ന ഘടകത്തെ 'പ്രേക്ഷകം'എന്നും വിളിക്കുന്നു. രൂപാന്തരപ്പെടുത്തുന്ന സന്ദേശത്തെ 'കോഡ്'എന്നാണ് പറയുന്നത്. സന്ദേശങ്ങൾക്കല്ല പകരം സങ്കേതചിഹ്നങ്ങളാണ് പ്രാപ്യസ്ഥാനത്തെ ലക്ഷ്യം വെച്ച് കുതിക്കുന്നത്. ഈ ചിഹ്നങ്ങളെല്ലാംതന്നെ നിശ്ചിത ആശയങ്ങളെ സൂചിപ്പിക്കുന്നുണ്ട്. ഭാഷാചിഹ്നങ്ങളാണ് ഇത് നിർവഹിക്കുന്നത്. പുസ്തകമെന്ന് മലയാളത്തിലും ബുക്ക് എന്ന് ആംഗലേയത്തിലും കിതാബ് എന്ന് ഹിന്ദിയിലും ഉള്ള വ്യത്യസ്തങ്ങളായ സ്വനസമൂഹങ്ങളാണ് സമാനമായ ആശയത്തെ വ്യഞ്ജിപ്പിക്കുന്ന ഭാഷാചിഹ്നങ്ങൾ. ഭാഷയിലൂടെ അടയാളപ്പെടുത്താൻ കഴിയാത്ത ചിഹ്നങ്ങളും പ്രയോഗത്തിലുണ്ട്. ഉദാഹരണം പക്ഷികളുടെയും മൃഗങ്ങളുടെയും കരച്ചിലിന്റെ ശബ്ദം.

പലതരം ഉപാധികളിലൂടെ ആശയവിനിമയ പ്രക്രിയ പൂർത്തിയാകുന്നു. അതിൽ ഏറ്റവും

മുഖ്യം ഭാഷയാണ്. ഉച്ചാരണം, ശബ്ദം എന്നിവ യും ആശയവിനിമയത്തിനുള്ള ഉപാധികളാണ്. വർണം, വെളിച്ചം, കൃത്രിമശബ്ദങ്ങൾ, ഭാഷയ്ക്ക് പകർത്താൻ കഴിയാത്ത ഒച്ചകൾ, പ്രകൃതിയിൽനിന്നും ഉണ്ടാകുന്ന സ്വാഭാവികശബ്ദങ്ങൾ തുടങ്ങിയവ ആശയവിനിമയോപാധികളാണ്. വളരെയേറെ വ്യാപ്തിയുള്ള പദമാണ് ആശയവിനിമയപ്രക്രിയ. മനുഷ്യർ മാത്രമല്ല തിര്യക്കുകളിലും ആശയവിനിമയപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. അവ അർഥസമ്പുഷ്ടമായ തരത്തിൽ ആശയവിനിമയപ്രക്രിയയിൽ പങ്കാളികളാകുന്നുണ്ട്. ഇതിനെയാണ് നാം മൃഗഭാഷ എന്ന് വിളിക്കുന്നത്. മനുഷ്യേതര ജീവികളുടെ ആശയവിനിമയരീതികളെ ഭാഷയുമായി ബന്ധിപ്പിക്കാറില്ല. പക്ഷികൾ ചിലയ്ക്കുമ്പോൾ ചില പ്രത്യേകശബ്ദങ്ങൾ പുറപ്പെടുവിക്കാറുള്ളത് ശ്രദ്ധയിൽപ്പെടാറുണ്ടല്ലോ. തീറ്റ കണ്ടെത്തുമ്പോഴും ശത്രുക്കൾ ആക്രമിക്കുന്ന വേളയിലും അവ ശബ്ദം സൃഷ്ടിക്കാറുണ്ട്. ഇത് ശബ്ദതരംഗങ്ങളിലൂടെ അതേ വർഗത്തിലുള്ള ജീവികൾക്കിടയിൽ മാത്രമേ ആശയവിനിമയം സാധ്യമാവുകയുള്ളൂ.

ആശയവിനിമയം പ്രധാനമായും രണ്ട് രീതിയിലാണ് നടക്കുന്നത്. ഒന്നാമത്തേത് ശരീരഭാഷ കൊണ്ടുള്ളത് അഥവാ പദരഹിതമായ ആശയവിനിമയം (non verbal communication). ശരീരത്തിലെ അവയവങ്ങൾകൊണ്ട് നടത്തുന്ന മുദ്രകളും ആംഗ്യങ്ങളുമാണ് ഇത്. സ്വരമോ വാക്കോ ഭാഷയോ ശരീരഭാഷയ്ക്ക് ആവശ്യമില്ല. രണ്ട്, സ്വരം, പദം, വാക്ക് എന്നിവയുൾക്കൊള്ളുന്ന ഭാഷ എന്ന മാധ്യമത്തിന്റെ സഹായത്തോടെയുള്ള ആശയവിനിമയമാണ്. സാഹിത്യം, സംഗീതം, നൃത്തം, അഭിനയം, ചിത്രകല തുടങ്ങി എല്ലാ കലാരൂപങ്ങളും ആശയവിനിമയത്തിനുള്ള ഉപാധികളാണ്. ഇവയിൽ ഏറ്റവും വേഗതയുള്ളതും സുതാര്യവുമായ ആശയവിനിമയോപാധിയാണ് അച്ചടിമാധ്യമ(Media)ങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും. വിവരസാങ്കേതികവിദ്യയുടെ ആവിർഭാവത്തോടെ മാധ്യമങ്ങൾവഴിയുള്ള ആശയവിനിമയം അതിവേഗത്തിലുള്ളതായി മാറി. ഇന്ന് ലോകത്തെവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ചും സെക്കന്റുകൾക്കുള്ളിൽ നമുക്ക് വിവരം ലഭിക്കുന്നുണ്ട്. 'ലോകം വിരൽത്തുമ്പിൽ'എന്ന് വിശേഷിപ്പിക്കുന്ന അതിനൂതനസാങ്കേതികവിദ്യയുടെ കാലത്താണ് നാമിന്ന് ജീവിക്കുന്നത്. ആശയവിനിമയം ഇപ്പോൾ ഭാഷയെയും ഭൂഖണ്ഡങ്ങളെയും മറികടന്ന് ആഗോളീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഏത് ഭാഷയിലെയും വിവരങ്ങൾ സെക്കന്റുകൾകൊണ്ട് സ്വന്തം ഭാഷയിൽ മനസിലാക്കാൻ പറ്റുന്ന സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്.

വിഭിന്ന ഘടകങ്ങളുടെ ഏകോപനത്തിലൂടെയാണ് ആശയവിനിമയ പ്രക്രിയ നടക്കുന്നത്. ദാതാവ്, സ്വീകർത്താവ്, സന്ദേശം, മാധ്യമം, സങ്കേതനം, വിസങ്കേതനം, പ്രതികരണം എന്നിവയാണ് പ്രസ്തുത ഘടകങ്ങൾ.

**1. ദാതാവ് (Source)**

ആശയവിനിമയ പ്രക്രിയയിൽ എന്തെങ്കിലും ഒരു സന്ദേശമോ മുദ്രയോ അയക്കുന്ന വ്യക്തിയാണ് ദാതാവ് അഥവാ പ്രേഷിതൻ. ആശയവിനിമയത്തിലെ അടിസ്ഥാനഘടകവും പ്രേഷിതനാണ്. സന്ദേശം പുറപ്പെടുവിക്കുന്ന അല്ലെങ്കിൽ അയയ്ക്കുന്ന രീതി വ്യത്യസ്തമായിരിക്കാം. ഉദാഹരണത്തിന് ഒരു ക്ലാസ് മുറിയിൽനിന്ന് പഠിപ്പിക്കുന്ന അധ്യാപകൻ ദാതാവും വിദ്യാർഥികൾ സ്വീകർത്താക്കളും ആണ്.

**2. സ്വീകർത്താവ് (Receiver)**

സന്ദേശമോ മുദ്രയോ ഗ്രഹിക്കുന്ന വ്യക്തിയോ സമൂഹമോ ആയിരിക്കും ആശയവിനിമയ പ്രക്രിയയിലെ സ്വീകർത്താവ്. ആകാശവാണിയിലൂടെ വാർത്ത കേട്ടുകൊണ്ടിരിക്കുന്നയാൾ അല്ലെങ്കിൽ ഒരു കൂട്ടം ആളുകൾ സ്വീകർത്താക്കളാണ്.

**3. സന്ദേശം (Message)**

ആശയവിനിമയ പ്രക്രിയയിൽ കൈമാറ്റം ചെയ്യപ്പെടുന്ന വിവരമാണ് സന്ദേശം. ഇവിടെ സന്ദേശം അയയ്ക്കുന്നതിനും സ്വീകരിക്കുന്നതിനും വിധേയമാകുന്നു.

ഇനി സന്ദേശം എങ്ങനെയാണ് രൂപപ്പെടുന്നത് എന്ന് പരിശോധിക്കാം. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് വക്താവിന്റെ മനസിൽ രൂപം കൊള്ളുന്ന ക്രിയയാണ് ആശയം. മനുഷ്യനെ സംബന്ധിച്ച് പൊതുവേ വാക്കുകളായാണ് ആശയം ഉത്പാദിപ്പിക്കപ്പെടുന്നത്. ഈ ആശ

യത്തെ വിനിമയത്തിനുള്ള രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് സങ്കേതനം (coding) എന്ന് പറയുന്നു. സങ്കേതനം ചെയ്യപ്പെട്ട ആശയമാണ് സന്ദേശം. ഒരു റേഡിയോ സന്ദേശത്തിന്റെ കാര്യം എടുക്കുകയാണെങ്കിൽ ഭാഷാപദങ്ങളായി ഉത്പാദിപ്പിക്കപ്പെട്ട ആശയം സങ്കേതനം ചെയ്യപ്പെടുകയും ഉച്ചാരണ അവയവങ്ങളിലൂടെ അവ പുറത്തേക്ക് വരികയും ചെയ്യുന്നു. സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ശബ്ദതരംഗങ്ങളായി അവ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് റേഡിയോ എന്ന ഉപകരണം വഴി ശ്രോതാവിന്റെ കർണങ്ങളിൽ എത്തുന്നു. പ്രസ്തുത സന്ദേശം ശ്രോതാവ് തലച്ചോറിലേക്ക് കൈമാറുന്നു. തലച്ചോറ് സന്ദേശത്തെ വിസങ്കേതനം (decoding) ചെയ്തു ആശയത്തെ ഉൾക്കൊള്ളുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുവരവോടെ ഇന്ന് ലോകത്തിന്റെ ഏത് കോണിലേക്കും നിമിഷങ്ങൾക്കുള്ളിൽ സന്ദേശം എത്തിക്കാൻ കഴിയുന്നു. സന്ദേശത്തിന് ശബ്ദമോ ലിപിയോ വാക്കോ ഭാഷയോ വേണമെന്ന് നിർബന്ധമില്ല. ആംഗ്യങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും സന്ദേശം കൈമാറാം. നാടകത്തിലും നിശബ്ദസിനിമയിലും ഒക്കെ അഭിനേതാവിന്റെ ഭാവപ്രകടനത്തിലൂടെയാണ് ആശയം അഥവാ സന്ദേശം കൈമാറുന്നത്.

#### 4. മാധ്യമം (Media)

സന്ദേശം അയക്കാൻ ഉപയോഗിക്കുന്ന ഉപാധിയാണ് ആശയവിനിമയ പ്രക്രിയയിലെ മാധ്യമം. രണ്ട് വ്യക്തികൾ തമ്മിൽ മുഖാമുഖം സംസാരിക്കുമ്പോൾ അവിടെ മാധ്യമത്തിന്റെ ആവശ്യം വരുന്നില്ല. എന്നാൽ സ്വീകർത്താവ് അഥവാ പ്രേക്ഷിതൻ അകലെയാണെങ്കിൽ സന്ദേശം എത്തിക്കാൻ ഒരു മാധ്യമം ആവശ്യമായിവരുന്നു. അതുപോലെതന്നെ ഒരു ജനക്കൂട്ടത്തിലേക്ക് സന്ദേശം എത്തിക്കാനും മാധ്യമം ആവശ്യമാണ്. സന്ദേശങ്ങൾ കൈമാറുന്നതിന് ഇന്ന് നിരവധി ഉപാധികൾ ഉണ്ട്. കത്ത്, ടെലഫോൺ, ടെലഗ്രാം, ഉച്ചഭാഷിണി, റേഡിയോ, അച്ചടിമാധ്യമങ്ങൾ എന്നിവ പഴയകാലത്തെ മാധ്യമങ്ങളായിരുന്നുവെങ്കിൽ ഇന്നത്തെ ഇലക്ട്രോണിക് യുഗത്തിൽ ടെലിവിഷനും ഇന്റർനെറ്റും അടക്കമുള്ള വിവരസാങ്കേതികവിദ്യകൾ അതിവേഗസന്ദേശവാഹകരായി വർത്തിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ലോകത്ത് വിവരസാങ്കേതിക വിദ്യകളുടെ വിപ്ലവകരമായ മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ലോകം കൈക്കുമ്പിളിൽ എന്ന സങ്കല്പം യാഥാർഥ്യമായതിലൂടെ ആശയവിനിമയ രംഗത്ത് സ്ഫോടനാത്മകമായ മാറ്റങ്ങളാണ് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

#### 5. സങ്കേതനം (Encoding)

സങ്കേതനവും വിസങ്കേതനവും ആശയവിനിമയത്തിലെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ്. സന്ദേശങ്ങൾ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് സങ്കേതനം. അതായത് ഒരു സന്ദേശം മുദ്രയായ വാക്കുകൾ ആയോ കലാപ്രകടനമായോ ലിഖിതരേഖ ആയോ പരിവർത്തനം ചെയ്യുന്നതിനാണ് സങ്കേതനമെന്ന് പറയുന്നത്. ഒരാൾ പ്രസംഗിക്കുമ്പോൾ ശബ്ദവും വാക്കുകളും ചേർന്ന് സന്ദേശത്തിന് പ്രത്യേക രൂപമുണ്ടാക്കുന്നു. എഴുതുമ്പോൾ ആകട്ടെ ലിപികൾ ഉപയോഗിച്ച് വാക്കുകൾ നിർമിച്ച് സന്ദേശത്തെ ലേഖനത്തിന്റെയോ കത്തിന്റെയോ വാർത്തയുടെയോ സാഹിത്യ രചനയുടെയോ രൂപത്തിലേക്ക് മാറ്റുന്നു.

#### 6. വിസങ്കേതനം (Decoding)

സ്വീകർത്താവ് സന്ദേശം ഗ്രഹിക്കുമ്പോഴാണ് വിസങ്കേതനം എന്ന പ്രക്രിയ നടക്കുന്നത്. കണ്ണും കാതും ആ ധർമ്മം നിർവഹിക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു ഭാഷയിൽ രൂപപ്പെടുത്തിയിട്ടുള്ള അഥവാ കോഡ് ചെയ്തിട്ടുള്ള സന്ദേശത്തെ കേൾവിയിലൂടെയോ കാഴ്ചയിലൂടെയോ വിസങ്കേതനം ചെയ്യപ്പെടണമെന്നില്ല. പ്രസ്തുത ഭാഷ വശമുള്ളവർക്ക് മാത്രമേ അത് ഗ്രഹിക്കാനാവൂ. ആ സന്ദേശം സ്വീകർത്താവിന് അറിയാവുന്ന ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുമ്പോഴാണ് വിസങ്കേതനം നടക്കുക.

#### 7. പ്രതികരണം (Feedback)

അയക്കുന്ന സന്ദേശത്തിന്റെ ഫലം അഥവാ മറുപടിയാണ് പ്രതികരണം. സന്ദേശം അയക്കുന്ന ദാതാവിനെ അഥവാ കേന്ദ്രത്തിന് ലഭിക്കുന്ന ഈ പ്രതികരണത്തിലൂടെയാണ് സന്ദേശം ശരിയായ രീതിയിൽ ഗ്രഹിക്കപ്പെട്ടു എന്ന് അറിയാൻ കഴിയുന്നത്. പ്രസംഗം കേട്ട് കാണികൾ കയ്യടിക്കുമ്പോൾ പ്രാസംഗികനെ സം

ബന്ധിച്ച് നല്ല പ്രതികരണമാണ് ലഭിക്കുന്നത്. എന്നാൽ കാണികൾ പ്രസംഗം നടത്തുന്ന രീതിയിൽ എന്തെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അവിടെ മോശം പ്രതികരണമാണ് ഉണ്ടായതെന്ന് പറയാം. പ്രതികരണം പല രൂപത്തിൽ സൃഷ്ടിക്കപ്പെടുന്നു. എഴുത്ത്, മറുപ്രസംഗം, ആംഗ്യങ്ങൾ എന്ന് വേണ്ട കലാപങ്ങളുടെ രൂപത്തിൽ വരെ പ്രതികരണങ്ങൾ ഉണ്ടായെന്നു വരാം. പ്രകോപനപരമായി പ്രസംഗിക്കുന്ന ഒരു രാഷ്ട്രീയ നേതാവിന് നേരെ ആക്രമണം ഉണ്ടാകുന്നതും ജനവിരുദ്ധമായ ഏതെങ്കിലും മത രാഷ്ട്രീയ സാമ്പത്തിക നയങ്ങൾക്കെതിരെ സമരം ഉണ്ടാകുന്നത് ഒക്കെ ശക്തമായ പ്രതികരണങ്ങളാണ്. ചുരുക്കത്തിൽ വാർത്താമാധ്യമങ്ങൾ നിർണായകമായ പ്രതികരണങ്ങൾക്ക് നിരന്തരം വേദിയാകാറുണ്ട്. പ്രത്യേകിച്ചും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ അതിവേഗത്തിലുള്ള പ്രതികരണങ്ങളാണുണ്ടാകുന്നത്.

## വിനിമയമാധ്യമങ്ങൾ

ചരക്കുകൾക്കും സേവനങ്ങൾക്കും പകരമായി പരക്കെ സ്വീകാര്യമായ ഏതൊരു ഇനവും വിനിമയമാധ്യമമെന്ന് പറയാം. ആധുനിക സമ്പദ് വ്യവസ്ഥകളിൽ, വ്യാപകമായി ഉപയോഗിക്കുന്ന വിനിമയ മാധ്യമം കറൻസിയാണ്. ചരക്ക്, നാണയം, ക്രിപ്റ്റോകറൻസി, ഫിയറ്റ് പണം എന്നിവയുൾപ്പെടെ പണത്തിന്റെ മിക്ക രൂപങ്ങളെയും വിനിമയ മാധ്യമങ്ങളായി തരംതിരിച്ചിരിക്കുന്നു. സന്ദേശങ്ങൾ അല്ലെങ്കിൽ വാർത്തകൾ സംബന്ധിച്ച കൈമാറ്റങ്ങളെയും വാർത്താമാധ്യമവുമായി ബന്ധപ്പെട്ട വിനിമയങ്ങളെന്ന് വിളിക്കുന്നു. റേഡിയോ, ടെലിവിഷൻ, അച്ചടി, ഇന്റർനെറ്റ് തുടങ്ങിയവ വാർത്താവിനിമയമാധ്യമങ്ങളാണ്.

## വിവിധ ആശയവിനിമയ രീതികൾ

ആശയവിനിമയത്തെ അതിന്റെ സ്വഭാവം അനുസരിച്ച് പലതായി തരംതിരിച്ചിട്ടുണ്ട്. ഒരാൾ അയാളോട് തന്നെയോ ഒരു വ്യക്തി മറ്റൊരു വ്യക്തിയുമായോ വ്യക്തി ഒരേസമയം ഒന്നിലധികം പേരുമായോ ബഹുജനങ്ങളുമായിട്ടോ ആശയവിനിമയം നടത്താറുണ്ട്. വ്യക്തി ചിലപ്പോൾ ഒരു പ്രസ്ഥാനത്തിന്റെയോ അധികാരകേന്ദ്രത്തിന്റെയോ വക്താവായിരിക്കാം. ഇവിടെയെല്ലാം ആശയവിനിമയ പ്രക്രിയയുടെ സ്വഭാവവും രീതിയും വ്യത്യസ്തമായി വരുന്നതായി കാണാം.

### 1. വ്യക്തിഗത ആശയവിനിമയം (intrapersonal communication)

ഒരു വ്യക്തി അയാളുടെ മനസിനോട് തന്നെ സംവദിക്കുന്ന പ്രക്രിയയാണിത്. മനസും ശരീരവും തമ്മിൽ നിരന്തരം ആശയവിനിമയം നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ പലതരം ഹോർമോണുകളാണ് ആശയവിനിമയത്തിന്റെ മധ്യവർത്തികളാകുന്നത്. ഉദാഹരണത്തിന് ശരീരത്തിന്റെ വിശപ്പ് എന്ന ആവശ്യം തലച്ചോറിനെ അറിയിക്കുന്നത് 'ലെപ്റ്റിൻ' എന്ന ഹോർമോൺ ആണ്. ഈ ഹോർമോൺ പ്രവർത്തിച്ചില്ലെങ്കിൽ നമുക്ക് വിശക്കുന്ന അവസ്ഥ ഉണ്ടാവുകയില്ല. മനുഷ്യശരീരത്തിലെ ആന്തരിക ആശയവിനിമയങ്ങൾ നിയന്ത്രിക്കുന്നതിന് ഇത്തരം നിരവധി ഹോർമോണുകളുണ്ട്. ആത്മഭാഷണം, ധ്യാനം, പ്രാർത്ഥന തുടങ്ങിയ രൂപത്തിൽ വ്യക്തിയുടെ ഉള്ളിൽ തന്നെ നടക്കുന്ന ആശയവിനിമയവും ഇൻട്രാ പേഴ്സണൽ കമ്മ്യൂണിക്കേഷൻ ആണ്. പ്രേഷിതനും സ്വീകർത്താവും ഇവിടെ ഒരാൾ തന്നെയാണ്. ഇത്തരം ആശയവിനിമയത്തിലെ അദൃശ്യമായ പ്രതിഫലനങ്ങളാണ് ചിന്തയും വികാരങ്ങളും ഒക്കെ. സ്വയംനിരീക്ഷണം, സ്വയം വിലയിരുത്തൽ, തിരിച്ചറിയൽ, ഭാവനയെ ഉണർത്തൽ, തീരുമാനമെടുക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ വ്യക്തിക്കുള്ളിൽ സംഭവിക്കുന്നുണ്ട്.

ഇൻട്രാ പേഴ്സണൽ കമ്മ്യൂണിക്കേഷൻ വ്യക്തിത്വവികസനത്തിന് എന്നപോലെ വ്യക്തിയുടെ അധഃപതനകാരണവുമാകാറുണ്ട്. ആത്മഹത്യ, കുറ്റകൃത്യങ്ങൾ, തെറ്റിദ്ധാരണ തുടങ്ങിയ പ്രശ്നങ്ങൾക്ക് പിന്നിൽ തെറ്റായ രീതിയിലുള്ള ആത്മഭാഷണങ്ങളാണെന്ന് മനഃശാസ്ത്രവിദഗ്ധർ നിരീക്ഷിച്ചിട്ടുണ്ട്.

### 2. വ്യക്ത്യന്തര ആശയവിനിമയം (Interpersonal communication)

വ്യക്തികൾ തമ്മിലുള്ള ആശയവിനിമയമാണ് രണ്ടാമത്തെ വിഭാഗം. ഇവിടെ രണ്ട് വ്യക്തികൾ തമ്മിലാണ് സംവദിക്കുന്നത്. ഓരോ വ്യക്തിയിലും നടക്കുന്ന ആന്തരിക ആശയവിനിമയത്തിന്റെ അനന്തരഫലം ആയിട്ടാണ്

ഇത് സംഭവിക്കുന്നത്. ഒരു നിശ്ചിത സന്ദർഭത്തിൽ രണ്ട് വ്യക്തികൾ തമ്മിൽ നടത്തുന്ന ഈ ആശയവിനിമയപ്രക്രിയ ഏറ്റവും ശക്തമായ സ്വാധീനശക്തിയുള്ളതാണ്. മുഖാമുഖം നടത്തുന്ന സംഭാഷണവും ടെലിഫോണിലൂടെയോ ഇന്റർനെറ്റിലൂടെയോ കത്തിലൂടെയോ നടത്തുന്ന ആശയ കൈമാറ്റവും വ്യക്ത്യന്തരവിനിമയത്തിന് ഉദാഹരണമാണ്. മനുഷ്യരാശിയുടെ എല്ലാത്തരത്തിലുമുള്ള വികസനത്തിന് വ്യക്ത്യന്തര ആശയവിനിമയം അത്യന്താപേക്ഷിതമാണ്. ഇത്തരം ആശയവിനിമയങ്ങളിൽ എപ്പോഴും ക്രിയാത്മകമായ ഫലം ഉണ്ടാകണമെന്നില്ല. ചിലപ്പോൾ അത് വാക്കേറ്റത്തിലേക്കോ സംഘർഷങ്ങളിലേക്കോ നയിച്ചേക്കാം. ഇവിടെ പ്രതികരണം ഉടനടി നടക്കുന്നു എന്നതാണ് കാരണം. അതിനാൽ രണ്ട് വ്യക്തികൾ തമ്മിലുള്ള മാനസിക ഐക്യത്തിലൂടെ മാത്രമേ നല്ല രീതിയിലുള്ള ആശയ കൈമാറ്റം നടക്കുകയുള്ളൂ.

അതുപോലെ രണ്ട് വ്യക്തികൾ തമ്മിൽ അടുത്തടുത്ത് നിന്നതുകൊണ്ട് ആശയവിനിമയം നടക്കണമെന്നില്ല. പൊതുവാഹനത്തിലെ യാത്രക്കാരും ഉത്സവപ്പറമ്പിലെ ജനവും തൊട്ടുരുമ്മി നിന്നാൽ പോലും പരസ്പരം സംസാരിക്കണമെന്നില്ല. ദൂരെയുള്ള വ്യക്തികൾ തമ്മിൽ ആശയവിനിമയം നടത്തുമ്പോൾ ഒരു മാധ്യമത്തിന്റെ ആവശ്യം വരുന്നു. ഇക്കാലത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന മാധ്യമം ഇലക്ട്രോണിക് ഉപകരണങ്ങളോ ഇലക്ട്രോണിക് സംവിധാനങ്ങളോ ആണ്. ടെലഫോൺ സംഭാഷണത്തിൽ ഒരു ഇലക്ട്രോണിക് ഉപകരണമാണ് മാധ്യമമായി വർത്തിക്കുന്നത്. ഇത്തരം വിനിമയത്തെ 'ഉപകരണാധിഷ്ഠിതവ്യക്ത്യന്തര'ആശയവിനിമയമെന്ന് പറയും.

### 3. സംഘ ആശയവിനിമയം (Group communication)

ഒരാൾ ഒരു സംഘം ആളുകളുമായി നടത്തുന്ന ആശയവിനിമയമാണിത്. വിവാഹ ചടങ്ങിലും ക്ലാസ്മുറിയിലും കളിസ്ഥലങ്ങളിലും ഒക്കെ ആശയം കൈമാറുന്നത് സംഘങ്ങൾ തമ്മിൽത്തമ്മിൽ അല്ലെങ്കിൽ വ്യക്തിസംഗമം ആയിട്ടോ ആയിരിക്കും. ക്ലാസ് മുറിയിൽ അധ്യാപകൻ വിദ്യാർഥികളോട് സംവദിക്കുന്നത് സംഘ ആശയവിനിമയത്തിന് ഉദാഹരണമാണ്.

### 4. ബഹുജന ആശയവിനിമയം (Mass communication)

മാധ്യമം എന്ന പദത്തിന്റെ അർഥം ആശയവിനിമയത്തിന് കാരണമാകുന്ന മധ്യസ്ഥൻ എന്നാണ്. അച്ചടി, ദൃശ്യ ശ്രവ്യ, മാധ്യമങ്ങളെ സൂചിപ്പിക്കാനും മാധ്യമം എന്ന പദം ഉപയോഗിക്കുന്നു. എന്നാൽ ബഹുജനമാധ്യമം എന്ന ആശയത്തിൽ പൊതുപ്രചരണവുമായി ബന്ധപ്പെട്ട, സാങ്കേതികവിദ്യയുടെ സഹായത്താലുള്ള സന്ദേശവാഹക ഉപാധികളാണ് മാധ്യമം എന്ന നിർവചനത്തിൽ വരുന്നത്. പൊതുപ്രചരണത്തിന് ഉപയോഗിക്കുന്ന മാധ്യമമാണ് ബഹുജനമാധ്യമം. വിവരവിനിമയ സാങ്കേതികവിദ്യയുടെ ഭാഗമായി രൂപപ്പെട്ട നവമാധ്യമങ്ങൾ, നവസാങ്കേതിക വിദ്യകൾ തുടങ്ങി ഈ മേഖലകളുമായി ബന്ധപ്പെട്ടതെല്ലാം ബഹുജന മാധ്യമങ്ങളുടെ നിർവചനത്തിൽ വരുന്നു.വിവരങ്ങളും സന്ദേശങ്ങളും ആശയങ്ങളും വലിയ ജനസമൂഹങ്ങളിലേക്ക് പകർന്നു കൊടുക്കുന്ന പ്രക്രിയയാണ് ബഹുജന ആശയവിനിമയം. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു കേന്ദ്രത്തിൽ നിന്ന് ഉത്ഭവിക്കുകയും പലസ്ഥലങ്ങളിലുള്ള നിരവധി ആളുകൾ സ്വീകരിക്കുകയും ചെയ്യുതാണ് ബഹുജന ആശയവിനിമയം.ഒരേസമയം അനേകം ആളുകളിലേക്ക് സന്ദേശം എത്തിക്കുന്നു എന്നതാണ് ബഹുജന ആശയവിനിമയത്തിന്റെ ഏറ്റവും വലിയ നേട്ടം. മാധ്യമങ്ങളുടെ സഹായത്തോടെയാണ് ബഹുജന ആശയവിനിമയം സാധ്യമാകുന്നത്. അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും ( Electronic media) ഈ ധർമ്മം നിർവഹിക്കുന്നു. ഇതര ആശയവിനിമയരീതികളെക്കാൾ സങ്കീർണമാണ് ബഹുജനആശയവിനിമയം. ദേശീയപ്രാധാന്യമുള്ളതും പൊതുജനങ്ങളെ സംബന്ധിക്കുന്നതുമായ വിവരങ്ങളാണ് മാധ്യമങ്ങളിലൂടെ ചെയ്യപ്പെടുന്നത്.

ജനോവിറ്റ്സ് എന്ന ഗവേഷകൻ ബഹുജന ആശയവിനിമയത്തെ നിർവചിച്ചിരിക്കുന്നത് ഇങ്ങനെയാണ്. "സാങ്കേതികവിദ്യകളിലൂടെ (പ്രസ്സ്, റേഡിയോ, ക്യാമറ) ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉള്ള വ്യത്യസ്ത ജനസമൂഹങ്ങളിലേക്ക് പകർന്നു കൊടുക്കാനായി വിദഗ്ധരായ ആളുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളും സാങ്കേതികവിദ്യകളും ഉൾക്കൊള്ളുന്നതാണ്

ബഹുജന ആശയവിനിമയം'. ഉപകരണങ്ങളുടെ സഹായത്തോടെ ഒരു സന്ദേശം ഒരേസമയത്ത് നിരവധി ആളുകളിലേക്ക് എത്തിക്കുന്ന സംവിധാനമാണ് 'ബഹുജനമാധ്യമങ്ങൾ' എന്ന് മാധ്യമഗവേഷകനായ വിൽബർ ഷ്രാം നിർവചിച്ചിട്ടുണ്ട്. അച്ചടിവിദ്യയുടെ കണ്ടുപിടിത്തത്തോടെയാണ് ബഹുജന ആശയവിനിമയ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം ഉണ്ടായത്. അച്ചടിയുടെയും ഗ്രന്ഥങ്ങളുടെയും വ്യാപനത്തിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഡിജിറ്റൽ യുഗത്തിൽ ആകട്ടെ വിവരം വിജ്ഞാന ആശയവിനിമയരംഗത്ത് അതിവേഗത്തിലുള്ള കുതിപ്പാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

## ബഹുജന ആശയവിനിമയത്തിന്റെ സവിശേഷതകൾ

മറ്റുള്ള ആശയവിനിമയതലങ്ങളിൽ നിന്ന് ബഹുജന ആശയവിനിമയം എങ്ങനെയൊക്കെ വ്യത്യസ്തമാകുന്നു എന്ന് പരിശോധിക്കാം. ചിട്ടയോടും ഉത്തരവാദിത്തത്തോടെയും സന്ദേശങ്ങൾ ഒരേസമയം വിവിധകേന്ദ്രങ്ങളിൽ എത്തിച്ചുകൊടുക്കുന്നു എന്നത് തന്നെയാണ് ബഹുജന ആശയവിനിമയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഉത്തരവാദപ്പെട്ട ഏതെങ്കിലും മാധ്യമ സ്ഥാപനത്തിലൂടെ ആയിരിക്കും ഇവിടെ ആശയവിനിമയം നടത്തുക. ഭരണഘടന അനുശാസിക്കുന്ന മാധ്യമ സ്വാതന്ത്ര്യം വിനിയോഗിച്ചുകൊണ്ടും ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളെ പരമാവധി ഉപയോഗിച്ചുകൊണ്ടും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കൊണ്ട് ധാർമികമായ ദൗത്യം ഏറ്റെടുക്കുന്നതാണ് ഒരു ബഹുജന മാധ്യമത്തിന്റെ ഉത്തരവാദിത്വം. പരസ്യങ്ങളുടെ സ്വാധീനവും സമ്മർദ്ദവും ഒരുവശത്ത് ഉണ്ടാകുമ്പോൾതന്നെ സാമൂഹ്യപ്രതിബദ്ധതയാണ് ബഹുജന മാധ്യമങ്ങൾ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്.

പൊതുജന അഭിപ്രായങ്ങൾ രൂപപ്പെട്ടുവരുന്നത് ബഹുജനആശയവിനിമയത്തിന്റെ അടിസ്ഥാനത്തിലാണ്. അഭിപ്രായങ്ങളും വിവരങ്ങളും ആശയങ്ങളും പങ്കുവെയ്ക്കപ്പെടുന്നതിലൂടെ സാർവത്രികമായ മാനവ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നു. ഉദാഹരണത്തിന് കൊറോണ വൈറസിനെ പ്രതിരോധിക്കാൻ മാസ്കുകളും അണുനാശിനികളും അത്യാവശ്യമാണെന്ന് വിവരം പങ്കുവയ്ക്കപ്പെടുന്നതിലൂടെ ഉത്പാദന രംഗത്ത് വളരെ പെട്ടെന്ന് തന്നെ പുതിയ ചലനങ്ങൾ ഉണ്ടാകുന്നു. വരാൻ പോകുന്ന വിപണിയെ മുന്നിൽക്കണ്ടുകൊണ്ട് ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുമ്പോൾ അത് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗുണകരമായിത്തീരുന്നു. വിശ്വാസ്യതയുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നതും ബഹുജന ആശയവിനിമയം ആണ്. ഒരു പ്രസംഗത്തിലൂടെയോ കത്തിലൂടെയോ ടെലഫോൺ സന്ദേശത്തിലൂടെയോ അറിയുന്ന വിവരങ്ങൾക്ക് വിശ്വാസ്യത കുറവായിരിക്കും. എന്നാൽ ബഹുജനമാധ്യമമായ പത്രത്തിലൂടെയോ ടെലിവിഷനിലൂടെയോ കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങൾക്ക് ജനം വിശ്വാസ്യത കൽപ്പിക്കുന്നുണ്ട്.

## ബഹുജന ആശയവിനിമയത്തിന്റെ ധർമ്മങ്ങൾ

ബഹുജന ആശയവിനിമയത്തിന്റെ കർമ്മങ്ങളും അതിന്റെ ഉപാധിയായ ബഹുജനമാധ്യമങ്ങളുടെ ധർമ്മങ്ങളും ഒന്നുതന്നെയാണ്. ജനങ്ങൾ അവർക്കറിയേണ്ട വിവരങ്ങൾക്കായി വിശ്വസിച്ച് ആശ്രയിക്കുന്ന ബഹുജനമാധ്യമങ്ങൾക്ക് വലിയ സാമൂഹ്യ ഉത്തരവാദിത്തമാണ് നിറവേറ്റാൻ ഉള്ളത്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുത്തിരിക്കുന്നു.

1. **വിവരങ്ങളുടെ വിതരണം (distribution of informations)**

ജനങ്ങൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ ഏതെങ്കിലും മാധ്യമത്തിലൂടെ എത്രയും പെട്ടെന്ന് ജനങ്ങളിൽ എത്തിക്കുക എന്നത് ബഹുജന ആശയവിനിമയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മമാണ്. ഉദാഹരണത്തിന് ഒരു പ്രകൃതിദുരന്തത്തെ സംബന്ധിച്ച മുന്നറിയിപ്പ് പെട്ടെന്ന് ജനങ്ങളിൽ എത്തിക്കാൻ ഗവൺമെന്റിന്റെ സംവിധാനങ്ങൾകൊണ്ട് കഴിയില്ല. രാജഭരണകാലത്ത് ഓരോ ഗ്രാമങ്ങളിലേക്ക് ദൂതന്മാർ വഴി കൊടുത്തയക്കുന്ന രാജകല്പന പെരുമ്പറ കൊട്ടി അറിയിക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്നത്തെ ചുറ്റുപാടിൽ ഈ സംവിധാനം ഫലപ്രദമാവുകയില്ല. ജനസംഖ്യയിൽ

ഉണ്ടായ വർധനവും അണുകുടുംബ വ്യവസ്ഥിതിയിലേക്കുള്ള സാമൂഹ്യജീവിതമാറ്റവും തൊഴിൽ സാഹചര്യങ്ങളും ആണ് കാരണം. കേരളത്തിലെ 20000 വാർഡുകളിലേക്ക് ഒരേസമയം ഒരു സന്ദേശം എത്തിക്കുക എന്നത് അപ്രായോഗികമാണ്. ഓരോ വാർഡിലും ഉള്ള പതിനായിരക്കണക്കിന് വീടുകളിലേക്ക് നിശ്ചിത സമയത്തിനുള്ളിൽ വിവരം എത്തിക്കുന്നത് സമയനഷ്ടവും സാമ്പത്തികനഷ്ടവും ഉണ്ടാക്കാം. മാത്രമല്ല ആളുകൾ ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഇന്നത്തെ തൊഴിൽ സാഹചര്യങ്ങൾ എടുക്കുമ്പോൾ ഇത് തീർത്തും പ്രായോഗികമല്ലെന്നു വരുന്നു.

2. **വിജ്ഞാനവിതരണം (distribution of knowledge)**

എല്ലാത്തരത്തിലുള്ള വിജ്ഞാനവിതരണവും ഇന്ന് ബഹുജനാശയവിനിമയം ഏറ്റെടുത്തിട്ടുള്ള മാധ്യമങ്ങൾ നിർവഹിക്കുന്നുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം ശാസ്ത്രം, ആരോഗ്യം, സംസ്കാരം, രാഷ്ട്രീയം തുടങ്ങി ഇതര വിജ്ഞാന മേഖലകളുമായി കൈകോർത്തുകൊണ്ടാണ് ബഹുജനമാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിന് മുതിരുന്ന വിദ്യാർഥികളും തൊഴിലാളികളും ഒക്കെ തങ്ങൾക്ക് ആവശ്യമായ അറിവുകൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ബഹുജനമാധ്യമങ്ങളെയാണ്.

3. **വിനോദം (Entertainment)**

അച്ചടി മാധ്യമങ്ങളിലായാലും ഇലക്ട്രോണിക് മാധ്യമങ്ങളിലായാലും ബഹുജന ആശയവിനിമയത്തിൽ വിനോദത്തിന് വലിയ പ്രാധാന്യമുണ്ട്. പത്രങ്ങളിലെ ബഹുവർണ ചിത്രങ്ങളോടുകൂടിയ ഫീച്ചറുകൾ ഉദാഹരണം. സെക്രട്ടറിയറ്റിനു മുന്നിൽ ചൂടുപിടിച്ച സമരം നടക്കുമ്പോൾ അപ്രതീക്ഷിതമായി പെയ്ത വേനൽമഴയുടെ ചിത്രം പത്രത്തിന്റെ ഒന്നാം പേജിൽ അച്ചടിക്കുന്നത് വായനക്കാരിൽ വിനോദമുണ്ടാക്കാൻ വേണ്ടിയാണ്. ടെലിവിഷന്റെ ആവിർഭാവത്തോടെ വിനോദത്തിനുള്ള ഏറ്റവും ജനകീയവും ബൃഹത്തായതുമായ സംവിധാനമായി ബഹുജനമാധ്യമങ്ങൾ മാറി. ഇന്റർനെറ്റ് അടക്കമുള്ള ഡിജിറ്റൽ മാധ്യമങ്ങൾ ഇന്ന് വിവരവിജ്ഞാനവിതരണത്തേക്കാൾ വിനോദത്തിന് പ്രാധാന്യം നൽകുന്നുണ്ട്.

4. **മധ്യസ്ഥധർമ്മം (Mediator)**

അധികാരകേന്ദ്രവും ജനങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി വർത്തിക്കുക എന്ന സുപ്രധാനധർമ്മം ബഹുജനമാധ്യമങ്ങൾക്കുണ്ട്. ജനങ്ങളുടെ ആവശ്യങ്ങളും പ്രതികരണങ്ങളും സർക്കാരിനെ അറിയിക്കാനും ജനങ്ങളെ ഭരണപരമായ വിവരങ്ങൾ അറിയിക്കാനുമുള്ള മധ്യവർത്തിയായി ബഹുജനമാധ്യമങ്ങൾ നിൽക്കുന്നു.

5. **ബോധവൽക്കരണം (Awairness)**

സമൂഹത്തിന് ഗുണകരമായ ആശയങ്ങൾ പ്രചരിപ്പിക്കേണ്ട ധർമ്മം ബഹുജന ആശയവിനിമയത്തിനുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് അധിനിവേശശക്തികളെ തുരത്താൻ ജനങ്ങളിൽ ദേശസ്നേഹം വളർത്താനുള്ള ചാലകശക്തിയായി മാധ്യമങ്ങൾ പ്രവർത്തിച്ചത് ഉദാഹരണം. വർഗമതരാഷ്ട്രീയ ആശയങ്ങളിലെ നല്ല വശവും മോശപ്പെട്ട വശവും സമൂഹത്തിന് നിഷ്പക്ഷമായി വ്യക്തമാക്കി കൊടുക്കുന്ന ഉത്തരവാദിത്തം എല്ലാ ബഹുജനമാധ്യമങ്ങൾക്കും പൊതുവേ ബാധകമാണ്. മാനവികതാബോധം, മതേതരബോധം, സമഭാവന, സാമൂഹ്യബോധം തുടങ്ങിയവ മനുഷ്യമനസിൽ ഉറപ്പിച്ചെടുക്കുക എന്നത് ബഹുജന ആശയവിനിമയത്തിന്റെ ധർമ്മമാണ്.

6. **വിശ്വസനീയത (Credibility)**

ബഹുജന ആശയവിനിമയത്തിൽ വിശ്വസനീയതയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ഒരു സമൂഹത്തോട് സംവദിക്കുമ്പോൾ വിമർശനത്തിനിടവരാത്ത രീതിയിൽ തെറ്റുകൾ കടന്നുവരാൻ ആവാത്തവിധം ആയിരിക്കണം നിർവഹിക്കേണ്ടത്.

7. **നിഷ്പക്ഷനിലപാട് ( impartiality)**

ഏതൊരു പ്രസ്ഥാനത്തോടും ഏതൊരു പൗരനോടും നിഷ്പക്ഷമായ നിലപാട് പ്രകടിപ്പിക്കേണ്ടത് ബഹുജന ആശയവിനിമയത്തിന്റെ ധർമ്മമാണ്. രാഷ്ട്രീയത്തിന്റെയോ ധനത്തിന്റെയോ വ്യക്തിപ്രഭാവത്തിന്റെയോ സ്വാധീനത്തിന് വഴങ്ങുന്നത് ബഹുജനആശയം നിർവഹിക്കുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ഭൂഷണമല്ല.

**8. സാമൂഹ്യപരിഷ്കരണം (Social reforms)**

സാമൂഹ്യപരിഷ്കരണത്തിനുള്ള ആയുധമായി പ്രവർത്തിക്കേണ്ടത് ബഹുജന ആശയവിനിമയത്തിന്റെ മറ്റൊരു പ്രധാന ധർമ്മമാണ്. ജാതീയതയുടെയും അന്ധവിശ്വാസങ്ങളുടെയും സാമുദായിക ആചാരങ്ങളുടെയും ഭാഗമായി നിലനിൽക്കുന്ന എല്ലാത്തരം ദുഷ്പ്രവണതൾക്കും എതിരെ നിലകൊള്ളാനും സമൂഹത്തിൽ മാനവികതയുടെ വെളിച്ചം എത്തിക്കാനുമുള്ള ധർമ്മം മാധ്യമങ്ങൾക്കുണ്ട്. സാമൂഹ്യപരിഷ്കരണത്തിനു വേണ്ടി പ്രവർത്തിച്ച നവോത്ഥാന പ്രസ്ഥാനങ്ങൾക്കൊപ്പം ശക്തമായി നിലകൊണ്ട മാധ്യമചരിത്രമാണ് കേരളത്തിലുള്ളത്.

ബഹുജനമാധ്യമങ്ങളെ മൂന്നായി തരംതിരിക്കാം.

**1. അച്ചടി മാധ്യമം**

പത്രമാസികകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, വിനോദപത്രങ്ങൾ, നോട്ടീസ് തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു. കടലാസിൽ അച്ചടിക്കുന്ന ആശയവിനിമയ മാധ്യമങ്ങളാണ് ഇത്. പരമ്പരാഗതമായ വിനിമയമാർഗമാണ് അച്ചടി. ലിപികൾ, ചിത്രങ്ങൾ, ചിഹ്നങ്ങൾ, വരകൾ, വർണങ്ങൾ എന്നിവയെ അച്ചുകളുടെ സഹായത്തോടെ കടലാസിലോ മറ്റു വസ്തുക്കളിലോ പകർത്തുന്നതിനെയാണ് അച്ചടി എന്ന് പറയുന്നത്. ആശയവിനിമയത്തിനുള്ള മുഖ്യ ഉപാധികളിലൊന്നാണ് അച്ചടിമാധ്യമം. ആധുനിക സമൂഹത്തിനാവശ്യമായതെന്തിനും അച്ചടിയുടെ സഹായം ആവശ്യമാണ്. അച്ചുകൾ എന്നതിന് പകർപ്പുകൾ എടുക്കാവുന്ന പ്രതിരൂപ വസ്തു എന്നാണർഥം. ക്രിസ്തീയ മിഷണറിമാരാണ് ഇന്ത്യയിൽ അച്ചടി പ്രചരിപ്പിച്ചത്. ആദ്യകാലത്തു നിന്നും വളരെയധികം മാറ്റങ്ങൾ ഇന്നത്തെ അച്ചടിയ്ക്കുണ്ട്. ഇന്ന് സാർവത്രികമായി പ്രചാരത്തിലുള്ള അച്ചടിയാണ് ഡിജിറ്റൽ അച്ചടി.

**2. പ്രക്ഷേപണ മാധ്യമം**

റേഡിയോ, ടെലിവിഷൻ മുതലായവയാണ് ഇതിൽ പ്രധാനം. ഇലക്ട്രോണിക് സഹായത്താലാണ് ഇതിലൂടെ ആശയവിനിമയം സാധ്യമാക്കുന്നത്. ദൃശ്യമീഡിയയും ശ്രവ്യമീഡിയയും ഉണ്ട്. റേഡിയോ ശ്രവ്യമീഡിയയും ടെലിവിഷൻ ദൃശ്യമീഡിയയും ആണ്. വിനോദത്തിനും വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുന്നവയാണ് ശ്രവ്യമാധ്യമമായ റേഡിയോ. 1920- കാലയളവിൽ ആണ് ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. വളരെ പെട്ടന്നാണ് റേഡിയോ ജനഹൃദയങ്ങളെ കീഴടക്കിയത്. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സാംസ്കാരികമായ കൂട്ടായ്മയും അവബോധവും കൈവരിക്കാൻ റേഡിയോ പ്രചോദനമായിട്ടുണ്ട്. പ്രക്ഷേപണത്തിന്റെ വ്യാപ്തിയും അതു ചെലുത്തുന്ന സ്വാധീനതയും പ്രക്ഷേപണ കലയെ കൂടുതൽ ഗൗരവമുള്ളതും അർഥപൂർണവുമാക്കുന്നു. നിരക്ഷരരായ ജനവിഭാഗത്തിന് അറിവുകൾ എത്തിച്ചു കൊടുക്കാൻ ഇത്തരം ബഹുജനമാധ്യമങ്ങൾക്ക് കഴിയും. വാർത്താ മാധ്യമങ്ങളുടെ ലോകത്തെ ഏറ്റവും ശക്തനായ പ്രതിനിധി ടെലിവിഷനാണ്. 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ വിനോദത്തിനും വിജ്ഞാനത്തിനും പരസ്യത്തിനും പ്രാധാന്യം നൽകി ടെലിവിഷൻ ചരിത്രത്തിലുണ്ട്. തുടർന്ന് ഇന്നുവരെ സാങ്കേതികത്വത്തിൽ നവീനമായ ആശയങ്ങൾ സ്വീകരിച്ചു കൊണ്ട് ടെലിവിഷൻ ജനപ്രിയതയിൽ ഒന്നാമതായി നിൽക്കുന്നു.

## നവമാധ്യമങ്ങൾ /ഡിജിറ്റൽ മാധ്യമം

ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ഇ-മെയിൽ, ബ്ലോഗ്, വെബ് സൈറ്റ്, സമൂഹമാധ്യമം, ചാറ്റ് റൂം, യൂട്യൂബ് തുടങ്ങിയ എല്ലാ മാധ്യമങ്ങളും ഈ ഗണത്തിൽ പെടുന്നു. മാധ്യമം എന്ന സങ്കൽപ്പത്തിന് കൂടുതൽ വ്യാപ്തിയുണ്ടായത് ഇലക്ട്രോണിക് മാധ്യമങ്ങളുടെയും, നവമാധ്യമ സാങ്കേതിക വിദ്യകളുടെയും കണ്ടുപിടിത്തത്തോടെയാണ്. പരമ്പരാഗത മാധ്യമങ്ങൾ മാധ്യമ സമന്വയത്തിന്റെ ഫലമായി നവഭാവുകത്വത്തോടെ ഡിജിറ്റൽ മാധ്യമങ്ങളായി മാറുകയും ചെയ്യുന്നു. സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലെ സമസ്ത മേഖലകളെയും ഉൾക്കൊള്ളാൻ നവമാധ്യമങ്ങൾക്ക് ശേഷിയുണ്ട്. ദൈനംദിന ജീവിതത്തിന്റെ ഭാഗമായി നിലകൊള്ളുന്ന മാധ്യമങ്ങൾ ഇന്ന് ജനങ്ങളുടെ കാഴ്ചപ്പാടുകൾ, മൂല്യങ്ങൾ, നിരീക്ഷണം സാമൂഹിക ബന്ധങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്നു.

## നവമാധ്യമത്തിന്റെ സവിശേഷതകൾ

പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമാണ് നവമാധ്യമങ്ങൾ. നവമാധ്യമങ്ങളുടെ ഏറ്റവും വലിയ സവിശേഷത അത് ഒരേ സമയം വ്യക്തന്തരമാധ്യമവും ബഹുജനമാധ്യമവും ആണെന്നതാണ്. ആശയവിനിമയ മേഖലകളെ അടിസ്ഥാനമാക്കി ന്യൂമാൻ (Newman) ചില നിരീക്ഷണങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. (മൊബൈൽ ഫോൺ മാധ്യമം: സിദ്ധാന്തവും പ്രയോഗവും, പേജ്.53)

1. ഭൂമിശാസ്ത്രപരമായ അതിരുകളില്ലാത്ത ആശയവിനിമയം. ശൃംഖലാവൽക്കൃത സമൂഹത്തിന്റെ ഭാഗമായി നിന്നുകൊണ്ടാണ് ഇത് സാധ്യമാകുന്നത്.
2. നവമാധ്യമങ്ങളുടെ കടന്നുവരവോടുകൂടി ആശയവിനിമയത്തിന്റെയും വിവരകൈമാറ്റത്തിന്റേയും അളവ് വർധിച്ചു.
3. വളരെ വേഗതയുള്ളതും കാര്യക്ഷമതയുമുള്ള ആശയവിനിമയം. അതിന്റെ പ്രതികരണം അപ്പോൾത്തന്നെ ലഭ്യമാക്കുന്നു.
4. പരസ്പര സമ്പർക്കം സാധ്യമാകുന്ന തരത്തിലുള്ള ആശയവിനിമയത്തിന്റെ സാധ്യതകൾ നവമാധ്യമങ്ങൾ വികസിപ്പിച്ചു.
5. മുൻപ് നിലനിന്നിരുന്ന ആശയവിനിമയ രൂപങ്ങളുടെ പരിധികളെ ലംഘിക്കുകയും അവയെ പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്തു.

## Recap

- മനുഷ്യരാശിയുടെ സാർവത്രികമായ വികസനത്തിൽ ആശയവിനിമയത്തിന് മഹത്തായ പങ്കുണ്ട്.
- ലോകത്തുണ്ടായിട്ടുള്ള എല്ലാ വികസനത്തിന്റെയും അടിസ്ഥാനഘടകങ്ങളിലൊന്നാണ് ആശയവിനിമയം.
- ആശയവിനിമയം ഇക്കാലത്ത് ഒരു വിജ്ഞാനശാഖയായി വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്നു.
- കമ്മ്യൂണിക്കേർ, കമ്മ്യൂണിസ്, തുടങ്ങിയ പദങ്ങളിൽനിന്ന് രൂപംകൊണ്ട പദമാണ് കമ്മ്യൂണിക്കേഷൻ.
- പ്രേഷിതൻ, സന്ദേശം, സ്വീകർത്താവ് എന്നിവ ആശയവിനിമയത്തിലെ പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങളാണ്.
- ആശയത്തിൽ നിന്ന് സന്ദേശം രൂപപ്പെടുന്നു.
- ആശയവിനിമയത്തിന് വിവിധ നിർവചനങ്ങളുണ്ട്.
- സ്വതന്ത്രമായ ആശയവിനിമയ ഉപാധികളാണ് മാധ്യമങ്ങൾ അഥവാ മീഡിയ.
- വിവരസാങ്കേതികവിദ്യയുടെ ആവിർഭാവത്തോടെ ആശയവിനിമയം അതിവേഗത്തിലായി.
- സങ്കേതനം, വിസങ്കേതനം, പ്രതികരണം എന്നിവ ആശയവിനിമയ പ്രക്രിയയുടെ ഭാഗമാണ്.
- ആശയവിനിമയ പ്രക്രിയയിൽ കൈമാറ്റം ചെയ്യപ്പെടുന്ന വിവരമാണ് സന്ദേശം
- ആശയവിനിമയ പ്രക്രിയയിൽ സന്ദേശം അയ്ക്കുന്ന വ്യക്തിയാണ് പ്രേഷിതൻ.
- സന്ദേശം ലഭിക്കുന്ന അല്ലെങ്കിൽ ഗ്രഹിക്കുന്ന വ്യക്തിയെ സ്വീകർത്താവ് എന്ന് പറയുന്നു
- സന്ദേശം അയയ്ക്കാൻ ഉപയോഗിക്കുന്ന ഉപാധിയാണ് ആശയവിനിമയ പ്രക്രിയയിലെ മാധ്യമം എന്നറിയപ്പെടുന്നത്.
- അയയ്ക്കുന്ന സന്ദേശത്തിന്റെ ഫലം അഥവാ മറുപടിയാണ് പ്രതികരണം.
- വിവരങ്ങളും സന്ദേശങ്ങളും ആശയങ്ങളും വലിയൊരു ജനസമൂഹത്തിലേക്ക് പകർന്നുകൊടുക്കുന്ന പ്രക്രിയയ്ക്കാണ് ബഹുജന ആശയവിനിമയം എന്ന് പറയുന്നത്.
- പൊതുജനാഭിപ്രായങ്ങൾ രൂപപ്പെടുന്നത് ബഹുജന ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിലാണ്.
- ജനങ്ങൾ ആശ്രയിക്കുന്ന ബഹുജനമാധ്യമങ്ങൾക്ക് വലിയ സാമൂഹ്യ ഉത്തരവാദിത്വ

മാണ് നിറവേറ്റാനുള്ളത്
- അച്ചടി മാധ്യമം, പ്രക്ഷേപണ മാധ്യമം, ഡിജിറ്റൽ മാധ്യമം എന്നിങ്ങനെ മൂന്നായി ബഹുജനമാധ്യമങ്ങളെ തിരിക്കാം.

## Objective Type Questions

1. ബഹുജന ആശയവിനിമയത്തിന് ഹിന്ദിയിൽ പറയുന്ന പേരെന്ത്?
2. ആശയവിനിമയപ്രക്രിയയിലെ മൂന്ന് പ്രധാനപ്പെട്ട ഘടകങ്ങൾ ഏതെല്ലാം ?
3. കമ്മ്യൂണിക്കേഷൻ എന്ന പദം രൂപപ്പെട്ടത് ഏതെല്ലാം പദങ്ങളിൽ നിന്നാണ്?
4. ആശയവിനിമയത്തിന്റെ രണ്ടു രീതികൾ ഏതെല്ലാം?
5. ആശയം പുറപ്പെടുവിക്കുന്ന വ്യക്തയ്ക്ക് പറയുന്ന പേരെന്ത്?
6. ആശയവിനിമയം എന്നാൽ ഒരു പങ്കുവയ്ക്കൽ പ്രക്രിയ ആണെന്ന് അഭിപ്രായപ്പെട്ടത് ആര്?
7. സന്ദേശങ്ങളിലൂടെയുള്ള സമൂഹ്യസമ്പർക്കമാണ് ആശയവിനിമയം എന്ന നിർവചനത്തിന്റെ ഉപജ്ഞാതാവ് ആര്?
8. സന്ദേശത്തെ രൂപമാറ്റം വരുത്തുന്നതിന് പറയുന്ന പേരെന്ത്?
9. സന്ദേശം അയയ്ക്കാൻ ഉപയോഗിക്കുന്ന ആശയവിനിമയ പ്രക്രിയയുടെ ഉപാധിയെന്ത് ?
10. രൂപാന്തരപ്പെടുത്തുന്ന സന്ദേശം ഏത് പേരിൽ അറിയപ്പെടുന്നു?
11. "സാങ്കേതികവിദ്യകളിലൂടെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉള്ള വ്യത്യസ്ത ജനസമൂഹങ്ങളിലേക്ക് പകർന്നു കൊടുക്കാനായി വിദഗ്ധരായ ആളുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളും സാങ്കേതികവിദ്യകളും ഉൾക്കൊള്ളുന്നതാണ് ബഹുജന ആശയവിനിമയം'. ഈ നിർവചനം ആരുടെ ?
12. പ്രാർത്ഥനയുടെ രൂപത്തിൽ വ്യക്തിയുടെ ഉള്ളിൽ തന്നെ നടക്കുന്ന ആശയവിനിമയം എന്താണ്?
13. രണ്ട് വ്യക്തികൾ തമ്മിലുള്ള ആശയവിനിമയത്തെ എന്ത് വിളിക്കുന്നു?
14. ക്ലാസ് മുറിയിൽ അധ്യാപകൻ വിദ്യാർഥികളോട് സംവദിക്കുന്നത് ഏതുതരം ആശയവിനിമയമാണ് ?
15. പൊതുജനാഭിപ്രായങ്ങൾ രൂപപ്പെടുന്നത് ഏതിന്റെ അടിസ്ഥാനത്തിലാണ്?

## Answers

1. ജനസഞ്ചാർ
2. പ്രേഷിതൻ, സന്ദേശം, സ്വീകർത്താവ്
3. കമ്മ്യൂണിക്കേർ, കമ്മ്യൂണിസ്
4. ആംഗ്യവും ഭാഷാപദങ്ങളും
5. പ്രേഷിതൻ
6. വിൽബർ ഷ്രാം
7. ജോർജ് ഗർബറർ
8. സങ്കേതനം
9. മാധ്യമം
10. കോഡ്
11. ജനോവിറ്റ്സ്
12. വ്യക്തിഗത ആശയവിനിമയം
13. വ്യക്ത്യന്തര ആശയവിനിമയം
14. സംഘ ആശയവിനിമയം
15. ബഹുജന ആശയവിനിമയത്തിന്റെ

## Assignment

1. ആശയവിനിമയപ്രക്രിയയിലെ വിവിധ ഘടകങ്ങളുടെ വിശദാംശങ്ങളെക്കുറിച്ച് ഉപന്യസിക്കുക
2. പലതരത്തിലുള്ള ആശയവിനിമയരീതികൾ ഏതെല്ലാമാണെന്ന് വിശദമായി പ്രതിപാദിക്കുക
3. ആശയവിനിമയത്തിന്റെ നിർവചനങ്ങളെക്കുറിച്ച് അപഗ്രഥിക്കുക.
4. ആഗോളതലത്തിൽ ഒരു വിജ്ഞാനശാഖയായി പടർന്നുപന്തലിച്ച പ്രക്രിയയാണ് ആശയവിനിമയം. ചർച്ച ചെയ്യുക.
5. ബഹുജന ആശയവിനിമയത്തിന്റെ സവിശേഷതകൾ വിലയിരുത്തുക
6. ആധുനിക ജീവിതത്തിൽ ബഹുജന ആശയവിനിമയത്തിന്റെ പങ്കിനെ പറ്റി വിശകലനം ചെയ്യുക?

## References


1. ഡോ. ജെ. വി. വിളനിലം, ആലോകം മുതൽ ഇലോകം വരെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. പന്മന രാമചന്ദ്രൻനായർ, മാധ്യമ പഠനങ്ങൾ, പി.കെ. പരമേശ്വരൻ നായർ മെമ്മോറിയൽ ട്രസ്റ്റ്, തിരുവനന്തപുരം
3. ഷാജി ജേക്കബ്, മാധ്യമങ്ങളുടെ രാഷ്ട്രീയം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്
4. ഷാജി ജേക്കബ്, ടെലിവിഷൻ കാഴ്ചയും സംസ്കാരവും, ഹരിതം ബുക്സ്, കോഴിക്കോട്
5. രാജേന്ദ്രൻ എൻ.പി. മാറുന്ന ലോകം മാറുന്ന മാധ്യമലോകം, മാതൃഭൂമി ബുക്സ്, കോഴിക്കോട്
6. ആദർശ് വി.കെ, വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
7. അച്യുത് ശങ്കർ എസ്. നായർ, ഇൻഫർമേഷൻ ടെക്നോളജി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
8. രവീന്ദ്രൻ. കെ, ഇക്ബാൽ.ബി, ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും, ഡി.സി ബുക്സ്, കോട്ടയം
9. ആദർശ് വി.കെ, ഇനി വായന ഇ-വായന, ഡി.സി ബുക്സ്, കോട്ടയം
10. ബിനു സചിവോത്തമപുരം, മൊബൈൽ ഫോൺ: സംസ്കാര നിർമിതിയുടെ നവമാധ്യമം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
11. സേതുമാധവൻ പി, ഇന്റർനെറ്റ് ഒരു പഠനം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
12. എം.ആർ. ഷെല്ലി, എ.എസ്. പ്രതീഷ്, നവമാധ്യമങ്ങൾ: സാഹിത്യം സംസ്കാരം രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
13. Marshall McLuhan, Q. Fiore, The Medium is the Message :An Inventory of effect, New York Bantam Books

# BLOCK 02

# അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും

യൂണിറ്റ്
1

# അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും

## Learning Outcomes

- ചരിത്രാതീതകാലം മുതൽ മനുഷ്യൻ പരസ്പരം ആശയവിനിമയം നടത്തുന്നതിന്റെ ചരിത്രം വിശദീകരിക്കുന്നു.
- മാധ്യമങ്ങളുടെ നിർവചനത്തെക്കുറിച്ച് വിശദീകരിക്കുന്നു.
- മാധ്യമങ്ങളുടെ വർഗീകരണം, സാങ്കേതിക വിദ്യകൾ വിശദീകരിക്കുന്നു.
- പ്രക്ഷേപണങ്ങളെക്കുറിച്ചും സംപ്രേഷണങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു
- അറിവുകളും സാങ്കേതികവിദ്യകളും കൈമാറ്റം ചെയ്യുവാനുപയോഗിക്കുന്ന ആപ്പുകളെക്കുറിച്ച് പറയുന്നു
- വാർത്താസംവിധാനമായ വെബ് അധിഷ്ഠിതമാധ്യമങ്ങളെക്കുറിച്ച് മനസിലാക്കുന്നു
- ലോകജനതയെ മുഴുവൻ ആകർഷിക്കുന്ന സമൂഹമാധ്യമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു

## Prerequisite

സമൂഹജീവിയായ മനുഷ്യനെ പരസ്പരം ബന്ധിപ്പിക്കുന്നതിനും അറിവുകൾ കൈമാറ്റം ചെയ്യപ്പെടുന്നതിനും വിഭിന്നങ്ങളായ വിനിമയം അവശ്യഘടകമാണ്. മനുഷ്യൻ ഇടപഴകുന്ന സമസ്തമേഖലകളെയും സ്പർശിക്കുന്ന വിവരവിനിമയങ്ങൾ എല്ലാ കാലഘട്ടങ്ങളിലും എല്ലാ മനുഷ്യരിലേക്കും എത്തിക്കേണ്ടത് ഒരു അനിവാര്യതയായിരുന്നു. സമകാലികമായ സാഹചര്യങ്ങളിൽ രൂപംകൊള്ളുന്ന സാംസ്കാരികവും രാഷ്ട്രീയവും വൈജ്ഞാനികവുമായ അറിവുകൾ പരസ്പരം കൈമാറുന്നതിന് ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമങ്ങൾ. വിവരവിജ്ഞാനങ്ങളെ ശേഖരിയ്ക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന പ്രക്രിയയാണ് മാധ്യമങ്ങൾവഴി നാം ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുജനമാധ്യമങ്ങളെയും വാർത്താമാധ്യമങ്ങളെയും കുറിയ്ക്കാനാണ് മാധ്യമം എന്ന പദം ഇന്ന് ഉപയോഗിക്കുന്നതെങ്കിലും സ്വകാര്യമായ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ടെലിഫോൺ, കത്ത് തുടങ്ങിയ ഉപാധികളും വാർത്താമാധ്യമങ്ങളിൽ ഉൾപ്പെടുന്നു.

വിജ്ഞാനവിതരണവുമായി ബന്ധപ്പെട്ട വിവിധ ജോലികൾക്ക് പല തരത്തിലുള്ള മുദ്രണ പ്രക്രിയകൾ അവശ്യഘടകമായി മാറി. അറിവ് പകർന്നുനൽകുന്നതിനുള്ള ഉപാധിയെന്ന നിലയ്ക്ക് അച്ചടി ഉന്നതമായ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യൻെറ ബുദ്ധിപരവും ശാസ്ത്രീയവുമായ വികസനത്തിന് അച്ചടി മഹത്തായ പങ്കാണ് വഹിച്ചിട്ടുള്ളത്. മനുഷ്യരിൽ അന്തർലീനമായിക്കിടന്നിരുന്ന ആശയങ്ങളും വിജ്ഞാനങ്ങളും വെളിച്ചത്തേക്കു കൊണ്ടുവന്നത് അച്ചടിപ്രക്രിയ വഴിയാണ്. സാഹിത്യം, സംസ്കാരം, ചരിത്രം, വിജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ട് എണ്ണപ്പെടാൻ കഴിയാത്ത അത്രയും പുസ്തകങ്ങളുടെ അച്ചടി ഇതിനകം

സാധ്യമായിക്കഴിഞ്ഞു. ഇന്ന് ഒരു പ്രധാനവ്യവസായമായി അച്ചടിയും പ്രസാധനവും വളർന്നു കഴിഞ്ഞു. 16-ാം ശതകത്തിൽ യൂറോപ്പിൽ അച്ചടിവ്യവസായവും ആധുനികപ്രസാധന സംവിധാനങ്ങളും വ്യാപകമായി കഴിഞ്ഞിരുന്നു. 17-ാം ശതകത്തിന്റെ ആദ്യഘട്ടത്തിൽ അച്ചടി ലോകത്തിലെ പ്രധാനവ്യവസായങ്ങളുടെ പട്ടികയിൽ സ്ഥാനം നേടി. പുസ്തകപ്രസാധനം അച്ചടിവ്യവസായത്തോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മഹത്തായ ഗ്രന്ഥങ്ങളുടെ വില കുറഞ്ഞ പതിപ്പുകളുടെ പ്രസാധനവും ഈ വ്യവസായത്തെ വികസിപ്പിച്ചു. 19-ാം ശതകത്തിന്റെ അവസാനത്തോടുകൂടി തത്ത്വശാസ്ത്രം, മതം, വൈദ്യശാസ്ത്രം, രാഷ്ട്രതന്ത്രം, എന്നീ വിഷയങ്ങളിൽ ഗ്രന്ഥങ്ങളുടെ വൻതോതിലുള്ള ഉത്പാദനം കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞിരുന്നു. അമേരിക്കയിൽ വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങൾ ആവിർഭവിക്കുന്നതിനു മുമ്പു തന്നെ, സാധാരണക്കാരനുപോലും വാങ്ങി വായിക്കാവുന്നത്ര ചുരുങ്ങിയ വിലയ്ക്ക് പുസ്തകങ്ങൾ കേരളത്തിൽ പ്രസാധനം ചെയ്തു വില്പന നടത്തുകയുണ്ടായി. പത്രമാസികകൾ, പുസ്തകങ്ങൾ, പാക്കേജിങ് ഉപകരണങ്ങൾ എന്നിവയുടെ ഉത്പാദനം സാധ്യമാക്കിയതും അഭിവൃദ്ധിപ്പെടുത്തിയതും അച്ചടിയാണ്. 17-ാം ശതകത്തിലാണ് ഈ വികാസത്തിന്റെ ആരംഭം. മറ്റുരംഗങ്ങളിലുണ്ടായ പുരോഗതിക്കൊത്തുനീങ്ങുവാൻ ഈ വ്യവസായത്തിനുകഴിഞ്ഞു എന്നതു മുദ്രണരംഗത്തെ ബഹുമുഖവികാസങ്ങൾക്ക് കാരണമാകുകയും ചെയ്തു.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉണ്ടായ ടെലിഗ്രാഫിന്റെ കണ്ടുപിടിത്തത്തോടെ മാധ്യമരംഗത്ത് പുതിയൊരു അധ്യായം തുറക്കുകയായിരുന്നു. ഭൂമിയുടെ പ്രതലത്തിലൂടെ കമ്പികൾ വലിച്ചുകെട്ടി അവയിലൂടെ പ്രത്യേകം കോഡുകൾ നൽകി സന്ദേശം പ്രചരിപ്പിക്കുന്ന വാർത്താവിതരണ സമ്പ്രദായത്തെയാണ് ടെലിഗ്രാഫ് അഥവാ കമ്പിത്തപാലെന്നു വിളിക്കുന്നത്. തുടർന്ന് കമ്പിയില്ലാക്കമ്പി അല്ലെങ്കിൽ വയർലെസ് ടെലിഗ്രാം കണ്ടുപിടിച്ചു. ഇതോടെ കമ്പികൾവഴി അല്ലാതെ സന്ദേശങ്ങൾ കൈമാറാൻ ഇതു വഴി സാഹചര്യം ഉണ്ടായി. വിദൂരദേശങ്ങളിൽ നിൽക്കുന്ന രണ്ടുപേർക്ക് സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. ഇക്കൂട്ടർക്ക് പരസ്പരം ബന്ധപ്പെടുന്നതിന് വയർലെസ് ടെലിഗ്രാഫി വലിയൊരു അനുഗ്രഹമായി. ശബ്ദ സന്ദേശങ്ങൾ ഒരേസമയം വായിക്കാനും സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള ഉപകരണമായ ദൂരഭാഷിണി അഥവാ ടെലഫോൺ കണ്ടുപിടിച്ചതോടെ ഇലക്ട്രോണിക് യുഗത്തിന് ഉണർവ് പകർന്നുതുടങ്ങി. ശബ്ദതരംഗങ്ങൾ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് ശ്രോതാവിനെ ചെവികളിൽ എത്തുന്ന സംഗതിയാണ് ടെലഫോൺ വഴി സാധ്യമായത്. 1876- ൽ അലക്സാണ്ടർ ഗ്രഹാംബെൽ ടെലഫോൺ സാങ്കേതികവിദ്യ കണ്ടുപിടിച്ചു. 1910- ൽ ടെലിപ്രിന്റർ കണ്ടുപിടിച്ചതോടെ വയർ വഴി ടെക്സ്റ്റ് സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. 1926- ൽ ജോൺ ലോഗിൻ ബയേർഡ് ടെലിവിഷൻ വികസിപ്പിച്ചതോടെ ഇലക്ട്രോണിക് മാധ്യമ രംഗത്തിനു തുടക്കമായി. തുടർന്ന് റേഡിയോ കണ്ടുപിടിക്കുകയും ടെലിവിഷൻ, വിപ്ലവം സൃഷ്ടിക്കുകയും ഇന്റർനെറ്റ് വ്യാപകമായി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും കയ്യടക്കുകയും ചെയ്തതോടെ ഉത്തരാധുനികയുഗത്തിന് നാന്ദിയായി.

മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗം ജനതയ്ക്കും അഭിപ്രായത്തിനും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനും അവകാശമുണ്ട് ഈ അവകാശത്തിൽ ഇടപെടാതെ അഭിപ്രായം പ്രകടിപ്പിക്കാനും ഏത് മാധ്യമത്തിലൂടെയും വിവരങ്ങൾ തേടാനും സ്വീകരിക്കാനും കൈമാറാനുമുള്ള അവകാശവും സ്വാതന്ത്ര്യവും നിലനിൽക്കുന്നുണ്ട്.

സമൂഹമാധ്യമങ്ങൾ നമ്മെ ഏറെ സ്വാധീനിക്കുന്നുണ്ടെങ്കിലും നാം ആവശ്യപ്പെടുന്ന വാർത്തകൾ നമ്മുടെ അഭിരുചികളിൽ ഉള്ള മാറ്റങ്ങൾ ഇതെല്ലാം പരിഗണിക്കുമ്പോൾ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളെ അപേക്ഷിച്ച് അത് സമയം കൂടുതൽ നഷ്ടപ്പെടുത്തുന്നു എന്ന് പലരും വി

ലയിരുത്താറുണ്ട്. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും ജനകീയമായ ഒരു വാർത്താമാധ്യമമായി ടെലിവിഷൻ മാറിക്കഴിഞ്ഞു. ജനങ്ങളുടെ രാഷ്ട്രീയ വീക്ഷണങ്ങളെ ഏറെക്കുറെ ടെലിവിഷൻ സ്വാധീനിക്കാറുണ്ട് എന്നുള്ളത് യാഥാർഥ്യമാണ്. മാത്രമല്ല രൂപമാതൃകകളെയും വഴികാട്ടികളെയും ടെലിവിഷൻ പരിചയപ്പെടുത്തുന്നതു കൊണ്ട് നമ്മുടെ സ്വഭാവരൂപീകരണത്തിലും ചെറിയൊരളവിൽ അത് പങ്കുവഹിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല.

## Keywords

മാധ്യമ നിർവചനം-മാധ്യമവർഗീകരണം-മാധ്യമവും സാങ്കേതികവിദ്യയും-കമ്പ്യൂട്ടറും ഇന്റർനെറ്റും-വെബ്ബധിഷ്ഠിത മാധ്യമങ്ങൾ-അച്ചടിമാധ്യമത്തിന്റെ സവിശേഷതകൾ

## Discussion

### മാധ്യമങ്ങളുടെ നിർവചനം

ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമങ്ങൾ. വിവരവിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുന്നതും മാധ്യമങ്ങൾ വഴിയാണ്. ബഹുജനമാധ്യമങ്ങളെയും വാർത്താമാധ്യമങ്ങളെയും കുറിക്കാനാണ് ഈ പദം ഇന്ന് ഉപയോഗിക്കുന്നത്. എന്നാൽ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന ടെലിഫോൺ, കത്ത് തുടങ്ങിയ ഉപാധികളും മാധ്യമങ്ങളാണ്. ഭാഷണം, ചേഷ്ട തുടങ്ങിയ മാർഗങ്ങളിൽ നിന്ന് ഭിന്നമായി കൃത്രിമ മാർഗങ്ങളിലൂടെയുള്ള മനുഷ്യന്റെ ആശയവിനിമയത്തെക്കുറിച്ച് ചരിത്രാതീത കാലത്തെ ഗുഹാചിത്രങ്ങളിലും ലിഖിതങ്ങളിലും നിന്നാണ് അറിയാൻ കഴിയുക.

അച്ചടിച്ച പേപ്പർ മുതൽ ഡിജിറ്റൽ ഡാറ്റ ഉൾപ്പെടെ എല്ലാം ആശയവിനിമയ ചാനലുകളായി വർത്തിക്കുന്നു. വാർത്തകൾ, കല, വിദ്യാഭ്യാസ ഉള്ളടക്കം, ടെലിവിഷൻ, റേഡിയോ, പുസ്തകങ്ങൾ, മാസികകൾ, ഇന്റർനെറ്റ് എന്നിവയുൾപ്പെടെ ആളുകളിലേക്ക് എത്തിച്ചേരാനോ സ്വാധീനിക്കാനോ കഴിയുന്ന ഏതൊരു തരത്തിലുള്ള വിവരങ്ങളും മീഡിയയിൽ ഉൾപ്പെടുന്നു. ഉദാ: പത്രങ്ങൾ, പ്രാദേശികടെലിവിഷൻ, റേഡിയോ സ്റ്റേഷനുകൾ എന്നിവ. അവ സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റികളുടെയോ നഗര പ്രദേശങ്ങളുടെയോ ആവശ്യങ്ങൾ നിറവേറ്റുമ്പോൾ ധാരാളം ആളുകളിലേക്ക് എത്തുന്ന വാർത്തകളെയും വിവരങ്ങളെയും അത് സൂചിപ്പിക്കുന്നു. ആളുകളുടെ ദൈനംദിനജീവിതത്തിൽ മാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. അത് അവരെ ബോധവൽക്കരിക്കാൻ സഹായിക്കുകയും പ്രാദേശികവും ആഗോളവുമായ ദൈനംദിന വാർത്തകളുടെ ട്രാക്ക് സൂക്ഷിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള വിവരങ്ങൾ അറിയാനുള്ള ഏറ്റവും നല്ല പ്ലാറ്റ്ഫോമാണ് മാധ്യമങ്ങൾ.വിവരങ്ങൾ ശേഖരിക്കൽ, അതുമായി ബന്ധപ്പെട്ട് സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തൽ, സ്വയം ചിട്ടപ്പെടുത്തിയതും പരിശീലിക്കപ്പെട്ടതുമായ നൈതിക മൂല്യങ്ങളിലൂടെ വാർത്തകൾ അവതരിപ്പിക്കൽ എന്നീ പ്രക്രിയകളടങ്ങുന്ന സംവിധാനത്തെ മാധ്യമങ്ങളുടെ നിർവചനമായി കണക്കാക്കാം. സമൂഹത്തിന്റെ വളർച്ചയ്ക്ക് പ്രയോജനകരമാം വിധം വാർത്തകളുടെ പ്രചരണം നടത്തുക, പദ്ധതി നടത്തിപ്പിനായുള്ള സാമ്പത്തിക സമാഹരണത്തിന്റെ ഭാഗമായി പരസ്യം ചെയ്യുക, സമൂഹത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ വളർച്ചയ്ക്കുവേണ്ടി പുരോഗമനകരമായ കലാസൃഷ്ടികൾ പരിചയപ്പെടുത്തുക, വിനോദങ്ങളിലൂടെയും, മറ്റ് ആവിഷ്കാരരൂപങ്ങളിലൂടെയും പ്രേക്ഷകരിലേക്ക് എത്തിക്കുന്ന ബഹുജന ആശയവിനിമയത്തിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ അട

ങ്ങുന്നവയാണ് മാധ്യമങ്ങളുടെ ശൃംഖല എന്നറിയപ്പെടുന്നത്.

## മാധ്യമങ്ങളുടെ വർഗീകരണം

സമസ്തമേഖലകളിലെയും ആശയങ്ങളും അറിവുകളും ദൈനംദിനകാര്യങ്ങളും സംഭവങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മനുഷ്യൻ പലതരത്തിലുള്ള മാർഗങ്ങൾ അവലംബിച്ചിരുന്നു. ആദ്യകാലത്ത് രണ്ട് വ്യക്തികൾ തമ്മിൽ പരസ്പരം അറിവുകൾ വിനിമയം ചെയ്തിരുന്ന സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. പിന്നീട് ഇത് വാർത്തകൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിയ്ക്കാനായി സംഘ ആശയവിനിമയം എന്ന രീതി അവലംബിച്ചിരുന്നു. അതിന്റെ ഭാഗമായാണ് ചരിത്രാതീതകാലം മുതൽക്ക് തന്നെ ലിഖിതങ്ങൾ രേഖപ്പെടുത്തപ്പെട്ട ബുള്ളറ്റിനുകൾ പ്രസിദ്ധീകരിച്ചത്.

ഭരണകൂടമാണ് ബുള്ളറ്റിനുകളിലൂടെ അറിവുകൾ കൈമാറ്റം ചെയ്യുന്ന രീതി ആരംഭിച്ചത്. പ്രജകളെ അറിയിക്കേണ്ട ഉത്തരവുകൾ വാർത്തകളുടെ രൂപത്തിൽ പൊതുസ്ഥലങ്ങളിലെ കല്ലുകളിൽ കൊത്തിവയ്ക്കുന്ന രീതിയാണ് ആദ്യകാലത്ത് അവലംബിച്ചിരുന്നത്.

പുരാതനറോമിലാണ് ആദ്യമായി വാർത്തകൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്ന വിദ്യക്ക് തുടക്കം കുറിച്ചത്. ചക്രവർത്തിയുടെ അറിയിപ്പുകൾ ലോഹത്തിലോ കല്ലിലോ കൊത്തി പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചു. എ.ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലായി ചൈനയിൽ, ഹാൻ രാജവംശത്തിന്റെ അവസാനകാലത്ത് കോടതി ഉദ്യോഗസ്ഥർക്കിടയിൽ ഡിബാവോ എന്ന പേരിൽ സർക്കാർ നിർമ്മിച്ച ആദ്യകാല വാർത്താഷീറ്റുകൾ പ്രചരിച്ചിരുന്നു. എ. ഡി. 713-നും 734-നും ഇടയിൽ, ചൈനീസ് ടാങ് രാജവംശത്തിന്റെ കാലത്ത് കൈയുവാൻ സാബാവോ അഥവാ കോടതിയിലെ ബുള്ളറ്റിനിലൂടെ സർക്കാർ വാർത്തകൾ പ്രസിദ്ധീകരിച്ചു.

മാധ്യമങ്ങളെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിക്കാം; പ്രക്ഷേപണം, അച്ചടി. ആഗോളതലത്തിൽ അതിവേഗം വാർത്തകളും സിനിമകളും മറ്റും ഓൺലൈനായി ലഭിക്കുന്നതിനാൽ ഇന്റർനെറ്റും ഒരു പ്രധാന മാധ്യമമായി ഉയർന്നു. പത്രങ്ങൾ, ജേണലുകൾ, മാസികകൾ, പുസ്തകങ്ങൾ, റിപ്പോർട്ടുകൾ എന്നിവയുൾപ്പെടെ എല്ലാ തരത്തിലുള്ള പ്രസിദ്ധീകരണങ്ങളും പ്രിന്റ് മീഡിയയിൽ ഉൾപ്പെടുന്നു. ഇന്റർനെറ്റിന്റെ ആവിർഭാവത്തിനു ശേഷം ജനസംഖ്യയുടെ ഒരു വലിയ അളവിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നു. 20-ാംനൂറ്റാണ്ടിന്റെ തുടക്കത്തിലും മധ്യത്തിലും യഥാക്രമം രംഗത്ത് വന്ന റേഡിയോ, ടി. വി. എന്നിവയെയാണ് ബ്രോഡ്കാസ്റ്റ് മീഡിയ സൂചിപ്പിക്കുന്നത്. മിക്ക ആളുകൾക്കും വാർത്തകൾ ഇപ്പോഴും ടി.വി., റേഡിയോ പ്രക്ഷേപണങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. എന്നിരുന്നാലും, ഓൺലൈൻ സ്രോതസ്സുകൾ ഏറ്റെടുക്കുന്നതിന് അധികം താമസിക്കില്ലെന്നാണ് വിദഗ്ധർ പ്രവചിക്കുന്നത്. കഴിഞ്ഞ ഇരുപത് വർഷമായി കേബിൾ വാർത്തകൾക്ക് പ്രാധാന്യം വർധിച്ചു ഇന്റർനെറ്റ്- പ്രത്യേകിച്ച് വെബ്സൈറ്റുകളിലും ബ്ലോഗുകളിലും കൂടുതൽ കൂടുതൽ ആളുകൾ ഓൺലൈനിൽ വാർത്തകളും വിനോദവും വിദ്യാഭ്യാസസാമഗ്രികളും തേടുന്നതിനാൽ ആശയവിനിമയത്തിന്റെ പ്രായോഗികവും പ്രധാനവുമായ ചാനലുകളായി ഇവ അതിവേഗം ഉയർന്നുവന്നു.

## മാധ്യമവും സാങ്കേതികവിദ്യയും

കടലാസിന്റെ കണ്ടുപിടിത്തം സാധ്യമായതോടെ ആഗോളതലത്തിൽ അച്ചടിയുടെ ചരിത്രവും ആരംഭിച്ചു. ഇതോടെ ആശയവിനിമയ സംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ അരങ്ങേറാൻ തുടങ്ങി. എ ഡി 793- ൽ ബാഗ്ദാദിലും എ.ഡി 900-ൽ ഈജിപ്തിലെ കെയ്റോയിലും കടലാസു നിർമ്മാണവിദ്യ എത്തുകയുണ്ടായി. എ ഡി 1100-ൽ യൂറോപ്പിലും കടലാസ് നിർമ്മാണം ആരംഭിച്ചു. എ ഡി 594- ൽ ചൈനയിൽ അച്ചടിയ്ക്ക് തുടക്കം കുറിച്ചു. നെഗറ്റീവ് റിലീഫ് ഉപയോഗിച്ചാണ് അച്ചടി ആരംഭിച്ചത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉണ്ടായ ടെലിഗ്രാഫിന്റെ കണ്ടുപിടിത്തത്തോടെ മാധ്യമരംഗത്ത് പുതിയൊരു അധ്യായം തുറക്കുകയായിരുന്നു. ഭൂമിയുടെ പ്രതലത്തിലൂടെ കമ്പികൾ വലിച്ചുകെട്ടി അവയിലൂടെ പ്രത്യേകം കോഡുകൾ നൽകി സന്ദേശം പ്രചരിപ്പിക്കുന്ന വാർത്താവിതരണ സമ്പ്രദായത്തെയാണ് ടെലിഗ്രാഫ് അഥവാ കമ്പിത്തപാലെന്നു വിളിക്കുന്നത്. തുടർന്ന് കമ്പിയില്ലാക്കമ്പി അല്ലെങ്കിൽ വയർലെ

സ് ടെലിഗ്രാം കണ്ടുപിടിച്ചു. ഇതോടെ കമ്പികൾ വഴി അല്ലാതെ സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. വിദൂരദേശങ്ങളിൽ നിൽക്കുന്ന രണ്ടുപേർക്ക് സന്ദേശങ്ങൾ കൈമാറാനും ഇതിലൂടെ പരസ്പരം ബന്ധപ്പെടുന്നതിന് വയർലെസ് ടെലിഗ്രാഫി വലിയൊരു അനുഗ്രഹമായി. ശബ്ദസന്ദേശങ്ങൾ ഒരേസമയം വായിക്കാനും സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള ഉപകരണമായ ദൂരഭാഷിണി അഥവാ ടെലിഫോൺ കണ്ടുപിടിച്ചതോടെ ഇലക്ട്രോണിക് യുഗത്തിന് ഉണർവ് പകർന്നുതുടങ്ങി. ശബ്ദതരംഗങ്ങൾ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് ശ്രോതാവിന്റെ ചെവികളിൽ എത്തുന്ന സംഗതിയാണ് ടെലഫോൺ വഴി സാധ്യമായത്. 1876- ൽ അലക്സാണ്ടർ ഗ്രഹാം ബെൽ ടെലിഫോൺ സാങ്കേതികവിദ്യ കണ്ടുപിടിച്ചു. 1910- ൽ ടെലിപ്രിന്റർ കണ്ടുപിടിച്ചതോടെ വയർ വഴി ടെക്സ്റ്റ് സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. റേഡിയോയുടെ കണ്ടുപിടിത്തവും തുടർന്ന് 1926- ൽ ജോൺ ലോഗിൻ ബയേർഡ് ടെലിവിഷൻ വികസിപ്പിച്ചതും ഇലക്ട്രോണിക് മാധ്യമ രംഗത്തിനു തുടക്കമായി. തുടർന്ന് ടെലിവിഷൻ വിപ്ലവം സൃഷ്ടിക്കുകയും ഇന്റർനെറ്റ് വ്യാപകമായി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും കയ്യടക്കുകയും ചെയ്തതോടെ ഉത്തരാധുനികയുഗത്തിന് നാന്ദിയായി.

ആഗോളവൽക്കരണത്തിന്റെ കാലത്ത് സാങ്കേതികവിദ്യ കൊണ്ട് മാധ്യമങ്ങളുടെ അതിർവരമ്പുകൾ അപ്രത്യക്ഷമാവുകയും എല്ലാത്തരത്തിലുള്ള മാധ്യമ ഉള്ളടക്കം അതിന്റെ ഭൗതിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് എല്ലാ മാധ്യമങ്ങൾക്കും ഒരു പോലെ കൈകാര്യം ചെയ്യാൻ കഴിയുകയും ചെയ്യും. ഇന്റർനെറ്റിന്റെ വലിയ പ്രത്യേകത അതിന്റെ പങ്കാളിത്ത സ്വഭാവമാണ്. ഇന്റർനെറ്റിൽ പത്രം വായിച്ചു കഴിഞ്ഞാൽ ഓരോ വാർത്തയ്ക്കും കീഴെ വായനക്കാരന് അഭിപ്രായം എഴുതിച്ചേർക്കാൻ സംവിധാനം ഉണ്ട്. എന്നാൽ പത്രങ്ങളുടെ ഇക്കാര്യത്തിലുള്ള പരിമിതി നാം കാണാതിരുന്നുകൂടാ, പത്രങ്ങൾ അവരുടെ വെബ്സൈറ്റുകളിലൂടെ അഭിപ്രായ സർവേകൾ നടത്തി അതിന്റെ ഫലം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന രീതി തുടങ്ങിയിട്ടുണ്ട്.

അച്ചടിയന്ത്രം ടെലിഫോൺ, റേഡിയോ, ടെലിവിഷൻ മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമായി സാങ്കേതികവിദ്യകൾ ഭാഷയെ പരിണാമത്തിനു വിധേയമാക്കിയത് അച്ചടിയന്ത്രത്തിന്റെ കാര്യത്തിൽ മാത്രമാണ്. മൂന്നു ചുറ്റും അച്ചുകൾ മിനുസിപ്പിച്ച് വളരെ ശ്രമകരമായി അച്ചു നിരത്താൻ തുടങ്ങിയ മലയാളി അക്ഷരമാലയെ പരിഷ്ക്കരിച്ച സംഭവമാണ് ഇവിടെ സൂചിപ്പിച്ചത്. മറ്റുള്ളവയ്ക്ക് ഭാഷാസംബന്ധമായി പരിമിതികൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ മാധ്യമ പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ടു മാത്രമാണ് അവ മലയാളത്തെ സ്വാധീനിച്ചിട്ടുള്ളത്. ചുരുങ്ങിയ കാലത്തിനുള്ളിലെങ്കിലും മാധ്യമ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് സാധ്യതയുണ്ട്. പത്രങ്ങൾ ഇ - ന്യൂസ് പേപ്പർ എന്ന സാങ്കേതികയിലേക്കു മാറാം. ഒരു ഭൗതികമായ പ്രതലത്തിൽ മുഴുവൻ പത്രങ്ങളും വായിക്കാൻ കഴിയുന്ന സംവിധാനമാണിത്. ഇവിടെ പത്രത്തിന് ടെലിവിഷൻ, ഇന്റർനെറ്റ്, എന്നിവയുമായുള്ള വ്യത്യാസം ഇല്ലാതാകുകയാണ്.

ഇൻഫർമേഷൻ ഓവർലോഡ് എന്നു വിശേഷിപ്പിക്കാവുന്ന തരത്തിലുള്ളതാണ് ഇന്നത്തെ അവസ്ഥ. ടെലിവിഷന്റെ മുന്നിലിരിക്കുമ്പോൾ വാർത്തയും വിനോദവും വിജ്ഞാനവും പിടിച്ചെടുക്കാനുള്ള ഒരു യുദ്ധമായി അതിനെ കരുതിയാൽ യുദ്ധം തുടങ്ങുമ്പോൾ തന്നെ പ്രേക്ഷകൻ പരാജയപ്പെടുന്നു. കാരണം നൂറു ചാനലുള്ള ഒരു സംവിധാനത്തിൽ നിന്ന് ന്യായമായ ഒരു തിരഞ്ഞെടുപ്പു പോലും നടത്താൻ പ്രേക്ഷകനാകുന്നില്ല. ഇന്റർനെറ്റ് ബ്രൗസിങ് പോലെ ചാനൽ ബ്രൗസിങ്ങിനാണ് നാം കൂടുതൽ സമയം ചിലവഴിക്കുന്നത്.

പഴയ മാധ്യമ സങ്കല്പത്തിൽ നിന്ന് പുതിയ മാധ്യമസങ്കല്പം അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടു എന്നു പറയാനാവില്ല സാങ്കേതികവിദ്യയിലുണ്ടായ മാറ്റമനുസരിച്ച് ഈ മേഖലയയിൽ പുതിയ സാധ്യതകൾ ഉണ്ടായി. ഇത് മാധ്യമ ഉള്ളടക്കത്തിന്റെ ഡിജിറ്റൽവൽക്കരണത്തിനു കാരണമായി. വാർത്താശേഖരണത്തിനും അത് രേഖപ്പെടുത്തി വയ്ക്കാനും വിതരണം ചെയ്യാനും പ്രിന്റ്, റോഡിയോ, ടെലിവിഷൻ രംഗങ്ങളിൽ വ്യത്യസ്ത ഉപകരണങ്ങളാണ് ഉപയോഗിച്ചിരു

ന്നതെങ്കിൽ ഇപ്പോൾ ആ വിഭജനം ഇല്ലാതായി എന്നതാണ് നവസാങ്കേതികവിദ്യകൊണ്ടുണ്ടായ മാറ്റം. സിഡിയിൽ അക്ഷരങ്ങളും ശബ്ദവും ദൃശ്യവും രേഖപ്പെടുത്തി വയ്ക്കാം. സൈബർ മാധ്യമത്തിന്റെ ഉള്ളടക്കം ഇതിൽ ശേഖരിച്ചു വയ്ക്കാൻ കഴിയും. ഡിജിറ്റൽഘടനയിൽ മാധ്യമ ഉള്ളടക്കം രേഖപ്പെടുത്തി വയ്ക്കാമെന്നതായതോടെ മാധ്യമങ്ങൾ തമ്മിലുള്ള അതിർവരമ്പ് ഇല്ലാതായിട്ടുണ്ട്.

## എഴുത്ത്

ബി.സി. പതിനാറാംശതകം മുതൽ നാലാം ശതകംവരെയുള്ള കാലഘട്ടത്തിൽ ആശയവിനിമയോപാധിയായി വരമൊഴി നിലനിന്നിരുന്നു. ചിത്രലിപികളും അക്ഷരമാലയും സങ്കീർണങ്ങളായ പല പരിവർത്തനങ്ങൾക്ക് വിധേയമായി. ശിലാലിഖിതങ്ങളും ഇഷ്ടികപ്പുസ്തകങ്ങളും തുകൽ-പാപ്പിറസ് ചുരുളുകളും താളിയോല ഗ്രന്ഥങ്ങളും ഉപയോഗിച്ചിരുന്ന അക്കാലത്ത് വാർത്തയുമായി ബന്ധപ്പെട്ട് കൊത്തുപണി തൊഴിലാക്കിയിരുന്നവർ എഴുത്തുപണിയും നടത്തിപ്പോന്നു. മനുഷ്യനെ പരിഷ്കൃതസമൂഹത്തിന്റെ പടവുകളിലേക്ക് കൈപിടിച്ചുയർത്തിയ സാംസ്കാരിക പ്രക്രിയയാണ് എഴുത്ത്. ഭാഷയെ ഒരു കൂട്ടം ചിഹ്നങ്ങളോ പ്രതീകങ്ങളോ ഉപയോഗിച്ച് രേഖപ്പെടുത്തുന്നതാണ് എഴുത്ത്. കുറിച്ചുവയ്ക്കേണ്ടി വന്നതിന്റെ ഫലമായാണ് എഴുത്ത് രൂപപ്പെട്ടത്. വാണിജ്യവും അതിന്റെ നടത്തിപ്പും ഓർമ്മയിൽ സൂക്ഷിക്കാനാവാത്തവിധം സങ്കീർണ്ണമാകുകയും എഴുത്ത് ക്രയവിക്രയങ്ങൾ രേഖപ്പെടുത്തുന്നതിനും സ്ഥിരമായ രൂപത്തിൽ അവതരിപ്പിക്കുന്നതിനും കൂടുതൽ ആവശ്യമായി വരികയും ചെയ്തു. മധ്യഅമേരിക്കയിൽ എഴുത്ത് രൂപപ്പെട്ടത് കാലഗണന, ചരിത്രസംഭവങ്ങൾ എന്നിവരേഖപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ്. സുമേറിയൻ ചിത്രഗ്രാഫുകൾ, ഈജിപ്ഷ്യൻ ഹൈറോഗ്ലിഫുകൾ, ചൈനീസ് പ്രതീകങ്ങൾ, പഴയ പേർഷ്യൻ ക്യൂണിഫോം, ലാറ്റിൻ അക്ഷരമാല, ദേവനാഗരി ഇങ്ങനെ എഴുത്തിന്റെ ഓരോ ചരിത്രപരമായ കണ്ടെത്തലിലും, യഥാർഥ എഴുത്ത് സമ്പ്രദായങ്ങൾ ഉണ്ട്. പ്രോട്ടോ-റൈറ്റിംഗ് എന്ന് വിളിക്കപ്പെടുന്ന പ്രത്യയശാസ്ത്രപരവും ഓർമ്മപ്പെടുത്തുന്നതുമായ ചിഹ്നങ്ങളുടെ സംവിധാനങ്ങളും ഉണ്ടായിരുന്നു. അവ സംസാരഭാഷ റെക്കോർഡുചെയ്യാൻ പൂർണ്ണമായി പ്രാപ്തമല്ല. പിൽക്കാല വായനക്കാർക്ക് ഭാഷാപരമായ ഉച്ചാരണങ്ങളുടെ ഉള്ളടക്കം കൃത്യമായി പുനർനിർമ്മിക്കാൻ കഴിയുന്ന യഥാർഥ എഴുത്ത്, പിന്നീടുള്ള വികാസമാണ്. പ്രോട്ടോ -റൈറ്റിംഗ് സാധാരണയായി വ്യാകരണപദങ്ങളും അനുബന്ധങ്ങളും എൻകോഡ് ചെയ്യുന്നത് ഒഴിവാക്കുന്നു, കാര്യമായ സന്ദർഭം മുൻകൂട്ടി അറിയാതെ എഴുത്തുകാരൻ ഉദ്ദേശിച്ച അർത്ഥം പുനർനിർമ്മിക്കുന്നത് ബുദ്ധിമുട്ടുള്ളതോ അസാധ്യമോ ആക്കുന്നു.

അറിയപ്പെട്ട ആദ്യത്തെ എഴുത്തു രീതി സുമേറിയയിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. മുദ്രകളുണ്ടാക്കി ആവശ്യാനുസരണം നനവുള്ള കളിമൺ കട്ടകളിൽ അമർത്തിയെടുത്തു സൂക്ഷിക്കുകയായിരുന്നു അന്ന് ചെയ്തിരുന്നത്. സമാനമായ രീതി സിന്ധു നദീതടത്തിലെ ഹാരപ്പ മോഹൻജോദാരോ സംസ്കാരത്തിലും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് സുമേറിയൻപ്രദേശങ്ങളിൽ മുളം കമ്പുകൾ കൊണ്ട് കളിമൺ ഫലകങ്ങളിൽ നേരിട്ടെഴുതുന്ന രീതി നടപ്പിലായി. പുരാതന സുമേറിയയിലെ കാർഷിക ഇടപാടുകളും കരാറുകളും രേഖപ്പെടുത്തുക എന്നതായിരുന്നു എഴുത്തിന്റെ ആദ്യകാല ഉപയോഗങ്ങൾ. എന്നാൽ അത് സാമ്പത്തികം, മതം, സർക്കാർ, നിയമം എന്നീ മേഖലകളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എഴുത്ത് ഈ സാമൂഹികരീതികളുടെയും അവയുമായി ബന്ധപ്പെട്ട അറിവുകളുടെയും വ്യാപനത്തിനും ആത്യന്തികമായി രാഷ്ട്രീയ അധികാരത്തിന്റെ കൂടുതൽ കേന്ദ്രീകരണത്തിനും സഹായകമായി. കടലാസ് രംഗപ്രവേശം ചെയ്തതോടെയാണ് എഴുത്തുവിദ്യയിൽ പരിവർത്തനമുണ്ടായതും അച്ചടിയുടെ ആരംഭം കുറിച്ചതും. ചൈനക്കാർ പേജിന്റെ വലിപ്പത്തിലുള്ള മരപ്പലകകളിൽ അക്ഷരങ്ങൾ കൊത്തിയെടുത്ത് മഷിപുരട്ടി കടലാസ് അമർത്തി പല പ്രതികളെടുത്തിരുന്നു. ഇത്തരത്തിലുള്ള അച്ചടിസമ്പ്രദായം എന്നാണ് അവർ തുടങ്ങിയതെന്നതിനെക്കുറിച്ചു വിവരങ്ങൾ ലഭ്യമല്ല. സമാനമായ രീതിയിൽ യൂറോപ്പിൽ ആദ്യമായി

അച്ചടിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ് പാവപ്പെട്ടവന്റെ വേദപുസ്തകം. മരത്തിൽ കൊത്തിയ ബ്ലോക്ക് ഉപയോഗിച്ച് അച്ചടിക്കുന്നതിനാൽ ഇത്തരം പുസ്തകങ്ങൾ ബ്ലോക്ക് പുസ്തകങ്ങൾ എന്നറിയപ്പെട്ടിരുന്നു.

മനുഷ്യരാശിയുടെ വികാസത്തിലെ സുപ്രധാനമായ മുന്നേറ്റമായിരുന്നു എഴുത്തു വിദ്യ. വിജ്ഞാനം പകർത്തി വെയ്ക്കാനും അത് ഭാവി തലമുറയ്ക്ക് പ്രയോജന പ്രദമാക്കാനും എഴുത്തിലൂടെ മനുഷ്യനു സാധിച്ചു. സംസാരം സുരക്ഷിത രൂപത്തിൽ നിലനിർത്താൻ സാധിക്കാത്ത പൗരാണിക കാലത്ത് എഴുത്തിന്റെ പ്രാധാന്യം ഊഹിക്കാവുന്നതേയുള്ളൂ. എഴുത്തിന്റെ ഇന്നത്തെ രൂപത്തിലേക്കുള്ള പരിവർത്തനത്തിന് തീർച്ചയായും വ്യത്യസ്തമായ ഘട്ടങ്ങളുണ്ട്. ചുമരുകളിൽ ചിത്രങ്ങൾ വരഞ്ഞത്, ചിഹ്നങ്ങളുപയോഗിച്ച് ഗുഹകളിൽ ആശയങ്ങൾ കൊത്തിവെച്ചത്, ലിപികളുടെയും അക്ഷരങ്ങളുടെയും കണ്ടുപിടിത്തം, തൂലികയുടെ ഉപയോഗം, എല്ലുകളിലും കല്ലുകളിലും താളിയോലകളിലും എഴുതിയത്, കടലാസിന്റെ കണ്ടുപിടിത്തം തുടങ്ങി എഴുത്തിന്റെ ഇന്നത്തെ വികാസത്തിലേക്കുള്ള വഴിയിൽ പല വളർച്ചകളും കാണാവുന്നതാണ്.

പ്രോട്ടോ-റൈറ്റിംഗ് എന്ന് വിളിക്കപ്പെടുന്ന പ്രത്യയശാസ്ത്രപരവും ഓർമ്മപ്പെടുത്തുന്നതുമായ ചിഹ്നങ്ങളുടെ സംവിധാനങ്ങൾ ഉണ്ടായിരുന്നു. അവ സംസാരഭാഷ റെക്കോഡുചെയ്യാൻ പൂർണമായി പ്രാപ്തമല്ല. പിൽക്കാല വായനക്കാർക്ക് ഭാഷാപരമായ ഉച്ചാരണങ്ങളുടെ ഉള്ളടക്കം കൃത്യമായി പുനർനിർമ്മിക്കാൻ കഴിയുന്ന യഥാർഥ എഴുത്ത്, പിന്നീടുള്ള വികാസമാണ്. പ്രോട്ടോ-റൈറ്റിംഗ് സാധാരണയായി വ്യാകരണപദങ്ങളും അനുബന്ധങ്ങളും എൻകോഡ് ചെയ്യുന്നത് ഒഴിവാക്കുന്നു. കാര്യമായ സന്ദർഭം മുൻകൂട്ടി അറിയാതെ എഴുത്തുകാരൻ ഉദ്ദേശിച്ച അർഥം പുനർനിർമ്മിക്കുന്നത് ബുദ്ധിമുട്ടുള്ളതോ അസാധ്യമോ ആക്കുന്നു.

## അച്ചടിവിദ്യ

കടലാസിന്റെ കണ്ടുപിടിത്തം സാധ്യമായതോടെ ആഗോളതലത്തിൽ അച്ചടിയുടെ ചരിത്രവും ആരംഭിച്ചു. എ.ഡി. 594- ൽ ചൈനയിൽ നെഗറ്റീവ് റിലീഫ് ഉപയോഗിച്ച് അച്ചടിക്ക് തുടക്കംകുറിച്ചു. തുടർന്ന് അച്ചടിയന്ത്രത്തിലെ ടൈപ്പുകൾ ചൈനയിൽ വികസിപ്പിച്ചെടുക്കുകയാണ് ഉണ്ടായത്. ആദ്യമായി അച്ചടിച്ച ഗ്രന്ഥം ചൈനയിൽനിന്നുള്ള 'ഹിരാകസൂത്ര' അഥവാ 'വജ്രസൂത്ര' മാണ്.1456 ആഗസ്റ്റ് 29- ന് ഗുട്ടൻബെർഗിന്റെ അച്ചടിയുടെ ആദ്യസന്താനമായ ലത്തീൻ ഭാഷ ബൈബിൾ പുറത്തിറങ്ങി. ഗ്രന്ഥത്തിന് 1282 പേജുകൾ ആയിരുന്നു. എ ഡി 1100 യൂറോപ്പിലും കടലാസ് നിർമ്മാണം ആരംഭിച്ചു. തുടർന്ന് അച്ചടിയന്ത്രത്തിലെ ടൈപ്പുകൾ ചൈനയിൽ വികസിപ്പിച്ചെടുക്കുകയാണ് ഉണ്ടായത്.

ബഹുജനമാധ്യമങ്ങളുടെ വ്യാപനത്തോടെ മാധ്യമരംഗത്ത് വിപ്ലവകരമായ തോതിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞു. അച്ചടി, റേഡിയോ, ടെലിവിഷൻ, സിനിമ, വീഡിയോ, ഓഡിയോ റെക്കോഡിംഗ്, ഇന്റർനെറ്റ് എന്നീ മേഖലകൾ ലോകമൊട്ടാകെ വ്യാപിച്ചു. വർത്തമാനപത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകപ്രസാധകർ, ഗ്രന്ഥശാലകൾ, റേഡിയോ, ടെലിവിഷൻ നെറ്റ്വർക്കുകൾ, സിനിമാ സ്റ്റുഡിയോകൾ എന്നിവയുൾപ്പെടെ അത്തരം മോഡുകളിലൂടെ പ്രത്യേക ആവിഷ്ക്കാരരൂപങ്ങൾ നിർമ്മിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന പൊതു അല്ലെങ്കിൽ സ്വകാര്യസംഘങ്ങളെ കൂട്ടമായി സൂചിപ്പിക്കാൻ ബഹുജനമാധ്യമങ്ങൾ അഥവാ മാസ് മീഡിയ എന്ന പദം ഉപയോഗിക്കുന്നു. 20-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ സാങ്കേതികവിദ്യകളിൽ മാത്രം പരിമിതപ്പെടുത്തിയിരുന്ന ബഹുജന മാധ്യമസ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് സഹായത്തോടെ ബദൽ പ്ലാറ്റ്ഫോമുകൾ ഒരുക്കാൻ ചെറുകിടസ്ഥാപനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വെബ്ബിലോ വെബ്ബ് അധിഷ്ഠിത ആപ്ലിക്കേഷനുകളിലൂടെയോ പ്രസിദ്ധീകരിക്കാൻ തുടങ്ങി.

ബഹുജനമാധ്യമങ്ങളുടെ ഗണത്തിൽ രാജ്യവ്യാപകമായി പ്രേക്ഷകർക്കായി വാർത്തകളും വാർത്താവ്യാഖ്യാനങ്ങളും പ്രസിദ്ധീകരിക്കുകയോ പ്രക്ഷേപണം ചെയ്യുകയോ ചെയ്യുന്ന സ്വകാര്യ കോർപ്പറേഷനുകളുടെ ഗ്രൂപ്പുകളും സജീവമായിരുന്നു. പ്രധാനപ്പെട്ട രാഷ്ട്രീയ, സാമ്പത്തിക, സാമൂഹികവിഷയങ്ങൾ റിപ്പോർട്ട്

ചെയ്യുമ്പോൾ വാർത്തകൾ വളച്ചൊടിക്കുന്നതിന്റെ പേരിൽ ബഹുജനമാധ്യമങ്ങൾ കൂട്ടായും വ്യക്തിഗതമായും പലതവണ വിമർശിക്കപ്പെട്ടിട്ടുണ്ട്.

## അച്ചടിമാധ്യമത്തിന്റെ സവിശേഷതകൾ

ആശയവിനിമയത്തിനുള്ള മുഖ്യോപാധികളിൽ ഒന്നാണ് അച്ചടി. കടലാസിന്റെ കണ്ടുപിടിത്തത്തോടെ അച്ചടി മാധ്യമങ്ങളിലേക്കും മനുഷ്യൻ പ്രവേശിച്ചു കഴിഞ്ഞു. മനുഷ്യസമൂഹത്തിന്റെ പുരോഗതിയുടെ നാനാവശങ്ങളെയും അച്ചടി ഒരുപോലെ സ്പർശിക്കുന്നു. വിദ്യാഭ്യാസം, വാർത്താവിനിമയം, പാക്കേജിങ്, തപാൽ സ്റ്റാമ്പുകൾ, മുദ്രപത്രങ്ങൾ, കടലാസ് നിർമിത നാണയങ്ങൾ, ബഹുവർണചിത്രങ്ങൾ തുടങ്ങി ആധുനിക സമൂഹത്തിനാവശ്യമായതെന്തിനും അച്ചടിയുടെ സഹായം ആവശ്യമാണ്. വിജ്ഞാനവിതരണവുമായി ബന്ധപ്പെട്ട വിവിധ ജോലികൾക്ക് പല തരത്തിലുള്ള മുദ്രണ പ്രക്രിയകൾ അവശ്യഘടകമായി മാറി. അറിവ് പകർന്നുനൽകുന്നതിനുള്ള ഉപാധിയെന്ന നിലയ്ക്ക് അച്ചടി ഉന്നതമായ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യന്റെ ബുദ്ധിപരവും ശാസ്ത്രീയവുമായ വികസനത്തിന് അച്ചടി മഹത്തായ പങ്കാണ് വഹിച്ചിട്ടുള്ളത്. മനുഷ്യരിൽ അന്തർലീനമായിക്കിടന്നിരുന്ന ആശയങ്ങളും വിജ്ഞാനങ്ങളും വെളിച്ചത്തേക്കു കൊണ്ടുവന്നത് അച്ചടി പ്രക്രിയ വഴിയാണ്. സാഹിത്യം, സംസ്കാരം, ചരിത്രം, വിജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ട് എണ്ണപ്പെടാൻ കഴിയാത്ത അത്രയും പുസ്തകങ്ങളുടെ അച്ചടി ഇതിനകം സാധ്യമാക്കിക്കഴിഞ്ഞു. ഇന്ന് ഒരു പ്രധാനവ്യവസായമായി അച്ചടിയും പ്രസാധനവും വളർന്നുകഴിഞ്ഞു. 16-ാം ശതകത്തിൽ യൂറോപ്പിൽ അച്ചടിവ്യവസായവും ആധുനിക പ്രസാധന സംവിധാനങ്ങളും വ്യാപകമായി കഴിഞ്ഞിരുന്നു. 17-ാം ശതകത്തിന്റെ ആദ്യഘട്ടത്തിൽ അച്ചടി ലോകത്തിലെ പ്രധാനവ്യവസായങ്ങളുടെ പട്ടികയിൽ സ്ഥാനം നേടി. പുസ്തകപ്രസാധനം അച്ചടിവ്യവസായത്തോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മഹത്തായ ഗ്രന്ഥങ്ങളുടെ വിലകുറഞ്ഞ പതിപ്പുകളുടെ പ്രസാധനവും ഈ വ്യവസായത്തെ വികസിപ്പിച്ചു. 19-ാം ശതകത്തിന്റെ അവസാനത്തോടുകൂടി തത്ത്വശാസ്ത്രം, മതം, വൈദ്യശാസ്ത്രം, രാഷ്ട്രതന്ത്രം, എന്നീ വിഷയങ്ങളലുള്ള ഗ്രന്ഥങ്ങളുടെ വൻതോതിലുള്ള ഉത്പാദനം കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. അമേരിക്കയിൽ വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങൾ ആവിർഭവിക്കുന്നതിനു മുമ്പുതന്നെ, സാധാരണക്കാരനുപോലും വാങ്ങി വായിക്കാവുന്നത്ര ചുരുങ്ങിയ വിലയ്ക്ക് പുസ്തകങ്ങൾ കേരളത്തിൽ പ്രസാധനം ചെയ്തു വില്പന നടത്തുകയുണ്ടായി. പത്രമാസികകൾ, പുസ്തകങ്ങൾ, പാക്കേജിങ് ഉപകരണങ്ങൾ എന്നിവയുടെ ഉത്പാദനം സാധ്യമാക്കിയതും അഭിവൃദ്ധിപ്പെടുത്തിയതും അച്ചടിയാണ്. 17-ാം ശതകത്തിലാണ് അച്ചടി വികാസത്തിന്റെ ആരംഭം. മറ്റുരംഗങ്ങളിലുണ്ടായ പുരോഗതിക്കൊത്തു നീങ്ങാൻ ഈ വ്യവസായത്തിനുകഴിഞ്ഞു എന്നതു മുദ്രണരംഗത്തെ ബഹുമുഖവികാസങ്ങൾക്ക് കാരണമാകുകയും ചെയ്തു.

ഡിജിറ്റൽ മാധ്യമങ്ങൾക്ക് ഉപരിയായി അച്ചടി മാധ്യമങ്ങൾക്ക് നിരവധി സവിശേഷതകൾ ഉണ്ട്. സാങ്കേതിക തടസ്സങ്ങൾ ഇല്ലാതെ ഗ്രന്ഥങ്ങളോ പത്രമാസികകളോ സൂക്ഷിക്കാനും തെരഞ്ഞെടുക്കാനും ലളിതമായ മാർഗങ്ങൾ സ്വീകരിക്കാം എന്നുള്ളതുകൊണ്ട് അച്ചടിച്ച ഗ്രന്ഥങ്ങൾ സവിശേഷമായ സ്ഥാനം അർഹിക്കുന്നു ആനുകാലിക പ്രസിദ്ധീകരണങ്ങൾ ദിനപ്പത്രങ്ങൾ, ലഘുലേഖകൾ തുടങ്ങിയവ വായനക്കാരിൽ വിശ്വാസ്യത വർധിപ്പിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളെ അപേക്ഷിച്ച് അച്ചടി മാധ്യമങ്ങൾക്ക് മറ്റ് ചില ഗുണങ്ങളുമുണ്ട്.

ഒരു വെബ്ബ് മാഗസിൻ വായിക്കുന്നതിനായി കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് ഊർജം ആവശ്യമാണ്, എന്നാൽ ഒരു മാഗസിനോ പുസ്തകമോ ദിനപത്രമോ വായിക്കുന്നതിന് യാതൊരു തരത്തിലുള്ള ഊർജ്ജത്തിന്റെയോ ഇന്ധനത്തിന്റെയോ ആവശ്യമില്ല എന്നുള്ളത് വലിയ ഒരു നേട്ടം തന്നെയാണ്. സാങ്കേതികതകരാറുകൾ സംഭവിച്ചുകഴിഞ്ഞാൽ ചില സമയങ്ങളിൽ ഡിജിറ്റൽ മാധ്യമങ്ങളിലെ ഡാറ്റ വീണ്ടെടുക്കുന്നതിന് തടസങ്ങൾ ഉണ്ടാവാം. എന്നാൽ അച്ചടിമാധ്യമങ്ങളിൽ ഒരു വാർത്തയോ ഒരു ലേഖനമോ വീണ്ടെടുക്കുന്നതിന് ഇത്തരം സാങ്കേതിക തടസങ്ങൾ ഇല്ല എന്നുള്ളത് പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു.

മനോഹരമായ ഫോട്ടോഗ്രാഫുകൾ ചേർത്ത് ആകർഷകമായ രീതിയിൽ ലേഔട്ട് ചെയ്ത് പ്രസിദ്ധീകരിക്കുന്ന മാഗസിനുകൾ ഉപഭോക്താക്കൾക്കിടയിൽ എല്ലായ്പ്പോഴും ജനപ്രിയമായിരിക്കും, മാത്രമല്ല അവ വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുന്നതിൽ വളരെ ഫലപ്രദവുമാണ്. കൂടാതെ, ഭൂമിശാസ്ത്രപരമായ പ്രത്യേകതയുള്ള ഒരു പ്രദേശത്ത് അവബോധം ഫലപ്രദമായി പ്രചരിപ്പിക്കുന്നതിനും പരസ്യം ചെയ്യുന്നതിനുമുള്ള എളുപ്പവും താങ്ങാനാവുന്നതുമായ ഒരിടമാണ് അച്ചടി മാധ്യമം. എളുപ്പത്തിലുള്ള ബജറ്റിംഗും മാനേജ്മെന്റ് ചെലവും അച്ചടി മാധ്യമത്തിൽ താരതമ്യേന കുറവാണ്.

## പത്രങ്ങൾ

ഏറ്റവും പഴക്കമുള്ള ബഹുജനസമ്പർക്ക മാധ്യമമാണ് വർത്തമാനപ്പത്രങ്ങൾ. ലോകത്തിലെ ആദ്യത്തെ പത്രം ചൈനയിലെ 'പീക്കിംഗ് ഗസറ്റാണ്'(Peaking Gazette) എന്ന് കരുതപ്പെടുന്നു. യൂറോപ്പിന്റെ പത്രപ്രവർത്തന ചരിത്രം ആരംഭിക്കുന്നത് പിന്നെയും കഴിഞ്ഞാണ്. 1609-ൽ പുറത്തിറങ്ങിയ ഫൈൽ എന്ന ജർമ്മൻ പത്രമാണ് ആദ്യ യൂറോപ്യൻ പത്രം. ഇന്ത്യയിലെ ആദ്യ പത്രം ജന്മം കൊണ്ട് ബംഗാളിലാണ്. 'ബംഗാൾ ഗസറ്റ് 'അഥവാ 'ദി കൽക്കട്ട' ജനറൽ അഡ്വർടൈസർ ആണ് ഇന്ത്യയിലെ പ്രഥമപത്രം. ഇംഗ്ലീഷിലായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം. 19-20 നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് മലയാള പത്രപ്രവർത്തനത്തിന് തുടക്കമായത്. ക്രിസ്തമതപ്രചരണാർത്ഥം കേരളത്തിലെത്തിയ പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനഫലമായിട്ടായിരുന്നു അത്. ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിലുള്ള ബാസൽ മിഷൻ തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ച 'രാജ്യസമാചാരമാണ്' (1847) ആദ്യ പത്രമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രതിമാസ പത്രികയായിട്ടായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം. രാജ്യസമാചാരം എന്നാൽ ദൈവ സമാചാരമാണ്. സുവിശേഷ പ്രചരണമായിരുന്നു ലക്ഷ്യം. അതേ വർഷം തന്നെ പ്രസിദ്ധീകരണമാരംഭിച്ച പത്രമാണ് 'പശ്ചിമോദയം' ഇതിൽ വൈജ്ഞാനികവിഷയങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. സാഹിത്യത്തിനു കൂടി സ്ഥലം അനുവദിച്ചു കൊണ്ട് പ്രസിദ്ധീകരണം ആരംഭിച്ച 'ജ്ഞാനനിക്ഷേപ'ത്തിനാണ് മൂന്നാം സ്ഥാനം. തുടർന്ന് കേരളത്തിലെ ആദ്യവിദ്യാലയ പ്രസിദ്ധീകരണമായ' വിദ്യാസംഗ്രഹം 'പുറത്തുവന്നു. കോട്ടയം സി.എം.എസ്. കോളേജിൽ നിന്നായിരുന്നു അതിന്റെ പ്രസിദ്ധീകരണം. ഇവയെല്ലാം ക്രിസ്തു മതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനായിരുന്നു കൂടുതൽ ശ്രദ്ധ നൽകിയിരുന്നത്. മതനിരപേക്ഷ വാർത്തകളുമായി പ്രസിദ്ധീകരിപ്പെട്ട ആദ്യ മലയാള പത്രം എന്ന ബഹുമതി കൊച്ചിയിൽ നിന്നു പുറത്തിറക്കിയ 'പശ്ചിമതാരക'യ്ക്കായിരുന്നു (1864).1881-ൽ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ ദേവ്ജി ഭീംജി പുറത്തിറക്കിയ 'കേരളമിത്രമാണ്' കേരളത്തിലെ ആദ്യവാരിക. ലക്ഷണമൊത്ത ആദ്യ വാർത്താപത്രം എന്നും ഇതിനെ വിശേഷിപ്പിച്ചു കാണാറുണ്ട്. മലബാറിൽ നിന്നിറങ്ങിയ ആദ്യ വർത്തമാനപത്രമെന്ന ബഹുമതി കേരള പത്രികയ്ക്കാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പുറപ്പെട്ട ഈ പത്രത്തിന്റെ പത്രാധിപർ ചെങ്കുളത്ത് കുഞ്ഞിരാമ മേനോനാണ്.

19-ാം നൂറ്റാണ്ടിന്റെ അദ്യദശകമാകുന്നതോടെ പത്രപ്രസിദ്ധീകരണരംഗത്ത് വലിയ ബാഹുല്യം പ്രകടമായി. 'കേരളം' (1860) 'സന്ദിഷ്ടവാദി'(1867) 'ട്രാവൻകൂർ ഹെറാൾഡ്' (1804 )'കേരളോപകാരി'1874. 'സത്യനാദ കാഹളം' (1878)'മലയാളമിത്രം' (1878) 'തിരുവിതാംകൂർ അഭിമാനി' (1878 7 'കേരള ദീപിക' 'നസ്രാണിദീപിക' (1887)' മലയാള മനോരമ' തുടങ്ങി ധാരാളം പത്രങ്ങൾ വന്നു. ഇതിൽ മലയാള മനോരമയും, സത്യനാദ കാഹളവും ദീപിക എന്ന പേരിൽ 'നസ്രാണി ദീപിക'യും ഇപ്പോഴും നിലവിലുണ്ട്. 20-ാം നൂറ്റാണ്ട് മലയാള പത്രപ്രവർത്തന ചരിത്രത്തിന്റെ നവോദയം കൂടിയായിരുന്നു. പ്രതിബദ്ധതയും ദിശാബോധവും ആ കാലഘട്ടത്തിലെ പത്രങ്ങളുടെ മുഖമുദ്രകളായിരുന്നു. സ്വാതന്ത്ര്യം, ദേശീയോദ്ഗ്രഥനം, സമൂഹ നിർമ്മാണം, സാമുദായികപരിഷ്കരണം, ശാസ്ത്ര ബോധവൽക്കരണംഎന്നിവ അവയുടെ ലക്ഷ്യങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ പരാമർശിക്കേണ്ട ആദ്യപത്രം കെ രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലിറങ്ങിയ 'സ്വദേശാഭിമാനി'യാണ് (1905) ഭരണവർഗത്തിനെതിരെ തൂലിക പടവാളാക്കിയ ദേശാഭിമാനിയായിരുന്നു സ്വദേശാഭിമാനി രാമ

കൃഷ്ണപിള്ള അതിന്റെ പേരിൽ അദ്ദേഹം നാടു കടത്തപ്പെട്ടു. ആദ്യമായി പ്രതിദിനക്കുറിപ്പുകൾ ഇറക്കിയ പത്രം എന്ന നിലയിലും സ്വദേശാഭിമാനിയ്ക്ക് ചരിത്ര പ്രാധാന്യം ഉണ്ട്.

സാമുദായിക പരിഷ്ക്കരണത്തെ ലക്ഷ്യമാക്കി പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങളിൽ പ്രധാനപ്പെട്ടതാണ് തിരുവനന്തപുരത്തു നിന്നും ഇറങ്ങിയ 'വിവേകോദയം'(1904). എസ്.എൻ.ഡി.പിയുടെ മുഖപത്രമായിരുന്നു 'വിവേകോദയം' കുമാരനാശാന്റെ മേൽനോട്ടത്തിലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. എം ഗോവിന്ദനായിരുന്നു ആദ്യ പത്രാധിപർ. തുടർന്ന് മലബാറിൽ നിന്നും പുറത്തിറങ്ങിയ 'മിതവാദി'(1907). മൂർക്കോത്തു കുമാരനായിരുന്നു പത്രാധിപർ. ഇന്നും കേരളത്തിലെ മുഖ്യധാരാ പത്രങ്ങളിലൊന്നായ 'കേരള കൗമുദി'യുടെ ആരംഭം (1911)ലാണ്. പ്രസിദ്ധ സാഹിത്യകാരനായിരുന്ന സി.വി കുഞ്ഞിരാമനായിരുന്നു സ്ഥാപകൻ. സാമൂഹികപരിഷ്ക്കർത്താവ് എന്ന നിലയിൽ പ്രസിദ്ധനായ സഹോദരൻ അയ്യപ്പന്റെ 'സഹോദരൻ' (1917) ആണ് ചരിത്രപ്രാധാന്യമുള്ള മറ്റൊരു പത്രം. സാമുദായികസമത്വം, സോഷ്യലിസം, മിശ്രവിവാഹം, യുക്തിവാദം എന്നീ വിഷയങ്ങൾ അതിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. 'തൊഴിലാളികൾക്കു വേണ്ടി സംസാരിക്കുന്ന വേലക്കാരനും' 'സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ച 'സ്ത്രീയും' അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളാണ്. കേരളത്തിലെ സ്വാതന്ത്ര്യ സമര നേതാക്കളിൽ പ്രമുഖരായിരുന്നു കെ.പി. കേശവമേനോനും മുഹമ്മദ് അബ്ദുൾ റഹ്മാനും. ദേശീയ ബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇവരുടെ നേതൃത്വത്തിൽ പുറത്തു വന്ന പത്രങ്ങളാണ് 'മാതൃഭൂമിയും' (1923) 'അൽ അമീനും' (1924) രണ്ടിന്റെയും ആസ്ഥാനം കോഴിക്കോടായിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ 'ചന്ദ്രിക'(1934) എന്ന പത്രം തലശ്ശേരിയിൽ നിന്നും പുറത്തിറങ്ങി. സീതിസാഹിബായിരുന്നു പത്രാധിപർ. ഈ പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ മാസികകളും ദ്വൈമാസികകളും വാരികകളുമൊക്കെയായിരുന്നു. ഇവയിൽ ചിലതെല്ലാം ദിനപ്പത്രങ്ങളായി മാറുകയും ചെയ്തു.

## ദിനപ്പത്രങ്ങൾ

1923 – ൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട 'പ്രതിദിന'മാണ് ആദ്യ മലയാള ദിനപ്പത്രം. അതിനുമുമ്പ് 'ദേശാഭിമാനി'(ചാല 'ലഹളയോടനുബന്ധിച്ച് ഒരു മാസക്കാലവും )' മലയാളി '(ജോർജ് അഞ്ചാമൻ ചക്രവർത്തിയുടെ സ്ഥാനാരോഹണം പ്രമാണിച്ച് ഒരു മാസക്കാലം)ഹ്രസ്വകാലത്തേക്ക് പ്രതിദിനപ്പതിപ്പുകൾ ഇറക്കിയിരുന്നു. 1926 – ൽ ബാരിസ്റ്റർ ജി.കെ. പിള്ള തിരുവനന്തപുരത്തു നിന്നിറക്കിയ 'സ്വരാജ്' ആയിരുന്നു മറ്റൊരു ദിനപ്പത്രം. ഇതിന്റെ തുടർച്ചയായി നേരത്തെ തന്നെ പ്രചാരത്തിലുണ്ടായിരുന്ന 'നസ്രാണി ദീപിക' (1927) ദിനപ്പത്രമായി മാറി. ഇതിൽ ദീപികയൊഴിച്ച് മറ്റെല്ലാ പത്രങ്ങളും മൺമറഞ്ഞു കഴിഞ്ഞു. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പത്രം മലയാള മനോരമയും മാതൃഭൂമിയുമാണ്. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ കോഴിക്കോട്ടു നിന്നാരംഭിച്ച മാതൃഭൂമി ദിനപ്പത്രമായത് 1930 – ലാണ്.കെ. കേളപ്പനായിരുന്നു ആദ്യ പത്രാധിപർ. നിധീരിക്കൽ മാണികത്തനാരുടെ പത്രാധിപത്യത്തിൽ 1884-ൽ ആരംഭിച്ച നസ്രാണി ദീപിക 1927-ൽ ദിനപ്പത്രരൂപത്തിലേക്ക് മാറിയെങ്കിലും 1939 മുതലാണ് ദീപിക എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ഇന്ന് നിലവിലുള്ള മലയാള പത്രങ്ങളിൽ ഏറ്റവും പഴക്കമുള്ള പത്രം ദീപികയാണ്.

പ്രചാരത്തിൽ മൂന്നാമതെത്തി നില്ക്കുന്ന മലയാള പത്രമാണ് 'ദേശാഭിമാനി'. 1942- ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച ദേശാഭിമാനി മാർക്സിസ്റ്റ് പാർട്ടിയുടെ(സി.പി.എം) മുഖപത്രമാണ്. 'ജനയുഗം 'സി. പി. ഐ യുടെയും'വീക്ഷണം'കോൺഗ്രസ് പാർട്ടിയുടെയും മുഖപത്രമാണ്. 1977-ൽ മാതൃക പ്രചരണാലയത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച പത്രമാണ് 'ജന്മഭൂമി' പ്രൊഫ.എം.പി.മന്മഥനായിരുന്നു ആദ്യ പത്രാധിപർ. കേരളത്തിൽ ഇന്ന് പ്രചാരത്തിലുള്ള പത്രങ്ങളിൽ പ്രമുഖമായ ഒന്നായിരുന്നു 'കേരള കൗമുദി', 1940-ൽ ആണ് ദിനപത്രമായത്. കെ സുകുമാരനായിരുന്നു പത്രാധിപർ.

പ്രചാരത്തിലുള്ള മറ്റുപത്രങ്ങൾ മാധ്യമവും (1987) മംഗളവും (1989) ആണ്. 'ദി ഇൻഡ്യൻ എക്സ്പ്രസും ഹിന്ദുവും' ആണ് 'മലയാളിയുടെ ഗൃഹങ്ങളിൽ പതിവായെത്തുന്ന ഇംഗ്ലീഷ് പത്രങ്ങൾ. ഇവയ്ക്കു പുറമേ കൊച്ചു കൊച്ചു സായാഹ്ന പത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്.

## ആനുകാലികങ്ങൾ

മലയാള പത്രപ്രവർത്തന ചരിത്രം ആരംഭിക്കുന്നത് ആനുകാലികങ്ങളിലാണ്. പത്രങ്ങൾ എന്ന പേരിൽ പരാമർശിക്കപ്പെടുന്നവയെല്ലാം രൂപത്തിൽ മാസികകളോ വാരികകളോ ഒക്കെ ആയിരുന്നു. ആ അർഥത്തിൽ ആദ്യകാല പത്രങ്ങളെല്ലാം തന്നെ ആനുകാലികങ്ങളാണ്. മാധ്യമരംഗത്ത് പൊതുവേ പത്രങ്ങൾ എന്നു പറഞ്ഞാൽ വാർത്തകളെത്തിക്കുന്ന ദിനപ്പത്രങ്ങളും ആനുകാലികങ്ങൾ എന്നാൽ പ്രത്യേക വിഷയം കൈകാര്യം ചെയ്യുന്ന വാരികളും മാസികകളും ഒക്കെയാണ്. മലയാളത്തിലെ ആദ്യകാല ആനുകാലികങ്ങൾ കൂടുതലും സാഹിത്യമാസികകളാണ്. രാഷ്ട്രീയം, കല, സംസ്കാരം എന്നിവയും ഇവയ്ക്ക് വിഷയങ്ങളായിരുന്നു.

## സാഹിത്യമാസികകൾ

മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പ്രത്യേകിച്ച് മലയാള ഗദ്യത്തിന്റെ രൂപീകരണത്തിനും ഗണ്യമായ സംഭാവന നൽകാൻ സാഹിത്യമാസികകൾക്ക് കഴിഞ്ഞിട്ടുണ്ട്. 1881-ൽ പ്രസിദ്ധീകരണമാരംഭിച്ച'വിദ്യാവിലാസിനി'യാണ് ആദ്യത്തെ സാഹിത്യമാസികയായി അറിയപ്പെടുന്നത്. വിശാഖം തിരുനാൾ മഹാരാജാവായിരുന്നു പത്രാധിപർ. മലയാള നാടക സാഹിത്യത്തിന് തുടക്കം കുറിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ശാകുന്തളം തർജ്ജമ വെളിച്ചം കണ്ടത് 'വിദ്യാവിലാസിനി'യിലൂടെയാണ്. പിന്നീട് സി.പി.അച്യുതമേനോന്റെ 'വിദ്യാവിനോദിനി' (1899), കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ'ഭാഷാപോഷിണി'(1892)രാമർമ്മ അപ്പൻ തമ്പുരാന്റെ നേതൃത്വത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പത്രാധിപരായിരുന്ന 'രസികരഞ്ജിനി'(1902),കുമാരനാശാന്റെ 'വിവേകോദയം, പന്തളം കേരള വർമ്മയുടെ 'കവനകൗമുദി, (ഉള്ളടക്കം മുഴുവൻ പദ്യ രൂപത്തിലായിരുന്നു എന്നത് കവനകൗമുദിയുടെ പ്രത്യേകതയാണ്). യോഗക്ഷേമസഭയുടെ മംഗളോദയം തുടങ്ങി ധാരാളം ആനുകാലികങ്ങൾ ഉണ്ടായിരുന്നു. മലയാളി (1880) മിതവാദി (1907) ഉണ്ണിനമ്പൂതിരി (1920) എന്നിവയും പരാമർശം അർഹിക്കുന്നു. മലയാള സാഹിത്യത്തിലെ പ്രമുഖരുടെയെല്ലാം വിഹാരരംഗമായിരുന്നു ഈ മാസികകൾ. മലയാളത്തിലെ ആദ്യകാലസാഹിത്യകൃതികളിൽ മിക്കതും പുറംലോകം കണ്ടത് ഈ മാസികകളിലൂടെയാണ്. 'കേരളീയ സുഗുണബോധിനി'യും 'ശാരദയും'ആദ്യകാലവനിതാ മാസികകളാണ്.

മലയാള സാഹിത്യത്തിന്റെ ദിശ നിർണയിച്ച ആനുകാലികങ്ങളാണ് കേസരി ബാലകൃഷ്ണ പിള്ളയുടെ 'കേസരി', കെ.ബാലകൃഷ്ണന്റെ 'കൗമുദി' എസ്.കെ.നായരുടെ 'മലയാളനാട്'എന്നിവ. ഇവയിൽ ഭാഷാപോഷിണിയൊഴിച്ച് ബാക്കിയൊന്നും ഇന്ന് പ്രചാരത്തിലില്ല. കേരളത്തിൽ ഇന്ന് നിലവിലുള്ള സാഹിത്യമാസികകളിൽ പ്രധാനമാണ് ഭാഷാപോഷിണി, മാതൃഭൂമി, കലാകൗമുദി, സമകാലിക മലയാളം, മാധ്യമം, ദേശാഭിമാനി തുടങ്ങിയവ. സാഹിത്യത്തിനു പുറമേ സാംസ്കാരിക വിഷയങ്ങളും കൈകാര്യം ചെയ്തിരുന്നു. കൂടാതെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ 'ഗ്രന്ഥാലോകം', കേരള സാഹിത്യ അക്കാദമിയുടെ 'സാഹിത്യലോകം,' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'വിജ്ഞാന കൈരളി', സംഗീത നാടക അക്കാദമിയുടെ 'കേളി 'തുടങ്ങിയ മുഖപത്രങ്ങളും മലയാള സാഹിത്യ രംഗത്തെ പരിപോഷിപ്പിച്ചു. ഇതു കൂടാതെ തന്നെ മലയാളത്തിലെ പ്രമുഖ ദിനപ്പത്രങ്ങൾക്കെല്ലാം സമാന്തര പ്രസിദ്ധീകരണങ്ങൾ ഉണ്ട്. സിനിമ, സ്പോർട്സ്, ആരോഗ്യം, മനഃശാസ്ത്രം, തൊഴിൽ, വീട്, വാഹനങ്ങൾ, യാത്ര തുടങ്ങി ജനജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സമസ്ത മേഖലകളും ആനുകാലികങ്ങൾക്ക് വിഷയമാകാറുണ്ട്.

## പ്രക്ഷേപണം

ലോകത്തിലെ ആശയവിനിമയ സംവിധാനങ്ങളിൽ വന്ന മാറ്റങ്ങൾ വേഗത്തിലായിരുന്നു. ആശയവിനിമയ സങ്കേതങ്ങൾ നമ്മുടെ സമൂഹത്തിന്റെ പ്രേരകശക്തിയായി മാറിയത് മാന

വരാശിയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടി. നിലനിൽപ്പിനുവേണ്ടിയുള്ള സാധാരണക്കാരുടെ പ്രവർത്തനമേഖല മുതൽ സർഗാത്മകതയുടെ വൈവിധ്യങ്ങളിലേക്കും അത് കടന്നുചെന്നു.

മനുഷ്യന് ആശയവിനിമയമേഖലയിൽ പുതിയ പാതകൾ വെട്ടിത്തെളിക്കാൻ കഴിഞ്ഞത് പതിനെട്ടാംനൂറ്റാണ്ട് മുതൽക്കാണ്. ക്ലോദ് ചാപ്പെ ടെലിഗ്രാഫ് കണ്ടുപിടിച്ചതോടെ കമ്പിത്തപാൽ എന്ന് നാം വിളിച്ചിരുന്ന ടെലിഗ്രാം സംവിധാനം ആശയവിനിമയമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു. അച്ചടിമാധ്യമങ്ങളോടൊപ്പംതന്നെ ടെലിഗ്രാമും വ്യാപകമാകാൻ തുടങ്ങി. സാമൂഹ്യ വികസനത്തിന് ആശയവിനിമയത്തിന്റെ എല്ലാ മേഖലകളും മനുഷ്യൻ ക്രിയാത്മകമായി പ്രയോജനപ്പെടുത്തി. മാധ്യമവിദഗ്ധനും ചിന്തകനുമായ മാർഷൽ മക്ലൂഹൻ ആശയവിനിമയത്തിൽ ബഹുജനമാധ്യമങ്ങൾക്കുള്ള സ്വാധീനത്തെക്കുറിച്ച് ഗഹനമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആധുനികമാധ്യമങ്ങൾ വികസനത്തിൽ നടത്തിയ ഇടപെടലുകൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ ചരിത്രവും വളർച്ചയും ഭാവിപുരോഗതിയും ആഴത്തിൽ പഠിച്ചാൽ ഇരുപതാംനൂറ്റാണ്ടിൽ ആരംഭിച്ച ഇലക്ട്രോണിക് യുഗം കമ്മ്യൂണിക്കേഷൻ യുഗത്തിന് വഴിമാറിക്കൊടുത്ത കഥ നമുക്ക് വേർതിരിച്ചെടുക്കാൻ കഴിയും.

1840- ൽ സർ ചാൾസ് വിറ്റ്സ്റ്റണും സാമുവൽ മോർസും ചേർന്ന് ടെലിഗ്രാഫി സങ്കേതം കണ്ടുപിടിച്ചതോടെയാണ് ആശയവിനിമയ രംഗത്തെ കുതിച്ചുചാട്ടത്തിന് നാന്ദി കുറിച്ചത്. ലോകത്തിലെ ആദ്യത്തെ പബ്ലിക് ടെലിഗ്രാം സന്ദേശം അയയ്ക്കുന്നത് 1844- ലാണ്. 1876-ലെ ഗ്രഹംബെല്ലിന്റെ ടെലിഫോണിന്റെ കണ്ടുപിടിത്തത്തോടെ പ്രധാനപ്പെട്ട ആശയവിനിമയമേഖലയായ റേഡിയോ കണ്ടുപിടിത്തത്തിന് വഴി തെളിഞ്ഞു. 1895-ൽ ഗൂഗ്ളി മാർക്കോണി വയർലെസ് വഴി സന്ദേശങ്ങൾ കൈമാറാമെന്ന് കണ്ടെത്തിയെങ്കിലും റേഡിയോയിലൂടെ മനുഷ്യശബ്ദം ആദ്യമായി പ്രക്ഷേപണം ചെയ്തത് ഡോ. ലിഡി ഫോറസ്റ്റ് ആയിരുന്നു.

അമേരിക്കയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് വാർത്തകൾ ശബ്ദതരംഗങ്ങളിലൂടെ പ്രക്ഷേപണം ചെയ്തതാണ് ലിഡി ഫോറസ്റ്റിന്റെ പ്രക്ഷേപണചരിത്രത്തിലെ ആദ്യസംഭവം. 1916-ൽ ആദ്യത്തെ റേഡിയോ പ്രക്ഷേപണം നടന്നു. സ്വകാര്യനിലയിലാണ് ആദ്യപ്രക്രിയയെങ്കിലും സർക്കാർ പിന്തുണ നൽകിയില്ല. രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതോടെ കമ്മ്യൂണിക്കേഷൻ തന്ത്രങ്ങൾ യുദ്ധസംബന്ധമായ പ്രവർത്തനങ്ങളിൽമാത്രം ഒതുങ്ങിയാൽ മതിയെന്ന് ഭരണകൂടം തീരുമാനിച്ചു. ഇത് കാരണം റേഡിയോയുടെ വളർച്ച മുരടിക്കുകയായിരുന്നു. റേഡിയോയുടെ ആവിർഭാവം പത്രങ്ങൾക്ക് ഭീഷണിയാകുമെന്ന് പത്രമുടമകൾ ഭയന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലത്ത് സോഷ്യലിസ്റ്റ് രാഷ്ട്രീയ സാമ്പത്തികവ്യവസ്ഥിതി നടപ്പാക്കിയ രാജ്യങ്ങളിൽ പത്രങ്ങളുടെ ഉടമസ്ഥതയിലും ഉദ്ദേശ്യലക്ഷ്യങ്ങളിലും വലിയ മാറ്റങ്ങൾ ദൃശ്യമായിത്തുടങ്ങി. പത്രങ്ങൾ സാമൂഹ്യവീക്ഷണത്തോടെ റിപ്പോർട്ടിംഗ് ആരംഭിച്ചിരുന്നു. പക്ഷേ ഭരണകൂടത്തെ പുകഴ്ത്തേണ്ടിവന്നതിനാൽ ജനകീയപ്രശ്നങ്ങളിൽ ആർജ്ജവത്തോടെ ഇടപെടാൻ അവർക്ക് കഴിയാതെ പോയി.

അച്ചടിമാധ്യമങ്ങൾക്ക് റേഡിയോ ഭീഷണിയാകില്ല എന്ന് തിരിച്ചറിഞ്ഞതോടെ മാധ്യമഉടമകളും മാധ്യമസ്ഥാപനങ്ങളും റേഡിയോ പ്രക്ഷേപണരംഗത്തേക്ക് കടന്നുവന്നു. സ്വകാര്യറേഡിയോനിലയങ്ങൾ ജനകീയപ്രശ്നങ്ങൾ ഏറ്റെടുക്കുന്ന ശൈലിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി. എങ്കിലും വികസനപാതയിൽ ക്രമേണ റേഡിയോ പ്രവേശിച്ചുതുടങ്ങിയിരുന്നു. 1919-ൽ ഫ്രാങ്ക് കോൺറാഡിന്റെ പിറ്റ്സ്ബർഗ് നഗരത്തിൽ സംഗീതപ്രേമികളെ മുഴുവൻ ആകർഷിച്ചുകൊണ്ട് ഒരു സംഗീത പ്രക്ഷേപണം നടത്തി. ചരിത്രപ്രസിദ്ധമായ ഈ സംഭവത്തിനുശേഷം റഷ്യയിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത വയർലെസ് ഓപ്പറേറ്ററായിരുന്ന ഡേവിഡ് സാർനോഫ് റേഡിയോയെ ഒരു കരുത്തുറ്റ ബഹുജനമാധ്യമമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ശക്തമാക്കി. സർനോഫ്, റേഡിയോ കോർപ്പറേഷൻ ഓഫ് അമേരിക്ക (RCA)യുടെ തലപ്പത്ത് എത്തിയതോടെ നാഷണൽ ബ്രോഡ്കാസ്റ്റിംഗ്

കമ്പനി (NBC) തുടങ്ങി. 1920- ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ പ്രചാരണത്തിൽ സജീവമായതോടെ NBC അമേരിക്കയിൽ വൻപ്രചാരം നേടി. കൂടാതെ അമേരിക്കൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി (ABC) കൊളംബിയ ബ്രോഡ്കാസ്റ്റിംഗ് സിസ്റ്റം (CBS) തുടങ്ങിയവയും അമേരിക്കയിലെ പ്രധാന റേഡിയോ നെറ്റ്‌വർക്കുകൾ ആയിരുന്നു. 1970 വരെ തലപ്പത്ത് പ്രവർത്തിച്ചിരുന്ന സർനോഫ് മാധ്യമങ്ങളുടെ താല്പര്യം കാത്തുസൂക്ഷിച്ച വ്യക്തിയായിരുന്നു.

റേഡിയോ പ്രക്ഷേപണങ്ങളുടെ ജനകീയ സമ്പർക്കം മാത്രമല്ല റേഡിയോ നിലയത്തിന്റെ പദ്ധതി ആസൂത്രണ മേഖലയിലും അതിന്റെ സുതാര്യമായ നടത്തിപ്പിലും ജനങ്ങൾക്കുണ്ടായിരുന്ന പങ്ക് യു എസിൽ ആരംഭകാലംമുതൽ തന്നെ നടപ്പിലാക്കാനായി എന്നത് അമേരിക്കൻ മാധ്യമരംഗത്തിന്റെ ജനാധിപത്യ സ്വഭാവത്തിന് മികച്ച ഉദാഹരണമാണ്. റേഡിയോപ്രക്ഷേപണം തുടങ്ങി 50 വർഷം പിന്നിട്ടപ്പോൾ അമേരിക്കയിൽ കണക്കുകൾ സൂചിപ്പിക്കുന്നത് അനുസരിച്ച് 8400 റേഡിയോനിലയങ്ങൾ പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിൽ അമേരിക്കയിൽ ഒരു വീട്ടിൽ മൂന്ന് റേഡിയോ സെറ്റുകൾ വീതം ഉണ്ടായിരുന്നു എന്നാണ് ലേഖകൻ കുറിക്കുന്നത്. റേഡിയോപ്രക്ഷേപണം പിറവിയെടുത്തതോടെ അമേരിക്കയിൽ 1920കളിൽ 30 ലക്ഷം റേഡിയോ സെറ്റുകൾ ജനങ്ങൾ സ്വന്തമാക്കി. 50 വർഷം പിന്നിട്ടപ്പോൾ അത് 43 കോടി ആയത്രേ. ഇവിടെ ഒരാൾക്ക് മൂന്ന് സെറ്റുകൾ ആകുമ്പോൾ തെക്കേ അമേരിക്കയിൽ റേഡിയോ സെറ്റുകളുടെ വ്യാപകമായ ഉപയോഗം ജനങ്ങളിലേക്കെത്തി. 1980-കളിൽ ആഫ്രിക്കയിൽ മൊത്തം ആറ് കോടി റേഡിയോ സെറ്റുകൾ ഉണ്ടായിരുന്നു. അയൽരാജ്യങ്ങളായ ഓസ്ട്രേലിയ, ന്യൂസിലൻഡ്, ടാസ്മേനിയ തുടങ്ങിയ രാജ്യങ്ങളെല്ലാം ചേർന്ന് മൂന്നുകോടി റേഡിയോ സെറ്റുകൾ ഉണ്ടായിരുന്നു. 1980-ൽ ലോകത്താകമാനം 140 കോടിയിലധികം റേഡിയോകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു.

ഭൗതികവും സാംസ്കാരികവുമായി വിഭിന്ന സാഹചര്യങ്ങളിൽ കഴിയുന്ന ജനസമൂഹത്തിൽ സാമൂഹ്യബോധം ഉണ്ടാക്കുന്നതിൽ ഇലക്ട്രോണിക് മാധ്യമമായ റേഡിയോ പ്രധാനപങ്കുവഹിച്ചു. റേഡിയോപ്രക്ഷേപണരംഗം വളർന്ന് വികസിച്ച് ശ്രേഷ്ഠമാധ്യമമായി സമൂഹത്തിൽ വിജ്ഞാനം പകരുന്നതിന് എന്നും മുന്നിൽ ത്തന്നെ ഉണ്ടായിരുന്നു. റേഡിയോ പ്രക്ഷേപണമേഖലയെ സംബന്ധിച്ച് 1970-കളുടെ ഒടുവിൽ അതിന്റെ വളർച്ചയുടെ പാരമ്പര്യത്തിൽ എത്തുകയായിരുന്നു. പുതിയ മേഖലകളിലേക്ക് പ്രക്ഷേപണരംഗം കടന്നു. വൈവിധ്യമാർന്ന സാംസ്കാരികധാരകളെ പരിപോഷിപ്പിക്കുകയും ഊട്ടിയുറപ്പിക്കാനുള്ള ദൗത്യം റേഡിയോ ഏറ്റെടുക്കുകയും ചെയ്തു. പ്രക്ഷേപണരംഗത്ത് പുതുമകളെ സ്വീകരിച്ചത് കൂടുതൽ ജനകീയമാക്കി. ലോകവ്യവഹാരങ്ങളെക്കുറിച്ച് വിശദമായ വാർത്തകൾ നാം റേഡിയോയിലൂടെ ശ്രവിച്ചു. എല്ലാ പ്രദേശങ്ങളിലുമുള്ള സംഗീതവും നാട്ടറിവും കലാപരമായ തനിമയും നാടൻ കലാസമ്പത്തും എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളും നാം റേഡിയോയിലൂടെ കേട്ടു. നമ്മുടെ രാജ്യത്ത് നിന്ന് പ്രക്ഷേപണം ചെയ്യുന്ന വിദേശസർവീസിലും വിദേശ ഇന്ത്യക്കാർക്കും വിദേശികൾക്കും വേണ്ടിയുള്ള 24 മണിക്കൂർ നീളുന്ന പരിപാടികളും ഇന്ന് റേഡിയോ പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഇന്ത്യയിൽ ഇന്നുവരെ 302 റേഡിയോ നിലയങ്ങളാണ് പ്രവർത്തനക്ഷമമായത്. 97.3% ജനങ്ങളും ഇന്ന് ഈ പ്രക്ഷേപണശൃംഖല പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## സംപ്രേഷണം

ലോക ജനതയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന വിനിമയോപാധിയായി മാറിയിരിക്കുന്ന ദൃശ്യമാധ്യമമാണ് ടെലിവിഷൻ. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ടെലിവിഷന്റെ ചരിത്രത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയാണ് ബൈജു ചന്ദ്രൻ ഈ ലേഖനത്തിലൂടെ.

ഒരു വീടിന്റെ സ്വീകരണമുറി. അവിടെ ഫയർപ്ളെയ്സിന്റെ അരികിലിരുന്ന് തീ കായുന്ന ദമ്പതികൾ വലിയൊരു സ്ക്രീനിൽ ടെന്നീസ് മത്സരം കണ്ടുകൊണ്ടിരിക്കുന്നു. കളിക്കാരോട് സംസാരിക്കുന്നുമുണ്ട്. 'പഞ്ച്' എന്ന വിഖ്യാതമായ കാർട്ടൂൺ മാസികയിൽ വന്ന കാർട്ടൂണാണ്.

വരച്ചത് ജോർജ് ദുമോറിയോ. (ബൈജു ചന്ദ്രന്റെ തന്നെ 'അശ്രാന്തപരിശ്രമത്തിന്റെ ഫലശ്രുത'യിൽ നിന്നും )

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ കുഞ്ഞ് ദൃശ്യപ്പെട്ടി ആസ്വദിക്കുന്ന മനുഷ്യനെ ഭാവനാസമ്പന്നരായ പ്രതിഭകൾ ദീർഘവീക്ഷണത്തോടെ കണ്ടിരിക്കുന്നു. ശാസ്ത്രസാങ്കേതികരംഗത്ത് വന്നുകൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾക്ക് കലാകാരന്മാരുടെ ഭാവനയിലൂടെ പൂർവകാലസൂചനകൾ ലഭിച്ചിരുന്നു എന്നത് തിരിച്ചറിയുമ്പോൾ മനുഷ്യവംശത്തിനാകെ അഭിമാനിക്കാവുന്ന സംഗതിയായി മാറുകയാണ്.

ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകനെന്ന് അറിയപ്പെടുന്ന ചിന്തകനാണ് മാർഷൽ മക്ലൂഹാൻ. ആർക്കും സംശയമുണ്ടാകാത്ത തരത്തിൽ ബുദ്ധിയെ നിയന്ത്രിച്ചുകൊണ്ട് പ്രത്യേക തരത്തിലുള്ള ചിന്തകളും ധാരണാശേഷിയും അടിച്ചേൽപ്പിക്കുന്നതിലൂടെ ഓരോ പുതിയ മാധ്യമവും മനുഷ്യന്റെ മാനസിക പരിസ്ഥിതിയെ മാറ്റിമറിക്കുകയാണ് എന്ന് മാധ്യമപഠനങ്ങളിൽ നിരവധി ആശയങ്ങൾ സംഭാവന ചെയ്ത മാർഷൽ മക്ലൂഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അച്ചടി മാധ്യമങ്ങളായിരുന്നു തലമുറകളോളം നമ്മുടെ സാംസ്കാരികവിനിമയോപാധിയായിരുന്നത്. പടിപടിയായാണ് അത് അറിവും ആശയങ്ങളും ഒരു നേർരേഖയിലെന്നപോലെ കൈമാറിയത്. മാധ്യമത്തിലൂടെ പകർന്നു നൽകുന്ന സന്ദേശത്തേക്കാൾ മാധ്യമം തന്നെയാണ് പ്രധാനം. അല്ലെങ്കിൽ മാധ്യമം തന്നെയാണ് സന്ദേശം എന്ന് മക്ലൂഹാൻ വെളിപ്പെടുത്തി. ലോകത്തിന്റെ അവസ്ഥയെ മാറ്റിമറിച്ചുകൊണ്ടുള്ള 'മസ്തിഷ്കപ്രക്ഷാളന'മാണ് മാധ്യമങ്ങൾ ഇതുവരെ ചെയ്തുകൊണ്ടിരുന്നത് എന്നും അദ്ദേഹം കണ്ടെത്തി.

'ഹോട്ട് ആൻഡ് കൂൾ മീഡിയ' എന്ന ആശയം മക്ലൂഹാൻ മുന്നോട്ടുവെച്ച സിദ്ധാന്തമാണ്. ഇതിന് വശംവദരാകുന്ന ആർട്ടിസ്റ്റുകൾ പ്രേക്ഷകൻ തന്റെ പക്ഷത്തു നിന്നുകൂടി അറിവ് നൽകുന്നതോടെ കൂടുതൽ ഇഴുകിച്ചേരൽ സംഭവിക്കുന്നു. ഒരു സിനിമ കാണികളെ അനുഭവിപ്പിക്കുന്നതിനേക്കാൾ ആഴത്തിലുള്ള ഇഴുകിച്ചേരൽ ഇവിടെ ടെലിവിഷൻ നൽകുന്നു. അതുകൊണ്ടാണ് ഇതിനെ ഒരു 'ശൈത്യമാധ്യമം' (cool medium)' എന്ന് വിളിക്കുന്നത്. ഇതാണ് മക്ലൂഹാൻ സ്ഥാപിക്കുന്നത്. ഒരു സിനിമ കണ്ടു കൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് ഒരു ക്യാമറയുടെ സ്ഥാനമാണ് ഉള്ളതെങ്കിൽ ടിവി കാണുന്ന നേരത്ത് നിങ്ങൾ ടെലിവിഷന്റെ സ്ക്രീൻ തന്നെ ആയിത്തീരുകയാണ്. അതിൽ കാണുന്ന ദൃശ്യങ്ങളിൽ നിന്ന് പ്രൊജക്റ്റ് ചെയ്യപ്പെടുകയല്ല പകരം നിങ്ങളിലേക്ക് ചാർജ് ചെയ്യപ്പെടുകയാണ്. ചലച്ചിത്രങ്ങൾ ബഹിർമുഖത്വമുള്ള മദിരോത്സവമാകുമ്പോൾ ടെലിവിഷൻ ആഴത്തിലുള്ള അനുഭവമായിത്തീരുകയാണ് ചെയ്യാറുള്ളത്. ഈ ആഴത്തിലുള്ള ഇഴുകിച്ചേരലാണ് സാധാരണയായി പരമ്പരാഗതമൂല്യങ്ങളെക്കാൾ പ്രസക്തം എന്ന് മക്ലൂഹാൻ വാദിക്കുന്നു. ഈ പ്രവചനം കഴിഞ്ഞ് മുപ്പതാണ്ട് കൂടി പിന്നിടുമ്പോൾ ഇത് യാഥാർഥ്യമാകുന്ന കാഴ്ചയാണ് നാമെല്ലാം കണ്ടത്.

സമൂഹമാധ്യമങ്ങൾ ഏറെ സ്വാധീനിക്കുന്നുണ്ടെങ്കിലും നാം ആവശ്യപ്പെടുന്ന വാർത്തകൾ നമ്മുടെ അഭിരുചികളിൽ ഉള്ള മാറ്റങ്ങൾ ഇതെല്ലാം പരിഗണിക്കുമ്പോൾ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളെ അപേക്ഷിച്ച് അത് സമയം കൂടുതൽ നഷ്ടപ്പെടുത്തുന്നു എന്ന് പലരും വിലയിരുത്താറുണ്ട്. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും ജനകീയമായ ഒരു വാർത്താമാധ്യമമായി ടെലിവിഷൻ മാറിക്കഴിഞ്ഞു. ജനങ്ങളുടെ രാഷ്ട്രീയ വീക്ഷണങ്ങളെ ഏറെക്കുറെ ടെലിവിഷൻ സ്വാധീനിക്കാറുണ്ട് എന്നുള്ളത് യാഥാർഥ്യമാണ്. മാത്രമല്ല രൂപമാതൃകകളെയും വഴികാട്ടികളെയും ടെലിവിഷൻ പരിചയപ്പെടുത്തുന്നതുകൊണ്ട് നമ്മുടെ സ്വഭാവരൂപീകരണത്തിലും ചെറിയൊരളവിൽ പങ്കുവഹിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല.

ഈ ദൃശ്യോപകരണത്തെ വിഡ്ഢിപ്പെട്ടി എന്ന് നാം പരിഹാസപൂർവം വിളിക്കുന്നുണ്ട്. അർഥശൂന്യങ്ങളായ നിരവധി നേരമ്പോക്കുകൾ പടച്ചുവിടാറുണ്ടെങ്കിലും ബുദ്ധിജീവികൾ ഉൾപ്പെടെയുള്ള സമൂഹത്തിനും ഒഴിവാക്കാനാവാത്ത അവസ്ഥയിലേക്ക് ടെലിവിഷൻ മാറിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല പരമ്പരകളിലെ വൈകാരികരംഗങ്ങളിൽ അഭയം പ്രാപിക്കുന്ന

വീട്ടമ്മമാരും മറ്റു പ്രായം ചെന്ന സ്ത്രീകളും അതിലെ കഥാപാത്രങ്ങളിൽ അലിഞ്ഞു ചേർന്നിരിക്കുകയാണ്. മറ്റൊരു വിഭാഗം നിരന്തരമായി സംപ്രേഷണം ചെയ്യുന്ന വാർത്തകളിലാണ് അഭയം പ്രാപിക്കുന്നത്. വിവിധ ചാനലുകളിൽ ഒരേ വാർത്തതന്നെ പല തരത്തിലുള്ള ഉള്ളടക്കങ്ങളോടെ സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുകയാണ്. വാർത്തകൾ മാത്രമല്ല വാർത്താചിത്രങ്ങൾ ഉൾപ്പെടുന്ന പലതരം ഫീച്ചറുകളും ജനങ്ങൾക്കിടയിലേക്ക് ചർച്ചയ്ക്കായി തുറന്നു കൊടുക്കുന്ന ഒരു ജാലകമായി ടെലിവിഷൻ മാറുന്ന കാഴ്ചയ്ക്കും നാം സാക്ഷിയാകുന്നു.

അമേരിക്കയിൽ നടന്ന ഒരു ചിൽഡ്രൻസ് ടെലിവിഷൻ വർക്ക്ഷോപ്പിൽ കുട്ടികളെ അക്ഷരങ്ങളുടെ ലോകത്ത് എത്തിക്കാൻ ഒരു ടിവി സീരീസിന് രൂപംനൽകി. ടെലിവിഷൻ വിപണികളുടെയും കാർട്ടൂൺ ചിത്രങ്ങളുടെയും ഒക്കെ ശൈലി കടമെടുത്തു കളികളിലൂടെയും കഥകളിലൂടെയും കുഞ്ഞുങ്ങൾക്ക് വിജ്ഞാനം പകർന്നുകൊടുക്കുകയാണ് ഇന്ന്. പുറംലോകം നമ്മെ കാട്ടിത്തരുവാനായി എന്നും മുന്നിൽ നിൽക്കുന്ന മാധ്യമമാണ് ടെലിവിഷൻ. ഇന്ത്യയിലെ സാറ്റലൈറ്റ് ഇൻസ്ട്രക്ഷണൽ ടെലിവിഷൻ എക്സ്പിരിമെന്റും മറ്റൊരു നാഴികക്കല്ലായി നിലനിൽക്കുന്നു. 1975- ൽ ആറു സംസ്ഥാനങ്ങളിലായി 2400 ഗ്രാമങ്ങളിലെ നിരക്ഷരരായ ജനങ്ങൾക്ക് അക്ഷരം പരിചയപ്പെടുത്തുക എന്ന ദൗത്യം നിറവേറ്റിയത് ടെലിവിഷനാണ്.

## ടെലിവിഷന്റെ കണ്ടുപിടിത്തം

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സാഹിത്യത്തിലും ചിത്രകലയിലും എല്ലാം ഇമേജുകളുടെയും കഥയുടെയും ക്രിയാത്മകമായ സങ്കലനം യാഥാർഥ്യമായി. ഇതോടെ സാങ്കേതികരംഗത്തും വൻകുതിപ്പുണ്ടായി. ബഞ്ചമിൻ ഫ്രാങ്ക്ളിന്റെയും മൈക്കിൾ ഫാരഡെയുടെയും വൈദ്യുതി പരീക്ഷണങ്ങൾക്കൊപ്പം വോൾട്ട(volta)യുടെ ബാറ്ററി, ഓം (ohm) ആമ്പിയർ (Ampere), ഹെൻട്രി എന്നിവരുടെ സിദ്ധാന്തങ്ങൾ, മോർസിന്റെ ടെലിഗ്രാഫ്, കത്തെഴുതുന്നയാളിന്റെ കൈയക്ഷരം പുനഃസൃഷ്ടിക്കുന്ന കാസല്ലിയുടെ ഫോട്ടോ ടെലിഗ്രാമുകൾ ഗ്രഹംബെല്ലിന്റെ ടെലിഫോൺ സംസാരിക്കുന്ന യന്ത്രവും ചലച്ചിത്രവും വൈദ്യുതിവെളിച്ചവും അടക്കമുള്ള എഡിസൺ കണ്ടുപിടിത്തങ്ങൾ എല്ലാം ടെലിവിഷന്റെ സങ്കല്പങ്ങൾക്ക് അടിസ്ഥാനമിട്ടു. 1884-ൽ പ്രൊഫസർ നിപ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു. ഹെർട്സ് തരംഗങ്ങൾ കണ്ടുപിടിച്ചതും മാർക്കോണി അവയിലൂടെ സന്ദേശങ്ങൾ അയച്ചുതുടങ്ങിയതും ഡിഫോറസ്റ്റ് ഓസിലേറ്ററുകളെ വികസിപ്പിച്ചെടുത്തതും ഇക്കൂട്ടത്തിൽപ്പെടും. ടെലിവിഷൻ ഇമേജുകൾ പിടിച്ചെടുക്കാനും സംപ്രേഷണം ചെയ്യാനും ശേഷിയുള്ള ഇക്കണോസ്കോപ്പിന്റെയും കിനാസ്കോപ്പിന്റെയും വരവും ഇതിന് സഹായകരമായി.

ടെലിവിഷന്റെ സാങ്കേതികവിദ്യ മനസിലാക്കാം. ഒരു ചിത്രത്തെ വിശകലനം അഥവാ സ്കാൻ ചെയ്തു വീണ്ടും സംയോജിപ്പിക്കുമ്പോഴാണ് ടെലിവിഷൻ, കാഴ്ചയ്ക്ക് അനുഗുണമായി മാറുന്നത്. 18 ചതുരദ്വാരങ്ങൾ ഉള്ള ഒരു വൃത്താകാരത്തകിടായിരുന്നു പ്രൊഫ. നിപ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ. തകിടിന്റെ ഒരു ഭ്രമണത്തിൽ ഒരു നിശ്ചലച്ചിത്രം വീതം ക്രമവീക്ഷണം ചെയ്യപ്പെടുന്നു. തൃപ്തികരമായ ചിത്രങ്ങൾ നിർമ്മിക്കാൻ ഒരു ക്രമവീക്ഷണ സമ്പ്രദായത്തിന് ചുരുങ്ങിയത് ഒരു ലക്ഷം ദ്വാരങ്ങൾ എങ്കിലും വേണ്ടതുണ്ട്. 2 ലക്ഷം ആണെങ്കിൽ അത്രയും മെച്ചം. എന്നാൽ ഇത്രയും ദ്വാരങ്ങൾ ഒരു ചെറിയ തകിടിൽ ഉണ്ടാക്കാൻ അന്ന് വിഷമമായിരുന്നു. ഇലക്ട്രോണിക് വിശകലനോപാധികൾ വഴി ഈ സാങ്കേതികവിദ്യ സാധിക്കുകയും അതിവേഗത്തിലുള്ള വീക്ഷണചലനങ്ങൾ പ്രത്യക്ഷമാവുകയും ചെയ്തു. ലി ഡി ഫോറസ്റ്റ് 1907-ൽ ഇലക്ട്രോൺ വാൽവ് പ്രവർത്തങ്ങൾ ആവിഷ്ക്കരിച്ചതും ടെലിവിഷനിലേക്കുള്ള പാത സുഗമമാക്കി. എന്നാലും അത്യധികം വേഗത്തിലുള്ള പ്രവർത്തനം സാധ്യമായില്ല. വീണ്ടും കുറച്ചു വർഷങ്ങൾകൂടി കാത്തിരിക്കേണ്ടിവന്നു ആധുനിക ടെലിവിഷൻയുഗത്തിലേക്ക് എത്തിച്ചേരാൻ.

1923-ൽ അമേരിക്കയിൽ നിന്നുള്ള സി എഫ് ജെൻകിൻസുമായി ചേർന്ന് ഡിസ്ക് സ്കാനിങ്

സിസ്റ്റം വികസിപ്പിച്ചെടുത്തു. തുടർന്ന് ജോൺ ലോഗി ബയേർഡ് എന്ന ഇംഗ്ലീഷുകാരൻ ഒറ്റയ്ക്ക് കണ്ടുപിടിച്ച ഒരു സംവിധാനം പിന്നീട് അത് വയർലെസിന്റെ പ്രാഗ് രൂപമായി മാറി. അടുത്ത വർഷം ബയേർഡ് മറ്റ് ശാസ്ത്രജ്ഞരുടെ മുമ്പാകെ വീണ്ടും ഒരു പാവയുടെ പ്രദർശനം നടത്തി. ഒരു വെന്റി ലോക്ക്സ്റ്റിന്റെ ചലിക്കുന്ന തല. ടെലിവൈസർ എന്നാണ് ബയേർഡ് ഇതിന് പേരിട്ടത്. തുടർന്ന് 1931-ൽ നേരിട്ടുള്ള സംപ്രേഷണം ആയിരുന്നു ബയേർഡിന്റെ പുതിയ പരീക്ഷണം. അതിലും വിജയിച്ചതോടെ 1932- ൽ ബയേർഡിന്റെ സംവിധാനം ഉപയോഗിച്ച് അതിനെ ദിവസേനയുള്ള സംപ്രേഷണം ബി ബി സി ആരംഭിച്ചു. 1936-ൽ തന്റെ പഠനങ്ങളിലൂടെ ഒരു ചിത്രത്തെ 240 വരികളായി തരംതിരിച്ച് സെക്കൻഡിൽ 24 ചിത്രങ്ങൾ എന്നതോതിൽ വിശകലനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. (High definition system). മാർക്കോണി ഇ എം ഐ ടീം 405 വരികളും 25 ചിത്രങ്ങളും എന്ന സംവിധാനത്തിന് തുടക്കമിട്ടു. ഇതേക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിയോഗിച്ച ടെൻസ്ഡൺ പ്രഭു കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച് പുതിയ രണ്ട് ഹൈഡെഫിനിഷനർ സംവിധാനങ്ങളും ഇടവിട്ട് പരീക്ഷിക്കാൻ ബി ബി സി തീരുമാനിച്ചു. റേഡിയോ ഒളിമ്പിയ എന്ന വിഖ്യാതവ്യവസായവാണിജ്യമേളയിലാണ് സംപ്രേഷണമാരംഭിച്ചത്. രണ്ടാഴ്ചക്കാലം നീണ്ടുനിന്ന മറ്റ് പരിപാടികളുടെയും സംപ്രേഷണം കുറ്റമറ്റതായിരുന്നു. കൊട്ടാരത്തിൽ സ്ഥാപിച്ച ട്രാൻസ്മിറ്റർ വഴി ബി ബി സി ലണ്ടൻ നഗരങ്ങളിലാകെ സംപ്രേഷണം വ്യാപിപ്പിച്ചു.

ആദ്യമായി ടെലിവിഷൻ കണ്ടുപിടിച്ചതിന്റെ നേട്ടം ജോൺ എൽ ബയേർഡിനാണെങ്കിലും മാർക്കോണി - ഇ. എം. ഐ സംവിധാനമാണ് ഔദ്യോഗികമായി സ്വീകാര്യമായത്. എങ്കിലും ചരിത്രത്തിൽ ബയേർഡിന്റെ നാമം അർഹമായ തോതിൽത്തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. അമേരിക്കയിലെ ശാസ്ത്രജ്ഞനായ ഡോക്ടർ ഹെർബർട്ട് ഐവ്സ് തന്റെ പരീക്ഷണങ്ങളുടെ ഭാഗമായി ചലിക്കുന്ന ഒരാൾരൂപം വാഷിംഗ്ടണിലെ ഓഫീസ് റൂമിൽനിന്ന് ലൈവ് ആയി ന്യൂയോർക്കിലെ പ്രേക്ഷകർക്ക് പ്രദർശിപ്പിച്ചു.

ടെലിവിഷനിലൂടെ പ്രത്യക്ഷമായ ഫെലിക്സ് ക്യാറ്റ് എന്ന പാവയായിരുന്നു ആദ്യതാരം. ഓട്ടോ മീസ്മറിന്റെ കാർട്ടൂൺ കഥാപാത്രത്തിന്റെ ഒരു ചെറിയ പാവരൂപമുണ്ടാക്കി കറങ്ങിക്കൊണ്ടിരിക്കുന്ന ഫോണോഗ്രാഫിക് മേശയുടെ മുകളിൽ പ്രതിഷ്ഠിച്ചു. ശക്തമായ പ്രകാശത്തിന് കീഴിൽ ഏതാണ്ടൊരു 10 വർഷത്തോളം പാവ കറങ്ങിക്കൊണ്ടിരുന്നു. ചിത്രത്തിന്റെ സാങ്കേതികമായ നിലവാരം കുറ്റമറ്റതാക്കാനായി സാങ്കേതിക വിദഗ്ധർ നിരന്തരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരുന്നു. ശക്തമായ പ്രകാശവർഷത്തിന് കീഴിൽ പാവ പിടിച്ചുനിന്നെങ്കിലും മറ്റുള്ളവർക്ക് ആ കൊടുംചൂടിൽനിന്ന് രക്ഷനേടാനായി കട്ടി കൂടിയ ഹെൽമറ്റുകൾ ധരിക്കേണ്ടി വന്നു.

എംപയർ സ്റ്റേറ്റ് ബിൽഡിങ്ങിന് മുകളിൽ 1936-ൽ RCA അവരുടെ പരീക്ഷണനേട്ടങ്ങൾ പൊതുജനങ്ങൾക്കുമുന്നിൽ പ്രദർശിപ്പിച്ചു. 1937-ൽ അമേരിക്കൻ ടെലിവിഷൻ ഷെർലക് ഹോംസ് കഥയെ ഉപജീവിച്ച് ശ്രദ്ധേയമായ നാടകങ്ങൾ സംപ്രേഷണം ചെയ്തു. ഒരു ചലച്ചിത്രവും ടി.വി.യിലൂടെ പൊതുജനമധ്യത്തിലെത്തി. 1939-ൽ ടെലിവിഷനിൽ കൊമേഴ്സ്യൽ സ്പോൺസർഷിപ്പും ആരംഭിച്ചു. ഇതോടെ കായികവിനോദങ്ങളുടെ സംപ്രേഷണവും വ്യാപകമായി സ്പോൺസർ ചെയ്യപ്പെട്ടു.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ 1939-സെപ്റ്റംബർ ഒന്നാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് മിക്കി മൗസ് കാർട്ടൂൺ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ പ്രദർശനം നിലച്ചു. യുദ്ധക്കെടുതികൾ നിറഞ്ഞാടിയ ആറ് ദുരിതവർഷങ്ങൾ പിന്നിട്ടു. 1946- ജൂൺ ഏഴാം തീയതി ടെലിവിഷൻ സംപ്രേഷണം പുനരാരംഭിച്ചു. അതേ മിക്കി മൗസിന്റെ തുടർന്നുള്ള ഭാഗങ്ങൾ തന്നെയാണ് ആദ്യമായി പ്രദർശിപ്പിച്ചത്. ടെലിവിഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് പിന്നിൽ ഇന്ത്യയ്ക്കും ലോകടെലിവിഷൻ ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്.

## കമ്പ്യൂട്ടർ, ഇന്റർനെറ്റ്

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക് ഉപകരണമാണ് കമ്പ്യൂട്ടർ കമ്പ്യൂട്ടറുകൾ ഏതാണ്ട്

ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുമ്പ് തന്നെ രൂപം കൊണ്ടു. കണക്ക് കൂട്ടുക എന്നർത്ഥമുള്ള 'കമ്പ്യൂട്ട്' എന്ന പദത്തിൽ നിന്നാണ് കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉത്ഭവം. ആദ്യകാലങ്ങളിൽ കണക്ക് കൂട്ടലുകൾക്ക് മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് കമ്പ്യൂട്ടറിന്റെ കെട്ടിലും മട്ടിലും ഉപയോഗത്തിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇന്ന് കമ്പ്യൂട്ടർ ലോകത്തെ എല്ലാ മേഖലയിലും ഒരു അവിഭാജ്യഘടകമാണ്. സാധാരണ ഉപയോഗത്തിനുള്ള കമ്പ്യൂട്ടറുകൾ വരുന്നതിനു മുമ്പ് മനുഷ്യർ തന്നെയയാണ് കണക്കൂട്ടലുകൾ നടത്തിയിരുന്നത്. എന്നാൽ അധികംകണക്കുകൂട്ടലുകൾ നടത്താൻ മനുഷ്യനെ സഹായിച്ച ഉപകരണങ്ങൾക്ക് കണക്ക് കൂട്ടൽ യന്ത്രങ്ങൾ എന്നറിയപ്പെടുന്ന കാൽക്കുലേറ്റർ എന്നായി മാറി. കാൽക്കുലേറ്ററുകൾ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നു. കമ്പ്യൂട്ടറുകൾക്ക് കാൽക്കുലേറ്ററിൽ നിന്നും വ്യത്യസ്തമായി ധാരാളം മെമ്മറിയും മറ്റും ആവശ്യമായിരുന്നു. 1940 മുതൽ എല്ലാ ദശകത്തിലും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ മഹത്തായ മാറ്റങ്ങൾ വന്നു കൊണ്ടിരുന്നു. കണക്കുകൂട്ടുക എന്ന പ്രാഥമികാവശ്യത്തിൽ മാത്രമായി കമ്പ്യൂട്ടറിന്റെ ഉപയോഗം പരിമിതപ്പെടില്ല. വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, ശാസ്ത്രം, ആശയവിനിമയം എന്നു തുടങ്ങി എല്ലാ മേഖലയിലും കമ്പ്യൂട്ടർ അവിഭാജ്യ ഘടകമായി.

ആശയവിനിമയത്തിനുള്ള ഏറ്റവും പുതിയ ഉപാധിയാണ് ഇന്റർനെറ്റ്. ഇതൊരു വിവരശൃംഖലയാണ്. കോടിക്കണക്കിന് പേരുകൾ ബൃഹത്തായ ഈ കമ്പ്യൂട്ടർ ശൃംഖലയിൽ ശേഖരിച്ചു വച്ചിരിക്കുന്നു. ലോകത്താകമാനം വ്യാപിച്ചു കിടക്കുന്ന ഇന്റർനെറ്റിലൂടെ ഏതുവിവരവും ആർക്കും സ്വീകരിയ്ക്കാം ലോകം മുഴുവൻ വിരൽ തുമ്പിൽ എന്നതാണ് ഇതിന്റെ സൗകര്യവും ആകർഷകത്വവും. സാങ്കേതികവിദ്യയുടെ വിപ്ലവകരമായ കുതിച്ചുചാട്ടം എന്ന നിലയിലാണ് ഇന്റർനെറ്റ് ശൃംഖലയെ സമൂഹം കാണുന്നത്. ഇന്റർനെറ്റിലൂടെയുള്ള ആശയവിനിമയസംവിധാനങ്ങളിലൂടെ മനുഷ്യർക്ക് പരസ്പരം ബന്ധപ്പെടാൻ കഴിയുന്ന തരത്തിലുള്ള ഒരു ശൃംഖല ആഗോളതലത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ നെറ്റ്വർക്കിനെയാണ് ആഗോളവിനിമയശൃംഖല എന്ന് നാം വിളിക്കുന്നത്. ഇന്ന് ആഗോളതലത്തിൽ തന്നെ പരസ്പരം ആശയവിനിമയം ചെയ്യാൻ മാത്രമല്ല എല്ലാ ഡിജിറ്റൽ സാങ്കേതികവിദ്യകളും കൈമാറ്റം ചെയ്യാനുമുള്ള സംവിധാനം നമുക്കുണ്ട്. ചലച്ചിത്രം, വീഡിയോ ശേഖരങ്ങൾ, മറ്റ് സോഫ്റ്റ്‌വെയറുകൾ തുടങ്ങി എല്ലാ ഡിജിറ്റൽ രേഖകളും അതാതിടങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ കൈമാറ്റം ചെയ്യാൻ കഴിയുന്നു എന്നത് നമ്മുടെ പ്രധാന നേട്ടമായി കാണുന്നു. വായനക്കാരെ ആകർഷിക്കാനായി ബ്ലോഗ് എന്ന വ്യക്തിഗത വെബ്ബ് പേജ് സ്വന്തം കലാസൃഷ്ടികളും കഴിവുകളും പ്രകടിപ്പിക്കാനുള്ള ഡിജിറ്റൽ ഇടമെന്ന രീതിയിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

## ഇ-മെയിൽ

ഇലക്ട്രോണിക് മെയിലാണ് ഇ-മെയിൽ. സാധാരണ സന്ദേശങ്ങൾ കൈമാറാൻ കത്തെഴുതുകയോ ഫോൺ വിളിക്കുകയോ ഫാക്സ് അയയ്ക്കുകയോ ചെയ്യുമ്പോൾ ഇവിടെ സന്ദേശങ്ങൾ കമ്പ്യൂട്ടർ ശൃംഖല വഴി കൈമാറുന്നു. കത്തയയ്ക്കണമെങ്കിൽ ഒരു കൃത്യമായ മേൽവിലാസം വേണം എന്നതു പോലെ ഇ-മെയിൽ അയയ്ക്കാനും വിലാസം (email ID) ആവശ്യമാണ്. ഈ വിലാസം എന്നത് ഒരു കോഡാണ്.പ്രമുഖ സ്ഥാപനങ്ങൾക്കെല്ലാം ഔദ്യോഗിക മേൽവിലാസം ഉണ്ടായിരിക്കും.. സ്വകാര്യവ്യക്തികൾക്ക് ജി മെയിൽ, യാഹൂ മെയിൽ, ഹോട്ട് മെയിൽ തുടങ്ങിയ സേവനദാതാക്കളിൽ നിന്ന് സൗജന്യമായി വിലാസം നേടാം. ടെലിഫോൺ, ഫാക്സ് എന്നിവയെക്കാൾ വളരെ കുറഞ്ഞ ചെലവേ ഇ-മെയിലിനു വരുന്നുള്ളു കൂടാതെ ഒരേ സമയം ഒന്നിലധികം പേർക്ക് സന്ദേശം അയയ്ക്കാൻ ഇ-മെയിലിലൂടെ സാധിക്കും. മാത്രമല്ല രേഖകൾ, ചിത്രങ്ങൾ, സംഗീതം എന്നിവയൊക്കെ സന്ദേശത്തോടൊപ്പം അയയ്ക്കാം. സാധാരണ ഇംഗ്ലീഷാണ് ഇ-മെയിലിന്റെ ഭാഷ എങ്കിലും മലയാളത്തിൽ ഇ-മെയിൽ സന്ദേശങ്ങൾ ചെയ്യാനുള്ള സൗകര്യവും ഇന്ന് ലഭ്യമാണ്.

## വേൾഡ് വൈഡ് വെബ്ബ് (www)

വേൾഡ് വൈഡ് വെബ്ബ് ഒരു വിവര ശൃംഖലയാണ്. ബൃഹത്തായ ഒരു വിശ്വവിജ്ഞാന കോ

ശം. ടെലിവിഷനുമായി ഇതിനു സാദൃശ്യമുണ്ട്. ചിത്രവും, ശബ്ദവും, ചലച്ചിത്രവും ഇവിടെയുണ്ട്. കോടിക്കണക്കിന് ചാനലുകളുള്ള ഒരു ടെലി വിഷൻ പോലെയാണിത് പ്രവർത്തിക്കുന്നത്. ടെലിവിഷൻ ഒരു കേന്ദ്രത്തിൽ നിന്ന് പല കേ ന്ദ്രങ്ങളിലേക്കാണ് പരിപാടികൾ സംപ്രേഷണം ചെയ്യുന്നതെങ്കിൽ വെബ്ബിൽ അത് പല കേന്ദ്രങ്ങ ളിൽ നിന്ന് പല കേന്ദ്രങ്ങളിലേക്കാണ് എന്നതാ ണ് വ്യത്യാസം. ആരംഭ കാലത്ത് ഇന്റർനെറ്റിനെ ശ്രദ്ധാകേന്ദ്രമാക്കിയത് ഇ-മെയിലും, വേൾഡ് വൈഡ് വെബ്ബുമായിരുന്നു. എന്നാൽ ഇന്നത് മാറി. ട്വിറ്റർ, ചാറ്റിങ്, ഫേസ്ബുക്ക്,ഓർക്കൂട്ട്, ബ്ലോഗുകൾ, വിക്കിപീഡിയ, യൂട്യൂബ്, ടെൽനെ റ്റ്, എഫ്. ടി. പി.തുടങ്ങി ധാരാളം സേവനങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാണ്. നമ്മുടെ ചിന്തകളും അഭിപ്രായങ്ങളും മറ്റുള്ളവരോട് പങ്കുവെയ്ക്കാ നുള്ള സംവിധാനമാണ് ട്വിറ്റർ. നിമിഷനേരം കൊണ്ട്. നമ്മുടെ സന്ദേശങ്ങൾ ലക്ഷക്കണ ക്കിനാളുകളിലേക്ക് എത്തിക്കാൻ ട്വിറ്ററിലൂടെ കഴിയും. സന്ദേശങ്ങൾ കൈമാറിക്കൊണ്ടുള്ള തത്സമയ സംഭാഷണമാണ് ചാറ്റിങ്. ശബ്ദരൂപ ത്തിലുള്ള ചാറ്റിങ്ങിന് വോയ്സ് ചാറ്റിങ് എന്നും പറയും. പരസ്പരം കണ്ടു കൊണ്ട് ചാറ്റ് ചെയ്യാ നുള്ള സൗകര്യവും ഇന്ന് ലഭ്യമാണ്. ഫേസ്ബു ക്ക്, ഓർക്കുട്ട് എന്നിവ സൗഹൃദ കൂട്ടായ്മകളാ ണ്. പുതിയ സൗഹൃദങ്ങൾ തേടാനും പഴയവ പുതുക്കാനും ഇതിലൂടെ അവസരം ലഭിക്കുന്നു. വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള താണ് ടെൽനെറ്റുകൾ . നമ്മുടെ കമ്പ്യൂട്ടർ ഉപ യോഗിച്ചു കൊണ്ട് വിദൂരത്തിലിരിക്കുന്ന ഒരു കമ്പ്യൂട്ടറിനെ നിയന്ത്രിക്കാൻ കഴിയും എന്ന താണ് ഇതിന്റെ സവിശേഷത. എഫ്. ടി. പി. എന്നാൽ ഫയൽ ട്രാൻസ്ഫർ പ്രോട്ടോകോൾ ആണ്. ദൂരെയുള്ള കമ്പ്യൂട്ടറിൽ നിന്ന് നമ്മുടെ കമ്പ്യൂട്ടറിലേക്ക് ഫയൽ എത്തിക്കാനും തിരിച്ച യയ്ക്കാനും എഫ്. ടി.പി.യിലൂടെ സാധിക്കും. പ്രൊജക്ടുകൾ ചെയ്യുന്നവർക്ക് ഇത് ഉപയോഗ പ്രദമാണ്.

## ബ്ലോഗുകൾ

സർഗാത്മക പ്രക്രിയയ്ക്ക് നൽകുന്ന ഇടമാ ണ് ബ്ലോഗ്. എഴുതുവാൻ കഴിവുള്ളവർക്ക് ഒരു നവമാധ്യമം. എഴുത്തുകാർക്കും വായനക്കാർ ക്കും ഒരുപോലെ സ്വാതന്ത്ര്യമുള്ള ഇടം. എഴു ത്തുകാരെ സംബന്ധിച്ചിടത്തോളം തന്റെ സൃഷ്ടി പ്രസിദ്ധീകരിക്കാൻ ആരുടെയും അനുവാദമോ സമ്മതമോ ആവശ്യമില്ല. വായനക്കാർക്ക് തങ്ങ ളുടെ അഭിപ്രായം അപ്പപ്പോൾ രേഖപ്പെടുത്താം. വായനക്കാരുടെ അഭിപ്രായത്തോട് പ്രതികരി ക്കാനോ സംശയങ്ങൾക്ക് മറുപടി നൽകാനോ ഉള്ള സൗകര്യം എഴുത്തുകാർക്കും ലഭിക്കുന്നു. എഴുത്തിലും വായനയിലും സാമ്പ്രദായിക മാ ധ്യമങ്ങളുടെ പരിധി ഇല്ലാതാക്കി എന്നതാണ് ബ്ലോഗിന്റെ സവിശേഷത.

## വെർച്വൽ വിനോദവും വിനിമയവും

ആഗോളതലത്തിൽ ഇന്റർനെറ്റ് സാങ്കേതിക വിദ്യയിലൂടെ വിവിധതരത്തിലുള്ള പരസ്പര വിനിമയ സംവിധാനങ്ങൾ നിലവിൽ വന്നുക ഴിഞ്ഞു. അതിൽ മുഖ്യമായ കറൻസി, നാനാ തരത്തിലുള്ള അറിവുകൾ, ദൃശ്യ ശേഖരങ്ങൾ തുടങ്ങിയവ ഇന്ന് ഡിജിറ്റലായി പരസ്പരം കൈ മാറ്റം ചെയ്യാൻ കഴിയുന്നു. കൂടാതെ ആഗോ ളതലത്തിൽ വെർച്വലായി സംഘടിപ്പിക്കുന്ന സമ്മേളനങ്ങൾ ഇന്ന് പുത്തരിയല്ല. അറിവുകളും സാങ്കേതികവിദ്യകളും കൈമാറ്റം ചെയ്യുവാനാ യി നിരവധി ആപ്പുകൾ നമുക്ക് ഇൻസ്റ്റാൾ ചെ യ്യാൻ ഇന്ന് കഴിയും.

ഇന്റർനെറ്റ് ഇടങ്ങളിലെ സ്ഥിരം സങ്കേതങ്ങ ളിൽ കുടുങ്ങാത്തവരാണ് പുതുതലമുറയിൽ അധികവും. ഇക്കൂട്ടർ ഡിജിറ്റൽ ഇടങ്ങളിലൂടെ പുതിയ കൂട്ടുകാരെ കണ്ടെത്തുന്നു. ഇവർ ആന ന്ദദായകമായ വീഡിയോ ക്ലിപ്പുകൾ പരസ്പ രം അയച്ചു ആനന്ദം കണ്ടെത്തുന്നു. ഇത് ഒരു കളിയായും ചെയ്യുന്നവരുണ്ട്. ഇന്റർനെറ്റിലൂടെ യുള്ള വിനോദം വളരെ പ്രധാനപ്പെട്ട ഘടകമാ ണ്. ഗെയിമുകളുടെ പ്രളയമാണ് സമകാലിക ഡിജിറ്റൽഇടങ്ങൾ. ബൗദ്ധികമായി നിലവാരം പുലർത്തുന്ന കളികളും ലളിതമായ മാർഗങ്ങളി ലൂടെയുള്ള കളികളും ഇന്ന് ഇന്റർനെറ്റിൽ വ്യാ പകമാണ്. ഇതൊരു പ്രതിസന്ധിയായി സമൂഹം കാണുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ശൈശവ കാലം മുതൽ ഗെയിമുകളിലേക്ക് കടന്നുകൂടുന്ന പുതിയ തലമുറ കൗമാരപ്രായവും കഴിഞ്ഞാവും ഇതിൽ നിന്നും പുറത്തുകടക്കുന്നത്.

## വെബ്ബ് അധിഷ്ഠിത മാധ്യമങ്ങൾ

വാർത്തകൾ രൂപപ്പെടുന്ന സമയങ്ങളിൽ തന്നെ വായനക്കാർക്ക് എത്തിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യയനുസരിച്ച് രൂപപ്പെടുത്തിയ വാർത്താസംവിധാനമാണ് വെബ്ബ് അധിഷ്ഠിതമാധ്യമങ്ങൾ. അതിൽ ഏറ്റവും കൂടുതൽ വാർത്തകൾ പ്രത്യക്ഷപ്പെടുന്നത് വെബ്ബ്ന്യൂസ് പോർട്ടലുകളിലാണ്. ഇതിൽ ഓരോ വിഭാഗങ്ങളിലെയും വാർത്താസ്രോതസുകൾ പ്രദർശിപ്പിക്കുന്നതിന് പ്രത്യേക താളുകളുണ്ടാകും. പുതിയ വാർത്തകൾ എത്തുമ്പോൾ ഏറ്റവും വേഗത്തിൽ വായനക്കാരിലേയ്ക്കെത്തിക്കുക എന്നുള്ളതാണ് വെബ്ബ്ന്യൂസ് പോർട്ടലുകളുടെ മുഖ്യദൗത്യം. സാധാരണയായി ഉപയോക്താവിന് പ്രദർശിപ്പിക്കപ്പെടേണ്ട പേജുകൾ സ്വയം ക്രമീകരിക്കാൻ സാധിക്കും. അച്ചടിമാധ്യമങ്ങൾ തുടരുന്ന നയങ്ങൾ തന്നെയാണ് ഓൺലൈൻ ന്യൂസ് പോർട്ടലുകളും പിന്തുടരുന്നത്. ഉള്ളടക്കങ്ങളുടെ വൈവിധ്യവും പോർട്ടലിന്റെ ലക്ഷ്യവും ഉപഭോക്താവിന് അനുസരിച്ചാണ് ചിട്ടപ്പെടുത്തുന്നത്. 1980 ജൂലൈ ഒന്നിന് ബ്രസീലിൽ ആരംഭിച്ച Columbus Dispatch ആണ് ലോകത്തെ ആദ്യത്തെ ന്യൂസ് പോർട്ടൽ. 'ദാറ്റ്സ് മലയാളം' ആണ് മലയാളത്തിലെ ആദ്യത്തെ ന്യൂസ് പോർട്ടൽ. തുടർന്ന് ദീപിക, മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മുഖ്യധാരാ പത്രങ്ങൾ ഓൺലൈനിൽ ന്യൂസുകൾ അപ്ഡേറ്റ് ചെയ്തുതുടങ്ങി. അച്ചടിമാധ്യമങ്ങളുടെ ഉടമകൾ പിന്തുടരുന്ന അതേ മാതൃക തന്നെയാണ് ന്യൂസ് പോർട്ടലുകളുടെയും നയം. വേഗത്തിൽ വാർത്തകൾ എത്തിക്കാൻ എന്നുള്ളത് മാത്രമല്ല ന്യൂസ് പോർട്ടലുകളുടെ നേട്ടം. പ്രസിദ്ധീകരിച്ച വാർത്തകളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് ന്യൂസ് വികസിക്കുന്നതനുസരിച്ച് കൂടുതൽ സംഭവങ്ങളുടെ വിശദാംശങ്ങളോ പ്രസ്താവനകളോ കൂട്ടിച്ചേർക്കാനും തെറ്റുകൾ തിരുത്തുവാനും കഴിയുന്നു എന്നുള്ളതാണ് പ്രധാനനേട്ടം. മാത്രമല്ല ചെറിയ മുതൽമുടക്ക് ഉണ്ടെങ്കിൽ ഒരു വെബ്ബ് ന്യൂസ് പോർട്ടൽ തുടങ്ങാം എന്നുള്ളതുകൊണ്ട് മാധ്യമസ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നതിന് കോർപ്പറേറ്റുകളുടെ സഹായം ആവശ്യമില്ല എന്നത് വലിയൊരു നേട്ടം തന്നെയാണ്. ഇക്കാരണത്താൽതന്നെ വാർത്തകളുമായി ബന്ധപ്പെട്ട് സ്വതന്ത്രമായ നിലപാട് സ്വീകരിക്കാനായി ഇത്തരം മാധ്യമപ്രവർത്തകർക്ക് കഴിയുന്നു.

## വെബ്ബ് ചാനലുകൾ

ടെലിവിഷൻ മാധ്യമം ശക്തിപ്രാപിച്ച വേളയിൽതന്നെ ന്യൂസ് പോർട്ടലുകളും വെബ്ബ് ഓൺലൈൻ ചാനലുകളും രംഗത്തുവന്നു. ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകത്തോടെ ഓൺലൈൻ ചാനലിന് തുടക്കംകുറിച്ചു. അമേരിക്കയിലും യൂറോപ്പിലുമായിരുന്നു ഓൺലൈൻ ചാനലുകൾ പ്രവർത്തനം ആരംഭിച്ചത്. ഇരുപത്തിയൊന്നാംനൂറ്റാണ്ടോടെ സ്വതന്ത്രമായ ഉള്ളടക്കങ്ങളോടെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓൺലൈൻ യൂട്യൂബ് വീഡിയോ ചാനലുകൾ ആരംഭിച്ചു. ഡിജിറ്റൽ സാങ്കേതികവിദ്യ ശക്തിപ്രാപിച്ചതോടെ യാതൊരു മുതൽമുടക്കും ഇല്ലാതെ ആർക്കുവേണമെങ്കിലും യഥേഷ്ടം യൂട്യൂബ് ചാനലുകൾ ആരംഭിക്കാൻ കഴിയും എന്നതാണ് ഇന്നത്തെ അവസ്ഥ. സംഗീത ചാനലായ ടി സീരീസ് (T - Series), നഴ്സറി ഗീതങ്ങളുടെ ചാനലായ കൊക്കോമെലൻ (Cocomelon) തുടങ്ങിയ യൂട്യൂബ് ചാനലുകൾ ലോകപ്രശസ്തമാണ്. എംഫോർടെക് (M4tech) ആണ് കേരളത്തിലെ ഏറ്റവും റേറ്റിംഗ് ഉള്ള യൂട്യൂബ് ചാനൽ.

## സമൂഹമാധ്യമങ്ങൾ

ജനങ്ങളുടെ കൂട്ടായ്മയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ ശൃംഖലയാണ് സമൂഹമാധ്യമങ്ങൾ. നാം ഇതുവരെ സംഘടിപ്പിച്ചിട്ടുള്ള വെർച്വൽ കൂട്ടായ്മകളിൽ നിബിഡമായ ആൾക്കൂട്ടസാന്നിധ്യമുള്ള ഇടമാണ് സോഷ്യൽ മീഡിയ. ചാറ്റിങ്ങ്, സ്വകാര്യ ഫോട്ടോകൾ പ്രദർശിപ്പിക്കൽ കൂടാതെ സ്വന്തം രാഷ്ട്രീയനിലപാടുകൾ വരെ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഇടമാണ് സമൂഹമാധ്യമങ്ങൾ. സാധാരണയായി വ്യക്തിഗതവിവരങ്ങൾ പെരുപ്പിച്ചുകാട്ടാനും അതുവഴി ഭാവിജീവിതം കരുപ്പിടിപ്പിക്കാനും ധാരാളമായി ഓൺലൈൻ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാറുണ്ട്. ഫേസ്ബുക്ക്, വാട്സ് ആപ്പ്, എക്സ് (ട്വിറ്റർ), തുടങ്ങിയവ നിലവിലുള്ള സമൂഹമാധ്യമങ്ങളിൽ മുൻനിരയിൽ നിൽക്കുന്നവയാണ്. മുഖംമിനുക്കിയാണ് പലരും ഫേ

സ്ബുക്കിൽ പ്രത്യക്ഷപ്പെടുന്നത്. വർഷങ്ങൾ കടന്നുപോയാലും എതിരെ ഇരിക്കുന്ന ആളിന്റെ സ്വഭാവം വ്യക്തമായി തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്. സ്വന്തം ആദർ ശങ്ങളും വിശ്വാസങ്ങളും വ്യക്തിഗത വിവരങ്ങ ളും മുഖപുസ്തകത്തിലൂടെ പങ്കുവെക്കപ്പെടു ന്നുണ്ട്.

കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകൾ കൊ ണ്ട് പരസ്പരം കോർത്തിണക്കിയ ലോ കജനതയുടെ ഒരു ആഗോളഗ്രാമം എന്ന സങ്കല്പംവരെ വെർച്വൽ ലോകത്ത് നാം സൃഷ്ടി ച്ചുകഴിഞ്ഞു. ഇതിന്റെ ഉപജ്ഞാതാവ് മാർഷൽ മുക്‌ലൂഹാനാണ്. ഇത്തരം സങ്കല്പത്തിലുള്ള ഒരു ലോകത്തുനിന്നും ഡിജിറ്റൽ പൊതുമണ്ഡ ലത്തിലേക്ക് സമൂഹം മാറുമ്പോൾ പാർശ്വവൽ ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും തുല്യപരിഗണന ലഭിക്കാൻ ഇടയാകുന്നു. ഇന്ന് ഡിജിറ്റൽ മുതലാ ളിത്തത്തിന്റെ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയിലേക്ക് ഘട്ടംഘട്ടമായി നമ്മുടെ സമൂഹം മാറിക്കൊണ്ടി രിക്കുകയാണ്. നിയന്ത്രണങ്ങൾ ദുർബലമായ വികസ്വര രാജ്യങ്ങളിലെ ഡിജിറ്റൽ സമ്പദ് വ്യ വസ്ഥയിൽ തൊഴിലാളികൾക്ക് വലിയ തടസ്സങ്ങ ളും പ്രയാസങ്ങളും അനുഭവപ്പെടുമെന്ന് ആശങ്ക യുണ്ട്.

## Recap

- അറിവുകൾ കൈമാറ്റം ചെയ്യപ്പെടുന്നതിന് വിഭിന്നങ്ങളായ വിനിമയം അവശ്യഘടക മാണ്.
- വിവരവിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നപ്രക്രിയയാ ണ് മാധ്യമങ്ങൾ വഴി നാം ചെയ്തുകൊണ്ടിരിക്കുന്നത്.
- വാർത്തകൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനായി സംഘആശയവിനിമയം എന്ന രീതി അവലംബിച്ചിരുന്നു.
- എല്ല വിഭാഗം ജനതയ്ക്കും അഭിപ്രായത്തിനും ആവിഷ്കാരസ്വാതന്ത്ര്യത്തിനും അവ കാശമുണ്ട്.
- വിനോദങ്ങളിലൂടെയും മറ്റ് ആവിഷ്കാരരൂപങ്ങളിലൂടെയും പ്രേക്ഷകരിലേക്കായി ബഹുജനആശയവിനിമയത്തിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ് മാധ്യമങ്ങ ളുടെ ശൃംഖല.
- ആധുനികമാധ്യമങ്ങൾ വികസനത്തിൽ നടത്തിയ ഇടപെടലുകൾ ചരിത്രത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്.
- ടെലിവിഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് പിന്നിൽ ഇന്ത്യയ്ക്കും ലോകടെലി വിഷൻ ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്.
- എല്ലാ അറിവുകളും ബന്ധപ്പെട്ട സാങ്കേതികവിദ്യകളും കൈമാറ്റത്തിനായി നിരവധി ആപ്പുകൾ ഇന്ന് ലഭ്യമാണ്.
- ലോകജനത ഒരു ആഗോളഗ്രാമം എന്ന സങ്കല്പംവരെ സൃഷ്ടിച്ചുകഴിഞ്ഞു.
- 17-ാംശതകത്തിന്റെ ആദ്യഘട്ടത്തിൽ അച്ചടിലോകത്തിലെ പ്രധാനവ്യവസായങ്ങളുടെ പട്ടികയിൽ പ്രമുഖ സ്ഥാനം നേടി.

## Objective Type Questions

1. ഏതെല്ലാം തരത്തിലുള്ള അറിവുകളാണ് മാധ്യമങ്ങൾ വിനിമയം ചെയ്യുന്നത്?
2. ആദ്യകാലത്ത് ഏതെല്ലാം വിധത്തിലുള്ള മാധ്യമങ്ങൾ ഉണ്ടായിരുന്നു?
3. മാധ്യമങ്ങൾ പ്രാഥമികമായി പ്രാധാന്യം കൽപ്പിക്കുന്നത് ഏത് നിലപാടുകൾക്കാണ്?
4. ഏതുതരം വാർത്തകളാണ് മാധ്യമങ്ങൾ പ്രസിദ്ധീകരിക്കുന്നത്?
5. മാധ്യമങ്ങളുടെ മുഖ്യധർമ്മം എന്താണ്?
6. പുരാതനകാലത്ത് വാർത്തകൾ പ്രജകളെ അറിയിക്കുന്ന മാധ്യമങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു?
7. ചൈനയിൽ പ്രചരിച്ചിരുന്ന വാർത്ത ഷീറ്റുകൾ ഏതു പേരിലാണ് അറിയപ്പെട്ടത് ?
8. എഴുത്തിന്റെ പൂർവരൂപം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
9. ആദ്യമായി കടലാസ് കണ്ടുപിടിച്ച രാജ്യം ഏതാണ് ?
10. ആശയവിനിമയ മേഖലയിൽ പുതിയ പാതകൾ വെട്ടിതെളിച്ച നൂറ്റാണ്ട്?
11. ആദ്യമായി റേഡിയോപ്രക്ഷേപണം ആരംഭിച്ച വർഷം?
12. ടെലിവിഷനിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട പാവയുടെ പേര് എന്താണ്?
13. ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന സൈദ്ധാന്തികൻ?
14. ലോകത്തിലെ ആദ്യത്തെ ഓൺലൈൻ ന്യൂസ് പോർട്ടൽ ഏതാണ് ?
15. മലയാളത്തിലെ ആദ്യത്തെ വെബ്ബ് ന്യൂസ് പോർട്ടലിന്റെ പേര് ?

## Answers

1. സാംസ്കാരികവും രാഷ്ട്രീയവും വൈജ്ഞാനികവുമായ അറിവുകൾ.
2. ബഹുജനമാധ്യമങ്ങളും വാർത്താമാധ്യമങ്ങളും.
3. ആവിഷ്കാരസ്വാതന്ത്ര്യത്തിന്
4. വസ്തുനിഷ്ഠമായ യാഥാർഥ്യങ്ങൾ.
5. വിവരശേഖരണം, സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തൽ.
6. ബുള്ളറ്റിനുകൾ.
7. ഡിബാവോ.
8. പ്രോട്ടോ-റൈറ്റിംഗ്.
9. ചൈന.
10. പതിനെട്ടാംനൂറ്റാണ്ട്.
11. 1916
12. ഫെലിക്സ് ക്യാറ്റ്.
13. മാർഷൽ മക്ലൂഹാൻ
14. Columbus Dispatch.
15. ദാറ്റ്സ് മലയാളം.

## Assignment

1. ചരിത്രാതീതകാലം മുതൽ രൂപപ്പെട്ട ആശയവിനിമയസംവിധാനങ്ങളെക്കുറിച്ച് വിശദീകരിക്കുക.
2. മാധ്യമങ്ങളുടെ നിർവചനങ്ങളെയും ദൗത്യങ്ങളെയും കുറിച്ച് ഉപന്യസിക്കുക.
3. മാധ്യമങ്ങളുടെ വർഗ്ഗീകരണങ്ങളെന്തെല്ലാമെന്ന് അപഗ്രഥിക്കുക.
4. മനുഷ്യന് വളരെയധികം പ്രയോജനപ്രദമാണ് ആപ്പുകൾ. ചർച്ച ചെയ്യുക
5. വെബ്ബധിഷ്ഠിതമാധ്യമങ്ങളുടെ പൊതുസ്വഭാവങ്ങൾ വിശദമായി നിർണയിക്കുക.
6. സാമൂഹ്യവികസനത്തിൽ സമൂഹമാധ്യമങ്ങൾ ഏതെല്ലാം തരത്തിൽ ഇടപെടുന്നു എന്ന് പരിശോധിക്കുക

## References


1. ജോയി തിരുമൂലപുരം, വാർത്ത ഒന്നു മുതൽ മൂന്നു വരെ വാല്യങ്ങൾ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള, വൃത്താന്തപത്രപ്രവർത്തനം കോട്ടയം
3. കെ.പി. വിജയൻ, പത്രങ്ങൾ വിചിത്രങ്ങൾ, എസ്. പി. സി. എസ് കോട്ടയം
4. എ.ജി. ശ്രീകുമാർ, പുസ്തകങ്ങൾ നിർമ്മിച്ച കേരളം, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ.
5. Rangaswamy Parthasarathy - Basic Journalism, Macmillan
6. Harold Evans, Editing and Design, Heinemann, 1973.
7. വിജയകൃഷ്ണൻ, ബൈജുചന്ദ്രൻ - ദൃശ്യ ശ്രാവ്യമാധ്യമങ്ങൾ.
8. എൻ. പി. രാജേന്ദ്രൻ,ഫോർത്ത് എസ്റ്റേറ്റിന്റെ മരണം, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്
9. സുനീത. ടി.വി, ഇ -മലയാളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# BLOCK 03

# വാർത്ത-നിർവചനം

# യൂണിറ്റ് 1

# വാർത്ത-നിർവചനം

## Learning Outcomes

- വാർത്താശരീരം വിവരണങ്ങളുടെ മേഖലയാണെന്നു തിരിച്ചറിയുന്നു
- ഏതു രംഗത്തുള്ള പുരോഗതിയും വാർത്താമൂല്യം ഉള്ളതാണ് എന്ന് കണ്ടെത്തുന്നു
- കാലികസംഭവങ്ങളാണ് വാർത്തകൾ എന്ന് തിരിച്ചറിയുന്നു
- പത്രത്തിന്റെ വാർത്താശേഖരണ സംവിധാനത്തിന്റെ കേന്ദ്രബിന്ദു എഡിറ്റർ ആണെന്ന് തിരിച്ചറിയുന്നു
- ന്യൂസ് റിപ്പോർട്ടർമാർ കണ്ടെത്തുന്ന ഇനങ്ങളാണ് സ്റ്റോറി എന്ന് മനസിലാക്കുന്നു
- നമ്മുടെ പരിചിതമേഖലകളിൽ ഉണ്ടാകുന്ന വിശേഷങ്ങളാണ് വാർത്തകൾ എന്ന് മനസി ലാക്കുന്നു
- സമകാലജീവിതത്തിൽ ഒഴിച്ചു കൂടാനാവത്ത മാധ്യമമാണ് വാർത്തകൾ എന്ന് തിരിച്ചറി യുന്നു
- വാർത്തയ്ക്ക് കൃത്യമായ ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ ഇല്ലെന്നു കണ്ടെത്തു ന്നു
- ഫോളോഅപ്പാണ് ഒന്നാംതരം വാർത്താ ഉറവിടം എന്ന് തിരിച്ചറിയുന്നു
- വാർത്ത വസ്തുനിഷ്ഠമായ ഒന്നാണെന്ന് മനസിലാക്കുന്നു
- പത്രത്തിന്റെ ദൗത്യം വാർത്താവിതരണമാണ് എന്ന് തിരിച്ചറിയുന്നു
- റിപ്പോർട്ടറിനുള്ള പ്രധാന സ്വഭാവ സവിശേഷതയാണ് ജാഗ്രത എന്ന് കണ്ടെത്തുന്നു

## Prerequisite

ആനുകാലിക സംഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് വാർത്ത. ഇത് വിവിധ മാധ്യമങ്ങളി ലൂടെയാണ് ലഭ്യമാകുന്നത്. വാമൊഴി, അച്ചടി, തപാൽ സംവിധാനങ്ങൾ, പ്രക്ഷേപണം, ഇല ക്ട്രോണിക് ആശയവിനിമയം അല്ലെങ്കിൽ സംഭവങ്ങളുടെ നിരീക്ഷകരുടെയും സാക്ഷികളുടെ യും സാക്ഷ്യത്തിലൂടെ, ചരിത്രത്തിലുടനീളം ആളുകൾ വാക്കാലുള്ള മാർഗങ്ങളിലൂടെ പുതിയ വിവരങ്ങൾ കൈമാറിയിട്ടുണ്ട്. നൂറ്റാണ്ടുകളായി ചൈനയിൽ വികസിച്ച പത്രങ്ങൾ ആധുനിക കാലഘട്ടത്തിന്റെ തുടക്കത്തിൽ യൂറോപ്പിൽ സ്ഥാപിതമായി. ഇരുപതാംനൂറ്റാണ്ടിൽ റേഡിയോ യും ടെലിവിഷനും വാർത്തകൾ കൈമാറുന്നതിനുള്ള പ്രധാന മാർഗമായി.വാർത്തകളുടെ വ്യാപനം എല്ലായ്പ്പോഴും അത് പ്രചരിപ്പിക്കുന്നതിനായി ആശയവിനിമയ ശൃംഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ രാഷ്ട്രീയവും മതപരവും വാണിജ്യപരവുമായ താല്പര്യങ്ങൾ

വാർത്തകളിലൂടെ ആശയങ്ങൾ വിപുലീകരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.

സമകാലികജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമാണ് വാർത്താമാധ്യമങ്ങൾ. ജനം പുറംലോകവുമായി സംവദിക്കുന്നത് വാർത്താ മാധ്യമങ്ങളിലൂടെയാണ്. വാർത്തകൾ ലോകത്തിന് എത്തിച്ചു കൊടുക്കുക എന്ന ദൗത്യം മാത്രമല്ല ഇന്ന് പത്രങ്ങൾക്കുള്ളത്. വാർത്തകൾ ശേഖരിക്കുന്ന രീതി, വാർത്തകൾ നൽകുന്ന വിധം, വാർത്തകൾ കൈമാറ്റം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങി വാർത്തകളുടെ സ്വഭാവം പ്രകൃതം, ഉറവിടം, മൂല്യം എന്നിവയിൽ ഒരു പുതിയ വാർത്താസംസ്കാരം തന്നെ ഉടലെടുത്തിട്ടുണ്ട്. ഇന്ന് വാർത്താവിനിമയ -ഗതാഗത രംഗങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന അവിശ്വസനീയമായ പുരോഗതി ലോകത്തെ മുഴുവൻ നമ്മുടെ പരിചിതമേഖലയിലേക്ക് കൊണ്ടു വന്നിരിക്കുന്നു, അതിനാൽ ലോകത്തിന്റെ ഏതു കോണിലും എപ്പോൾ നടക്കുന്ന ഏതു കാര്യവും മനുഷ്യന് വാർത്തയായിത്തീരുന്നു. ഈ വിശേഷങ്ങൾ അറിയാനുള്ള മനുഷ്യന്റെ ത്വരയ്ക്ക് അവനോളം തന്നെ പഴക്കമുണ്ട്.

പഴയ നിയമത്തിൽ വിവരിക്കുന്ന പ്രളയമാണ് അറിയപ്പെടുന്നതിൽ ഏറ്റവും പഴക്കമുള്ള റിപ്പോർട്ടു ചെയ്യപ്പെട്ട വാർത്ത. പ്രളയം വരുന്നു എന്നറിഞ്ഞു കൊണ്ടു തന്നെ പെട്ടകത്തിൽ കയറി അടച്ചുപൂട്ടിയിരുന്ന നോഹ എന്ന മനുഷ്യന് വെള്ളപ്പൊക്കത്തിന്റെ വിവരങ്ങൾ അറിയാൻ അതിയായ ആർത്തിയായിരുന്നു. ഭൂമി മുഴുവൻ മുങ്ങിക്കിടക്കേ അപകടമാണെന്നറിഞ്ഞിട്ടും പെട്ടകത്തിന്റെ കിളിവാതിൽ തുറന്ന് അയാൾ ഒരു കാക്കയെ പുറത്തേക്ക് പറത്തിവിട്ടു ആകാംക്ഷപൂർവം കാത്തിരുന്ന നോഹയ്ക്കാകട്ടെ കൃത്യനിഷ്ഠയില്ലാത്ത കാക്കയിൽനിന്നും വിവരമൊന്നും ലഭിച്ചില്ല. എന്നാൽ അയാൾ ഒരു പ്രാവിനെ പുറത്തേക്കു പറത്തി വിട്ടു. അതാകട്ടെ പെട്ടെന്നു തന്നെ മടങ്ങി വന്നു, വെള്ളത്താൽ മൂടപ്പെട്ടു കിടന്ന ഭൂമിയിൽ ഇറങ്ങാൻ പറ്റാത്തതിനാലാണ് പ്രാവ് പെട്ടെന്ന് മടങ്ങി വന്നത്, അതിനാൽ പ്രളയജലം മാറിയിട്ടില്ല എന്ന് നോഹയ്ക്ക് മനസിലായി. അത് അയാളുടെ നിഗമനമായിരുന്നു. രണ്ടു റിപ്പോർട്ടർമാരെ വിട്ടതിനു ശേഷമാണ് നോഹയ്ക്ക് അങ്ങനെയൊരു നിഗമനത്തിലെത്താൻ കഴിഞ്ഞത്. ആദ്യത്തെ റിപ്പോർട്ടറുടെ കൃത്യനിഷ്ഠയില്ലായ്മയാണ് രണ്ടാമതൊരു റിപ്പോർട്ടറെ അയക്കേണ്ടി വന്നത്. ഒരാഴ്ച കഴിഞ്ഞ് നോഹ വീണ്ടും പ്രാവിനെ പുറത്തേക്കു വിട്ടു. എന്നാൽ വാർത്ത ശേഖരണമെന്ന ദൗത്യവുമായി പറന്നു നീങ്ങിയ പ്രാവ് വൈകുന്നേരമാണ് മടങ്ങി വന്നത് പ്രാവ് വരാൻ വൈകുന്നതു കണ്ടപ്പോൾ തന്നെ വെള്ളം ഇറങ്ങിത്തുടങ്ങിയിരിക്കും എന്ന അനുമാനത്തിലെത്തി. വൈകുന്നേരം മടങ്ങിയെത്തിയ പ്രാവിന്റെ കൊക്കിൽ ഒരു പച്ചഇല ഉണ്ടായിരുന്നു അതിൽ നിന്നും ഭൂമിയിൽ വെള്ളം ഇറങ്ങിത്തുടങ്ങിയിരിക്കും എന്ന് നോഹയ്ക്ക് മനസിലായി അങ്ങനെ ലോകത്തിലെ ആദ്യത്തെ സത്യസന്ധനായ റിപ്പോർട്ടർ ആയിത്തീർന്നു ആ പ്രാവ്. എന്തായാലും വിശേഷം അറിയാനുള്ള നോഹയുടെ ആർത്തിക്ക് ആ പച്ചില ശമനമുണ്ടാക്കി. അതു തന്നെയാണല്ലോ വാർത്താറിപ്പോർട്ടിംഗിന്റെ ലക്ഷ്യം. എന്തായാലും വിശേഷം അറിയാനുള്ള മനുഷ്യന്റെ തൃഷ്ണയ്ക്ക് എത്രത്തോളം പഴക്കമുണ്ടെന്ന് ഈ കഥ വ്യക്തമാക്കുന്നു.

എന്നാൽ വിനിമയ സൗകര്യങ്ങൾ വർധിച്ചതോടെ വാർത്തയുടെ പ്രാധാന്യവും അറിയാനുള്ള മനുഷ്യന്റെ ജിജ്ഞാസയും വർധിച്ചു. ഇന്ന് മനുഷ്യൻ അനുനിമിഷം ഏതെങ്കിലും തരത്തിലുള്ള വിശേഷത്തിനായി കണ്ണും കാതും കൂർപ്പിച്ചിരിക്കുന്നു. കത്തുകൾ, കമ്പികൾ, ഫോൺ സന്ദേശങ്ങൾ, പ്രക്ഷേപണങ്ങൾ, സംപ്രേക്ഷണങ്ങൾ, പത്രങ്ങൾ എന്നീ വിവിധ മാർഗങ്ങൾ ഉണ്ടായിരുന്നിട്ടും പോരാ പോരാ എന്ന മട്ടാണ് മനുഷ്യർക്ക്. ഇത്തരത്തിൽ വിശേഷങ്ങൾ അറിയാനുള്ള മനുഷ്യന്റെ 'ത്വര' വാർത്തയെ ഏറ്റവും വലിയ കച്ചവടച്ചരക്കാക്കി മാറ്റി. മാധ്യമങ്ങൾ അതു വിറ്റു കാശാക്കാൻ തുടങ്ങിയതോടെ അതൊരു വലിയ വ്യവസായമായി മാറി. മാധ്യമവ്യവസായം, പത്രവും റേഡിയോയും ടെലിവിഷനും എല്ലാം ആ വ്യവസായത്തിന്റെ

വിഭിന്ന ബ്രാഞ്ചുകളാണ്. എല്ലാറ്റിന്റെയും ലക്ഷ്യം ഒന്നു തന്നെ. എല്ലാ മനുഷ്യരും ഒന്നു പോലെ ഉപഭോക്താക്കളായിട്ടുള്ള ഒരു ഉല്പന്നം ലോകത്തു വേറെയില്ല എന്നുതന്നെപറയാം. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും മനുഷ്യനുള്ള എല്ലായിടത്തും വ്യാപിച്ചു കിടക്കുന്ന ഇത്ര വിശാലമായ വിപണിയുള്ള ഉത്പന്നം ഒന്നേയുള്ളൂ. ആ മഹാ ഉത്പന്നമാണ് വാർത്ത.

## Keywords

വാർത്ത - നിർവചനം - വാർത്താ മൂല്യങ്ങൾ - വാർത്താ പ്രഭവം - വാർത്താലേഖനരചന - ഇൻവർട്ടഡ് പിരിമിഡ് ഘടന - വാർത്താലേഖനങ്ങളുടെ വർഗീകരണം - റിപ്പോർട്ടിംഗ് - വാർത്താ ലേഖകന് ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകൾ - വാർത്താ ശേഖരണം

## Discussion

'വാർത്ത' അല്ലെങ്കിൽ 'വർത്തമാനം' എന്നതിന് വിശേഷം എന്നാണ് അർത്ഥം. രണ്ടു കണ്ടുമുട്ടലുകളുടെ ഇടവേളയിൽ ഉണ്ടായ സംഭവവികാസങ്ങളാണ് നാം അറിയാനാഗ്രഹിക്കുന്ന വർത്തമാനങ്ങൾ. അതു തന്നെയാണ് വാർത്ത അതായത് മുമ്പു വിവരങ്ങൾ അറിഞ്ഞതിനു ശേഷം പിന്നീട് വിശേഷങ്ങൾ അറിയാൻ അവസരം കിട്ടുന്നതെപ്പോഴോ അപ്പോഴേക്കും നമ്മുടെ പരിചിതമേഖലയിൽ ഉണ്ടാകുന്ന വിശേഷങ്ങളാണ് വർത്തമാനങ്ങൾ അഥവാ വാർത്തകൾ ഇന്ന് വാർത്താ വിനിമയ-ഗതാഗത രംഗങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന അവിശ്വസനീയ പുരോഗതി ലോകത്തെ മുഴുവൻ നമ്മുടെ പരിചിതമേഖലയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. അതിനാൽ ലോകത്തിന്റെ ഏതു കോണിലും എപ്പോഴെങ്കിലും നടക്കുന്ന ഏതു കാര്യവും മനുഷ്യന് വാർത്തയായി തീരും വിശേഷങ്ങൾ അറിയാനുള്ള മനുഷന്റെ ത്വരയ്ക്ക് അവനോളം തന്നെ പഴക്കം ഉണ്ട്.

എഴുത്തും വായനയും അറിയാതിരുന്ന കാലത്തും ഭാഷ പോലും ഇല്ലാതിരുന്ന കാലത്തും മനുഷ്യൻ ആംഗ്യങ്ങളിലൂടെയും വെറും ശബ്ദങ്ങളിലൂടെയും ചില പ്രതീകങ്ങളിലൂടെയും വിശേഷങ്ങൾ കൈമാറിക്കൊണ്ടിരുന്നിരിക്കണം. സംസാരഭാഷയുണ്ടായപ്പോൾ അവർ അന്യോന്യം വിശേഷങ്ങൾ പറഞ്ഞു തുടങ്ങി. ഭാഷയ്ക്കു ലിപിയുണ്ടായപ്പോൾ അവർ വിശേഷങ്ങൾ എഴുതി അറിയിച്ചു. എഴുത്തുകൾ അകലങ്ങളിലെത്തിക്കാർ മാർഗമുണ്ടായപ്പോൾ എന്നെങ്കിലും കണ്ടുമുട്ടുന്നതുവരെ കാത്തിരിക്കാതെ അവർ അകലങ്ങളിലിരുന്നുകൊണ്ട് വിശേഷങ്ങൾ അന്യോന്യം അറിയിക്കാൻ തുടങ്ങി. വിശേഷങ്ങൾ അറിയാനുള്ള മനുഷ്യന്റെ ത്വര വാർത്തയെ ഏറ്റവും വലിയ കച്ചവടച്ചരക്കാക്കി മാറ്റി. മാധ്യമങ്ങൾ അതുവിറ്റു കാശാക്കാൻ തുടങ്ങിയതോടെ അതൊരു വലിയ വ്യവസായമായി മാറി. മാധ്യമവ്യവസായം, പത്രവും, റേഡിയോയും, ടെലിവിഷനും എല്ലാം ആ വ്യവസായത്തിന്റെ വിഭിന്ന ബ്രാഞ്ചുകളാണ്. എല്ലാത്തിന്റെയും ഉത്പന്നം ഒന്നും തന്നെ എല്ലാ മനുഷ്യരും ഒന്നും പോലെ ഉപഭോക്താക്കളായിട്ടുള്ള ഇതു പോലെ ഒരു ഉത്പന്നം ലോകത്തു വേറെയില്ലെന്നും പറയാം.

വാർത്ത അഥവാ വർത്തമാനം അഥവാ വിശേഷം ഇതിന് ഇത്രയും പഴക്കമുണ്ടെങ്കിലും വാർത്തയുടെ മൂലരൂപമായ ന്യൂസ് എന്ന വാക്ക് ഉണ്ടായത് താരതമ്യേന അടുത്ത കാലത്താണ്. ഇംഗ്ലീഷിലെ 'ന്യൂസ്' എന്ന വാക്കാണല്ലോ മലയാളത്തിൽ വാർത്തയായത്. ഇംഗ്ലീഷിൽ ന്യൂസിന്റെ ജനനം 1423 - ലായിരുന്നു. ഇന്നത്തെ പോലെ നാല് അക്ഷരങ്ങളുള്ള 'NEWS' എന്ന സുന്ദരരൂപത്തിലായിരുന്നില്ല അതിന്റെ ജനനം. അഞ്ച് വിരലുകളുള്ള മനോഹരമായ കൈപ്പത്തി

ക്ക് ആറാമതൊരു പിള്ളവിരൽ ഉണ്ടായാലുള്ള വൈകൃതം ഉണ്ടായിരുന്നു ഉല്പത്തിയിൽ ഈ വാക്കിന്, ജനിക്കുമ്പോൾ NEWS ആയിരുന്നില്ല 'NEW IS' ആയിരുന്നു കാലക്രമേണ ഒടുവിൽ ഇന്നത്തെ 'NEWS 'എന്ന അർത്ഥവത്തായ ലഘു വാക്ക് നിലവിൽ വന്നു ഇംഗ്ലീഷിലെ 'NEWS' നമുക്കു 'വാർത്ത' ആയി.വാക്കിനും വാർത്തയ്ക്കും വിലയായി, പ്രചാരമായി ഇതാണ് ന്യൂസ് എന്ന വാക്കിന്റെ പരിണാമം. ന്യൂസ് പോലെ തന്നെ വാർത്തയും അതുദ്ദേശിക്കപ്പെട്ടിട്ടുള്ള അർത്ഥത്തിൽ ലളിതവും മനോഹരവുമാണെങ്കിലും 'NEWS' ന്റെ അക്ഷരാർത്ഥം വാർത്തയ്ക്കില്ല. നോർത്ത് (NORTH), ഈസ്റ്റ് (EAST), വെസ്റ്റ് (WEST) സൗത്ത് (SOUTH) എന്നിങ്ങനെ NEWS-ലെ അക്ഷരങ്ങളുടെ ദിശാർത്ഥങ്ങൾ ആ വാക്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് എത്ര ഉചിതങ്ങളാണ്. ഭൂമിയുടെ നാലു ദിശകൾ. ഈ നാലു ദിശകളിൽ എവിടെ നിന്നു വേണമെങ്കിലും വരാം 'വിശേഷം' എന്ന 'വാർത്ത' എന്ന 'ന്യൂസ്'

സമകാലികജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമാണ് വാർത്താ മാധ്യമങ്ങൾ. ജനം പുറംലോകവുമായി സംവദിക്കുന്നത് വാർത്താ മാധ്യമങ്ങളിലൂടെയാണ്. വാർത്തകൾ ലോകത്തിന് എത്തിച്ചു കൊടുക്കുക എന്ന ദൗത്യം മാത്രമല്ല ഇന്ന് പത്രങ്ങൾക്കുള്ളത്. വാർത്തകൾ ശേഖരിക്കുന്ന രീതി, വാർത്തകൾ നൽകുന്ന വിധം വാർത്തകൾ കൈമാറ്റം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങി വാർത്തകളുടെ സ്വഭാവം പ്രകൃതം, ഉറവിടം, മൂല്യം എന്നിവയിൽ ഒരു പുതിയ വാർത്താ സംസ്കാരം തന്നെ ഉടലെടുത്തിട്ടുണ്ട്.

## വാർത്ത-നിർവചനം

വാർത്തയുടെ നിർവചനം കൃത്യമായ ഒരു ചട്ടകൂടിൽ ഒതുങ്ങുന്നതല്ല. ലോകത്തിൽ അവയ്ക്കുള്ള സ്ഥാനവും വൈവിധ്യവും മനുഷ്യസ്വഭാവത്തിന്റെ നാനാത്വവും ഒക്കെ വാർത്തയുടെ ആപേക്ഷികത്വത്തിനു കാരണമായി പറയാവുന്നതാണ്.

1. അസാധാരണമായതും പുതുമയുള്ളതുമായ സംഭവങ്ങളെ വാർത്ത എന്ന് പറയാവുന്നതാണ്.
2. ലോകത്തെ നാനാഭാഗങ്ങളിൽ നിന്നു വരുന്ന വിശേഷങ്ങളാണ് വാർത്തകൾ അവയെ 'NEWS' എന്ന പദം കൊണ്ട് വിവക്ഷിക്കാവുന്നതാണ്.
3. വെളിപ്പെടുത്തുന്ന സ്വഭാവം കാണിക്കുന്ന വിശേഷങ്ങളാണ് വാർത്തകൾ
4. പുതിയ വിശേഷങ്ങളെ വാർത്ത എന്നു പറയാം.
5. ഇതുവരെ ആർക്കും അറിവില്ലാതിരുന്ന കാര്യങ്ങളെ വാർത്ത എന്നു പറയാവുന്നതാണ്.
6. ജനവിഭാഗത്തെയോ സമൂഹത്തെയോ പ്രതിപാദിക്കുന്നതും അവർക്കു താല്പര്യമുണ്ടാകുകയും മനസ്സിലാവുകയും ചെയ്യുന്ന സംഭവമോ ആശയമോ ആണ് വാർത്ത.
7. പത്രം അച്ചടിക്കുകയും റേഡിയോ പ്രക്ഷേപണം ചെയ്യുകയും ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന കാര്യങ്ങളും അസാധാരണമായതുമായ എന്തോ അതാണ് വാർത്ത എന്നു പറയാം.
8. പുതുമയുള്ളതാണ് വാർത്ത
9. വായനക്കാരനു കൗതുകം ജനിപ്പിക്കുകയും താല്പര്യമുളവാക്കുകയും ചെയ്യുന്ന കാലികസംഭവങ്ങളെ വാർത്ത എന്നു പറയാം.
10. ജീവനും സ്വത്തിനും സംബന്ധിയായതും കൗതുകവും ആകാംഷയും നിറയ്ക്കുന്നതുമായ കാര്യങ്ങളാണ് വാർത്തകൾ.

വാർത്തയ്ക്കു പൂർണ്ണമായതും യഥാർത്ഥ രീതിയിൽ അവയെ സൂചിപ്പിക്കുന്നതുമായ നിർവചനം നല്കുക അസാധ്യമാണ്. വാർത്തയുടെ സർവ സ്വഭാവവിശേഷങ്ങളും ക്രോഡീകരിക്കുന്ന തരത്തിലുള്ള നിർവചനം ഇല്ല. വായനക്കാരുടെ വിഭിന്നവും പ്രകൃതവും വാർത്തയുടെ ആപേക്ഷിക സ്വഭാവവുമാണ് ഈ വൈവിധ്യത്തിന് കാരണമായി മാറുന്നത് .

ഒരേവാർത്തയ്ക്ക് ഒരേതരത്തിൽ പ്രതികരിക്കുന്ന രണ്ടു വായനക്കാരെ ഒരേസമയം സ്വാധീനിക്കാൻ കഴിയില്ല. ഓരോ വാർത്തയും ഓരോരുത്തരിലും സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ വ്യത്യസ്തമാണ്. വാർത്തയ്ക്ക് കൃത്യമായ ഭൂമിശാസ്ത്രഅതിരുകൾ നിർവചിക്കാൻ സാധ്യമല്ല.

എവിടെ നിന്ന് എത്തുന്ന ഏതു തരത്തിലുള്ള അറിവുകളെയും വാർത്തയായ് പരിഗണിക്കാവുന്നതാണ്. അതിനാൽ തന്നെ എവിടെ നടക്കുന്ന ഏതു സംഭവവും വായനക്കാരനിൽ എത്തുമ്പോൾ അത് വാർത്തയായി മാറുന്നു. അത് മനുഷ്യരിൽ താല്പര്യം ജനിപ്പിക്കുകയും അവന്റെ ജിജ്ഞാസയെ വർധിപ്പിക്കുകയും ചെയ്യുന്നു. അസാധാരണത്വമുള്ള വിശേഷമെന്നും വാർത്തയെ പറയാം.

വാർത്തയ്ക്ക് ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളൊന്നുമില്ലെന്നു സൂചിപ്പിച്ചുവല്ലോ എവിടെ നിന്ന് എത്തുന്ന ഏതുവിശേഷങ്ങളും വാർത്തകളാണ്. വായനക്കാരന്റെ ജിജ്ഞാസയെ ത്വരിതപ്പെടുത്തുന്നതിന്റെ തോതാണ് വാർത്തയുടെ വലിപ്പച്ചെറുപ്പത്തിനും പ്രാധാന്യത്തിനും നിദാനം എന്നു വേണമെങ്കിൽ പറയാം. വലിയ വാർത്ത വലിയ തോതിലും വേഗത്തിലും അവനിൽ ഉദ്വേഗമുണർത്തുന്നു. ചെറിയ ചെറിയ വാർത്തകൾ ചെറിയ തോതിലും. വാർത്ത ആപേക്ഷികം കൂടിയാണ്. ഒരാളിൽ ജിജ്ഞാസയുണർത്തുന്ന വാർത്ത മറ്റൊരാളിൽ അതുണ്ടാക്കണമെന്നില്ല. ഒരാൾക്കുപ്രാധാന്യം തോന്നുന്ന വാർത്ത മറ്റൊരാൾക്ക് പ്രധാനപ്പെട്ടതായിക്കൊള്ളണമെന്നില്ല. ഒരാൾക്ക് കുപ്രാധാന്യം തോന്നുന്ന വാർത്ത മറ്റൊരാൾക്ക് പ്രധാനപ്പെട്ടതായി കൊള്ളണമെന്നില്ല ഈ ആപേക്ഷിക സ്വഭാവമാണ് വാർത്തയെ ചെറുതും വലുതും പ്രധാനവും അപ്രധാനവും ദേശീയവും അന്തർദേശീയവും സാംസ്ഥാനികവും പ്രാദേശികവുമൊക്കെയാക്കി മാറ്റുന്നത്.

## വാർത്തകളുടെ രീതിശാസ്ത്രം

സംവേദനക്ഷമമായ സ്വഭാവം പ്രകടിപ്പിക്കുന്നതാണ് വാർത്തകൾ. ടെലിവിഷൻ, റേഡിയോ എന്നിവയിൽ വരുന്ന വാർത്തകൾ പത്രങ്ങളിൽ വരുന്ന വാർത്തകളിൽ നിന്ന് വ്യത്യസ്തമാണ്. ടെലിവിഷൻ, റേഡിയോ വാർത്തകൾ വീണ്ടും വായനയ്ക്കോ കേൾവിക്കോ പുനരവസരം നൽകുന്നില്ല. അതുകൊണ്ട് തന്നെ പ്രഥമദർശനത്തിലും കേൾവിയിലും പ്രേക്ഷകനോട് പൂർണ്ണമായി സംവദിക്കാൻ കഴിയുന്നതായിരിക്കണം ഈ മാധ്യമങ്ങളിലെ വാർത്തകൾ. അതായത് അത്യന്തം ലളിതവും സുവ്യക്തവും സംവേദക്ഷമവുമാകണം. ഇവയിൽ വരുന്ന വാർത്തകളിലെ ഭാഷയിൽ ദുർഗ്രഹതയോ, വക്രതയോ, അവ്യക്തതയോ ഉണ്ടാകാൻ പാടില്ല. അവയിലെ വാർത്താപ്രയോഗങ്ങൾ പ്രേക്ഷകർക്ക് സുപരിചിതവും സാധാരണവും ആയിരിക്കണം. ഈ മാധ്യമങ്ങളിൽ വാർത്തകൾ കാണുന്നവരും കേൾക്കുന്നവരും വ്യത്യസ്തഭാഷാനിലവാരമുള്ളവരാണ്. വാർത്തകളിലൂടെ പകരുന്ന വിവരം നിർബന്ധമായും ആധികാരികമായിരിക്കണം. അത് സംവദിക്കേണ്ടത് ആകർഷകമായ രീതിയിലും. അനൗപചാരികമായതും, ആധികാരികമായിരിക്കണമെന്ന് സാരം. വാർത്തകളിലൂടെ സംവദിക്കേണ്ട വിവരങ്ങൾ ആധികാരികമാണെന്ന വിശ്വാസം പ്രേക്ഷകന് ഉണ്ടെന്നതുകൊണ്ടുതന്നെ ആധികാരികമല്ലാത്തതും തെറ്റായതും വ്യാജവുമായ വിവരങ്ങൾ കൈമാറുന്നത് പൊറുക്കാനാവാത്ത തെറ്റാണ്. വാർത്തയിലെ ആശയം വായനക്കാരനോ, കേൾവിക്കാരനോ കൃത്യമായും ലഭിച്ചില്ലെങ്കിൽ ആ വാർത്ത നിഷ്പ്രയോജനമാണ്. അവയിലെ വാചാലതയെ അതിശയിപ്പിക്കുന്ന തരത്തിലുള്ളവയാണ് വാർത്തയിലെ ലിഖിതഭാഗം. ഒരു വാർത്തയിലെ ആദ്യവാക്കോ വാചകമോ വായനക്കാരനോ, പ്രേക്ഷകനോ വ്യക്തമായില്ലെങ്കിൽ അതെന്താണെന്നുള്ള ആലോചനകാരണം തുടർന്നു വരുന്ന ഭാഗങ്ങൾ അയാൾക്ക് അപ്രാപ്യമാകില്ല.

വാർത്തയിലെ ഏതെങ്കിലും ഒരു വാക്കിന്റെ അർഥമോ ആശയമോ മനസിലാകാത്ത പക്ഷം വായനക്കാരും, കേൾവിക്കാരും ആശയകുഴപ്പത്തിലാവുകയും തുടർന്ന് ആ ഭാഗം മനസിലാകാതെ പോകുകയും ചെയ്യും. തെറ്റായ ഒരു വാക്കിന്റെ പ്രയോഗം ആ വാർത്തയെ മൊത്തം അപകടപ്പെടുത്തും. അർഥശങ്കയ്ക്കിടയാക്കുന്ന ഒരു വാക്കും ആശയം വ്യക്തമാകാത്ത ഒരു വാക്കും, വാർത്ത രചനയ്ക്ക് ഉപയോഗിക്കാൻ പാടില്ല. വാർത്ത രചിക്കുന്ന ആൾക്ക് പൂർണബോധ്യമുള്ള വാക്കുകളും വാചകങ്ങളും മാത്രമേ പ്രയോഗിക്കാൻ പാടുള്ളൂ. വാർത്ത എഴുതുന്നവർക്ക് അതിൽ പൂർണബോധ്യമുണ്ടെങ്കിൽ വായനക്കാരന് അത് ഉൾക്കൊള്ളാനാവുമെന്ന് സാരം.

പ്രതിലോമ വാർത്താരീതി, തലകുത്തനെയുള്ള പിരമിഡ് ശൈലി എന്നും ഈ രീതി അറിയപ്പെടുന്നു. ഇത് പരമ്പരാഗത വാർത്താര

ചനയിൽ നിലനിന്നിരുന്ന രീതിയാണ്. ഏറ്റവും പ്രധാനപ്പെട്ട വസ്തുത ഉൾക്കൊള്ളുന്ന വാർത്തയിൽ നിന്ന് പ്രാധാന്യം കുറഞ്ഞ വസ്തുതയിലേയ്ക്ക് വാർത്ത പ്രവഹിക്കുന്നു എന്നതാണിതിന്റെ പ്രത്യേകത. വാർത്തയുടെ കേന്ദ്രാശയം ആദ്യം തന്നെ ഇതിൽ പ്രകടമാകുന്നു എന്നതാണ് ഇതിന് കാരണം. ഇവിടെ വാർത്ത മുഴുവനായി അവതരിപ്പിക്കാതെ അല്ലെങ്കിൽ വായിക്കാതെ അത്യാവശ്യ വിവരങ്ങൾ അറിയാൻ വായനക്കാരനെ ഇത് സഹായിക്കുന്നു. തലകീഴായ പിരമിഡ് രീതിക്ക് പ്രധാനമായും മൂന്ന് ഘടകങ്ങളാണുള്ളത്. അവ ആമുഖം, വാർത്താശരീരം, ഉപസംഹാരം എന്നിവയാണ്.

ആദ്യം വരുന്നത് ആമുഖമാണ്. ഇതിന്റെ ധർമ്മം വാർത്തയിലേക്ക് വായനക്കാരനെ എത്തിക്കുക എന്നതാണ്. ആമുഖത്തെ ലീഡ് അല്ലെങ്കിൽ ഇന്ഡ്രോ എന്നും പറയാറുണ്ട്. ഒരു വാർത്തയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. 5 തരത്തിലുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ഇതിൽ പ്രകടമാണ്. ആര്, എന്ത്, എവിടെ, എപ്പോൾ, എന്തുകൊണ്ട് എന്നിവയാണ് ആ അഞ്ചു ചോദ്യങ്ങൾ. കൂടാതെ ഒരു ചോദ്യമായ എങ്ങനെ എന്ന ചോദ്യത്തിനും ഇതിൽ ഉത്തരം ലഭിക്കുന്നു. സമ്മറി ലീഡ്, സിമ്പിൾ ലീഡ്, കോംപ്ലക്സ് ലീഡ്, ഉദ്ധരണി ലീഡ്, ചോദ്യലീഡ് എന്നിങ്ങനെ വിവിധ തരം വാർത്താ ആമുഖങ്ങളുണ്ട്.

ഇത് ആമുഖത്തിന്റെ തുടർച്ചയായി വരുന്ന ഭാഗമാണ്. വാർത്താശരീരം വിവരണങ്ങളുടെ ഒരു മേഖലയാണ്. ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകളുടെ വിവരണമാണ് വാർത്താശരീരത്തിൽ കാണുന്നത്. തലകീഴായ പിരമിഡ് രീതിയുടെ അവസാനഘട്ടമാണിത്. വാർത്തയിൽ വളരെ പ്രാധാന്യം കുറഞ്ഞ ഭാഗങ്ങളാണ് ഇവിടെ വരുന്നത് ഈ ഘട്ടത്തിൽ സാമാന്യമായി വിവരിക്കുന്നത് വാർത്തയുടെ പശ്ചാത്തല വിവരങ്ങളായിരിക്കും.

**ലേഖകൻ**

ഒരു ലേഖകൻ വാർത്തകൾ ശേഖരിച്ച് എഴുതുന്നത് ലക്ഷക്കണക്കിന് വായനക്കാർക്കും ശ്രോതാക്കൾക്കും പ്രേക്ഷകർക്കും വേണ്ടിയാണ്. പത്രത്തിന്റെ പ്രശസ്തിയും വിശ്വാസ്യതയും വലിയൊരളവുവരെ അതിലെ ലേഖകരെ ആശ്രയിച്ചിരിക്കുന്നു. പത്രത്തിന്റെ സൽപ്പേര് വർധിപ്പിക്കുന്നതിനും അതോടൊപ്പം കളങ്കപ്പെടുത്തുന്നതിനും ലേഖകനു സാധിക്കുന്നു. ഒരു സംഭവം റിപ്പോർട്ടു ചെയ്യുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്?, മുഴുവൻ സംഭവങ്ങൾ, എന്തുകൊണ്ട് എങ്ങനെ ഇത് സംഭവിച്ചു? എന്താണ് ഇതിന്റെ വിശദീകരണങ്ങൾ. ഇത് എന്തിലേക്കെല്ലാം വിരൽ ചൂണ്ടുന്നു? ഈ സംഭവത്തിന്റെ വെളിച്ചത്തിൽ അടുത്തതായി സംഭവിക്കാൻപോകുന്നതെന്ത്? എന്നിങ്ങനെയുള്ള വിവരങ്ങൾ ലേഖകൻ തിരക്കിയിരിക്കും.

## വാർത്തകൾ തരംതിരിക്കുന്ന വിധം

**രാഷ്ട്രീയ വാർത്തകൾ**

രാഷ്ട്രത്തിന്റെ നയപരിപാടികൾ, സാമ്പത്തികാസൂത്രണങ്ങൾ, കേന്ദ്രസംസ്ഥാന പ്രശ്നങ്ങൾ, ജനക്ഷേമപരിപാടികൾ എന്നിവ രാഷ്ട്രീയ വാർത്തകളാണ്. രാഷ്ട്രീയ സംഭാവവികാസങ്ങളെക്കുറിച്ച് ലേഖകന്മാർ നടത്തുന്ന വിലയിരുത്തലുകളും വിശകലനങ്ങളും രാഷ്ട്രീയ വാർത്തകൾക്ക് ഉദാഹരണങ്ങളാണ്.

**തെരഞ്ഞെടുപ്പു വാർത്തകൾ**

പൗരന്മാർക്ക് സജീവമായ ഭാഗധേയത്വമുള്ള പ്രക്രിയയാണ് തെരഞ്ഞെടുപ്പുകൾ. അതുകൊണ്ട് തന്നെ ഇത്തരം വാർത്ത അതീവതാല്പര്യമുള്ളതും പ്രാധാന്യമുള്ളതുമാണ്

**ചരമ വാർത്തകൾ**

ചരമം, ശവസംസ്കാരം, അനുശോചനം, ഓർമക്കുറിപ്പുകൾ, അപകടമരണങ്ങൾ, പശ്ചാത്തല ലേഖനങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽ പെടുന്നു

**സാമൂഹിക വാർത്തകൾ**

വ്യക്തിപരവും സർക്കാർ തലത്തിലും സന്നദ്ധസേവനസംഘടനാതലത്തിലും ചെറുതും വലുതുമായ തോതിൽ നിരവധി സേവനങ്ങൾ നടക്കുന്നുണ്ട്. സമൂഹനന്മയ്ക്കായി ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർത്തകൾ സാമൂഹ്യ വാർത്തയിൽ പെടും

**സാമൂഹികവിരുദ്ധവാർത്തകൾ**

പിടിച്ചുപറി, കൊള്ള, കൊലപാതകം, നോട്ടിരട്ടിപ്പ്, ഗുണ്ടാവിളയാട്ടം, കബളിപ്പിക്കൽ, വ്യ

ഭിചാരം ഇവയൊക്കെ സാമൂഹിക വിരുദ്ധ വാർത്തകളാണ്.

**സാമുദായിക വാർത്തകൾ**

സമുദായങ്ങളുടെയും സാമുദായിക സംഘടനകളുടെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ളവയാണ് സാമുദായിക വാർത്തകൾ, പെരുന്നാളുകൾ, ഉത്സവങ്ങൾ, കൺവെൻഷനുകൾ, പ്രതിഷേധങ്ങൾ, അവകാശസമരങ്ങൾ തുടങ്ങിയവയൊക്കെ ഈ വിഭാഗത്തിൽപ്പെടും.

**സാംസ്കാരിക വാർത്തകൾ**

കലാ- സാഹിത്യരംഗങ്ങളിലെ ഏതു വാർത്തയേയും ഈ വിഭാഗത്തിൽ പെടുത്താം. ഇതിന് കൂടുതൽ വായനക്കാരുണ്ട്

**സാമ്പത്തിക വാർത്തകൾ**

സാമ്പത്തിക രംഗത്തെ ഏത് സംഭവവികാസവും പ്രാധാന്യമുള്ളതാണ്. പണപ്പെരുപ്പം, പണദൗർലഭ്യം, നികുതിവർധനവ്, നികുതിയിളവ്, സ്റ്റോക്ക്എക്സ്ചേഞ്ചുകൾ, ഷെയർ വിപണി തുടങ്ങിയവ ഇതിൽപ്പെടും

**വിദ്യാഭ്യാസ വാർത്തകൾ**

വിദ്യാഭ്യാസ മേഖലയിൽ, പ്രൈമറിതലം മുതൽ ഉന്നത ഗവേഷണരംഗം വരെയുള്ള വാർത്തകൾ ഈ ഗണത്തിൽപ്പെടുത്താവുന്നവയാണ്.

**ശാസ്ത്രസാങ്കേതിക വാർത്തകൾ**

ശാസ്ത്രസാങ്കേതികരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഇത്തരം വാർത്തകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

**സ്പോട്സ് വാർത്തകൾ**

പ്രായഭേദമന്യേ ഏവരേയും ആകർഷിക്കുന്ന ഒന്നാണ് കായിക വാർത്തകൾ. ഒട്ടുമിക്ക പത്രങ്ങളും ഒന്നിലധികം പേജുകൾ കായിക വാർത്തകൾക്കായി മാറ്റിവയ്ക്കുന്നുണ്ട്.

**സിനിമാവാർത്തകൾ**

സിനിമ ഏറ്റവും വലിയ വിനോദോപാദികളിൽ ഒന്നാണ്. വിനോദവുമായി ബന്ധപ്പെട്ട വാർത്തകൾ വായനക്കാർ ഇഷ്ടപ്പെടുന്നു. ഗോസിപ്പുകൾ ആർത്തിയോടെ ജനം സ്വീകരിക്കും.

**കോടതി വാർത്തകൾ**

കേസുകളുടെ വിചാരണയും വിധിയുമെല്ലാം വാർത്താപ്രാധാന്യമുള്ളതാണ്. കേസിന്റെ സ്വഭാവവും അതിലുൾപ്പെടുന്ന വ്യക്തികളുടെ സ്ഥാനമാനങ്ങളും അനുസരിച്ച് വാർത്തയുടെ പ്രാധാന്യത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും.

**കാർഷിക വാർത്തകൾ**

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഭൂരിപക്ഷം ജനങ്ങളുടേയും പ്രധാന ജീവിതമാർഗമാണ് കൃഷി. അതുകൊണ്ടു തന്നെ ഈ മേഖലയിലെ സർക്കാർ നയങ്ങൾ, മുതൽമുടക്ക് പ്രതിസന്ധികൾ, കടാശ്വാസം, വിജയഗാഥകൾ, വരൾച്ച, സബ്സിഡി മുതലായവ വാർത്തകളാകുന്നു.

**വ്യാവസായിക വാർത്തകൾ**

കാർഷികമേഖല പോലെ പ്രാധാന്യമർഹിക്കുന്നതാണ് വ്യാവസായിക രംഗം. ഈ മേഖലയിൽ വളർച്ചാ വികസനം, നയങ്ങൾ, പ്രതിസന്ധികൾ, തൊഴിലാളി സമരങ്ങൾ, അസംസ്കൃതവസ്തുക്കളുടെ വില തുടങ്ങിയവ വ്യാവസായിക വാർത്തകൾക്ക് ഉദാഹരണമാണ്.

**നിയമനിർമാണസഭകൾ**

ജനാധിപത്യഭരണത്തിന്റെ ശ്രീകോവിലാണ് നിയമനിർമാണസഭകൾ. അതുകൊണ്ടു തന്നെ ഇവിടെ നിർമിക്കുന്ന നിയമങ്ങൾ, നയങ്ങൾ, ചർച്ചകൾ, പദ്ധതികൾ എന്നിവ ജനങ്ങളെനേരിട്ടു ബാധിക്കുന്നവയാണ്.

**വികസനോന്മുഖവാർത്തകൾ**

നാട്ടിൽ നടക്കുന്ന വിസന പ്രവർത്തനങ്ങളെ സംബന്ധിച്ച വാർത്തകളാണ് ഈ വിഭാഗത്തിൽ പ്പെടുത്തേണ്ടത്.

## വാർത്താമൂല്യങ്ങൾ

ഭിന്നപ്രകൃതങ്ങളും ഭിന്നസ്വഭാവങ്ങളും ചേർന്നതാണ് വാർത്തകൾ. വായനക്കാരന് വാർത്തയിൽ ഉളവാകുന്ന താല്പര്യത്തിന്റെ ഏറ്റക്കുറച്ചിലാണ് വാർത്താപ്രാധാന്യത്തിനു നിദാനം. അവന് താല്പര്യമുള്ള വാർത്തയ്ക്ക് പ്രാധാന്യം കൂടുകയും താല്പര്യമില്ലാത്ത വാർത്തയ്ക്ക് പ്രാധാന്യം കുറയുകയും ചെയ്യുന്നു. വാർത്തയുടെ ഈ പ്രാധാന്യത്തെ വാർത്താമൂല്യം എന്നു പറയുന്നു. ഒരു വിശേഷത്തിന്റെ വാർത്താ മൂല്യം അളക്കുന്നതിന് പത്രപ്രവർത്തകനുള്ള കഴിവിനെ വാർത്താവബോധം (News Sense)എന്നു പറയാം. വാർത്ത കണ്ടുപിടിക്കാനുള്ള അവന്റെ

കഴിവിനെ വാർത്താമൂക്ക് (Nose for News) അഥവാ വാർത്ത മണത്തറിയാനുള്ള സാമർഥ്യം അഥവാ വാർത്താ ഘ്രാണം എന്നും പറയും. പത്രപ്രവർത്തകന്റെ ഘ്രാണശക്തി വാർത്ത തിരഞ്ഞു പിടിക്കാൻ ഉപകരിക്കുമ്പോൾ അവന്റെ വാർത്താ ബോധം വാർത്തകളുടെ മൂല്യനിർണയത്തെ സഹായിക്കുന്നു. ഈ മൂല്യനിർണയ ശേഷിയാണ് വാർത്തകളെ പ്രാധാന്യമനുസരിച്ച് പത്രത്താളുകളിൽ അടുക്കാൻ സഹായിക്കുന്നത്. വാർത്താമൂല്യത്തിനു നിദാനമായി ചിലഘടകങ്ങളും ചില കാരണങ്ങളും ഉണ്ട് അവയെ മൂല്യമൂലകങ്ങൾ എന്നു വിളിക്കാം. ഒരേ വാർത്തയ്ക്കു തന്നെ സ്ഥലകാലഭേദമനുസരിച്ച് മൂല്യത്തിൽ മാറ്റം ഉണ്ടാകാം. വാർത്താ മൂല്യത്തിന് ചില അടിസ്ഥാനഘടകങ്ങൾ ഉണ്ട്. വാർത്താ മൂല്യം അളക്കാനുള്ള റിപ്പോർട്ടറുടെ കഴിവ് പത്രത്തിന്റെ നിലനില്പിന് ഒഴിച്ചുകൂടാനാവാത്തതാണ്. അപ്രധാന വാർത്തകൾക്ക് അതിപ്രാധാന്യം നൽകുകയും അതിപ്രധാന വാർത്തകൾ അപ്രധാനമാക്കുകയും ചെയ്താൽ വായനക്കാരൻ അക്ഷമനാകും. ഈ അക്ഷമ അവനിൽ അരോചകത്വമുളവാക്കും. ഈ അരോചകത്വം പത്രപ്രചാരത്തെ ബാധിക്കും.

### 1. സാമീപ്യം

വാർത്തയ്ക്ക് ആധാരമായ സംഭവം നടക്കുന്ന സ്ഥലവും വായനക്കാരനും തമ്മിലുള്ള സാമീപ്യമാണ് വാർത്താമൂല്യത്തിന് ആധാരമായ ഒന്നാമത്തെ വസ്തുത. ഒരു സംഭവവും വായനക്കാരനും തമ്മിലുള്ള അകലം വാർത്തയുടെ പ്രാധാന്യത്തെ എങ്ങനെ ബാധിക്കുന്നു എന്നതാണ് സാമീപ്യത്തിന് അടിസ്ഥാനം. നമ്മുടെ തൊട്ടടുത്ത് ഒരു വാഹനാപകടം ഉണ്ടായെന്നു കരുതുക. ഒരു സ്കൂട്ടറും കാറും കൂട്ടിയിടിച്ചു സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. ഈ സംഭവം അമേരിക്കയിൽ ബസ് മറിഞ്ഞ് അമ്പതു പേർ മരിച്ച സംഭവത്തേക്കാൾ നമുക്ക് വാർത്താ മൂല്യമുള്ളതാകുന്നു. ബംഗ്ലാദേശിൽ കടത്തുവള്ളം മറിഞ്ഞ് നാൽപ്പതുപേർ മരിച്ചാൽ ഒരു ചെറിയ ഒറ്റക്കോളം വാർത്തയായും, ആലുവാപ്പുഴയിൽ വള്ളംമുങ്ങി പത്തുപേർ മരിച്ചാൽ അന്നത്തെ പ്രധാന വാർത്തയായും പത്രങ്ങൾ കൊടുക്കുക സാധാരണമാണ്. അതേസമയം ബംഗ്ലാദേശിലെ പത്രങ്ങൾ അവരുടെ വാർത്തയ്ക്കു പ്രാധാന്യം നൽകും. ആലുവാപ്പുഴയിലെ വാർത്ത കൊടുക്കുകയോ കൊടുക്കാതിരിക്കുകയും ആകാം. നമ്മുടെ പത്രങ്ങൾ ആലുവാപ്പുഴയിലെ അപകടവാർത്ത കൊടുക്കാതിരുന്നാലോ അതിന്റെ പ്രാധാന്യം കുറച്ചു കളഞ്ഞാലോ നമ്മുടെ വായനക്കാർ നെറ്റിചുളിക്കുകയും പത്രത്തെ പഴിക്കുകയും ചെയ്യും. എന്നാൽ ബംഗ്ലാദേശിലെ അപകടവാർത്ത കൊടുത്താലും കൊടുത്തില്ലെങ്കിലും അവർ പ്രതികരിക്കുകയുമില്ല.

### 2. മാറ്റം

ലോകത്ത് ഒന്നിലും ഒരു മാറ്റമുണ്ടാകുന്നില്ലെങ്കിൽ വാർത്തയേ ഉണ്ടാവില്ല. എല്ലാം മാറ്റമില്ലാതെ ഒരേ സ്ഥിതിയിൽ തുടർന്നാൽ എന്തു വാർത്തയുണ്ടാകാനാണ്. കമ്പോള നിലവാരത്തിൽ മാറ്റമില്ലെങ്കിൽ പത്രങ്ങൾ എഴുതും, വിലയിൽ മറ്റമില്ലാതെ തുടരുന്നു എന്ന്. അതായത് മാറ്റമാണ് വാർത്തകളാകുന്നത്. മാറ്റത്തിന്റെ വലിപ്പച്ചെറുപ്പം വാർത്താമൂല്യത്തിലും ഏറ്റക്കുറച്ചിലുണ്ടാക്കുന്നു. ചെറിയ മാറ്റം മുതൽ വലിയ മാറ്റം വരെ വാർത്തകൾ സൃഷ്ടിക്കുന്നു. പള്ളിക്കമ്മിറ്റിയോ ക്ഷേത്രക്കമ്മിറ്റിയോ മാറുന്നതു മുതൽ കേന്ദ്രമന്ത്രിസഭയിൽ മാറ്റമുണ്ടാകുന്നതുവരെ പ്രാദേശികവും സംസ്ഥാനികവും ദേശീയവും അന്തർദേശീയവുമായമൂല്യങ്ങളുള്ള എത്രയെത്ര വാർത്തകളാണുണ്ടാകുന്നത്. സംഘടനകൾ പിളർന്നാലും, രാഷ്ട്രീയ കക്ഷികൾ പിളർന്നാലും വാർത്തകളാകുന്നു. പിളർപ്പിന്റെ രൂക്ഷത വാർത്താമൂല്യത്തിൽ മാറ്റമുളവാക്കുന്നു. വിഭിന്ന മൂല്യങ്ങളുള്ള ഈ വാർത്തകളുടെ മൂല്യങ്ങളുടെ ഏറ്റക്കുറച്ചിലിനു കാരണം മാറ്റം തന്നെ. മാറ്റം സംഭവിച്ചാലും മാറ്റം സംഭവിക്കുമെന്ന് ഉറപ്പായാലും മാറ്റം സംഭവിച്ചേക്കും എന്ന് റിപ്പോർട്ടർക്ക് ബോധ്യമായാലും വാർത്തയാകും.

### 3. തർക്കങ്ങൾ, അഭിപ്രായഭിന്നതകൾ, വിവാദങ്ങൾ

തർക്കങ്ങളുടെ ആഴവും തർക്കങ്ങളിലേർപ്പെടുന്ന വ്യക്തികളുടെ എണ്ണവും വലിപ്പവും സംഘടനകളുടെ സ്വാധീനം, രാഷ്ട്രങ്ങളുടെ ശാക്തികശേഷി, തർക്കങ്ങളുടെ സ്വഭാവങ്ങൾ തുടങ്ങിയ കാര്യങ്ങൾ വാർത്താമൂല്യത്തിൽ ഏറ്റ

ക്കുറച്ചിലുകളുണ്ടാക്കുന്നു. രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള തർക്കങ്ങൾ, ഒരു രാഷ്ട്രീയ കക്ഷി ക്കുള്ളിലെ തന്നെ പടലപ്പിണക്കങ്ങൾ, ഭരണപ ക്ഷവും പ്രതിപക്ഷവും തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മി ലുള്ള അഭിപ്രായ സംഘട്ടനങ്ങൾ, രാഷ്ട്രങ്ങൾ തമ്മിലുള്ള അതിരുതർക്കങ്ങൾ, ആശയസംഘട്ട നങ്ങൾ, ചേരിപ്പോരുകൾ, ശാക്തികഉരസലുകൾ എല്ലാം വ്യത്യസ്ത മൂല്യങ്ങളുള്ള വാർത്തകളാ ണ്.അയൽക്കാർ തമ്മിലുള്ള അതിരുതർക്കം അവർക്ക് മാത്രം വാർത്തയാകുന്നു. എന്നാൽ ആ തർക്കത്തിന്റെ പേരിൽ സംഘട്ടനമുണ്ടാവു കയും ഒരാൾ കൊലപ്പെടുകയും ചെയ്താൽ അത് നാട്ടുകാർക്ക് വാർത്തയാകുന്നു. സംഘട്ട നത്തിന്റെ വലിപ്പവും കൊല്ലപ്പെടുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണത്തിനനുസരി ച്ച് സംഭവത്തിന് വാർത്താമൂല്യം കൂടുന്നു. സം സ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ എന്നും ആഗോള വാർത്തയാണ്. ആതർക്കങ്ങൾ യുദ്ധ ങ്ങളിലേക്ക് വഴി തെളിയുമ്പോൾ അത് വലിയ വാർത്തയായിത്തീരുന്നു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ, ഇന്ത്യ-ചൈന യുദ്ധം, ഇന്ത്യാ പാക് യുദ്ധങ്ങൾ, ഇറാൻ - ഇറാക്ക് യുദ്ധം, കു വൈറ്റ് യുദ്ധം ഇവയൊക്കെ മൂല്യങ്ങളേറിയ വാർത്തകളാണ്.

### 4. അപകടങ്ങൾ, അത്യാഹിതങ്ങൾ

ഏതപകടവും വാർത്തയാണ്. ചെറിയ അപ കടങ്ങൾ ചെറിയ വാർത്തകളും വലിയ അപകട ങ്ങൾ വലിയ വാർത്തകളും സൃഷ്ടിക്കുന്നു. ഭൂമി കുലുക്കം, അഗ്നിപർവത സ്ഫോടനം, പ്രളയം, വരൾച്ച, കടൽക്ഷോഭം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളും ഭോപ്പാൽ ഗ്യാസ് ദുരന്തം, കനി ഷ്ക വിമാനാപകടം, പഞ്ചാബിലെ കൂട്ടക്കുരുതി, സിലോണിൽ തമിഴ്പുലികളുടെ അതിക്രമങ്ങൾ തുടങ്ങി മനുഷ്യ നിർമിതങ്ങളായ അപകടങ്ങ ളുമുണ്ട്. അപകടത്തിന്റെ വലിപ്പച്ചെറുപ്പം വാർ ത്താമൂല്യത്തിലും ഏറ്റക്കുറച്ചിലുണ്ടാക്കുന്നു. ഏത് ദിവസത്തെ പത്രമെടുത്തു നോക്കിയാലും അപകടങ്ങളുടെയും മരണങ്ങളുടെയും നിരവധി വാർത്തകളാണ് കാണാൻ സാധിക്കുന്നത് അവ യെല്ലാം വ്യത്യസ്തമൂല്യങ്ങളുള്ള വാർത്തകളാ കുന്നു. സ്കൂട്ടറും കാറും കൂട്ടിയിടിച്ച് ഒരാൾ മരി ച്ചാൽ ചെറിയ വാർത്ത, സ്കൂട്ടറിലുണ്ടായിരുന്ന രണ്ടു പേരും മരിച്ചാൽ അല്പം കൂടി വലിയ വാർ ത്ത, ബസ്സും ലോറിയും കൂട്ടിയിടിച്ച് നാലുപേർ മരിച്ചാൽ അല്പം കൂടി വലിയ വാർത്ത, പത്തു പേർ മരിച്ചാൽ അതിലും വലിയ വാർത്ത. ഒരു ബസ് കൊക്കയിലേക്ക് മറിഞ്ഞ് നൂറു പേർ മരി ച്ചാൽ ഏറ്റവും വലിയ വാർത്ത ഇങ്ങനെ പോകു ന്നു വാർത്താ മൂല്യം.

### 5. പുരോഗതി

ഏത് കാര്യത്തിലും ഏത് രംഗത്തുമുണ്ടാ ക്കുന്ന പുരോഗതി വാർത്താ മൂല്യമുള്ളവയാ ണ്. ജനതയുടെ ജീവിതം മെച്ചപ്പെടുത്തുന്നതി ന്റെ തിളക്കമുള്ള വാർത്തകൾ പുരോഗതിയിൽ നിന്ന് ഉണ്ടാകുന്നു. വ്യക്തിയുടെ പുരോഗതി, സമൂഹത്തിന്റെ പുരോഗതി, സമുദായത്തിന്റെ പുരോഗതി, സംഘടനകളുടെ പുരോഗതി, സംസ്ഥാനങ്ങളുടെ പുരോഗതി, രാഷ്ട്രത്തിന്റെ മൊത്തത്തിലുള്ള പുരോഗതി തുടങ്ങി വിവിധ മൂല്യങ്ങൾ ഉള്ള വാർത്തകൾ ഉണ്ട്. രാഷ്ട്രീയപു രോഗതി, സാമൂഹികപുരോഗതി, സാമ്പത്തികപു രോഗതി, സാമുദായികപുരോഗതി, വിദ്യാഭ്യാസ പുരോഗതി, ശാസ്ത്രപുരോഗതി ഇത്തരത്തിൽ ഏതു പുരോഗതിയും വാർത്തയാകും ഉദാഹ രണമായി മനുഷ്യന്റെ ബഹിരാകാശയാത്രയും ചന്ദ്രനിൽ പോകലുമൊക്കെ അവന്റെ ശാസ്ത്ര പുരോഗതിയുമായി ബന്ധപ്പെട്ട സംഭവങ്ങളാണ്.

### 6. അധോഗതി

പുരോഗതി വാർത്തയാകുന്നതു പോലെ അധോഗതിയും വാർത്തയാകും. വ്യക്തിക ളുടെ തകർച്ച, സാമുദായിക തകർച്ച, സാം സ്കാരികാധഃപതനങ്ങൾ, സാഹിത്യരംഗത്തെ മൂല്യച്യുതികൾ, സിനിമാകലാരംഗത്തെ നില വാരത്തകർച്ചകൾ, ആശയപരമായ പാപ്പര ത്തങ്ങൾ, വ്യക്തികളുടെയും സംസ്ഥാനത്തിന്റെ യും രാജ്യത്തിന്റെയും സാമ്പത്തിക അധോഗതി എന്നിവയെല്ലാ വാർത്തകളാണ്. വ്യക്തിയുടെ യുംസമുദായങ്ങളുടെയും ശാസ്ത്രത്തിന്റെയും അധഃപതനകഥകൾ എന്നും ഉത്സാഹപൂർവം വായിക്കപ്പെടേണ്ടതാണ്. കോടീശ്വരനായ ഒരു വ്യക്തി ഒരു സുപ്രഭാതത്തിൽ പാപ്പരായാൽ അത് വലിയ വാർത്തയാണ് അതുപോലെ

തന്നെ ശാസ്ത്രപുരോഗതി ചിലപ്പോൾ അധോഗതിയിലേക്കുള്ള വഴിവെട്ടുന്നുണ്ട്. അത്യന്താധുനികങ്ങളായ ആയുധങ്ങളുടെ കണ്ടുപിടിത്തം മനുഷ്യരാശിയുടെ തന്നെ വിനാശത്തിന് കാരണമായേക്കാം.

### 7. അക്രമങ്ങൾ അതിക്രമങ്ങൾ

അക്രമങ്ങളും അതിക്രമങ്ങളും വാർത്താ മൂല്യത്തിന് അടിസ്ഥാനമാണ്. അക്രമവാർത്തകൾ വായിക്കാൻ മനുഷ്യന് താല്പര്യം ഉണ്ട്.. കൊള്ള, കൊലപാതകം, കൊള്ളിവയ്പ് തുടങ്ങിയ ഈ വിഭാഗത്തിൽ പെടുന്നു. വിദ്യാർഥി അതിക്രമം കാണിച്ചാലും പോലീസോ, സർക്കാർ ജീവനക്കാരോ അതിക്രമം കാണിച്ചാലും അത് വാർത്തയാകും. ആക്രമണങ്ങളും ഇതേ രീതിയിൽ വാർത്തകളാണ്. മതത്തിന്റെയും ജാതിയുടെയും പേരിൽ വിഭിന്ന വിഭാഗങ്ങൾ നടത്തുന്ന ആക്രമണങ്ങൾ എല്ലാം വാർത്തയായിത്തീരുന്നു. ചൈന ഇന്ത്യൻ അതിർത്തിലംഘിച്ചാലും ഇന്ത്യ ചൈനയുടെ അതിർത്തിലംഘിച്ചാലും ആക്രമണമാണ്.

### 8. പ്രശസ്തിയും പ്രാമാണ്യവും

ഒരു സംഭവത്തിൽ അറിഞ്ഞോ അറിയാതെയോ ഭാഗഭാക്കാകുന്ന വ്യക്തിയുടെയോ വ്യക്തികളുടെയോ പ്രശസ്തി ആസംഭവത്തിന്റെ വാർത്താമൂല്യം വർധിപ്പിക്കും. ഇന്ദിരാ ഗാന്ധിയെ വെടിവെച്ച് കൊന്നത് ലോകവാർത്തയായി എന്നാൽ ഒരു സാധാരണക്കാരനെ വെടിവെച്ചു കൊന്നാൽ അത് ഒരു സാധാരണവാർത്ത മാത്രമായി തീരും.രണ്ടും വെടിവെച്ചു കൊല്ലലാണെങ്കിൽ പോലും വ്യക്തികളുടെ പ്രശസ്തിയും പ്രാമാണ്യവും അനുസരിച്ച് വാർത്താപ്രാധാന്യം ഏറിയും കുറഞ്ഞുമിരിക്കും.

### 9. പരിണത ഫലങ്ങൾ

ഒരു സംഭവത്തിന്റെ ഉടൻ ഉണ്ടാകുന്നതും ദീർഘകാലം തുടരുന്നതുമായ പരിണതഫലങ്ങൾ വാർത്താമൂല്യമുളവാക്കും. കൂടുതൽ ആളുകളെ അത് ബാധിക്കുമെങ്കിൽ അതിന്റെ മൂല്യം വർധിക്കും.പല സംഭവങ്ങളുടെ പരിണതഫലത്തെക്കുറിച്ചുള്ള ഭയമോ വേവലാതിയോ പോലും വാർത്തയാണ്. ആണവയുദ്ധഭീഷണി എന്നും വാർത്തയായി തുടരുന്നത് അതുകൊണ്ടാണ്. ഐക്യമുന്നണി ഭരണത്തിൽ രണ്ട് ഘടക കക്ഷികൾ തമ്മിലുള്ള അഭിപ്രായ ഭിന്നതയുടെ പരിണതഫലമായി മന്ത്രിസഭ മറിഞ്ഞു വീണാൽപ്രധാനവാർത്തയാകുന്നത് പരിണതഫലത്തിന്റെ വാർത്താമൂല്യത്വം കൊണ്ടാണ്.

### 10. കാരണം

എല്ലാ സംഭവത്തിനും പരിണതഫലങ്ങളുള്ളതുപോലെ കാരണങ്ങളുമുണ്ട്. ഈ കാരണങ്ങളും വാർത്താ മൂല്യങ്ങളാകുന്നു.അഗ്നിബാധ, വിമാനാപകടം, ഇതര വാഹനാപകടങ്ങൾ സ്ഫോടനങ്ങൾ തുടങ്ങിയവയുടെയൊക്കെ കാരണങ്ങൾ വാർത്തകളാണ്. ചില സംഭവങ്ങളുടെ കാരണങ്ങൾ ഉടൻ അറിയുന്നു ചിലതിന്റേത് നീണ്ട നീണ്ട അന്വേഷണങ്ങൾക്കുശേഷവും. എന്തെങ്കിലും കാരണമില്ലാതെ ഒന്നും സംഭവിക്കാറില്ല അതുകൊണ്ട് ഏത് സംഭവത്തിന്റെയും കാരണത്തിന് വാർത്താമൂല്യം ഉണ്ട്. ഒരു തീവണ്ടി പാളം തെറ്റിയാൽ വിമാനം തകർന്നു വീണാൽ കാരണം പെട്ടെന്ന് അറിവില്ലെങ്കിൽ ഒരു വാചകം വാർത്തയുടെ കൂടെ ചേർക്കുന്നു. “അട്ടിമറിയാണ് അപകട കാരണമെന്ന് സംശയിക്കുന്നു അല്ലെങ്കിൽ കാരണം അറിവായിട്ടില്ല” അത്രയും മതി വായനക്കാരന് പെട്ടെന്നൊരു ആശ്വാസമോ സംതൃപ്തിയോ ലഭിക്കാൻ. അല്ലെങ്കിൽ കാരണത്തെക്കുറിച്ചുള്ള അവന്റെ ഉദ്വേഗം അവനെ ശ്വാസം മുട്ടിക്കും.

### 11. കാലികത്വം

കാലിക സംഭവങ്ങളാണ് വാർത്തകൾ. കാലം, എന്തിന് സമയം കഴിയുന്തോറും സംഭവങ്ങളുടെ വാർത്താ മൂല്യംനഷ്ടപ്പെടുന്നു. ഇന്ന് നടന്ന സംഭവങ്ങൾ നാളെ വാർത്തയല്ലാതാവുന്നു. അവ സുപ്രധാന സംഭവങ്ങളാണെങ്കിൽ ചരിത്രമായി മാറുന്നു. പിന്നെ വാർത്തയാകുന്നത് ചരിത്രമായി മാറിയ സംഭവങ്ങളുടെ അറിയപ്പെടാത്ത ഭാഗങ്ങൾ. ഉദാഹരണമായി നേതാജി സുബാഷ് ചന്ദ്രബോസും അദ്ദേഹത്തിന്റെ തിരോധാനവും ചരിത്രമായി മാറിക്കഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ തിരോധാന ഹേതുവോ മരണം സംഭവിച്ച വിധമോ ഇന്ന് വെളിപ്പെടുത്തിയാൽ വാർത്തയാകും. നാളെയാണ് വെളിപ്പെടുന്നതെങ്കിൽ നാളെയും അതിന് വാർത്താ മൂല്യമുണ്ടാകും

ഇന്നോ നാളെയോ ഈ നൂറ്റാണ്ടിലോ അല്ലാതെ കഴിഞ്ഞ് എന്നെങ്കിലുമാണെങ്കിൽ പോലും അതിന് വാർത്താ മൂല്യം ഉണ്ടായിരിക്കും. ഇത്തരത്തിൽ കാലികത്വമാണ് സംഭവങ്ങൾക്കു വാർത്താ മൂല്യം നൽകുന്നത്.

**12. പുതുമ**

പുതുമയും കാലികത്വവും പരസ്പരം തെറ്റിദ്ധരിക്കപ്പെടാമെങ്കിലും രണ്ടും രണ്ട് തന്നെയാണ്. ഏറ്റവും പുതിയ സംഭവമാണ് പുതുമ കൊണ്ട് ഉദ്ദേശിക്കുന്നത്. വാർത്തയുടെ പ്രകൃതത്തിലെ അല്ലെങ്കിൽ സ്വഭാവത്തിലെ പുതുമ എന്നതാണ് ഇവിടത്തെ വിവക്ഷ. ഉദാഹരണത്തിന് അച്ഛൻ മകനെ തല്ലിയാൽ അതിൽ പുതുമയില്ല എന്നാൽ മകൻ അച്ഛനെ തല്ലിയാലും മക്കൾ ചേർന്ന് അച്ഛനെ കശാപ്പു ചെയ്താലും ആ സംഭവത്തിന് അസാധരണത്വം ഉണ്ടാകുന്നു അതാണ് പുതുമ, അതുകൊണ്ടാണ് പുതുമയ്ക്ക് വാർത്താമൂല്യം ഉണ്ടാകുന്നത്.

**13. സെക്സ്**

ലോകത്ത് ആൺ പെൺ ഭേദമില്ലാതെ എല്ലാ മനുഷ്യർക്കും അതീവതാല്പര്യം ഉള്ള ഒന്നാണ് സെക്സ് അഥവാ ലൈംഗികകാര്യങ്ങൾ. ഇത് മറച്ചുവയ്ക്കേണ്ട ഒന്നാണെങ്കിലും, ഇത് കാണുന്നതിനു വായിക്കുന്നതിനും ആളുകൾക്കുള്ള തല്പര്യം കുറവല്ല. അതായത് സെക്സ് കാര്യങ്ങൾക്ക് അമിതമായ വാർത്താമൂല്യം ഉണ്ടെന്നാണ് ഇതിനർത്ഥം.

**14. ഹ്യുമൻ ഇന്ററസ്റ്റ്**

സംഭവങ്ങളുടെ വാർത്താമൂല്യം നിർണയിക്കുന്ന ഒരു സുപ്രധാനഘടകമാണ് അതിലടങ്ങിയിരുന്ന ഹ്യൂമെൻ ഇന്ററസ്റ്റ്. എല്ലാ വാർത്തകളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മനുഷ്യനെ സംബന്ധിക്കുന്നതെങ്കിലും ഹ്യൂമെൻ ഇന്ററസ്റ്റ് എന്ന പ്രത്യേക വാർത്താമൂല്യം വാർത്തയിലെ വികാരപരതയെയാണ് സൂചിപ്പിക്കുന്നത് സാധാരണവാർത്തകൾ മനുഷ്യന്റെ ബുദ്ധിയെയും ചേതനയേയും മറ്റുമാണ് സ്വാധീനിക്കുന്നതെങ്കിൽ ഹ്യമെൻഇന്ററസ്റ്റ് വാർത്തകൾ മനുഷ്യന്റെ വികാരത്തെയാണ് തട്ടിയുണർത്തുന്നത്.

## വാർത്താപ്രഭവം

പത്രലേഖകന്മാർക്ക് അല്ലെങ്കിൽ പത്രങ്ങൾക്ക് വാർത്തകൾ എവിടെ നിന്നും കിട്ടും. വാർത്തകളുടെ ഉറവിടങ്ങൾ നിരവധിയാണ്. എല്ലാ വാർത്തകളും നൽകാൻ ഒരു ഉറവിടത്തിനും കഴിയില്ല. ഓരോ വാർത്തയുടെയും ആധികാരികമായ ഉറവിടം വിഭിന്നമായിരിക്കും. വാർത്താ ഉറവിടങ്ങളെ രണ്ടായി തിരിക്കാം.

**1. പ്രബലം -ദുർബലം**

വാർത്തകൾ പുറത്തുവിടാൻ അധികാരമുള്ള വ്യക്തികളോ ഓഫീസുകളോ കേന്ദ്രങ്ങളോ ആണ് പ്രബലസ്രോതസുകൾ അപ്രകാരം അധികാരമില്ലാത്തവരാണ് ദുർബലസ്രോതസുകൾ.

**2. ഗവൺമെന്റ് - ഗവൺമെന്റേതിര ഉറവിടങ്ങൾ**

ഉറവിടങ്ങൾ വീണ്ടും രണ്ടായി തിരിക്കപ്പെടുന്നു. നിയമസഭാ മന്ത്രിസഭാ കോടതികൾ എന്നിവയും അവയോടുബന്ധപ്പെട്ട സ്ഥാപനങ്ങളും ഗവൺമെന്റ് ഉറവിടങ്ങൾ. രാഷ്ട്രീയകക്ഷികൾ, സന്നദ്ധ സംഘടനകൾ, സമുദായ സംഘടനകൾ, സഭകൾ തുടങ്ങിയവ ഗവൺമെന്റേതിര ഉറവിടങ്ങൾ.

**3. വാർത്താ ഏജൻസികൾ**

പത്രങ്ങൾക്ക് സ്വന്തമായി ബ്യൂറോകളും റിപ്പോർട്ടർമാരുമുണ്ടായിരിക്കും. പത്രത്തിന്റെ വാർത്താ ഉറവിടങ്ങളാണ് അവർ. എന്നാൽ ചില പത്രങ്ങളിൽ ചില അപ്രധാന സ്ഥലങ്ങളിൽ പാർട്ട്ടൈം റിപ്പോർട്ടർമാരെയോ സ്ട്രിങ്ങർമാരെയോ നിയമിച്ചു കൊണ്ട് വാർത്തകൾ ശേഖരിക്കുന്ന പതിവും നിലവിലുണ്ട്.

**4. റേഡിയോ പ്രക്ഷേപണങ്ങൾ**

പത്രങ്ങളുടെ വാർത്താ ഉറവിടങ്ങളിൽ പ്രധാനമായ മറ്റൊന്ന് റേഡിയോ പ്രക്ഷേപണങ്ങളും ടെലിവിഷൻ സംപ്രേഷണങ്ങളുമാണ് ഇതുവഴിയും അവർ വാർത്തശേഖരിക്കാറുണ്ട്.

**5. പ്രസ് റിലീസുകൾ**

മറ്റൊരു പ്രധാന വാർത്താ ഉറവിടമാണ് പ്രസ് റിലീസുകൾ അഥവാ പ്രസ്നോട്ടുകൾ. ഹാൻഡൗട്ടുകൾ എന്നും ഇതിനെപ്പറയും. സർക്കാരും സർക്കാരിതര സ്ഥാപനങ്ങളും സംഘടനകളും സ്വകാര്യസ്ഥാപനങ്ങളും രാഷ്ട്രീയ - പൊതു പാർട്ടീ പ്രവർത്തകരും പ്രസ്റിലീസുകൾ ഇറക്കാറുണ്ട്. ഇവർ തങ്ങൾക്കു പറയാനുള്ളത് കടലാസിൽ എഴുതി അതിന്റെ കോപ്പികൾ എടുത്ത് പത്രഓഫീസുകളിൽ എത്തിക്കുന്നു

**6. പത്രസമ്മേളനങ്ങൾ**

പത്രസമ്മേളനങ്ങൾ ഒരു പ്രധാന വാർത്താ ഉറവിടമാണ്. പ്രസ്കോൺഫറൻസ് പോലെ തന്നെ പ്രസ്ബ്രീഡിംഗ് എന്ന ഒരു ഏർപ്പാടു കൂടിയുണ്ട്. ഇവ തമ്മിൽ ചെറിയ വ്യത്യാസമേ ഉള്ളൂ. പത്രസമ്മേളനത്തിൽ പത്രക്കാരെ ക്ഷണിച്ചു വരുത്തി വിശേഷങ്ങൾ പറയുമ്പോൾ ന്യൂസ് ബ്രീഡിംഗിൽ പത്രക്കാർ ചെന്ന് വിവരങ്ങൾ അറിയുകയാണ് ചെയ്യുന്നത്.

**7. അഭിമുഖസംഭാഷണം**

വാർത്താ സമ്പാദനത്തിനുള്ള മറ്റൊരു മാർഗമാണ് അഭിമുഖ സംഭാഷണങ്ങൾ. വാർത്തയ്ക്കു വേണ്ടിയും ചില വ്യക്തികളെ വലുതാക്കിക്കാണിക്കാൻ വേണ്ടിയും അഭിമുഖസംഭാഷണങ്ങൾ നടത്താറുണ്ട്.ഇതിൽനിന്നും ചിലപ്പോൾ നല്ല വാർത്തകൾ കിട്ടും മറ്റു ചിലപ്പോൾ വാർത്തയ്ക്കിടക്കെങ്കിലും വായനക്കാരന് രസകരമായ വിവരങ്ങൾക്കിട്ടും

**8. പരസ്യങ്ങൾ**

പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും വരുന്ന പരസ്യങ്ങൾ മിക്കപ്പോഴും നല്ല വാർത്താ ഉറവിടങ്ങളാകാറുണ്ട്. ചില സർക്കാർ പരസ്യങ്ങളും സ്വകാര്യ പരസ്യങ്ങളും വാർത്താ സ്രോതസുകളാണ്.

**9. ഫോളോഅപ്പ്**

ഫോളോഅപ്പാണ് മറ്റൊരു ഒന്നാംതരം വാർത്താ ഉറവിടം, ഇന്ന് വേണ്ട വിധം ഉപയോഗിക്കാത്ത ഒരു സ്രോതസാണിത്. മിക്കവാറും എല്ലാ വാർത്തകളെയും ഫോളോ ചെയ്യേണ്ടതായി വരും. നമ്മുടെ നിയമസഭയിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, ഉത്തരങ്ങൾ മുതലായവ ഫോളോ ചെയ്താൽ ഒന്നാം തരം വാർത്ത കിട്ടും. ആറുമാസമോ ഒരു കൊല്ലമോ കഴിഞ്ഞ് ആ ഉറപ്പുകൾ പാലിക്കപ്പെട്ടോ എന്ന് അന്വേഷിച്ചാൽ ഉറപ്പ്പാലിച്ചാലും ഇല്ലെങ്കിലും വാർത്തയാണ്.

## ഇൻവർട്ടഡ് പിരമിഡ് ഘടന

വാർത്തയുടെ ഘടന മനസിലാക്കിക്കഴിഞ്ഞാൽ വാർത്ത എഴുതേണ്ടത് എങ്ങനെ എന്നു തീരുമാനിക്കാൻ വലിയ ബുദ്ധിമുട്ടില്ല. പത്രത്തിലെ സ്ഥലമനുസരിച്ച് വാർത്ത ഡബ്ബ് ചെയ്തു ശുദ്ധമാക്കുന്ന എഡിറ്റർക്കും ആ വാർത്ത വിന്യസിക്കുന്ന ചീഫ്, സബ് എഡിറ്റർക്കും വാർത്ത വായിക്കുന്ന വായനക്കാരനും സൗകര്യ പ്രദമായ രീതിയിൽ വാർത്ത എഴുതുന്നതിന് ഒരു അലിഖിത നിയമം ഉണ്ട്. ആധുനിക പത്രപ്രവർത്തനത്തിൽ അതിനെ ഇൻവർട്ടഡ് പിരിമിഡ് ഘടന എന്നു പറയുന്നു.

ഒരു പിരിമിഡ് അതിന്റെ വിശാലമായ അടിത്തറയിൽ നിന്ന് മുകളിലേക്ക് കൂർത്ത് കൂർത്ത് ഒടുവിൽ ആകാശമധ്യത്തിൽ സൂചിമുന പോലത്തെ അറ്റവുമായി നിൽകുന്ന രൂപത്തെ തിരിച്ചു വച്ചാൽ അതിന്റെ പ്രധാന അടിത്തറ ഏറ്റവും മുകളിലും സൂചിമുന പോലുള്ള മുകൾഭാഗം താഴെയുമായിരിക്കും. വാർത്ത എഴുതുമ്പോൾ സ്വീകരിക്കേണ്ട തത്വവും ഇതു തന്നെയാണ്. വാർത്തയുടെ ഏറ്റവും പ്രധാന ഭാഗം ആദ്യം അല്പം കൂടി പ്രാധാന്യം കുറഞ്ഞ ഭാഗം തൊട്ടുതാഴെ, അതിലും പ്രാധാന്യം കുറഞ്ഞ ഭാഗം അതിനും താഴെ അങ്ങനെ കുറഞ്ഞു കുറഞ്ഞു ഏറ്റവും പ്രാധാന്യം കുറഞ്ഞ ഭാഗം ഏറ്റവും അടിയിൽ ഈ രീതിയിലാണു വാർത്ത എഴുതേണ്ടത്. ഇങ്ങനെ വാർത്തകൾ എഴുതുന്നതു കൊണ്ട് രണ്ടു ഗുണങ്ങളുണ്ട്. 1. വാർത്ത മുഴവൻ വായിക്കാൻ സമയമില്ലാത്ത തിരക്കേറിയ വായനക്കാരന് ആദ്യത്തെ രണ്ടോ മൂന്നോ വരികകൾ കൊണ്ട് കാര്യം മനസിലാകും ഇതാണ് ഈ രീതിയുടെ ഏറ്റവും വലിയ ഗുണം. 2. വാർത്ത കൈകാര്യം ചെയ്യുന്ന സബ് എഡിറ്റർക്ക് വാർത്തയുടെ നീളം കുറയ്ക്കേണ്ടിവന്നാൽ ഏറ്റവും അടിയിൽ നിന്ന് മുകളിലേക്ക് ആവശ്യാനുസരണം പാരഗ്രാഫുകൾ നീക്കം ചെയ്യാം, വാർത്തയുടെ പൂർണ്ണതനഷ്ടപ്പെടാതെ തന്നെ. വീണ്ടും പേജ് ചെയ്യുമ്പോൾ അല്പം കൂടി നീളം കുറയ്ക്കണമെന്നുണ്ടെങ്കിൽ ചീഫ്, സബ്എഡിറ്റർമാർക്ക് വാർത്ത മുഴുവൻ വായിക്കാതെ തന്നെ ഏറ്റവും ഒടുവിലത്തെ ഖണ്ഡിക നീക്കം ചെയ്യാം. അപ്പോഴും വാർത്തയ്ക്ക് ക്ഷതം സംഭവിക്കില്ല.

എന്നാൽ എല്ലാത്തരം വാർത്തകൾക്കും ഈ രീതി നല്ലതും സ്വീകാര്യവുമല്ല. സാധാരണ കാര്യങ്ങൾ അവതരിപ്പിക്കുന്ന വിവരണാത്മക

റിപ്പോർട്ടുകൾ, പരിണാമഗുപ്തിയിൽ വായനക്കാരന്റെ ജിജ്ഞാസയെ കൊളുത്തിവലിച്ച് അവസാനം വരെ കൊണ്ടു പോകുന്ന രചനാത്മക റിപ്പോർട്ടുകൾ, മസൃണവും മനോഹരവുമായ ശൈലിയിൽ കാര്യങ്ങൾ വിവരിച്ചു പറഞ്ഞു കൊണ്ട് വായനക്കാരന്റെ വൈകാരിക മണ്ഡലത്തിൽ ഇളക്കം സൃഷ്ടിക്കുന്ന ആഘോഷാത്മക റിപ്പോർട്ടുകൾ എന്നിങ്ങനെയുള്ളവയ്ക്ക് ഇൻവർട്ടർ പിരിമിഡ് രീതി അഭികാമ്യമല്ല.

## റിപ്പോർട്ടർ(വാർത്താലേഖകൻ)

എന്താണ് വാർത്ത, ഏതാണ് വാർത്ത എന്നിവ വ്യക്തമായും ആഴത്തിലും മനസ്സിലാക്കിയവരാണ് റിപ്പോർട്ടർമാർ. വാർത്തകളെ കണ്ടെത്തി അവ പഠിച്ച് സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ എഴുതുന്നവരാണ് വാർത്താലേഖകർ. അവരുടെ ഭാഷ ശുദ്ധവും ലളിതവുമായിരിക്കണം. മാധ്യമങ്ങളിൽ വളരെയേറെ സ്ഥാനമുള്ള ജീവനുള്ള പ്രധാന ഘടകമാണ് റിപ്പോർട്ടിംഗ്. വാർത്തകളുടെ ഉറവിടത്തെ കണ്ടെത്തി അവ വായനക്കാരുടെ മുന്നിൽ ശുദ്ധഭാഷയിൽ തെളിമയാർന്ന ശൈലിയിൽ പത്രത്തിൽ കൊടുക്കുന്നതിന് വേണ്ടി എത്തിക്കുന്ന ആളാണ് റിപ്പോർട്ടർ. ഒരു മാധ്യമത്തിന്റെ വിജയത്തെ സംബന്ധിക്കുന്ന സുപ്രധാന ഘടകങ്ങളാണ് റിപ്പോർട്ടറും റിപ്പോർട്ടിംഗും. അത് രണ്ടിന്റെയും വിജയം മാധ്യമത്തിന്റെ പരമമായ വിജയത്തെ കുറിക്കുന്നു.

## റിപ്പോർട്ടിങ്

വാർത്തകളെ റിപ്പോർട്ട് ചെയ്യുന്നവരാണ് റിപ്പോർട്ടർ. അവർ ചെയ്യുന്ന പ്രവൃത്തിയാണ് റിപ്പോർട്ടിങ്. റിപ്പോർട്ടുകളായി വാർത്തകൾ ലേഖനങ്ങളായും, വിവിധ ഏജൻസികൾ വഴിയും, മറ്റു സ്രോതസ്സുകൾ മുഖേനയും ഒക്കെയാണ് വരുന്നത്. അവയിൽ നിന്ന് വിജ്ഞാനപ്രദവും ഭൗതികകരവുമായവ തിരഞ്ഞുപിടിച്ച് പ്രസാധനം ചെയ്യുക എന്ന ജോലി കാര്യക്ഷമമായി ചെയ്യുന്നത് റിപ്പോർട്ടർമാരാണ്. ന്യൂസ് റിപ്പോർട്ടർമാർ കണ്ടെത്തുന്ന ഇനങ്ങളെ സ്റ്റോറി എന്നാണ് പൊതുവെ അറിയപ്പെടുന്നത്. റിപ്പോർട്ടർ ഈ മേഖലയിൽ അതീവജാഗ്രത പുലർത്തേണ്ടവരാണ്. ഒരു സംഭവത്തെ സംബന്ധിച്ച വിവരം നല്കുന്ന ആളെന്ന നിലയിലും അവരുടെ പ്രവൃത്തിയെന്ന നിലയിലും റിപ്പോർട്ടിങ് വളരെയേറെ പ്രാധാന്യം ഉള്ള ഒന്നാണ്. വാർത്തകൾ റിപ്പോർട്ടിങ് ചെയ്യുമ്പോൾ ഒരുപാട് നിയന്ത്രണങ്ങൾ പാലിക്കേണ്ടിവരുന്നു. വാർത്താ റിപ്പോർട്ടിങ് ചെയ്യുമ്പോൾ ദൃശ്യങ്ങളും വാർത്തയുടെ ലിഖിതഭാഗവും പരസ്പര പൂരകമായിരിക്കണം. ഫോൺ ഇൻ റിപ്പോർട്ടിങ്ങിൽ ഇപ്പോൾ സർവസാധാരണമാണ്. ദൃശ്യങ്ങൾ ഇല്ലെങ്കിൽ പോലും അതിവിദൂരസ്ഥലങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച തത്സമയ വിവരങ്ങൾ നല്കുന്ന രീതിയാണിത്. വിശദമായ ഒരു റിപ്പോർട്ട് നല്കാൻ ഫോൺ ഇൻ റിപ്പോർട്ടിങ്ങിന് സാധിക്കുന്നു. വാർത്തയെ സംബന്ധിച്ച വിവരങ്ങൾ പ്രേക്ഷകന് നല്കാൻ ഈ സമ്പ്രദായം വഴി സാധിക്കുന്നു. ലൈവ് റിപ്പോർട്ടിങ്ങിന്റെ മറ്റൊരു രീതിയാണിതെന്നും പറയാവുന്നതാണ്

റിപ്പോർട്ട് എഴുതുമ്പോൾ അത്യാവശ്യം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. അനിവാര്യമായവ.

1. വൃത്തിയായും ഭംഗിയായും വ്യക്തമായും എഴുതുക.
2. അക്ഷരത്തിന്മേലോ വാക്കിന്മേലോ വരിയിലോ ഓവർറൈറ്റിംഗ് ഒഴിവാക്കുക
3. സ, ഡ, പ, വ തുടങ്ങിയ അക്ഷരങ്ങൾ എഴുതുമ്പോൾ പ്രത്യേകം സൂക്ഷിക്കുക. സ ഡയും ഡ സയും പ വയും വ പ യും ആയിപ്പോകാൻ സാധ്യത വളരെയേറെയാണ്
4. കടലാസിന്റെ ഇരുവശത്തും മാർജിൻ ഇടുക. (തെറ്റുതിരുത്താനും വാക്കുകളോ വാചകങ്ങളോ കൂട്ടിച്ചേർക്കാനും ഈ മാർജിനുകൾ പ്രയോജനപ്പെടും)
5. പേജിന്റെ ഒരു വശത്തു മാത്രം എഴുതുക.
6. വരികൾ നിശ്ചിത അകലം വിട്ടെഴുതുക. വരികൾക്കിടയിലെ സ്ഥലവും മുകളിൽ സൂചിപ്പിച്ചതുപോലെ തെറ്റുതിരുത്താനും കൂട്ടിച്ചേർക്കാനും പ്രയോജനപ്പെടും.
7. ചെറുതും സമവലുപ്പവുമുള്ള പാരഗ്രാഫുകളായി എഴുതുക
8. തലക്കെട്ടുകൾ ( ഒന്നിൽ കൂടുതൽ കോള

ത്തിലുള്ളവ) പ്രത്യേകം കടലാസിൽ എഴുതി വാർത്തയോടൊപ്പം പിൻചെയ്യുക. (ഹെഡ്ഡിംഗുകൾ അടർത്തിമാറ്റി പ്രത്യേകം കമ്പോസ് ചെയ്യുകയാണ് പതിവ്)

9. പേരിന്റെ ഇൻഷ്യലുകൾ എഴുതുമ്പോൾ അതിന്റെ ഇംഗ്ലീഷ് അക്ഷരങ്ങൾ കൂടി മുകളിലായി എഴുതുക.
10. ഒന്നും മുതൽ ഒമ്പതുവരെയുള്ള(1-9) ഒറ്റ അക്കങ്ങൾ അക്ഷരത്തിൽ തന്നെ എഴുതുക.

## ലൈവ് റിപ്പോർട്ട്

വിദൂരമായ ഏതെങ്കിലും സ്ഥലത്ത് സംഭവിക്കുന്ന ഒരു കാര്യം സംബന്ധിച്ച ഏറ്റവും നൂതനമായ വിവരങ്ങൾ പ്രേക്ഷകന് നല്കാൻ സ്വീകരിച്ചുവരുന്ന ഒരു രീതിയാണിത്. ലൈവ് റിപ്പോർട്ടിങ്ങിൽ വിവരം കൈമാറുന്നത് സാറ്റലൈറ്റിലൂടെയാണ്. ലൈവ്റിപ്പോർട്ടിങ്ങിന്റെ മറ്റൊരു സാങ്കേതിക വശമാണ് ടെലിബ്രിഡ്ജ്. വാർത്ത സംഭവിക്കുന്ന സ്ഥലത്തെ വിവരങ്ങൾ സാറ്റലൈറ്റ് വഴി ലിങ്ക് ചെയ്യുന്നതാണിത്.

## റിപ്പോർട്ടർ (വാർത്താലേഖകന് ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകൾ)

നല്ല പഠിപ്പ്, വായനാ ശീലം, മലയാളത്തിലോ ഇംഗ്ലീഷിലോ തെറ്റുകൂടാതെ എഴുതാനുള്ള കഴിവ്, ആവുമെങ്കിൽ മറ്റേതെങ്കിലും ഒരു ഭാഷയിൽ കൂടി പരിജ്ഞാനം, പൊതുവേ നാട്ടിൽ നടക്കുന്ന എല്ലാ സംഭവങ്ങളെക്കുറിച്ചുമുള്ള കാര്യവിവരം – ഇതാണ് അടിസ്ഥാന യോഗ്യതകൾ. അടക്കിയാലും അടങ്ങാത്ത ജിജ്ഞാസ, വൈവിധ്യമുള്ള അനുഭവങ്ങളോടുള്ള പ്രതിപത്തി, അന്വേഷണത്തിനുള്ള സാഹസിക മനസ്, വേണ്ടി വരുമ്പോൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് വേഗം ശ്രദ്ധതിരിക്കാനുള്ള കഴിവ്, മനുഷ്യപ്പറ്റുള്ള പ്രകൃതം കൂടാതെ വലിപ്പച്ചെറുപ്പ ഭേദമില്ലാതെ ആരോടും ഇടപെടാനാകുന്ന മാനസികഭാവം, സ്ഥൈര്യം, ആത്മവിശ്വാസം, വിനയം, എവിടെയും ഇടിച്ചുകയറാനുള്ള ചൊടിയും മെയ്മിടുക്കും, അഭിപ്രായസ്ഥിരത, വസ്തുതകളുടെ പൊരുൾ മനസിലാക്കാനും വേഗതയോടെ ജോലി ചെയ്യാനുമുള്ള കഴിവ് ഇവയും ഇതോടൊപ്പം വേണ്ടതാണ്. വ്യക്തം, കൃത്യം, സൂക്ഷ്മം, വേഗം ഈ നാലു തൂണുകളിലാണ് റിപ്പോർട്ടർ തന്റെ തൊഴിലിന്റെ മേൽക്കൂര പണിതുയർത്തേണ്ടത്. സംഭവങ്ങളെ വശം പിടിക്കാതെ വസ്തുനിഷ്ഠമായി നോക്കിക്കാണാൻ റിപ്പോർട്ടർക്ക് കഴിയണം. വസ്തുനിഷ്ഠമായ എഴുത്ത് വസ്തുനിഷ്ഠമായ കാഴ്ചപ്പാടിൽ നിന്നും ഉണ്ടാക്കുന്നതാണ്.

### 1. വാർത്താവബോധം (News Sence)

വാർത്തകളുടെ സ്വഭാവത്തെ, അതിന്റെ തരംതിരിവിനെ കുറിക്കാനുള്ള കഴിവിനെയാണ് വാർത്താവബോധം എന്ന് പറയുന്നത്. ഏതു തരത്തിൽ സമീപിച്ചാലാണ് വാർത്ത രൂപപ്പെടുന്നത് എന്നതിനുള്ള അടിസ്ഥാന ധാരണയാണിത്. ഒരു സംഭവത്തെപ്പറ്റി അറിഞ്ഞാൽ, അത് എവിടെ നിന്ന് ആരംഭിക്കണമെന്നും എന്തൊക്കെ ഘടകങ്ങളെയാണ് വാർത്ത ഉൾക്കൊള്ളേണ്ടതെന്നും മനസ്സിലാക്കാനുള്ള റിപ്പോർട്ടറുടെ കഴിവു കൂടിയാണിത്. റിപ്പോർട്ടർക്ക് ചില സമയത്ത് വായനക്കാരനായി മാറേണ്ടിവരും. ആ ഒരു സാധ്യത മുന്നോട്ട വയ്ക്കുന്നത് വാർത്തവായിക്കുമ്പോൾ വായനക്കാരനുണ്ടാകുന്ന വിശദാംശങ്ങളുടെ തിരഞ്ഞെടുപ്പിനെ മനസ്സിലാക്കാൻ വേണ്ടിയാണ്. വാർത്താവബോധമില്ലാത്ത ഒരാൾക്ക് ഒരിക്കലും നല്ലൊരു റിപ്പോർട്ടർ ആകാൻ സാധിക്കുകയില്ല.

### 2. വസ്തു Matiom (Objectivity)

വാർത്ത വസ്തുനിഷ്ഠമായ ഒന്നാണ്. അവയെ വളച്ചൊടിക്കുക സാധ്യമല്ല. വാർത്ത വസ്തുനിഷ്ഠമാകണമെങ്കിൽ റിപ്പോർട്ടർ തികച്ചും നിഷ്പക്ഷമായ സമീപനം തേടുന്ന ആളായിരിക്കണം. വാർത്തയ്ക്കായി റിപ്പോർട്ട് എഴുതുമ്പോൾ സ്വന്തം ആശയങ്ങളും ചായ്വുകളും വാർത്തയിൽ ഒരിക്കലും കടന്നുവരാതിരിക്കാൻ റിപ്പോർട്ടർ ശ്രമിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്ന ആൾക്ക് ഒരിക്കലും റിപ്പോർട്ടിംഗിന്റെ നല്ല വശങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുകയില്ല. റിപ്പോർട്ടർ ഒരിക്കലും പക്ഷപാതിയായിരിക്കരുത്. വാർത്തയുടെ തുലനം സാധ്യമാകുന്നതിന് അയാൾ വാർത്തയുമായ് ബന്ധപ്പെട്ട സകല വിഭാഗങ്ങളുടെയും വീക്ഷണം, അഭിപ്രായം, സംഭാഷണം എന്നിവ അതിൽ ഉൾക്കൊണ്ടശേഷമാണ് വാർത്ത എഴുതേണ്ടത്. താനുമായി അഭി

പ്രായ വ്യത്യാസമുള്ളതോ ശത്രുതാമനോഭാവ മുള്ളവരുടെയോ വാർത്തകളെ നിഗ്രഹിക്കുവാനും അനുചിതമായി വിമർശിക്കുവാനോ ഒരിക്കലും വാർത്തയെ റിപ്പോർട്ടർ കരുവാക്കരുത്.

**3. വ്യക്തത (Clarity)**

തന്റെ വാർത്തയ്ക്ക് വ്യക്തത പാലിക്കുന്ന രീതിയായിരിക്കണം റിപ്പോർട്ടർ അവലംബിക്കേണ്ടത്. സ്വന്തമായി വ്യക്തതയില്ലാത്ത റിപ്പോർട്ടർക്ക് വാർത്തകൾ മറ്റുള്ളവർക്ക് വ്യക്തമായും കൃത്യതയോടെയും പറഞ്ഞുകൊടുക്കാൻ കഴിയുകയില്ല. ഒരു സംഭവത്തെപ്പറ്റി റിപ്പോർട്ടർക്ക് ശരിയായ രീതിയിൽ വ്യക്തമായ കാഴ്ചപ്പാടില്ലെങ്കിൽ അയാളുടെ വാർത്തയിലും അത് അതേപടി പ്രതിഫലിക്കും. അതായത് സംശയരഹിതമായ വാർത്ത അയാൾക്ക് ഒരിക്കലും തയ്യാറാക്കാൻ കഴിയുകയില്ല. സംശയരഹിതമായ ധാരണ വാർത്താലേഖനരചനയിൽ ഉള്ളയാൾക്കു മാത്രമേ വായനക്കാരന് അത് എത്തിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഒരു സംഭവം തന്റെ ദൃഷ്ടിയിൽപ്പെട്ടാൽ കേട്ടപാടെ അത് എഴുതാതെ അതിനെക്കുറിച്ച് തനിക്കുള്ള സംശയങ്ങളെ തീർത്ത് കൊണ്ട് വ്യക്തമായ ചിത്രം അതിനെപ്പറ്റി നേടാൻ അയാൾ തയ്യാറാവണം. പിന്നീട് അത് വ്യക്തമായും ലളിതമായും എഴുതി തയ്യാറാക്കുകയും വേണം. മനസ്സിൽ അവ വ്യക്തമായി പതിഞ്ഞയാൾക്കു മാത്രമേ അത് വ്യക്തമായി പ്രകടിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

**4. ജാഗ്രത (Alertness)**

റിപ്പോർട്ടറിനുള്ള പ്രധാന സ്വഭാവസവിശേഷതയാണ് ജാഗ്രത. സർവ സമയത്തും ഉണർന്ന് പ്രവർത്തിക്കുവാനുള്ള ശ്രമം റിപ്പോർട്ടറിന് ഉണ്ടായിരിക്കണം. ജാഗ്രതയുള്ള റിപ്പോർട്ടറിന് മറ്റുള്ളവരിൽ നിന്ന് മാറി എക്സ്ക്ലൂസീവ് എന്നൊക്കെ പറയുന്ന വിഭാഗത്തിൽപ്പെട്ട വാർത്തകൾ സമ്പാദിക്കുവാൻ സാധിക്കുന്നു.

**5. കൃത്യത (Acurancy)**

വാർത്തയിൽ കൃത്യതയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. അതിൽ ഒരിടത്തും അതിശയോക്തിയ്ക്കും അത്യുക്തിയ്ക്കും ഒരു സ്ഥാനവും ഉണ്ടാവാൻ പാടില്ല. വാർത്തകൾ വസ്തുനിഷ്ഠമെന്നപോലെ കൃത്യത ഉള്ളവയുമാകണം റിപ്പോർട്ട് തയാറാക്കുന്നതിനു മുൻപ് താൻ തയ്യാറാക്കുന്ന വാർത്തകൾ പൂർണമായും ശരിയാണെന്നും പൂർണ്ണമാണെന്നും റിപ്പോർട്ടർ ഉറപ്പുവരുത്തണം. റിപ്പോർട്ട് ചെയ്യുന്ന വാർത്തകൾ ഒരിക്കലും കെട്ടുകഥകളോ അസംബന്ധമായതോ ആവരുത്.

**6. പ്രശാന്തത (Calmness)**

വാർത്ത എത്തരത്തിൽ ഉള്ളതാണെങ്കിലും അത് ഒരിക്കലും റിപ്പോർട്ടറെ സ്വാധീനിക്കാൻ പാടില്ല. അത് ആവേശകരമോ, ആകസ്മികമോ ഹൃദയകരമോ ആയാലും അവ ഒരുതരത്തിലും അയാളെ സ്വാധീനിക്കാൻ പാടില്ല. അത് അതിന്റെ സ്വാഭാവികമായ വസ്തുനിഷ്ഠത നഷ്ടപ്പെടുത്തുവാനിടയുണ്ട്. അതിനാലാണ് അയാൾ ഒന്നിനേയും അടിമപ്പെടാൻ പാടില്ല എന്നു പറയുന്നത്. തന്റെ വികാരവിചാരങ്ങൾക്ക് കടിഞ്ഞാൺ ഇട്ട് കൊണ്ട് മനസ്സ് (alo) അസ്വസ്തമാക്കാതെ വേണം അയാൾ എപ്പോഴും വാർത്ത എഴുതാനുള്ളത്.

**7. വേഗത (Speed)**

വാർത്ത കണ്ടെത്തുന്നതിലും അതിന്റെ നിജസ്ഥിതിയും വിശദാംശങ്ങൾ ശേഖരിക്കലുമൊക്കെ വേഗത അർഹിക്കുന്ന കാര്യങ്ങളാണ്. ഒരു റിപ്പോർട്ടറുടെ ചിന്ത അതിവേഗത്തിലുള്ളതായിരിക്കണം. അയാൾ അതിവേഗം തീരുമാനം എടുക്കുകയും എഴുതുകയും വേണം. അത്തരത്തിൽ വേഗത ഒരു റിപ്പോർട്ടർക്ക് വേണ്ട അതിപ്രധാനമായ സ്വഭാവസവിശേഷതയാണ്.

**8. ജിജ്ഞാസ**

ഒരു റിപ്പോർട്ടർ സർവസമയത്തും ജിജ്ഞാസയുള്ള ആളായിരിക്കണം. ചിലപ്പോൾ പുതുമയുള്ള വിഷയമോ ആൾക്കൂട്ടമോ കണ്ടാൽ അവനിലെ ജിജ്ഞാസ ഉണരുകയും വാർത്താന്വേഷണം തുടങ്ങുന്നതും അത്യന്താപേഷിതമാണ്. ഒരു സാധാരണക്കാരന്റെ അന്വേഷണ ബുദ്ധിക്ക് അപ്പുറം വാർത്താലേഖകൻ തന്റെ ജിജ്ഞാസ ഉണർത്തുന്നവിധം പ്രവർത്തിക്കുന്ന ആളായിരിക്കണം. അറിയാനുള്ള ആർത്തി അയാളെ മികച്ച വാർത്താലേഖകൻ ആക്കി തീർക്കുന്നു. കൂടാതെ സമയനിഷ്ഠ, സംശയാലുകമ്പം, ദീർഘവീക്ഷണം, ക്ഷമ, ആത്മനിയന്ത്രണം, ഭാവന, പൂർണത, നിർഭയത്വം, ഊർജ്ജസ്വലത, സാഹസികതല്പരത, ചലനാത്മകത,

സ്ഥിരോത്സാഹം തുടങ്ങിയവയും വാർത്താലേഖകന് ഉണ്ടായിരിക്കേണ്ട സ്വഭാവ സവിശേഷതകളാണ്.

## വാർത്ത അയക്കേണ്ട വിധം

വിവിധസംഘടനകൾ, കമ്മിറ്റികൾ എന്നിങ്ങനെയൊക്കെ ഉത്തരവാദിത്വമുള്ള സ്ഥാനത്തിരിക്കുന്ന പലരും പത്രങ്ങളിലും റേഡിയോയിലും ടി.വിയിലുമൊക്കെ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവരും അതിനു പരിശ്രമിക്കുന്നവരുമാണ്. ഇത്തരത്തിൽ വാർത്ത തയ്യാറാക്കി അയക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### സംഘടനാ വാർത്തകൾ

1. സംഘടനാ വാർത്തകൾ നൽകുമ്പോൾ ലെറ്റർ പേഡ്, സീൽ, ഒപ്പ് എന്നിവ ഉറപ്പുവരുത്തണം. വാർത്ത നൽകുന്ന തീയതിയും ചേർക്കേണ്ടതാണ്. ഒപ്പിനു താഴെ വാർത്ത നൽകുന്നയാളിന്റെ ഫോൺനമ്പർ ചേർക്കുന്നത് നന്നാകും.
2. വാർത്തകൾ പരമാവധി നേരിട്ട് പത്രമോഫീസിൽ എത്തിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. റിപ്പോർട്ടർമാരുമായും മറ്റും ബന്ധപ്പെടാൻ ഇത് സഹായകമാണ്.
3. കൈകൊണ്ട് എഴുതി അയ്ക്കുന്ന വാർത്തകൾ വൃത്തിയായി അക്ഷരതെറ്റില്ലാതെ എഴുതാൻ ശ്രമിക്കണം.
4. ഡി.ടി.പി. ചെയ്ത മാറ്ററുകളിലും അക്ഷരതെറ്റ് കടന്നു കൂടാതിരിക്കാൻ ശ്രമിക്കേണ്ടതാണ്
5. പ്രിന്റ് മീഡിയിലേക്കുള്ള ജനറൽ വാർത്തകൾ വൈകുന്നേരം ആറ് മണിക്കുമുമ്പെങ്കിലും എത്തിക്കുന്നത് നന്നാകും. ജില്ലാ പ്രാദേശിക വാർത്തകൾ അൽപ്പം വൈകിയാലും കുഴപ്പമില്ല
6. വാർത്തയുടെ കൂടെ ചിത്രം നൽകുമ്പോൾ, ചിത്രത്തിന് പിറകുവശത്ത് അടിക്കുറിപ്പും തീയതിയും എഴുതിയിരിക്കണം. ചിത്രം മാറി പ്രസിദ്ധീകരിക്കുന്ന സാഹചര്യം ഒഴിവാക്കാനാണിത്.
7. വാർത്തകൾ മെയിൽ അയയ്ക്കുമ്പോൾ വാർത്തയും ചിത്രവും ഒന്നിച്ച് അയയ്ക്കുന്നതാണ് നല്ലത്. ഇവ രണ്ടും ഫയൽ അറ്റാച്ചായിട്ടുണ്ട് എന്ന് ഉറപ്പു വരുത്തണം.
8. മെയിൽ അയച്ചു കഴിഞ്ഞാൽ ഓഫീസിൽ വിളിച്ച് കിട്ടിയോ എന്ന് ഉറച്ചു വരുത്തേണ്ടതാണ്
9. ചില ഫോണ്ടുകൾ പത്രം ഓഫീസുകളിൽ സ്വീകരിക്കാൻ കഴിയാതെ വരും. അത് ബന്ധപ്പെട്ട് തിരുത്തി നൽകുകയോ പി. ഡി. എഫ്, ജെ.പി. ജെ ഫോമാറ്റിലോ ഓപ്പൺ ആവുന്ന മറ്റ് ഫോമാറ്റിലോ മാറ്റി നൽകേണ്ടതാണ്. അതാതു ദിവസങ്ങളിൽ സംഭവിക്കുന്നത്, സംഘടിപ്പിക്കുന്ന പരിപാടികളും അതാതു ദിവസങ്ങളിൽ തന്നെ വാർത്തയായ് നൽകുന്നതാണ് നല്ലത്. വൈകുന്ന വാർത്തകൾ ഉപയോഗശൂന്യമായിത്തീരും.

### ഇന്നത്തെപരിപാടി

എല്ലാ പത്രങ്ങൾക്കും 'ഇന്നത്തെപരിപാടി' എന്ന കോളമുണ്ട്, അതിന് ധാരാളം വായനക്കാരുമുണ്ട്. പ്രമുഖ പത്രസ്ഥാപനങ്ങൾ വാർത്താഷെഡ്യൂൾ തയ്യാറാക്കുന്നത് പോലും ഇന്നത്തെ പരിപാടി കോളം ശ്രദ്ധിച്ചാണ്. ലെറ്റർ പേഡിലോ, കടലാസിലോ പരിപാടി നടക്കുന്ന സ്ഥലം, വിശദവിവരം, ഉദ്ഘാടകൻ, മുഖ്യാതിഥി, സമയം എന്നീ ക്രമത്തിൽ എഴുതി നൽകണം. ഇന്നത്തെ പരിപാടി എന്ന ഹെഡിംഗിന് സമീപം തീയതിയും ദിവസവും കാണിക്കുന്നത് വ്യക്തതയ്ക്ക് നന്നായിരിക്കും. അയയ്ക്കുന്ന ആളിന്റെ ഫോൺ നമ്പർ ചേർക്കണം. സബ്ഓഫീസുകളിലോ പ്രസ്ക്ലബ്ബിൽ സൂക്ഷിച്ചിട്ടുള്ള ബോക്സുകളിലോ നേരിട്ട് എത്തിക്കണം. ബോക്സിൽ നിക്ഷേപിക്കുന്നവർ 6 മണിക്ക് മുമ്പെങ്കിലും എത്തിച്ചിരിക്കണം.

### വിവാഹ വാർത്തകൾ

വിവാഹിതരായി എന്ന തലക്കെട്ടിൽ പ്രാദേശികമായി വരുന്ന വാർത്തയാണിത്. ഇതിന് പണം ആവശ്യമില്ല. വിവാഹദിവസം തന്നെ വധൂവരന്മാരെ പരിചയപ്പെടുത്തി കൊണ്ട് വെള്ളപേപ്പറിലോ മറ്റോ എഴുതി വാർത്ത എത്തിച്ചിരിക്കണം. വിവാഹക്ഷണക്കത്തും ഫോൺ നമ്പറും ഒപ്പം നൽകുന്നത് നല്ലതാണ്. നല്ല വായനക്കാരുള്ള ഒരു വാർത്തയാണിത്.

### ചരമ വാർത്തകൾ

ചരമ വാർത്തകൾക്ക് വലിയ പ്രാധാന്യമുണ്ട്. മരിച്ചയാളിന്റെ വിശദാംശവും സംസ്കാരച്ചടങ്ങും ഉൾപ്പെടുത്തി, ചിത്രം സഹിതം നൽകണം. വാർത്ത പ്രസിദ്ധീകരിക്കാൻ പണം ആവശ്യമില്ല. ചരമ ചിത്രങ്ങൾ എത്തിച്ചു നൽകുന്നവർക്ക് പാരിതോഷികം നൽകുന്ന പത്രസ്ഥാപനങ്ങൾ പോലും ഉണ്ട്. ചരമ വാർത്തയുടെ താഴെ തീയതി ഫോൺ നമ്പർ എന്നിവ നിർബന്ധമായും എഴുതിയിരിക്കണം. അല്ലാത്തവ പ്രസിദ്ധീകരിക്കാതിരിക്കാൻ പോലും ഇടയുണ്ടെന്ന കാര്യം ഓർത്തിരിക്കണം.

### അനുബന്ധ കാര്യങ്ങൾ

വിവാഹ - ചരമ വാർത്തകൾ എത്തിച്ചു നൽകുന്നതിലൂടെ നമുക്ക് പ്രാദേശികമായി പത്രപ്രവർത്തകനായി രംഗത്തുവരാൻ അവസരങ്ങളുണ്ടാക്കും. പത്രമോഫീസുമായുള്ള നമ്മുടെ നിരന്തര ബന്ധം ഇതിലൂടെ സാധിച്ചെടുക്കാം.

## വാർത്താശേഖരണം

പത്രത്തിന്റെ ദൗത്യം എന്നു പറയുന്നത് വാർത്താവിതരണമാണ്. ഇത് കൃത്യമായും കാര്യക്ഷമമായും നിറവേറ്റണമെങ്കിൽ വാർത്താശേഖരണം അത്യാവശ്യമാണ്. വാർത്തയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹത്തിന് അതിരുകളില്ല. എന്തു വില കൊടുത്തും വാർത്ത വാങ്ങാനും വായിക്കുവാനും അവർ തയ്യാറാണുതാനും. അതുകൊണ്ടാണ് ഇടയ്ക്ക് വില കൂട്ടിയാലും മനുഷ്യൻ മുടങ്ങാതെ പത്രം വരുത്തുന്നതും വായിക്കുന്നതും. വാർത്താ ശേഖരണം പത്രപ്രവർത്തനത്തിലെ സുപ്രധാന ഘടകങ്ങളിലൊന്നാണ്. ഇന്ന് ലോകം മുഴുവൻ മനുഷ്യന്റെ പരിചിത മേഖലയാകയാൽ അതിന്റെ ഏതു കോണിൽ നിന്നും വാർത്ത ശേഖരിക്കുവാനുള്ള സംവിധാനം പത്രത്തിന് ആവശ്യമായി ത്തീർന്നിരിക്കുന്നു. റേഡിയോ ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ പ്രചുരപ്രചാരത്തിലായതോടെ വാർത്താശേഖരണത്തിനുള്ള ചെലവും ബദ്ധപ്പാടും പത്രങ്ങൾക്ക് ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ലോകത്തിന്റെ ഏതു കോണിൽ നിന്നും വാർത്തശേഖരിക്കുന്നതിനുള്ള കുറ്റമറ്റ സംവിധാനം പത്രങ്ങൾക്കുണ്ടായിരിക്കണം അതായത് ലോകത്തിന്റെ എല്ലാ ഭാഗത്തും പത്രത്തിന് ശൃംഖല കണ്ണികൾ വേണമെന്നർത്ഥം

ഒരു പത്രത്തിന്റെ വാർത്താശേഖരണ സംവിധാനത്തിന്റെ കേന്ദ്രബിന്ദു എഡിറ്റർ അഥവാ വാർത്താധിപൻ ആണ്. വാർത്ത ആസൂത്രണം ചെയ്യുന്നതും അകലങ്ങളിൽ നിന്നും അടുത്തു വരുത്തുന്നതും അദ്ദേഹം തന്നെ. പത്രമോഫീസിൽ, ന്യൂസ്റൂമിൽ, ന്യൂസ്ശേഖരത്തിൽ ന്യൂസ്എഡിറ്റർ തന്നെയാണ് അതികായൻ. ന്യൂസ്എഡിറ്റർ, ചീഫ്റിപ്പോർട്ടർമാർ, പ്രാദേശികലേഖകന്മാർ എന്നിങ്ങനെയാണ് വാർത്താശേഖരണ ശൃംഖലവിടരുന്നത്. ഇംഗ്ലീഷ് പോലെയുള്ള പൊതുഭാഷാപത്രങ്ങളാണെങ്കിൽ അവയ്ക്ക് കേന്ദ്രതലസ്ഥാനത്തും എല്ലാ സംസ്ഥാന തലങ്ങളിലും പ്രചാരണ മേഖലയിലെ പ്രധാന ജില്ലാ തലസ്ഥാനങ്ങളിലും ബ്യൂറോകളും ലേഖകന്മാരും പാർട്ട്ടൈം ലേഖകന്മാരും മറ്റുമുണ്ടാകും. അങ്ങനെയുള്ള സംവിധാനമില്ലാത്ത സ്ഥലങ്ങളിൽ അവ വാർത്താ ഏജൻസികളെ ആശ്രയിക്കും. അല്ലെങ്കിൽ എഴുതുന്നതിന് മാത്രം പ്രതിഫലം പറ്റുന്ന സ്ട്രിംഗർമാർ ഉണ്ടാകും.

പത്രത്തിന്റെ സർക്കുലേഷനെ സഹായിക്കുന്ന പ്രാദേശിക വാർത്തകൾ ഉറവിടങ്ങളായ ഈ ഏജന്റുമാരെയും നയജ്ഞനായ ന്യൂസ് എഡിറ്റർ വാർത്താശേഖരണത്തിനുപയോഗിക്കും. ഒരു സംഭവം നടന്നാൽ അടുത്തെവിടെയെങ്കിലുമാണെങ്കിൽ ഓഫീസിൽ നിന്ന് റിപ്പോർട്ടറെയോ സ്റ്റാഫ് കറസ്പോണ്ടന്റിനെയോ അയയ്ക്കാം കൂടെ ഒരു ഫോട്ടോഗ്രാഫറെയും, അകലങ്ങളിലാണെങ്കിൽ അതിനടുത്തുള്ള ജില്ലാ ലേഖകനെയോ പ്രാദേശിക ലേഖകനോ വേണ്ട നിർദേശങ്ങൾ നൽകും. ആവശ്യമെങ്കിൽ അടുത്തുള്ള സ്റ്റുഡിയോയിൽ നിന്ന് ഒരു ഫോട്ടോഗ്രാഫറെ കൂടി കൂട്ടാൻ നിർദേശിക്കാം. ഇപ്പോൾ എല്ലായിടത്തും ഫാക്സ് സംവിധാനങ്ങളുള്ളതിനാൽ വാർത്ത ഓഫീസിലെത്തിക്കാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല ഫോട്ടോ ഫാക്സ് ഉണ്ടെങ്കിൽ പടങ്ങളും മിനിട്ടുകൾക്കുള്ളിൽ ഓഫീസിൽ എത്തും.

പ്രാദേശിക ലേഖകൻ, ജില്ലാ ലേഖകൻ, റിപ്പോർട്ടർ, കറസ്പോണ്ടന്റ്, പ്രത്യേകലേഖകൻ, ചീഫ് റിപ്പോർട്ടർ എന്നൊക്കെ പറയുന്നത് ഉദ്യോഗത്തിന്റെ ഗ്രേഡുകൾ മാത്രമാണ്. എല്ലാവരുടെയും ജോലി വാർത്ത തേടികൊണ്ടു വരൽ

തന്നെ. ഇവർക്കൊക്കെ നിർദ്ദേശങ്ങൾ നൽകി വാർത്താശേഖരണ ജോലി കോ - ഓർഡിനേറ്റ് ചെയ്യുന്നത് ന്യൂസ് എഡിറ്ററും. വാർത്താശേഖരണ പ്രക്രിയ ന്യൂസ് എഡിറ്ററിൽ തുടങ്ങുന്നു. വാർത്താ കേന്ദ്രീകരണം താഴെ തലത്തിൽ നിന്നും ആരംഭിക്കുന്നു. അങ്ങനെ അനേകംപേരുടെ കൂട്ടായ ശ്രമമാണ് വാർത്താ ശേഖരണം. ഈ കൂട്ടായ ശ്രമത്തിന്റെ വിജയമാണ് പത്രത്തിന്റെ വിജയം. റിപ്പോട്ടറുടെ ഭാവനയും ഭാഷയും അവതരണ സാമർഥ്യവും അന്വേഷണ സാമർഥ്യവും അനുസരിച്ച് ഒരു വാർത്ത പല പത്രങ്ങളിൽ പല രീതിയിൽ വരുന്നു എന്നു മാത്രം.

അതതു മേഖലയിലെ വാർത്താ ശേഖരണ ശൃംഖലയ്ക്ക് പുറമേ ഇതര സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിലും മറ്റു വാർത്താ പ്രധാന കേന്ദ്രങ്ങളിലും വിദേശ രാജ്യങ്ങളിലെ തന്ത്രപ്രധാന സ്ഥലങ്ങളിലുമൊക്കെ ലേഖകന്മാരുണ്ടാകണം. അത് ഫുൾടൈമോ പാർട്ട്ടൈമോ ആവാം. അതൊന്നുമില്ലാത്ത സ്ഥലങ്ങളിലെ വാർത്തകൾക്ക് വാർത്താ ഏജൻസികൾ, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയെ ആശ്രയിക്കും. പത്രങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും വാർത്തകളും ഫീച്ചറുകളും ഫോട്ടോകളും എത്തിച്ചു കൊടുക്കുന്ന കൂട്ടരുണ്ട്.അവർ ഒരു പ്രസിദ്ധീകരണത്തിന്റെയും സ്വന്തമല്ലാത്ത സ്വതന്ത്രന്മാരാണ്. അവരെ ഫ്രീലാൻഡ് ജേർണലിസ്റ്റുകൾ, ഫ്രീലാന്റ് ഫോട്ടോഗ്രാഫർമാർ എന്നൊക്കെയാണുപറയുന്നത്. ചെറിയ പത്രങ്ങൾ സുപ്രധാന കേന്ദ്രങ്ങളിൽ മാത്രം ലേഖകന്മാരെയും, ഫോട്ടോഗ്രാഫർമാരെയും നിയമിക്കുകയും ബാക്കിയുള്ള സ്ഥലങ്ങളിലെ വാർത്തകൾക്ക് ഏജൻസികളെ ആശ്രയിക്കുകയാണ് പതിവ്. പിടിഐ, യുഎൻഐ എന്നീ വാർത്താ ഏജൻസികൾക്ക് ഫോട്ടോ സർവീസുകൂടിയുണ്ട്. അവയും പത്രങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

## പ്രതീക്ഷിതം, അപ്രതീക്ഷിതം

വാർത്താ സംഭരണത്തിന്റെ അടിസ്ഥാനത്തിൽ വാർത്തകളെ പ്രതീക്ഷിതം, അപ്രതീക്ഷിതം എന്ന് രണ്ടായി തിരിക്കാം. നടക്കുമെന്നു കാലേകൂട്ടി അറിവുള്ള വാർത്തകളാണ് പ്രതീക്ഷിതങ്ങൾ. സമ്മേളനങ്ങൾ, പത്രസമ്മേളനങ്ങൾ, ഉദ്ഘാടനങ്ങൾ, സെമിനാറുകൾ, നിയമസഭാ മന്ത്രിസഭായോഗങ്ങൾ, കോടതി കാര്യങ്ങൾ, കേസുകൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ, ഇതര ആഘോഷങ്ങൾ തുടങ്ങിയവ പ്രതീക്ഷിതങ്ങളുടെ ഗണത്തിലും അഗ്നിബാധകൾ, തീവണ്ടി - ബസ് - വിമാനാപകടങ്ങൾ, കപ്പൽ നാശങ്ങൾ, പ്രകൃതിക്ഷോഭം കൊള്ള, കൊള്ളിവയ്പ് പോലീസ്മർദ്ദനം സംഘട്ടനം തുടങ്ങിയവയാണ് അപ്രതീക്ഷിത വാർത്തകൾ, പ്രതീക്ഷിത വാർത്തകളുടെ ഒരു ലിസ്റ്റ് ന്യൂസ്എഡിറ്ററുടെ പക്കലുണ്ടാവും. പ്രഖ്യാപനങ്ങൾ, അറിയിപ്പുകൾ, നോട്ടീസുകൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ഡയറിക്കുറിപ്പുകൾ സൂക്ഷിച്ചാണ് അദ്ദേഹം പട്ടിക തയ്യാറാക്കുന്നത്. ഈ ഡയറിയ്ക്കാണ് 'ന്യൂസ്ഡയറി' എന്നു പറയുന്നത്. ന്യൂസ് എഡിറ്റർ സൂക്ഷിക്കുന്നതുപോലെ ന്യൂസ് ഡയറികൾ ബ്യൂറോ തലവൻമാരും ഒറ്റ ലേഖകന്മാരും സൂക്ഷിക്കുന്നു.

ന്യൂസ് എഡിറ്റർ അതതു ദിവസത്തെ പ്രതീക്ഷിത വാർത്തകളുടെ ഒരു പട്ടിക തയ്യാറാക്കുന്നു. ഇതിനെ ന്യൂസ് ഷെഡ്യൂളുകൾ എന്നു പറയുന്നു. ഉച്ചതിരിഞ്ഞ് ഡെസ്ക് ചീഫിന് ഈ ന്യൂസ് ഷെഡ്യൂളുകളിന്റെ പ്രതി അദ്ദേഹത്തിന്റെ മേശപ്പുറത്ത് എത്തിക്കുന്നു. അതോടെ പരസ്യ സ്ഥലം കഴിച്ച് വാർത്തയ്ക്കായി എന്തു മാത്രം സ്ഥലമുണ്ടെന്നറിയിക്കുന്ന പരസ്യഡമ്മിയും ഡെസ്ക് ചീഫിന് ലഭിക്കുന്നു. ഈ സ്ഥലത്തിന്റെ ഡമ്മിയും വാർത്താ ഷെഡ്യൂകളും വച്ചുകൊണ്ട് ഡെസ്ക് ചീഫിന് ഓരോ വാർത്തയും നീക്കിവയ്ക്കാൻ കഴിയുന്ന സ്ഥലം നിർണയിക്കാനാവും. ലഭ്യമായതിൽ കുറേ സ്ഥലം അപ്രതീക്ഷിത വാർത്തകൾക്കായി നീക്കിവയ്ക്കണം. അച്ചടക്കപൂർവ്വം പ്രവർത്തിക്കുന്ന വാർത്താ ശൃംഖലയുള്ള പത്രത്തിന് ഈ ഷെഡ്യൂളിൽ പറയുന്ന സമയത്തു തന്നെ കൃത്യമായി വാർത്തകൾ എത്തിക്കൊണ്ടിരിക്കും ഓരോ വാർത്തയ്ക്കും ഏതാണ്ട് എന്തു ദൈർഘ്യമുണ്ടായിരിക്കും എന്നും ന്യൂസ് ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിരിക്കും. അല്പസ്വല്പം ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാമെങ്കിലും ഇക്കാര്യത്തിൽ ലേഖകന്മാർ ഏതാണ്ട് കൃത്യത പാലിച്ചിരിക്കും. അതല്ല ചില വാർത്തകൾക്ക് സ്ഥലം കൂടുതൽ ആവശ്യമുണ്ടെങ്കിൽ അക്കാര്യം വാർത്ത കൈയിൽ കിട്ടിയാലുടൻ ലേഖകന്മാർ ഓഫീസിൽ അറിയിച്ചി

രിക്കും, അറിയിച്ചിരിക്കണമെന്നാണ് വ്യവസ്ഥ. ഇങ്ങനെ ഷെഡ്യൂളിലെ സമയ - ദൈർഘ്യ പരിധികൾ പാലിച്ചെങ്കിലേ പത്രം ഓഫീസിലും സമയം പാലിക്കാനാവൂ.

## Recap

- അസാധാരണമായതും പുതുമയുള്ളതുമായ സംഭവമാണ് വാർത്ത
- പുതിയ വിശേഷങ്ങളാണ് വാർത്തകൾ
- പത്രസമ്മേളനങ്ങൾ പുതിയ വാർത്താ ഉറവിടങ്ങളാണ്
- വാർത്തയുടെ പ്രാധാന്യമാണ് വാർത്താമൂല്യം
- പ്രതീക്ഷിത വാർത്തകളുടെ ഷെഡ്യൂൾ ആണ് ന്യൂസ്ഷെഡ്യൂൾ
- വാർത്ത എഴുത്തിലെ അലിഖിത നിയമമാണ് ഇൻവർട്ടഡ് പിരിമിഡ് ഘടന
- ന്യൂസ് റിപ്പോർട്ടർമാർ കണ്ടെത്തുന്ന ഇനങ്ങളെ സ്റ്റോറി എന്നു പറയുന്നു
- എന്ന്നടക്കുമെന്ന് മുൻകൂട്ടി അറിയുന്ന വാർത്തകളെ പ്രതീക്ഷിത വാർത്തകൾ എന്നു പറയുന്നു
- റിപ്പോർട്ടറിനുള്ള പ്രധാന സവിശേഷതയാണ് ജാഗ്രത
- റിപ്പോർട്ടറുടെ ചിന്ത അതിവേഗത്തിലുള്ളതായിരിക്കണം
- വാർത്ത വസ്തുനിഷ്ഠമായ ഒന്നാണ്
- വാർത്ത മണത്തറിയാനുള്ള സാമർഥ്യം വാർത്താഘ്രാണനം

## Objective Type Questions

1. വാർത്ത അല്ലെങ്കിൽ വർത്തമാനം എന്നതിന്റെ അർത്ഥം എന്ത്?
2. അസാധാരണവും പുതുമയുള്ളതുമായ സംഭവങ്ങളുടെ പേര് എന്ത്?
3. വാർത്തയുടെ പ്രാധാന്യത്തിനു പറയുന്ന പേര്?
4. പത്രത്തിന്റെ വാർത്താ ഉറവിടങ്ങൾക്കു പറയുന്ന പേര്?
5. പ്രസ് റിലീസിന്റെ മറ്റൊരു പേര്?
6. ആധുനിക പത്രപ്രവർത്തനത്തിലെ അലിഖിത നിയമത്തെ എന്തു പറയുന്നു?
7. ഒരു പത്രത്തിന്റെ ഏറ്റവും വലിയ ദൗത്യം എന്ത്?
8. വാർത്താ ശേഖരണത്തിന്റെ കേന്ദ്രബിന്ദു ആര്?
9. പ്രതീക്ഷിത വാർത്തകളുടെ പട്ടിക ഏതു പേരിലാണ് അറിയപ്പെടുന്നത്?
10. മാധ്യമങ്ങളിൽ ജീവൽ പ്രധാനമുള്ള ഘടകം ഏത്?
11. ലൈവ് റിപ്പോർട്ടിംഗിന്റെ മറ്റൊരു പേര്?
12. വാർത്തകളുടെ സ്വഭാവത്തെ തരം തിരിക്കാനുള്ള കഴിവിനെ എന്തു പറയുന്നു?
13. ഒരു റിപ്പോർട്ടറുടെ ചിന്ത എപ്രകാരമുള്ളതായിരിക്കണം?
14. അതിവിദൂരസ്ഥലത്തു സംഭവിക്കുന്ന ഒരു കാര്യം സംബന്ധിച്ച വിവരങ്ങൾ പ്രേക്ഷകനു നൽകുന്ന രീതി?
15. റിപ്പോർട്ടറിനുള്ള പ്രധാന സ്വഭാവസവിശേഷത എന്ത്?

## Answers

1. വിശേഷണം
2. വാർത്ത
3. വാർത്താ മൂല്യം
4. വാർത്താ ഏജൻസികൾ
5. ഹാൻഡ്ഔട്ടുകൾ
6. ഇൻവർട്ടഡ് പിരമിഡ് ഘടന
7. വാർത്താ വിതരണം
8. എഡിറ്റർ
9. ന്യൂസ് ഷെഡ്യൂളുകൾ
10. റിപ്പോർട്ടിംഗ്
11. ടെലിബ്രിഡ്ജ്
12. വാർത്താവബോധം
13. വേഗതയുള്ളത്
14. ലൈവിറിപ്പോർട്ട്
15. ജാഗ്രത

## Assignment

1. വാർത്തയുടെ വിവിധ നിർവചനങ്ങൾ വിശദീകരിക്കുക
2. വാർത്താപ്രഭവത്തിന്റെ പ്രധാനപ്പെട്ട വിഭാഗങ്ങൾ ഏവ
3. റിപ്പോർട്ടർക്ക് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട സ്വഭാവസവിശേഷതകൾ എന്ത്
4. റിപ്പോർട്ടിംഗിലെ നൂതന പ്രവണതകൾ ഏവ
5. വാർത്തകളുടെ തത്ത്വവും പ്രയോഗവും ഏത് രീതിയിലാണ്? മാധ്യമസംസ്കാരത്തെ സ്വാധീനിക്കും
6. വാർത്താലേഖകന് ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷത എങ്ങനെയാണ് വാർത്താ ലേഖന രചനയെ സ്വാധീനിക്കുന്നതെന്ന് വിലയിരുത്തുക

## References


1. ജോയി തിരുമൂലപുരം, വാർത്ത 1 മുതൽ 3 വരെ വാല്യങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, വൃത്താന്തപത്രപ്രവർത്തനം.
3. കെ.പി. വിജയൻ, പത്രങ്ങൾ വിചിത്രങ്ങൾ, എസ്.പി.സി.എസ്. കോട്ടയം.
4. എ.ജി. ശ്രീകുമാർ, പുസ്തകങ്ങൾ നിർമ്മിച്ച കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. പുതുപ്പള്ളി രാഘവൻ, വൃത്താന്തപത്രപ്രവർത്തനം.
6. Rangaswami Parthasarathy, Basi,Journalism,Macmillan
7. HaroldEvans, Editingand Design, HEINEMANN, 1973
8. എം.എൻ. സത്യവ്രതൻ, വാർത്തയുടെ ശില്പശാല, കേരള പ്രസ് അക്കാദമി, കാക്കനാട്, കൊച്ചി.
9. പ്രഭാകരൻ പൂത്തൂർ, പത്രപ്രവർത്തനം തൊഴിലും കലയും, നാഷണൽ ബുക്ക്സ്റ്റാൾ, തിരുവനന്തപുരം.
10. നിസാർ ഒളമണ്ണ, പത്രപ്രവർത്തനം ലഘുപഠനം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

# BLOCK 04

# വാർത്തേതര രചനകൾ

SGOU

യൂണിറ്റ്
1

# വാർത്തേതര രചനകൾ

## Learning Outcomes

- വാർത്തേതര രചനകളായ അഭിമുഖ സംഭാഷണം, ഫീച്ചർ രചന എന്നിവയുടെ പ്രത്യേകതകൾ മനസിലാക്കുന്നു.
- അഭിമുഖങ്ങൾ വ്യക്തി ജീവിതത്തിലേക്കുള്ള വാതായനങ്ങൾ തുറക്കുന്നതായി തിരിച്ചറിയുന്നു
- വസ്തുനിഷ്ഠമായ വിവരങ്ങൾക്കും രചയിതാവിന്റെ സർഗപരമായ ചിന്തകളുടെ ദർശനങ്ങൾക്കും ഫീച്ചറുകൾ മികവുനൽകുന്നതായി കണ്ടെത്തുന്നു
- മിഡിൽപീസ്, കാർട്ടൂണുകൾ, ഫോട്ടോകൾ, എഡിറ്റോറിയൽ എന്നിവയുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- പത്രത്തിന്റെ മൂല്യബോധവും ദർശനവും എഡിറ്റോറിയലിൽ അവതരിപ്പിക്കുന്നതായി മനസിലാക്കുന്നു
- സ്റ്റിംഗ് ഓപ്പറേഷൻ, യെല്ലോ ജേർണലിസം, സെൻസറിംഗ്, മാധ്യമങ്ങളും നിയമങ്ങളും എന്നിവയെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നു
- വായനക്കാരുടെ വിശ്വാസ്യതയും വിശ്വസ്തതയും പത്രമാധ്യമങ്ങൾ നിലനിർത്തുന്നു എന്ന് മനസിലാക്കുന്നു

## Prerequisite

നാം ജീവിക്കുന്നത് പ്രകാശവേഗത്തിലെന്നപോലെ, വാർത്തകൾ അതിവേഗം പങ്കുവെയ്ക്കപ്പെടുന്ന അത്യാധുനികമായ ഒരു കാലത്താണ്. ലോകമെമ്പാടുനിന്നും വാർത്തകൾ പെരുമഴപോലെ വന്നുനിറയുന്ന ഒരു കാലം. വാർത്താവിനിമയസംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വലിയ വിപ്ലവങ്ങളുടെ ഭാഗമായി ലോകത്തിന്റെ ഏതുഭാഗത്തുനടക്കുന്ന സംഭവങ്ങളും നിമിഷങ്ങൾക്കുള്ളിൽ ലോകംമുഴുവനും എത്തിച്ചേരുന്ന കാലം. അത്രത്തോളം വാർത്താവിനിമയ സംവിധാനങ്ങൾ ഭൂമിയെ പെരുമഴപോലപൊതിഞ്ഞു കൊണ്ടേയിരിക്കുന്നു.

പത്രങ്ങൾ വായനക്കാരന്റെ വൈവിധ്യമാർന്ന താല്പര്യങ്ങളെ തൃപ്തിപ്പെടുത്തുന്ന പ്ലാറ്റ്ഫോമുകളാണ്. വാർത്തകളും വിവരങ്ങളും വിനോദങ്ങളുമായി വലിയൊരു ലോകമാണ് പത്രം തുറന്നു വയ്ക്കുന്നത്. ഇവിടെ വിശദമായി ചർച്ച ചെയ്യപ്പെടുന്ന സങ്കല്പനങ്ങളിൽ നിന്നും വ്യത്യസ്തമായി, ഒരു പത്രത്തിന്റെ പ്രാദേശികം, ദേശീയം, അന്താരാഷ്ട്രതലം തുടങ്ങിയ മേഖലകളിലെ വാർത്തകളുണ്ടാവും. പത്രങ്ങൾക്ക് പ്രാധാന്യമുണ്ടാക്കുന്നത്, അവയ്ക്ക് വിശ്വസനീയവും സമഗ്രവും ഉചിതവുമായ കവറേജ് നൽകുന്നതിലുള്ള കഴിവിലാണ്.

ബിസിനസും സമ്പദ്വ്യവസ്ഥകളും സംബന്ധിച്ച വിപണികളുടെയും കമ്പനികളുടെയും വാർത്തകളും സംഭവവികാസങ്ങളും പത്രത്തിൽ ഉണ്ടാവും. വ്യത്യസ്ത രാഷ്ട്രീയ വാർത്തകളുമുണ്ടാകും. ചലച്ചിത്രം, സംഗീതം,ടി.വിഷോകൾ, സാംസ്കാരിക പരിപാടികൾ എന്നിങ്ങനെ

വിനോദപ്രദമായ വാർത്തകളും ഉണ്ടാകും. വിവിധ സ്പോർട്സ്, അത്‌ലറ്റിക് ഇവന്റുകളെക്കുറിച്ചുള്ള വാർത്തകൾ കാണും. ആരോഗ്യം, ഭക്ഷണം, യാത്ര, ഫാഷൻ ജീവിതശൈലീവിഷയങ്ങൾ തുടങ്ങിയ ലേഖനങ്ങളുമുണ്ടാകും. റിയൽഎസ്റ്റേറ്റ് സേവനങ്ങൾ, തൊഴിൽ, വിവാഹം തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങളും വായനക്കാരെ മിഴിപ്പിക്കുന്ന ചിത്രകഥകളും കാർട്ടൂണുകളും ചില പത്രങ്ങളിലുണ്ടാകും.

നമുക്കറിയാം, ആധുനിക സാമൂഹികജീവിതത്തിൽ അനിവാര്യമായ ഒരു ആശയവിനിമയ മാധ്യമമാണ് പത്രങ്ങൾ. ലോകമെമ്പാടുമുള്ള ജനതയ്ക്കായി വാർത്തകളും വിവരങ്ങളും വിജ്ഞാനവും അനവധിയായ ഭാഷകളിലൂടെ പകർന്നുനൽകുന്ന ഒരു വലിയ ബഹുജനമാധ്യമമാണ് അത്. സമയബന്ധിതമായി, വിശ്വസ്തമായി, വ്യാപകമായ വാർത്താപരിധിയിൽ നിന്നുകൊണ്ട് പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ സംഭവങ്ങളെ വായനക്കാരിലേക്കെത്തിക്കുന്നു എന്നതാണ് അതിന്റെ പ്രാധാന്യം. വർത്തമാനകാല സാമൂഹിക സംഭവങ്ങളായ രാഷ്ട്രീയം, ധനകാര്യം, സംസ്കാരം, ശാസ്ത്രം, കായികമേഖലകൾ തുടങ്ങി എല്ലാപ്രധാന സംഭവങ്ങൾക്കും പത്രം പ്രാധാന്യം നൽകുന്നു. വിശ്വസനീയമായ ഉറവിടത്തിൽ നിന്നുള്ള വിവരങ്ങളും വാർത്തകളും വായനക്കാർക്ക് പത്രങ്ങൾ എത്തിച്ചുകൊടുക്കുന്നു. പത്രങ്ങളിൽ വായനക്കാരുടെ അഭിപ്രായങ്ങളും എഡിറ്റോറിയലുകളും പരസ്യങ്ങളും പ്രത്യേക വിഭാഗങ്ങളും വിനോദങ്ങളും വിദ്യാഭ്യാസകാര്യങ്ങളും ജീവിതശൈലികളും മറ്റുമായി ഒരു ജനാധിപത്യ സമൂഹത്തിലെ വ്യത്യസ്തതരം വായനക്കാരെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ ഉണ്ടാവുക പതിവാണ്. പൊതുവേ കെട്ടിലും മട്ടിലും ചെറിയ വ്യത്യാസങ്ങളോടെ പരമ്പരാഗതരീതിയിൽ പിൻതുടരുകയാണ് അച്ചടി മാധ്യമമായ പത്രങ്ങൾ.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വരവോടെ, സമീപകാലങ്ങളിൽ മിക്ക പത്രങ്ങൾക്കും ഓൺലൈൻ എഡിഷനുകൾ ഉണ്ടായിട്ടുണ്ട്. അതിലൂടെ പത്രങ്ങളുടെ ഭൂമിക ആകെ മാറ്റപ്പെട്ടിരിക്കുന്നു. അതിന്റെ ഭാഗമായി തത്സമയ വാർത്താനവീകരണവും മൾട്ടിമീഡിയ ഘടകങ്ങളും വായനക്കാരുമായുള്ള സംവാദങ്ങളും വർധിപ്പിക്കാൻ കഴിയുന്നു. വായനക്കാർ മൊബൈൽ ഫോണുകൾ, ടാബ്ലറ്റുകൾ, ലാപ്ടോപ്പുകൾ തുടങ്ങിയ ഉപകരണങ്ങളിലൂടെ ഓൺലൈൻ വാർത്തകളും പങ്കുവെയ്ക്കുന്നു. ഇത്തരത്തിൽ ചരിത്രത്തിൽ ഇടംപിടിച്ചുകഴിഞ്ഞ പത്രങ്ങൾ സമൂഹത്തിലെ തലമുറകൾക്ക് വാർത്തകളും വിവരങ്ങളും വിജ്ഞാനവും കാലങ്ങളായി കൈമാറിക്കൊണ്ടിരിക്കുന്നു. അവരെ നവീകരിക്കുകയും ഭാവിതലമുറയ്ക്കുവേണ്ടി ഇന്നിന്റെ വിലപ്പെട്ട രേഖകൾ നിത്യവും സമ്മാനിക്കുകയും ചെയ്യുന്നു.


## Keywords

വാർത്തേതരരചനകൾ-അഭിമുഖങ്ങൾ-ഫീച്ചർരചന-മിഡിൽപീസ്-കാർട്ടൂണുകൾ-ഫോട്ടോകൾ-എഡിറ്റോറിയൽ-മാധ്യമങ്ങളും സമൂഹവും-മാധ്യമ ധാർമ്മികത-പെയ്ഡ് ന്യൂസ്-സ്റ്റിംഗ് ഓപ്പറേഷൻ-യെല്ലോ ജേർണലിസം-സെൻസറിംഗ്-മാധ്യമങ്ങളും നിയമങ്ങളും

## Discussion

### വാർത്തേതര രചനകൾ

നാം ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത് പ്രധാനമായും പത്രപ്രവർത്തനമേഖലയിലെ വാർത്തേതര രചനകളെക്കുറിച്ചാണ്. അവയിൽ, അഭിമുഖസംഭാഷണം, ഫീച്ചർ രചന, മിഡിൽ പീസ്, കാർട്ടൂണുകൾ, ഫോട്ടോകൾ, എഡിറ്റോറിയൽ, മാധ്യമങ്ങളും സമൂഹവും, മാധ്യമ ധാർമ്മികത, പെയ്ഡ് ന്യൂസ്, സ്റ്റിംഗ് ഓപ്പറേഷൻ, യെല്ലോ ജേർണലിസം, സെൻസറിംഗ്, മാധ്യമങ്ങളും നിയമങ്ങളും എന്നീ മേഖലകൾ ഉൾക്കൊള്ളുന്നു. ഈ സങ്കല്പനങ്ങളെല്ലാം പത്രപ്രവർത്തനമേഖലയിലെ പ്രധാന ഘടകങ്ങളാണ്. പത്രപ്രവർത്തന ചരിത്രത്തിലെ ആദ്യകാലഘട്ടം മുതൽ വർത്തമാനകാലംവരെ പ്രസക്തമായ വിഷയങ്ങളുമാണ്.

വിദഗ്ധരും പ്രശസ്തരുമായ വ്യക്തികളുടെ അഭിപ്രായങ്ങളും അനുഭവങ്ങളും വായനക്കാരുമായി പങ്കുവെയ്ക്കുന്നവയാണ് അഭിമുഖ സംഭാഷണങ്ങൾ. പത്രത്തിന്റെ ഉള്ളിൽ വരുന്ന പ്രശസ്തമായ ഒരു ലേഖനമാണ് മിഡിൽപീസ് എന്ന് അറിയപ്പെടുന്നത്. അത് എഡിറ്റോറിയലുമാകാം. പത്രവാർത്തകളുടെ വിശദീകരണാർത്ഥവും അല്ലാതെയും വരാവുന്ന ഹാസ്യചിത്രമാണ് കാർട്ടൂൺ. വായനക്കാരുടെ ശ്രദ്ധയെ പിടിച്ചെടുത്ത് വാർത്തയുടെ വിശദാംശങ്ങളിലേക്ക് കൊണ്ടുപോകുന്ന ഫോട്ടോകൾക്ക് അതിപ്രധാന സ്ഥാനമാണുള്ളത്. വാർത്തയ്ക്ക് ഒരു ദൃശ്യാനുഭവത്തിന്റെ സത്യാത്മകത നൽകാൻ ഫോട്ടോകൾ സഹായിക്കുന്നു.

അന്തർദ്ദേശീയബന്ധങ്ങൾ, സംഘർഷങ്ങൾ, നയതന്ത്രങ്ങൾ, അന്തർദ്ദേശീയ നിയന്ത്രണങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ തുടങ്ങി പ്രാധാന്യമുള്ള വിഷയങ്ങളെല്ലാം പത്രങ്ങളുടെ എഡിറ്റോറിയലുകൾക്ക് വിഷയമാകാറുണ്ട്. ഭിന്നിപ്പിക്കലും തകർക്കലുമല്ല സമൂഹത്തിന്റെ ഒന്നിച്ചുള്ള വികസനമുന്നേറ്റമാണ് മാധ്യമങ്ങൾ ലക്ഷ്യമാക്കേണ്ടതെന്ന് മാധ്യമങ്ങളും സമൂഹവും എന്ന ചർച്ച നമ്മെ ഓർമ്മിപ്പിക്കുന്നു. കേവലമായ തൊഴിൽ, കച്ചവടം, വ്യവസായം എന്നിവയ്ക്കപ്പുറം ജനങ്ങളുടെ അഭിപ്രായ സ്വരൂപണത്തിന്റെയും നിർമ്മിതിയുടെയും ചാലകശക്തിയായ മാധ്യമങ്ങൾ ചില മൂല്യങ്ങളും നിയമങ്ങളും അടങ്ങുന്ന മാധ്യമ ധാർമ്മികത മറക്കാതിരിക്കേണ്ടിയിരിക്കുന്നു.

സ്വന്തം നേട്ടങ്ങൾക്കുവേണ്ടി ചില വ്യക്തികളും സ്ഥാപനങ്ങളും തങ്ങൾക്ക് അനുകൂലമായ മാധ്യമ കവറേജ് ഉണ്ടാക്കാൻവേണ്ടി, മാധ്യമ സ്ഥാപനങ്ങൾക്കും ജേർണലിസ്റ്റുകൾക്കും വലിയതോതിൽ സാമ്പത്തിക പ്രതിഫലം നൽകുന്ന പെയ്ഡ്ന്യൂസ് മറ്റൊരു വിഷയമാണ്. രഹസ്യ ക്യാമറകളും, മൈക്രോഫോണുകളും മറ്റും ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ നിയമവിരുദ്ധമായ പ്രവർത്തനങ്ങളും അഴിമതികളും കണ്ടെത്തുന്ന അന്വേഷണാത്മക പത്രപ്രവർത്തനഭാഗമായുള്ള രഹസ്യാന്വേഷണമാണ് സ്റ്റിംഗ് ഓപ്പറേഷൻ.

പത്രങ്ങളുടെ സർക്കുലേഷൻ വർധിപ്പിക്കുന്നതിനുവേണ്ടി വ്യാജവാർത്തകളുടെ നിർമ്മാണമാണ് യെല്ലോ ജേർണലിസം. അതിനായി വായനക്കാരെ ആകർഷിക്കുന്ന സ്തോഭജനകമോ, ഭീഷണമോ ആയ വാർത്തകൾ ഉണ്ടാക്കിയിരുന്ന ഒരു കാലം, പത്രപ്രവർത്തനചരിത്രത്തിലുണ്ട്. യെല്ലോ ജേർണലിസത്തിന്റെ വ്യാജവാർത്താനിർമ്മിതി അമേരിക്കയേയും സ്പെയിനിനേയും തമ്മിൽ യുദ്ധംവരെ ചെയ്യിപ്പിച്ചിട്ടുണ്ടെന്ന് മാധ്യമചരിത്രം അടയാളപ്പെടുത്തുന്നു. ചിലരാജ്യങ്ങളിൽ പലവിധത്തിലുള്ള മാധ്യമ സെൻസറിംഗ് നിലനില്ക്കുന്നുണ്ടെന്നും നമുക്ക് അറിവുള്ളതാണല്ലോ. വാർത്തകളിൽ വിശ്വസ്തതയും സത്യസന്ധതയും നിലനിർത്തേണ്ടത് മാധ്യമധർമ്മത്തിലെ പ്രധാന കടമയാണെന്ന് മാധ്യമങ്ങളും നിയമങ്ങളും എന്ന ചർച്ചയും ഓർമ്മിപ്പിക്കുന്നു. ഈ മേഖലകളെക്കുറിച്ചെല്ലാം പിന്നാലെ വിശദമായി പ്രതിപാദിക്കുന്നതിനാൽ അവയെക്കുറിച്ച് ഇവിടെ ദീർഘമായി പരാമർശിക്കുന്നില്ല.

### അഭിമുഖസംഭാഷണങ്ങൾ

വലിയ വാർത്താപ്രാധാന്യമുള്ള തലക്കെട്ടുകൾക്കൊപ്പം അവയെ സാധൂകരിക്കുംവിധം പലപ്പോഴും അതുമായി ബന്ധപ്പെട്ട വ്യക്തികളു

ടെ അഭിമുഖങ്ങൾ വരിക പതിവാണ്. അഭിമുഖം നൽകുന്ന വ്യക്തിയുടെ ജീവിതസാഹചര്യവും വിലയേറിയ ഉൾക്കാഴ്ചകളും അനുഭവങ്ങളും പങ്കുവെയ്ക്കപ്പെടുന്നു. വ്യത്യസ്ത മേഖലക ളിലായി അവർ നല്കിയ സംഭാവനകളുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെ ടുന്നു. വായനക്കാർക്ക് ആ വ്യക്തിയിൽനിന്ന് അറിയേണ്ടതും അവർ പ്രതീക്ഷിക്കുന്നതുമായ വിവരങ്ങൾ കണ്ടെത്തണം. അത്തരത്തിലുള്ള സമഗ്രവിവരങ്ങളെയും പുറത്തെടുക്കാൻ കഴിയു ന്നതരം ശ്രദ്ധാപൂർവമായ ചോദ്യങ്ങൾ അവതരി പ്പിക്കാനുള്ള ചില പത്രപ്രവർത്തകരുടെ കഴിവ് പ്രശംസനീയമാണ്. കേവലമായ ചോദ്യോത്ത രങ്ങൾക്കപ്പുറത്ത്, അഭിമുഖങ്ങളെ ഒരു കഥപ റച്ചിലിന്റേതുപോലെയുള്ള, വ്യക്തിജീവിതാനു ഭവത്തിലേക്കുള്ള വാതായനങ്ങൾ തുറക്കുന്ന വൈകാരിക അനുഭവമാക്കി മാറ്റാൻ അവർക്കു കഴിയും.

> സമൂഹത്തിൽ മറ്റാരും പറയാത്ത കഥ കളിലൂടെ, വായനക്കാരെ ആകർഷിക്കുന്ന ഒരാഖ്യാനം നെയ്തെടുക്കണം. അഭിമുഖം നൽകുന്ന വ്യക്തിയുടെ ജീവിതത്തിൽനി ന്ന്, മനസിൽനിന്ന് പുതിയൊരു ജാലകം തുറക്കണം. വ്യക്തികളുമായി വൈകാരിക മായി ബന്ധപ്പെടാൻ വായനക്കാർക്ക് കഴി യണം. ആധികാരികതയും സൂക്ഷ്മതയും സമഗ്രവീക്ഷണവും വെളിപ്പെടുത്തുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഉൾക്കൊള്ളുന്ന പത്രപ്രവർത്തനത്തിന്റെ ചലനാത്മകവും ജീവസുറ്റതുമായ രേഖക ളാണ് അഭിമുഖങ്ങൾ.

വായനക്കാരന്റേതിൽ നിന്ന് വ്യത്യസ്തമായ ജീവിതാനുഭവങ്ങളുടെയും കാഴ്ചപ്പാടുകളുടെ യും പുതിയൊരുലോകം അവർക്കു നൽകാൻ അതു സഹായിക്കുന്നു. മറ്റാരും പറയാത്തതും അനുഭവിക്കാത്തതുമായ കഥാനുഭവപരമ്പരകൾ അങ്ങനെ തുറക്കപ്പെടുന്നു. പത്രപ്രവർത്തനത്തി ലെ ക്രിയാത്മകമായ, ചലനാത്മകമായ ആവിഷ് കാരമാണത്. സമൂഹഘടനയെ രൂപപ്പെടുത്താ നുതകുന്ന വൈവിധ്യവും സത്യാത്മകവുമായ ഒരു പര്യവേക്ഷണംപോലെ, ജീവിതത്തിന്റെ സമഗ്രമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന വിജ്ഞാനത്തിന്റെ കണ്ണാടികളാണ് അഭിമുഖ സംഭാഷണങ്ങൾ.

വർത്തമാനപ്പത്രങ്ങളുടെ സ്വഭാവമനുസരി ച്ച് പലതരം അഭിമുഖങ്ങളായിരിക്കും അവ യിൽ വരിക. അന്തർദ്ദേശീയ പ്രാധാന്യമുള്ള പത്രങ്ങളിൽനിന്ന് വ്യത്യസ്തമായിരിക്കും ഓ രോ രാജ്യത്തെയും ദേശീയപത്രങ്ങളുടേത്. അതിൽ നിന്നും ഭിന്നമാണ് പ്രാദേശിക ഭാഷാ പത്രങ്ങളുടേത്. ഏതുതരം വിഷയത്തിനനുസ രിച്ചായാലും, അതതുമേഖലകളിലെ വിദഗ്ധരും പ്രശസ്തരും ആദരണീയരുമായ വ്യക്തികളിൽ നിന്നാവും അഭിമുഖങ്ങളെടുക്കുക. അവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും തൊഴിൽമേ ഖലാപരമായ പരിചയങ്ങളും കാഴ്ചപ്പാടുകളും വായനക്കാരുമായി പങ്കുവെയ്ക്കുന്ന പംക്തി യാണ് അഭിമുഖ സംഭാഷണങ്ങൾ.

ചില ഉദാഹരണങ്ങൾ പങ്കുവെയ്ക്കാം. സുസ്ഥിരമായ വികസനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടായിരിക്കണം ലോകരാജ്യങ്ങൾ തങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തേ ണ്ടത്. അന്തർദ്ദേശീയമായ ചില പത്രങ്ങളിലെ അഭിമുഖ സംഭാഷണങ്ങളിൽ ഇത്തരമൊരു അഭിപ്രായം പല സാമ്പത്തിക വിദഗ്ദ്ധരും പങ്കുവെയ്ക്കുകയുണ്ടായി. പരിസ്ഥിതിസൗഹൃദ വികസനത്തിലൂന്നിയുള്ള ഒരു ഹരിതഭാവി സമൂ ഹജീവിതത്തിലെ എല്ലാമേഖലയിലും സർക്കാ രുകൾ രൂപപ്പെടുത്തേണ്ടതിന്റെ പ്രാധാന്യമാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. ഒരു ദേശീയപത്രത്തിൽ സാമൂഹിക ബോധവല്ക്കരണത്തിന് കലകളെ എപ്രകാരം ഉപയോഗപ്പെടുത്താമെന്ന അഭിമു ഖം വരികയുണ്ടായി.

> ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാ ധ്യതകൾ സമൂഹജീവിതത്തിലെ വിവിധ മേഖലകളിൽ പ്രയോജനപ്പെടുത്തേണ്ട തുണ്ട്. ഇത്തരം ഒരാശയം ഒരു അന്തർ ദ്ദേശീയപത്രത്തിലെ അഭിമുഖത്തിൽ സാ ങ്കേതികവിദഗ്ധർ സമീപകാലത്ത് ചർച്ച ചെയ്യുകയുണ്ടായി. ഏതുതരം സാങ്കേതി കമേഖലകളുടെ വികസനത്തിലും സാമൂ ഹിക നൈതികതകൂടി പരിഗണിക്കപ്പെടേ ണ്ടതാണെന്നും സൂചിപ്പിക്കുകയുണ്ടായി.


SREENARAYANAGURU OPEN UNIVERSITY

ഒരു സമൂഹമാർഗ്ഗദർശി അവരുടെ പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പ്രാദേശിക പത്രത്തിലൂടെ ചൂണ്ടിക്കാണിച്ചു. ആ പ്രദേശത്തെ വികസനങ്ങൾക്കുവേണ്ടി വാദിച്ചതോടൊപ്പം അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ താഴേത്തട്ടിൽ പ്രവർത്തിക്കുന്ന സംഘടനകളെ കൂടി പങ്കെടുപ്പിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു.

വലിയ അപകട സാധ്യത ഉണ്ടാകാവുന്നതരം മത്സരങ്ങൾക്ക് ടീം വർക്കുകൾക്കൊപ്പം കായികവും മാനസികവും ദീർഘവുമായ തയ്യാറെടുപ്പുകൾ ആവശ്യമാണ്. അത് പ്രശസ്തനായ ഒരു കായികതാരം, ഒരു അന്തർദേശീയ പത്രത്തിനു നൽകിയ അഭിമുഖത്തിൽ സൂചിപ്പിക്കുകയുണ്ടായി. ക്യാൻസർ ഗവേഷണ മേഖലയിലെ ഏറ്റവും ഫലപ്രദമായ പുതിയ ചികിത്സാരീതികളെ പരിചയപ്പെടുത്തിക്കൊണ്ട്, അവ എപ്രകാരം ആശുപത്രികൾ പ്രയോജനപ്പെടുത്തണമെന്ന് ഒരു പ്രാദേശിക പത്രത്തിലെ അഭിമുഖത്തിൽ ഒരു ആരോഗ്യവിദഗ്ധൻ വിശദീകരിച്ചു.

വസ്ത്രരൂപകല്പനയിൽ മാറുന്ന സൗന്ദര്യസങ്കല്പങ്ങളെയും കലയെയും പ്രയോജനപ്പെടുത്തണം. അവയുടെ നൂതന സാധ്യതകളും നിർമ്മാണരീതികളും വിപണന മാർഗങ്ങളും എപ്രകാരമാവാമെന്ന്, ചില അന്തർദ്ദേശീയപത്രങ്ങളിൽ പലതവണ അഭിമുഖങ്ങൾ വന്നിട്ടുള്ളതാണ്. അതുപോലെ അതിപ്രശസ്തരായ എഴുത്തുകാരുടെ ദേശീയപുരസ്കാരം നേടിയ കൃതികളെക്കുറിച്ചും അവയുടെ സവിശേഷതകളെക്കുറിച്ചും ആവിഷ്ക്കാരത്തിന്റെ നൂതനതലങ്ങളെക്കുറിച്ചും ദേശീയപത്രങ്ങളിൽ ചിലപ്പോഴെല്ലാം അഭിമുഖങ്ങൾ വരാറുണ്ട്. കലാലയങ്ങളിലെ ക്ലാസ് മുറികളിൽ വിദ്യാർഥികളുടെ വിമർശനാത്മകമായ ചിന്തകളെ പരിപോഷിപ്പിക്കേണ്ടതുണ്ട്. യുവാക്കൾ സർഗാത്മകമായി ഉയരേണ്ടതിന്റെ ആവശ്യകത ചില വിദ്യാഭ്യാസ വിദഗ്ധർ അഭിമുഖത്തിൽ ചർച്ചയാക്കുന്നതും കാണാം.

ഭാവികാലത്തും ഭൂമിയിൽ ജീവന്റെ സുരക്ഷിതമായ നിലനില്പുണ്ടാവണം. അതിനുവേണ്ടി ആഗോള സഹകരണം അനിവാര്യമാണെന്ന്, കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെച്ച അന്തർദ്ദേശീയപത്രത്തിന്റെ അഭിമുഖത്തിൽ ഒരു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുകയുണ്ടായി. അതുപോലെ, ചില പ്രത്യേക രാജ്യങ്ങൾ തമ്മിൽ നിലനില്ക്കുന്ന അഭിപ്രായഭിന്നതകളും സംഘർഷങ്ങളും യുദ്ധങ്ങളും നയതന്ത്രതലത്തിൽ പരിഹരിക്കപ്പെടേണ്ടതാണ്. മനുഷ്യജീവനുകൾ പൊലിയുന്നത് പൂർണമായും അവസാനിക്കണം. അത് രാജ്യാന്തര സമൂഹത്തിന്റെ സാഹോദര്യകൂട്ടായ്മയ്ക്ക് അനിവാര്യമാണ്. ഇത്തരം ചിന്തകൾ ചില നയതന്ത്രവിദഗ്ദ്ധരുടെ അഭിമുഖങ്ങളിൽ കാണപ്പെട്ടിരുന്നു.

പുതിയ ഖനനത്തിലൂടെ, അതിപുരാതന സംസ്കാരങ്ങളുടെ അവശേഷിപ്പുകൾ കണ്ടെത്തുന്ന പുരാവസ്തുശാസ്ത്രജ്ഞരുമായുള്ള അഭിമുഖങ്ങൾ പല ദേശീയപത്രങ്ങളിലും കാണാറുണ്ട്. പല പുരാതന സാംസ്കാരിക പൈതൃകങ്ങളുടെയും തനതായ നിലനില്പ് ആവശ്യമാണ്. അവയെ കാത്തു സൂക്ഷിക്കാൻ വേണ്ടി പരിശ്രമിക്കുന്ന ചില പ്രത്യേക മേഖലകളിലെ വിദഗ്ധരുമായുള്ള അഭിമുഖങ്ങളും വരാറുണ്ട്. സമൂഹത്തിൽ നൂറ്റാണ്ടുകളായി പാർശ്വവല്ക്കരിക്കപ്പെട്ട ജനതകളെ കാലികമായി കൈപിടിച്ചുയർത്തേണ്ടതുണ്ട്. അവരെ സംരക്ഷിക്കുന്നതിന് അവർക്ക് സാമൂഹികനീതിയും അവകാശങ്ങളും ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി അന്തർദ്ദേശീയതലത്തിൽ ആവശ്യമായ നിയമനിർമ്മാണവും, അവ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും ചില അഭിമുഖങ്ങളിൽ വരാറുണ്ട്.

ചുരുക്കത്തിൽ കലയും സംസ്കാരവും ശാസ്ത്രവും സാങ്കേതികമേഖലയും സാമൂഹിക പ്രശ്നങ്ങളും തുടങ്ങി എണ്ണമറ്റ മേഖലകളിലെ വിദഗ്ധരുമായുള്ള പത്രപ്രവർത്തകരുടെ അഭിമുഖങ്ങൾ വായനക്കാർക്ക് അറിവിന്റെ ആയിരമായിരം വാതിലുകൾ തുറന്നുകൊടുക്കുന്നവയാണ്.

## ഫീച്ചർ രചന

ഏതെങ്കിലും ഒരു വിഷയത്തെ അതിന്റെ സമഗ്രതയിൽ പഠനവിധേയമാക്കി, ആവശ്യമായ ചിത്രങ്ങളോടും വിശദീകരണങ്ങളോടുംകൂടി,

വായനക്കാർക്ക് ഒരു കഥപോലെ വായിക്കാൻ താല്പര്യം തോന്നിപ്പിക്കുംവിധം മനോഹരമായി അവതരിപ്പിക്കുന്ന ലേഖനമാണ് ഫീച്ചർ. ഫോട്ടോകൾ, വരയ്ക്കുന്ന ചിത്രങ്ങൾ, ഗ്രാഫുകൾ, ഡയഗ്രങ്ങൾ, മറ്റുചില ഡാറ്റകൾ അടങ്ങിയ ചിത്രങ്ങൾ എന്നിവ ഫീച്ചറുകളോടൊപ്പം ചേർക്കാറുണ്ട്. അല്പം നാടകീയതയോടെയുള്ള, അന്വേഷണാത്മകവും നിരീക്ഷണാത്മകവുമായ ആഖ്യാനമാതൃകയാവും അതിനുണ്ടാവുക. വിഷയസ്വഭാവത്തിന് പര്യാപ്തമായ ദൈർഘ്യത്തോടെയാവും ഫീച്ചർ രചന. വസ്തുനിഷ്ഠമായ വിവരങ്ങളും രചയിതാവിന്റെ സർഗപരമായ ചിന്തകളും ദർശനങ്ങളും ഫീച്ചറുകൾക്ക് മികവ് നല്കുന്നു.വസ്തുതകൾ നേരിട്ട് പറയുന്ന ഒരു വാർത്താരചനയിൽനിന്ന് വ്യത്യസ്തമാണത്. പത്രസപ്ലിമെന്റുകളിലാണ് മിക്കവാറും ഫീച്ചറുകൾ അവതരിപ്പിക്കപ്പെടുക. പത്രങ്ങളിൽ മിക്കഞായറാഴ്ചപ്പതിപ്പുകളിലും, മറ്റ് ആനുകാലികങ്ങളിലും ഫീച്ചറുകൾ പ്രസിദ്ധീകരിക്കാറുണ്ട്.

> സമയക്കുറവുള്ളവർ പോലും വായിക്കണമെന്ന വിധം, ആകർഷകമായ രൂപനിലയിലും, അച്ചടിക്കുന്ന ഫോണ്ടുകളുടെ ഘടനയിലും ശ്രദ്ധാർഹമായ വർണങ്ങളുടെ തിരഞ്ഞെടുപ്പിലും ഫീച്ചറുകൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

അന്തർദ്ദേശീയവും ദേശീയവും പ്രാദേശികവുമായി പത്രമാധ്യമങ്ങളുടെ ഭാഷാപരമായ പ്രചാരത്തിനനുസരിച്ച് അവയിൽ കാണുന്ന ഫീച്ചറുകൾക്കും സ്വഭാവപരമായ വ്യത്യാസങ്ങൾ വരാറുണ്ട്. ഉദാഹരണത്തിന്, സമുദ്രത്തിന്റെ ആഴക്കടലിൽ കണ്ടെത്തിയ പ്രത്യേക വർഗത്തിൽപ്പെട്ട മത്സ്യങ്ങളുടെ സവിശേഷതകളെക്കുറിച്ച് ഒരന്തർദ്ദേശീയ ദിനപ്പത്രത്തിൽ വിവരിക്കുന്നത് കണ്ടു. വംശനാശം വരാതെ അവ പരിപാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിൽ സൂചിപ്പിച്ചിരുന്നു.

രാജ്യത്തെ ഒരു പ്രത്യേക തീരപ്രദേശത്ത് അധിവസിക്കുന്ന ജനതയുടെ ജീവിതരീതി ഒരു ദേശീയ ദിനപ്പത്രത്തിൽ ഫീച്ചർ ചെയ്യപ്പെട്ടിരുന്നു. കാലാവസ്ഥാവ്യതിയാനം അവരുടെ ജീവിതത്തിൽ വരുത്തുന്ന ദുരിതങ്ങൾ അതിൽ വിവരിച്ചിരുന്നു. അവ പരിഹരിക്കാനാവശ്യമായ പ്രതിവിധികൾ അന്വേഷണാത്മകമായി അവതരിപ്പിച്ചുകൊണ്ടുള്ളതായിരുന്ന ആ ഫീച്ചർ.

ഏതാനും വർഷംമുമ്പ്, കേരളത്തിലുണ്ടായ പ്രകൃതിദുരന്തത്തിൽ അനേകർക്ക് കിടപ്പാടങ്ങൾ നഷ്ടപ്പെട്ടു. കുറേപ്പേർ മരിച്ചു. അപ്പോൾ ദുരിതം അനുഭവിച്ചവരെ സഹായിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾക്കൊപ്പം ഓടിയെത്തിയ സന്നദ്ധ സംഘടനാപ്രവർത്തകരുണ്ടായിരുന്നു. അവർ നേരിൽക്കണ്ട കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. സ്വന്തം ജീവൻ മറന്ന് ആഴ്ചകളോളം അവർ ജനങ്ങളെ സഹായിച്ചു. സർക്കാരും സന്നദ്ധ സംഘടനകളും അവർക്ക് നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിച്ചു നൽകി. ആപത്തിൽപ്പെട്ട ജനതയെ സാഹോദര്യത്തോടെ ചേർത്തുപിടിച്ചു. ഇവ വ്യക്തമാക്കുന്ന പല ഫീച്ചറുകളും ദേശീയവും പ്രാദേശികവുമായ ചില ദിനപ്പത്രങ്ങളിൽ അക്കാലത്ത് വന്നിരുന്നു. കേരളത്തിൽതന്നെ സുനാമി, പ്രളയം എന്നിവ കൊണ്ട് ദുരിതമനുഭവിച്ചവരെ സഹായിച്ച സർക്കാരും മത്സ്യത്തൊഴിലാളികളും, മറ്റ് തൊഴിലാളി സംഘടനകളും സന്നദ്ധസംഘടനകളും നൽകിയ പിന്തുണ അക്കാലത്ത് പല പത്രങ്ങളിലും ഫീച്ചറുകളായി അവതരിപ്പിക്കപ്പെട്ടിരുന്നു.

മറ്റുചില ഉദാഹരണങ്ങൾ പറയാം. സമൂഹത്തിനാവശ്യമായ ചിലവിഭവങ്ങളുടെ ഉല്പാദനം പരിസ്ഥിതി സൗഹൃദ വസ്തുക്കൾകൊണ്ട് നിർമ്മിക്കാൻ കഴിയണം. നമ്മുടെ വ്യവസായങ്ങളെ അതനുസരിച്ച് രൂപകല്പനചെയ്യണം. അതിന്റെ ആവശ്യകത ദേശീയ പ്രാധാന്യമുള്ള ഒരു ഫീച്ചറായി വന്നിട്ടുണ്ട്. പുതുതായി നടത്തുന്ന ബഹിരാകാശ പര്യവേഷണങ്ങൾ ദേശീയ പത്രങ്ങളിൽ വാർത്തയാകാറുണ്ട്. സമീപകാലത്തെ ചന്ദ്രയാന്റെ യാത്ര സംബന്ധിച്ച ഫീച്ചർ ഉദാഹരണമാണ്.

ചില ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ആസക്തരാവുന്ന ചെറുപ്പക്കാരുണ്ട്. അതിൽ അവർ അമിതമായി സമയം ചെലവിടുന്നു. അത് സമൂഹമാധ്യമങ്ങളുടെ ഒരു ഇരുണ്ടവശമാണ്. അതിൽ പലരും മാനസികമായി തകർന്നവരുമാണ്. അത്തരത്തിൽപ്പെട്ട ചെറുപ്പക്കാരുടെ മനഃശാസ്ത്രപരമായ തകർച്ചകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. അവയെ ഗവേഷണാത്മകമായി

അവതരിപ്പിക്കുന്ന ഫീച്ചറുകൾ ചില അന്തർദ്ദേശീയ പത്രങ്ങളിൽ വരാറുണ്ട്.

വിദ്യാഭ്യാസമേഖലകളിലെ പ്രത്യേകിച്ചും സ്കൂൾ മേഖലകളിലെങ്ങും കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതികവിദ്യകളും വെർച്വൽറിയാലിറ്റിയെ പ്രയോജനപ്പെടുത്തുന്ന ദൃശ്യപാഠങ്ങളും പരിശീലിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ദേശീയ പത്രങ്ങളിൽ ഫീച്ചറുകളാകാറുണ്ട്.

ആമസോൺ വനങ്ങൾ ആഴ്ചകളോളം കത്തിയമർന്ന വാർത്ത നമ്മൾ കണ്ടതാണ്, കേട്ടതാണ്. അതുപോലെ ചിലമേഖലകളിൽ വനനശീകരണംകൊണ്ടും അഗ്നിബാധകൊണ്ടും ആവാസവ്യവസ്ഥകൾ നഷ്ടപ്പെട്ട ജീവജാലങ്ങളുണ്ട്. വംശനാശഭീഷണിയിലായ അത്തരം ജീവജാലങ്ങളെ സംരക്ഷിച്ചു പരിപാലിക്കേണ്ടതുണ്ട്. അത് ഗവേഷണാത്മകമായി അവതരിപ്പിക്കുന്ന ഫീച്ചറുകൾ അന്തർദ്ദേശീയ പത്രങ്ങളിൽ പ്രാധാന്യത്തോടെ കാണപ്പെടാറുണ്ട്. ആമസോൺ വനങ്ങളിൽ അഗ്നിയിൽ കത്തിയമർന്ന ജീവജാലങ്ങളുടെ നേർച്ചിത്രങ്ങളും വിവരണങ്ങളും അനവധി പത്രങ്ങളിൽ ഫീച്ചറുകളായി വന്നിരുന്നു.

ഗ്രാമീണമേഖലകളിൽ നൂറ്റാണ്ടുകളായി സുസ്ഥിരമായ കാർഷികരീതികൾ പിന്തുടരുന്ന കർഷകരുണ്ട്. അവരുടെ ജൈവവും പുനരുല്പാദനപരവുമായ കൃഷിരീതികൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അവയുടെ പ്രാധാന്യം പല പ്രാദേശിക പത്രങ്ങളിലും ഫീച്ചർ ചെയ്യപ്പെട്ടിട്ടുണ്ട്. പ്രകൃതിയിലെ അതിമനോഹരമായ പശ്ചാത്തലത്തിൽ, പ്രത്യേക ആവാസവ്യവസ്ഥകളിൽ കഴിയുന്ന ജീവജാലങ്ങളുണ്ട്. അവയെ ആസ്പദമാക്കി വന്യജീവി ഫോട്ടോഗ്രാഫർമാർ പകർത്തിയ ചിത്രങ്ങളുടെ സഹായത്തോടെ വിശദീകരിക്കുന്ന ഫീച്ചറുകൾ പലപ്രാദേശിക പത്രങ്ങളിലും കാണപ്പെടാറുണ്ട്.

## മിഡിൽപീസ്

പത്രത്തിന്റെ ഉൾപേജിൽ പ്രസിദ്ധീകരിക്കുന്ന എഡിറ്റോറിയലിനെയാണ് മിഡിൽപീസ് എന്ന് വിളിക്കുന്നത്. എഡിറ്റോറിയലിനോളം പ്രാധാന്യമില്ലാത്തതും എന്നാൽ, പത്രത്തിൽ പ്രസിദ്ധീകരണയോഗ്യവും പ്രാധാന്യമുള്ളതുമായ ഒരു സാഹിത്യോപന്യാസമോ ലേഖനമോ ആണ് മിഡിൽപീസ് എന്ന് അറിയപ്പെടുന്നത്.

പൊതുജനങ്ങൾക്ക് ഇഷ്ടകരമായ വിഷയവും ഭാഷയും ശൈലിയുമാണ് അതിന് ഉപയോഗിക്കുക. വൈജ്ഞാനികമായി ഏറ്റവും ഉന്നതരായ വ്യക്തികളെയോ, ഏറ്റവും പിന്നാക്കം നിൽക്കുന്നവരെയോ അല്ല, സമൂഹത്തിലെ ഭൂരിഭാഗംവരുന്ന പൊതുസമൂഹത്തെയാണ് മിഡിൽപീസ് രചനകൾ ലക്ഷ്യംവയ്ക്കുന്നത്. പ്രസിദ്ധീകരണസ്വഭാവമനുസരിച്ച്, അന്തർദ്ദേശീയ പ്രാധാന്യമുള്ള പത്രങ്ങളിലും, ദേശീയ, പ്രാദേശിക പത്രങ്ങളിലും മിഡിൽപീസുകളുടെ വിഷയങ്ങളും ആവിഷ്കാരരീതികളും മാറും. ചില ഉദാഹരണങ്ങൾ പരിശോധിക്കാം.

നഗരകേന്ദ്രീകൃതമായ നിർമ്മിതികൾ സുസ്ഥിര വികസനത്തെ ലക്ഷ്യം വെയ്ക്കണം. അതിനായി കെട്ടിട നിർമ്മാണങ്ങൾക്ക് പരിസ്ഥിതിസൗഹാർദ്ദപരമായ നിർമ്മാണരീതികൾ അവലംബിക്കണം. കാർബൺ സാന്ദ്രതകുറയ്ക്കാൻ ഉതകുംവിധം ഹരിതവലയങ്ങൾക്കുകൂടി വികസനത്തിൽ ഇടം നൽകണം. ഇതുപോലുള്ള വിഷയങ്ങൾ പലതവണ അന്തർദ്ദേശീയ പ്രാധാന്യമുള്ള പത്രങ്ങളിൽ മിഡിൽപീസായി വന്നിട്ടുണ്ട്. രാജ്യത്തെ ജനസാന്ദ്രത ഓരോ മേഖലകളിലും വ്യത്യസ്തമാണ്. അതനുസരിച്ച് ഏറെക്കുറേ തുല്യമായി ലഭ്യമാക്കേണ്ട ആരോഗ്യസംവിധാനങ്ങളെക്കുറിച്ച് അപഗ്രഥനാത്മകമായി തയ്യാറാക്കിയ റിപ്പോർട്ടുകൾ ദേശീയപ്രാധാന്യമുള്ള ചിലപത്രങ്ങളിൽ മിഡിൽപീസായി വരാറുണ്ട്.

ഗ്രാമങ്ങളിലെ ചില വിദ്യാലയങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിലെ മറ്റുചില വിദ്യാലയങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ തമ്മിൽ പരസ്പരം കൈമാറ്റം ചെയ്തുകൊണ്ടുള്ള വിദ്യാഭ്യാസപരിശീലനരീതികൾ നടത്താറുണ്ട്. അതിലൂടെ കുട്ടികൾക്ക് ലഭ്യമാവുന്ന വിലയേറിയ സാംസ്കാരിക വിനിമയാനുഭവങ്ങൾ പങ്കുവെയ്ക്കപ്പെടുന്ന റിപ്പോർട്ടുകൾ പലപ്പോഴും ചിലപ്രാദേശിക പത്രങ്ങൾ മിഡിൽപീസായി നല്കിയിട്ടുണ്ട്.

ലോകജനത നേരിടുന്ന ഊർജ്ജപ്രതിസന്ധിയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകണം. അതിനായി, ആഗോളജീവിതപരിസരങ്ങളിൽ സൗരോർജ്ജ സാങ്കേതികതയിലെ ഏറ്റവും നവീനമായ ഊർജ്ജസംവിധാനങ്ങളെ പ്രയോജന

പ്പെടുത്തേണ്ടതുണ്ട്. അതിന്റെ ആവശ്യകതയെ ക്കുറിച്ചുള്ള ഗവേഷണാത്മകമായ പഠനങ്ങൾ പല അന്തർദ്ദേശീയ പത്രങ്ങളിലും മിഡിൽപീസായി വരാറുണ്ട്. അതുപോലെ, തിരക്കേറിയ ചില വലിയ പട്ടണങ്ങളിൽ ഗതാഗതസംവിധാനങ്ങളിൽ വലിയ പ്രതിസന്ധികൾ ഉണ്ടാകാറുണ്ട്. അവയെക്കുറിച്ച് പഠിച്ച്, അവയ്ക്ക് ശാസ്ത്രീയവും സ്ഥിരവുമായ പരിഹാരം കണ്ടെത്തി, അവ നടപ്പാക്കേണ്ട രീതികൾ വിവരിക്കുന്ന പഠനങ്ങൾ ചില ദേശീയപത്രങ്ങളിൽ മിഡിൽപീസായി കാണാറുണ്ട്.

ചില ഗ്രാമങ്ങളിൽ, പരമ്പരാഗതമായി കൈത്തൊഴിൽ ചെയ്ത് ജീവിക്കുന്ന പ്രത്യേക വിഭാഗത്തിൽപ്പെട്ട കരകൗശലവിദഗ്ധരുണ്ട്. അവർക്ക്, ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ സംവിധാനങ്ങളിൽ പരിശീലനം നല്കണം. അതിലൂടെ അവരുടെ സാംസ്കാരികത്തനിമയുള്ള ഉല്പ്പന്നങ്ങൾ കൂടുതലായി നിർമ്മിച്ച് ലാഭമുണ്ടാക്കാമെന്ന വിഷയത്തെക്കുറിച്ച് ചില പ്രാദേശിക പത്രങ്ങളിൽ മിഡിൽപീസുകൾ വരാറുണ്ട്. അതുപോലെ, യുദ്ധം, വർഗീയകലാപം, പ്രകൃതിദുരന്തം എന്നിവകൊണ്ട് ജീവിതം തകർന്നുപോയ രാജ്യത്തെ ചില പ്രത്യേക സമൂഹങ്ങളുണ്ട്. അവരുടെ മാനസികാരോഗ്യത്തെ വീണ്ടെടുക്കാനുള്ള ചികിത്സാസാധ്യതകൾ കണ്ടെത്തി, എങ്ങനെ അവർക്ക് ആശ്വാസം നല്കി പുനരധിവസിപ്പിക്കാൻ കഴിയും എന്ന അന്വേഷണാത്മകലേഖനങ്ങൾ ദേശീയപത്രങ്ങളിൽ മിഡിൽപീസായി വരാറുണ്ട്.

ജീവന്റെ നിലനില്പിന് പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്. അതിനായി പരിസ്ഥിതി സംരക്ഷണത്തെ സമൂഹത്തിലെ എല്ലാവിഭാഗം വ്യക്തികളുമായി ബന്ധിപ്പിക്കണം. അവരെ ബോധവൽക്കരിച്ചുകൊണ്ട്, പങ്കെടുപ്പിച്ചുകൊണ്ട്, പ്രകൃതിയുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കണം. അതിന്റെ പ്രാധാന്യവും അവ നടപ്പാക്കേണ്ടരീതികളും അവതരിപ്പിക്കുന്ന വിവരണങ്ങൾ മിഡിൽപീസായി ചിലപ്രാദേശിക പത്രങ്ങളിൽ കാണാറുണ്ട്. ആധുനിക വിദ്യാഭ്യാസരീതികളിൽ, സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തണം. ഓൺലൈൻ പഠനപ്ലാറ്റ്ഫോമുകളിലെ വെർച്ചൽ ക്ലാസ്സ്മുറികളിൽ ആഗോളനിലവാരമുള്ള ദൃശ്യവിജ്ഞാന പഠനസാധ്യതകളുണ്ട്. അവയെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ വിവരണം ഒരു അന്തർദ്ദേശീയമാധ്യമത്തിൽ മിഡിൽപീസായി വന്നിരുന്നു. അതുപോലെ, കാർഷികമേഖലയിലെ ആധുനികവല്ക്കരണത്തെക്കുറിച്ച് അറിവുനേടുന്നതിനുവേണ്ടി കുട്ടികൾ നൂതന കൃഷിയിടങ്ങൾ സന്ദർശിക്കണം. അവ കണ്ട് മനസിലാക്കണം. കഴിയുമെങ്കിൽ പരിശീലിക്കുകയും ചെയ്യണം. അത്തരമൊരു ആവശ്യത്തെക്കുറിച്ച് ചില പ്രാദേശികപത്രങ്ങളിൽ മിഡിൽപീസുകൾ വന്നിട്ടുണ്ട്.

ചില അന്തർദ്ദേശീയപത്രങ്ങൾ ലോകപ്രശസ്തരായ ചില എഴുത്തുകാരെ പരിചയപ്പെടുത്താറുണ്ട്. വിശ്വമാനവികതയെയും സാഹോദര്യത്തെയും വെളിപ്പെടുത്തുന്ന അവരുടെ ചില പ്രഖ്യാതരചനകൾ പരിചയപ്പെടുത്തും. അത്തരം കൃതികൾ എപ്രകാരമാണ് വായനക്കാരനെ ആർദ്രതയും അനുകമ്പയും മികച്ച സാഹോദര്യബോധവും ഉള്ളവരാക്കുന്നതെന്ന് വെളിപ്പെടുത്തുന്ന മിഡിൽപീസുകൾ കണ്ടിട്ടുണ്ട്.

അതുപോലെ, ആധുനികചികിത്സാരീതികളുമായി ബന്ധപ്പെട്ട അനവധിമേഖലകളിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനാവുന്നതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്യുന്ന മിഡിൽപീസുകളും വരാറുണ്ട്. വ്യക്തികളുടെ മാനസികാരോഗ്യത്തിൽ ചികിത്സാരീതികൾക്കൊപ്പം സംഗീത ചികിത്സയുടെ പ്രാധാന്യവും ചില രചനകളിൽ കാണാറുണ്ട്.

വന്യജീവിസംരക്ഷണത്തെക്കുറിച്ചും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ചില പ്രത്യേകതരം ജീവജാലങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ചില മിഡിൽപീസ് രചനകൾ ഒരു പ്രാദേശിക പത്രത്തിൽ വരികയുണ്ടായി. ചുരുക്കത്തിൽ, പ്രകൃതിയിലെ ആവാസവ്യവസ്ഥ, ബഹിരാകാശം, കല, ചരിത്രം, ശാസ്ത്രം, ടെക്നോളജി തുടങ്ങി ആധുനിക മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ആയിരക്കണക്കിനുള്ള എണ്ണമറ്റ വിഷയങ്ങൾ പത്രങ്ങളിൽ മിഡിൽപീസ് രചനകളായി വരാറുണ്ട്.

## കാർട്ടൂണുകൾ

വ്യക്തികളെയോ സംഭവങ്ങളെയോ മുൻനിർത്തി ചിത്രരൂപത്തിലുണ്ടാക്കുന്ന ഹാസ്യാനുകരണമാണ് കാർട്ടൂൺ. അത് മൗലികവും പൂർണവും നിശ്ചലവും ഹാസ്യാനുകരണ രൂപത്തിലുള്ളതുമായ ബാഹ്യരേഖാചിത്രമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, പരിഹാസരൂപത്തിൽ അതിവർണനയുള്ള ഒരു വികടചിത്രമാണ് കാർട്ടൂൺ. കൈകൊണ്ട്, മഷിപ്പേനകൊണ്ട് വരച്ചിരുന്ന കാർട്ടൂൺ ഇപ്പോൾ കമ്പ്യൂട്ടറിൽ ഡിജിറ്റൽ ഡ്രോയിംഗ് ടൂളുകൾ ഉപയോഗിച്ചാണ് വരയ്ക്കുന്നത്.

> വലിയ പേപ്പർ (Big Paper) എന്നർത്ഥമുള്ള 'കാർട്ടോൺ' (Cartone) എന്ന ഇറ്റാലിയൻ പദത്തിൽനിന്നാണ് ഹാസ്യചിത്രം എന്നർത്ഥം വരുന്ന കാർട്ടൂൺ (Cartoon) എന്ന ഇംഗ്ലീഷ് പദമുണ്ടായത്. കരികാച്ചുറ(caricatura) എന്ന പദമാണ് കാരിക്കേച്ചർ (caricature) എന്ന പദത്തിലേക്ക് മാറിയത്.

പരിഹാസ നിർമ്മിതിയ്ക്കായി അമിതഭാരംനല്കി ഒരുവ്യക്തിയെ, വിഷയത്തെ വളയ്ക്കുന്ന രീതിയിലുള്ള ചിത്രീകരണമാണ് കാരിക്കേച്ചർ. ലിയണാഡോ ഡാവിഞ്ചി (Leonardo da Vinci), ഗിയാൻ ലോറൻസോ(Gian Lorenzo Beniniplm) തുടങ്ങിയ പ്രശസ്ത ഇറ്റാലിയൻ ചിത്രകാരന്മാർ കാരിക്കേച്ചറുകൾ വരച്ചിട്ടുള്ളവരാണ്.



ഒരു ഹാസ്യചിത്രമാണ് കാർട്ടൂൺ. കേവലം പത്രവാർത്തകളുടെ വിശദീകരണാർത്ഥമുള്ള ഒരു ചിത്രമല്ല, ഒരു ദൃഷ്ടാന്തചിത്രവുമല്ല, കാർട്ടൂൺ. അത് സമൂഹത്തിന് ദോഷകരമായിത്തീരാവുന്ന ഒരു വാർത്തയ്ക്ക് എതിരായി, പരിഹാസരൂപത്തിൽ അതിന്റെ അപകടം ചൂണ്ടിക്കാട്ടുന്ന, വക്രീകരിച്ചുവരുന്ന ഒരു കാഴ്ചപ്പാടാണ്, ചിത്രരൂപമാണ്. കാരിക്കേച്ചറുകൾ പ്രധാനമായും വ്യക്തികളെയോ, അവരുടെ നിലപാടുകളെയോ വിമർശിക്കുന്ന രാഷ്ട്രീയ ആക്ഷേപഹാസ്യങ്ങൾ അഥവാ രാഷ്ട്രീയ നിന്ദാസ്തുതികളാണ്. കാർട്ടൂണുകൾ ചില പ്രത്യേക തരത്തിലും, പ്രാതിനിധ്യസ്വഭാവത്തിലുമുള്ള വ്യക്തികളുടെയും വിഭാഗത്തിന്റെയും ചില പെരുമാറ്റരീതികൾ, ശീലവൈകൃതങ്ങൾ മനോനിലകൾ എന്നിവയെ പരിഹസിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ കാർട്ടൂണുകളിൽ കഥാപാത്രങ്ങളാക്കുന്നവരുടെ ചിന്തകൾ പ്രതിഫലിപ്പിക്കാൻ ബലൂൺ ആകൃതിയ്ക്കുള്ളിൽ സംഭാഷണങ്ങൾ അവതരിപ്പിക്കുന്നത് പതിവാക്കിയിരിക്കുന്നു.

> വർത്തമാനകാലത്ത് രാഷ്ട്രീയതാല്പര്യം നിറഞ്ഞ തമാശകളായിട്ടാണ്, നിന്ദാസ്തുതികളായിട്ടാണ്, കോമഡികളായിട്ടാണ് കാർട്ടൂണുകൾ വരുന്നത്. സമകാലിക രാഷ്ട്രീയവുമായി ബന്ധപ്പെട്ട എതിർസ്വരമായി നിലകൊള്ളുന്ന എഡിറ്റോറിയലിന്റെ താല്പര്യങ്ങളെ വിവരിക്കുന്ന രാഷ്ട്രീയ -സാമൂഹിക- സാമ്പത്തിക ഫലിതങ്ങളാണ് പല പത്രകാർട്ടൂണുകളും.

സമകാലിക പ്രാധാന്യമുള്ള വാർത്തയ്ക്ക് വേണ്ടിയോ എഡിറ്റോറിയലിന് വേണ്ടിയോ ആണ് രാഷ്ട്രീയ കാർട്ടൂണുകളും കാരിക്കേച്ചറുകളും വരച്ചുണ്ടാക്കുന്നത്. കാർട്ടൂണുകൾ വായനക്കാരന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു. അതിലെ ക്യാപ്ഷനുകൾ, വിവരണങ്ങൾ എന്നിവയോടുകൂടി അത് ആ വാർത്തയുടെ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. കാർട്ടൂണുകൾ ആക്ഷേപഹാസ്യത്തിന്റെ നാനാർത്ഥങ്ങൾ സൃഷ്ടിക്കുന്നു. ഒരുതരം ദൃശ്യാത്മകമായ യാഥാർത്ഥ്യബോധത്തോടെ, അത് വായനക്കാരന്റെ മനസിൽ പതിയുന്നു. അതിലെ ഹാസ്യതലങ്ങൾ മനസിൽ മായാതെ കിടക്കുന്നു

ഭരണകക്ഷി രാഷ്ട്രീയത്തിനെതിരായുള്ള കാർട്ടൂണുകൾ ആണെങ്കിൽ അവർക്കെതിരേയുള്ള ഒരുതരം പ്രതിരോധം, ഒരുതരം വെറുപ്പിന്റെ

വിത്ത് വായനക്കാരന്റെ മനസിൽ അബോധാത്മകമായി നിക്ഷേപിക്കപ്പെടുന്നു. കാർട്ടൂണുകൾ പലമാതിരി ആവർത്തിക്കപ്പെടുന്നതിലൂടെ ഭരണാധികാരികൾക്ക് കാര്യമായ എന്തോ കുഴപ്പമുണ്ടെന്ന തോന്നലുണ്ടാകുന്നു. ഭരണകൂടത്തിനെതിരായ ഒരു നിലപാടിലേക്ക് വായനക്കാരൻ അറിയാതെതന്നെ മനസുകൊണ്ട് ചുവടുറപ്പിക്കുന്നു. കാർട്ടൂണുകളിലൂടെ പരിഹാസ്യമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയത്തിനൊപ്പം നില്ക്കാൻ വായനക്കാരന് കഴിയാതെ വരുന്നു. ചില രാഷ്ട്രീയകാർട്ടൂണുകൾ ഭരണകൂടം സമൂഹത്തിനുമേൽ അടിച്ചേല്പിക്കുന്ന സർവവിധ പാരതന്ത്ര്യത്തിൽനിന്നുമുള്ള വിമോചനത്തിന്റെ ചിഹ്നമായി, സ്വാതന്ത്ര്യത്തിന്റെ അടയാളമായി വരയ്ക്കപ്പെടുന്നു, വായിക്കപ്പെടുന്നു.

രാഷ്ട്രീയകാർട്ടൂണുകൾ സമകാല ജേർണലിസത്തിന്റെ അവിഭാജ്യഘടകമായിരിക്കുന്നു. എന്തെന്നാൽ, വാക്കുകൾകൊണ്ട് വിവരിച്ചുപോകുന്നവയാണ് വാർത്തകൾ. വാർത്തയ്ക്ക് കഴിയാത്തത്, കാർട്ടൂണുകൾക്കു കഴിയും. അതുല്പാദിപ്പിക്കുന്ന ഫലിതങ്ങളിലൂടെ, വായനക്കാരന്റെ ചിരികളിലൂടെ അയാളറിയാതെ, എതിരാളികളുടെയും അയാളുടെതന്നെയും, പല മർമ്മങ്ങളിലേക്ക് കാർട്ടൂൺ ശക്തമായി തറച്ചുകയറും

മിക്ക രാഷ്ട്രീയ കാർട്ടൂണുകളും പ്രാദേശികമോ, ദേശീയമോ ആയ സംഭവങ്ങളെയോ, സന്ദർഭങ്ങളെയോ, അഭിപ്രായങ്ങളെയോ കേന്ദ്രീകരിച്ചാവും വരച്ചിട്ടുണ്ടാവുക. അത്തരം കാർട്ടൂണുകൾ പത്രത്തിന്റെ തുറന്ന നിലപാടിനെക്കൂടിയാണ് വെളിപ്പെടുത്തുന്നത്. കാർട്ടൂണെന്ന പരിഹാസചിത്രത്തിലൂടെ ഭരണകൂടകാഴ്ചപ്പാടിനെ നിർദ്ദോഷമെന്ന് തോന്നുംവിധം, ബുദ്ധിപരമായി ചോദ്യം ചെയ്യുന്നു. ആ ദൃശ്യചിത്രവിനോദത്തിലൂടെ പിന്നാലെ വരാനിരിക്കുന്ന പല കാര്യങ്ങളെക്കുറിച്ചും വായനക്കാർക്ക് മുന്നറിവ് നല്കുന്നു. ഭരണകൂട കാഴ്ചപ്പാട് വികലമാണെന്ന് വരുത്തുന്നു. സമൂഹത്തിന് ദോഷമാണെന്ന് തോന്നിപ്പിക്കുന്നു. തങ്ങൾ സമൂഹത്തിന്റെ മനഃസാക്ഷിയാണെന്നും, സമൂഹം നടത്തേണ്ട പ്രതിരോധമാണ് തങ്ങൾ പത്രത്തിലൂടെ നടത്തുന്നതെന്നും വായനക്കാരന്റെ മനസിൽ അടിവരയിടുകയാണ് കാർട്ടൂണുകൾ. ചുരുക്കത്തിൽ ചില രാഷ്ട്രീയ കാർട്ടൂണുകൾ വായനക്കാരന്റെ രാഷ്ട്രീയ നിലപാടുകളെ തിരുത്താൻപോലും പര്യാപ്തമാണ്.

കാർട്ടൂണുകൾ കുറഞ്ഞ വരകളിലൂടെ വളരെയധികം വിവരങ്ങളെ വിനിമയം ചെയ്യുന്നുണ്ട്. പത്രങ്ങൾക്ക് പലപ്പോഴും ഉയർന്ന വിപണനമൂല്യം നല്കുന്നതും കാർട്ടൂണുകളാണ്. ഇക്കാലത്ത് സാങ്കേതികമായി പത്രപ്രവർത്തന മേഖല വളരെയധികം വികാസം പ്രാപിച്ചു. അത്യാധുനിക ഫോട്ടോഗ്രഫിയും അനിമേഷൻ ചിത്രസാങ്കേതികവിദ്യകളും വരെ മുന്നിലെത്തിയിരിക്കുന്നു. എന്നിട്ടും കാർട്ടൂണുകൾക്ക് ആദ്യകാലത്തെന്നപോലെ ഇന്നും പത്രത്തിൽ ഇടംകിട്ടുന്നുണ്ട്. രാഷ്ട്രീയവും സാമൂഹികവുമായ ചില കാർട്ടൂണുകൾ രാജ്യത്തിന്റെ നന്മയ്ക്കായി വരയ്ക്കപ്പെട്ടതാണെന്ന് തോന്നിപ്പിക്കുന്നു. അത്തരമൊരു ബോധ്യം, വാർത്തകൾ വിശദമായി വായിക്കാതെ തന്നെ വായനക്കാരന് മനസ്സിലാവുന്നു.

ഒരു സമൂഹത്തിന്റെ, രാജ്യത്തിന്റെ, നിത്യജീവിതത്തിലെ അതിപ്രധാന സംഭവങ്ങളെയാണ് കാർട്ടൂണിസ്റ്റ് വിഷയമാക്കുന്നത്. അതുകൊണ്ടുതന്നെ മാധ്യമങ്ങളിൽ, കാർട്ടൂണുകൾ ശ്രദ്ധേയമാംവിധം ആശയവിനിമയത്തിന്റെ ഭാഗമായിത്തീരുന്നു. അവ വാർത്തയുടെ വിശകലനഭാഗമായി വരുന്നു. അതുകൊണ്ട് അത്തരം വാർത്തകൾക്ക് തുടർച്ചയില്ലാത്തപക്ഷം, കാർട്ടൂണുകളുടെ സ്വാധീനശക്തി അധികനാൾ നീണ്ടുനില്ക്കില്ല.

രാഷ്ട്രീയ കാർട്ടൂണുകളുടെ രചനയ്ക്ക്, സമകാലിക രാഷ്ട്രീയബോധവും, ദാർശനികവും ക്രിയാത്മകവുമായ കഴിവും, അസാമാന്യ ധൈര്യവും വേണം. വലിയ സ്വാധീനശക്തിയുള്ള രാഷ്ട്രീയക്കാരുടെ അഴിമതികളെയും വൈകാരികാഭിപ്രായങ്ങളെയും ഖണ്ഡിച്ചുകൊണ്ടുള്ള പരിഹാസവിമർശനം നടത്തുമ്പോൾ അത് പലതരം പ്രതിസന്ധികളെയും സൃഷ്ടിക്കാവുന്നതാണ്. യഥാർത്ഥത്തിൽ കാർട്ടൂണുകൾ സാമൂഹിക യാഥാർത്ഥ്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള നിരുപദ്രവമായ നിർദ്ദോഷമായ ആഖ്യാനങ്ങളാണ്, അവയുടെ ഫലപ്രാപ്തി വളരെ വലുതാണെങ്കിലും.

രാഷ്ട്രീയ കാർട്ടൂണുകൾ പലപ്പോഴും വലിയ വിവാദങ്ങൾക്ക് തിരികൊളുത്താറുണ്ട്. 2005-ൽ ഡാനിഷ് കാർട്ടൂണിസ്റ്റ് കുർട്ട് വെസ്റ്റർഗാഡ് (Kurt Westergaard) വലിയൊരു വിവാദത്തിൽ പ്പെട്ടു. കുറേപ്പേരുടെ മരണത്തിന് അത് കാരണ മായി. കാർട്ടൂണിസ്റ്റിനെ അയാളുടെ വീട്ടിൽക്ക യറി ഒരാൾ മഴുവിന് ആക്രമിച്ചു. അതുപോലെ 2015-ൽ ചാർലി ഹെബ്ഡോ (Charlie Hebdo) എന്ന ഫ്രഞ്ച് വിനോദമാസിക, പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് പ്രസിദ്ധീകരിച്ച ഒരു കാർ ട്ടൂൺ വലിയ പ്രതിഷേധങ്ങൾക്കിടയാക്കി. രണ്ട് ഇസ്ലാമിക തോക്കുധാരികൾ പത്രമോഫീസിൽ കയറി വെടിവെച്ചു. സ്റ്റാഫ് കാർട്ടൂണിസ്റ്റുകൾ ഉൾപ്പെടെ പന്ത്രണ്ട് തൊഴിലാളികൾ അന്ന് വധി ക്കപ്പെട്ടു.

അമേരിക്കയിൽ മികച്ച എഡിറ്റോറിയൽ കാർ ട്ടൂണിസ്റ്റുകൾക്ക് സമ്മാനമായി വർഷംതോറും പുലിറ്റ്സർ പ്രൈസ് നല്കാറുണ്ട്. മറ്റു പല സം ഘടനകളും സമാനമായി സമ്മാനങ്ങൾ നല്കി വരുന്നുണ്ട്. യു.എസിൽ രാഷ്ട്രീയ കാർട്ടൂണു കൾ വരയ്ക്കാൻ ഭരണ- പ്രതിപക്ഷ കക്ഷികൾ ക്കുവേണ്ടി നൂറിലധികം കാർട്ടൂണിസ്റ്റുകൾ ജോലിചെയ്യുന്നുണ്ട്. കാർട്ടൂണിസ്റ്റുകളെ അതി നായി നിയോഗിക്കുന്നത് ചില കൂട്ടുടമസ്ഥത യിൽ പ്രവർത്തിക്കുന്ന, പത്രമേഖലയിലെ സമി തി അഥവാ ട്രേഡ് യൂണിയൻ പോലെയുള്ള സിൻഡിക്കേറ്റുകളാണ്.

രാഷ്ട്രീയ കാർട്ടൂണുകൾക്ക് പത്രമാധ്യമങ്ങളു ടെ ആദിമചരിത്രത്തോളമുള്ള പഴക്കമുണ്ട്. ദൃ ശ്യചിത്രചിഹ്നങ്ങളിലൂടെ ആശയങ്ങൾ പകർന്നു നല്കാനുള്ള, ധ്വനിപ്പിക്കാനുള്ള പരിശ്രമങ്ങൾ ചരിത്രാതീത കാലം മുതൽക്കേ വിവിധ രാജ്യ ങ്ങളിൽ കാണപ്പെടുന്ന ഗുഹാചിത്രങ്ങളിലു ണ്ടായിരുന്നു. അതുപോലെ സുമേറിയന്മാരുടെ ക്യൂണിഫോം, ഈജിപ്തിലെ ഹൈറോഗ്ലിഫിക് തുടങ്ങിയ ചിത്രാക്ഷര രൂപങ്ങളോളവും കാർട്ടൂ ണുകളുടെ വേരുകൾ കണ്ടെത്താനാവും.

സാധാരണ കാർട്ടൂണുകൾ പത്രമാധ്യമത്തി ന്റെ ആദ്യപേജുകളിലായാണ് ഇടംപിടിക്കുക. എഡിറ്റോറിയൽ കാർട്ടൂണുകളും ലോകമെ മ്പാടുമുള്ള രാജ്യങ്ങളിലെ പത്രമാധ്യമങ്ങളിൽ ഏതുതരം രാഷ്ട്രീയസാഹചര്യത്തിലും നിലനി ന്നിരുന്നു. യു.കെ, കാനഡ, ഫ്രാൻസ്, ക്യൂബ, ആസ്ട്രേലിയ, മലേഷ്യ, പാകിസ്ഥാൻ, ഡെന്മാർ ക്ക് തുടങ്ങിയ രാജ്യങ്ങളിലെല്ലാം അവയുടെ പാരമ്പര്യമുണ്ട്. ഇന്ത്യയിൽ കോൺഗ്രസ്സ് സർ ക്കാരിന്റെ കാലംവരെ രാഷ്ട്രീയ കാർട്ടൂണുകൾ ക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു.




രാഷ്ട്രീയ കാർട്ടൂണുകൾക്ക് മാധ്യമലോക ത്ത് കൂടുതലായി വിളിപ്പേരുള്ളത് പോക്കറ്റ് കാർട്ടൂണുകൾ എന്നാണ്. ഇന്ത്യൻ കാർട്ടൂണി സ്റ്റുകളിൽ അതിപ്രധാന സ്ഥാനക്കാരനാണ് ആർ.കെ. ലക്ഷ്മൺ. അദ്ദേഹം പത്മവിഭൂഷൺ ഉൾപ്പെടെ പല പുരസ്കാരങ്ങൾക്കും അർഹ നായിട്ടുണ്ട്. ഇന്ത്യയിലെ 'രാഷ്ട്രീയ കാർട്ടൂൺ പ്രസ്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന ശങ്കറാണ് (K.Shankar Pillai) മറ്റൊരു മികച്ച വ്യ ക്തിത്വം. അദ്ദേഹത്തിന്റെ 'ശങ്കേഴ്സ് വീക്കിലി' (1948-ൽ ആരംഭിച്ചു)യാണ് ഭാരതത്തിൽ കാർ ട്ടൂൺ പ്രചരിപ്പിച്ചത്. അടിയന്തിരാവസ്ഥക്കാല ത്ത് പ്രവർത്തനം അവസാനിപ്പിക്കുംവരെ അത് തുടർന്നിരുന്നു. ശങ്കേഴ്സ് വീക്കിലിയിലൂടെയാ ണ് ഇന്ത്യയിലെ ആദ്യകാലത്തെ മിക്ക കാർട്ടൂ ണിസ്റ്റുകളും പ്രശസ്തരായത്. അബു എബ്ര ഹാം, ഒ.വി. വിജയൻ, സാമുവൽ, യേശുദാസൻ, ബി.എം.ഗഫൂർ തുടങ്ങിയ പ്രശസ്ത കാർട്ടൂണി സ്റ്റുകൾ ഇതിൽപ്പെടും

ഇന്ത്യയിൽ അറിയപ്പെടുന്ന മറ്റൊരു പ്രശസ്ത കാർട്ടൂണിസ്റ്റായിരുന്നു, ടൈംസ് ഓഫ് ഇന്ത്യയി ലും ഇക്കണോമിക് ടൈംസിലും മറ്റും കാർട്ടൂൺ വരച്ചിരുന്ന മരിയോ മിറാൻഡ(Mario Miranda).

അദ്ദേഹത്തിന് മരണാനന്തരബഹുമതിയായി 2012–ൽ പത്മവിഭൂഷൺ നൽകുകയുണ്ടായി. വിൻസ് (Vins) എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന വിജയ് നാരായൻ സേത്ത് മറ്റൊരു മികച്ച കാർട്ടൂണിസ്റ്റായിരുന്നു. സേത്ത്, മരിയോ മിറാൻഡയെ എക്കാലവും തന്റെ ബൗദ്ധികാചാര്യനായി കണ്ടിരുന്നു. റീഡേഴ്സ് ഡൈജസ്റ്റ് മാഗസിനിൽ (Reader)s Digest Magazine) വരയ്ക്കാൻ അവസരം ലഭിച്ച ആദ്യ ഇൻഡ്യക്കാരനായിരുന്നു സേത്ത്. അദേഹത്തിന്റെ കാർട്ടൂണുകൾ സ്വിറ്റ്സർലന്റിലെ ഇന്റർനാഷണൽ കാർട്ടൂൺ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ആധുനിക മലയാള നോവലിസ്റ്റുകളിൽ പ്രധാനിയായിരുന്ന ഒ.വി. വിജയന്റെ കാർട്ടൂണു കൾ 1990–കളിൽ 'ഇത്തിരി നേരമ്പോക്ക്', എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തികഞ്ഞ രാഷ്ട്രീയ അവബോധവും മികച്ച പരിഹാസവും തനിമയുള്ള വരകളുടെ മേന്മയുമുള്ള അനവധി കഴിവുറ്റ കാർട്ടൂൺ കലാകാരന്മാർ ഇൻഡ്യയിലുണ്ടായിരുന്നു. സാധാരണക്കാരെ വരകളിലുടെ ചിരിപ്പിച്ചുകൊണ്ട് അവർ പകർന്നു നല്കിയ അറിവും അവബോധവും ആശ്വാസവും എക്കാലവും വിലപ്പെട്ടതായി നിലനില്ക്കും.

## ഫോട്ടോകൾ

ഫോട്ടോകൾ പത്രപ്രവർത്തനരംഗത്തെ വാർത്താവതരണ മേഖലയിലെ നിർണായക ഘടകമാണ്. റിപ്പോർട്ടുചെയ്യപ്പെടുന്ന വാർത്ത വാസ്തവമാണെന്ന് അത് ബോധ്യപ്പെടുത്തുന്നു. അതിലൂടെ ആ സംഭവത്തിന്റെ തീവ്രതയിലേക്കും വൈകാരികതയിലേക്കും മനുഷ്യാനുഭവങ്ങളിലേക്കും ഫോട്ടോകൾ വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു. വായനക്കാരുടെ ശ്രദ്ധയെ പെട്ടെന്ന് പിടിച്ചെടുക്കുന്നു. വാർത്തയുടെ വിശദാംശങ്ങൾ തിരയാൻ ഫോട്ടോകൾ അവരെ പ്രേരിപ്പിക്കുന്നു, അതിലേക്ക് കൊണ്ടുപോകുന്നു

> പത്രഫോട്ടോഗ്രാഫർമാർ സംഭവത്തിന്റെ ഹൃദയത്തിലേക്ക് തങ്ങളുടെ ക്യാമറയെ ലക്ഷ്യംവെയ്ക്കുന്നു. തങ്ങളുടെ സുരക്ഷപോലും വകവെയ്ക്കാതെ ചരിത്രത്തിലെ നിർണ്ണായക നിമിഷങ്ങളെ ചിത്രങ്ങളായി പകർത്തിയെടുക്കുന്നു. അവയ്ക്ക് നിത്യജീവൻ സമ്മാനിക്കുന്നു. ചരിത്രത്തിലേക്ക് അവയെ നിത്യമായി അടയാളപ്പെടുത്തുന്നു.

ഫോട്ടോകളിൽ അടക്കാനാകാത്ത സന്തോഷങ്ങളുണ്ട്. വിജയാഹ്ലാദങ്ങളുണ്ട്. ജീവൻ വേർപെട്ടുപോകുന്നത്ര ദുരന്തത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങളുണ്ട്. സമൂഹത്തിന്റെ വിപ്ലവമുന്നേറ്റങ്ങളുണ്ട്. അങ്ങനെ അനവധിയായ ചരിത്രനിമിഷങ്ങളെ പത്രങ്ങൾ ഫോട്ടോഗ്രാഫുകളിലൂടെ, വാർത്തകൾക്കൊപ്പം വായനക്കാരിലെത്തിക്കുന്നു. വാർത്തകളുടെ കടലൊഴുക്കുകളിൽനിന്ന് വായനക്കാരന്റെ ശ്രദ്ധയെ നങ്കൂരമിടീക്കുന്നത് വാർത്താചിത്രങ്ങളാണ്. ഫോട്ടോകൾ വായനക്കാരുടെ മനസിൽനിന്ന് പെട്ടെന്നു മായാത്തവിധം വികാരപരമായ ഒരു തലംകൂടി സംഭവാഖ്യാനത്തിന് നൽകുന്നു.

വാർത്തകൾക്കൊപ്പമുള്ള ഫോട്ടോകൾക്ക് അതിപ്രധാന സ്ഥാനമാണുള്ളത്. അത് വസ്തുതാപരമായ വാർത്തയ്ക്ക് ഒരു ദൃശ്യാനുഭവം പകരുന്നു വാർത്തയിലേക്കാകർഷിക്കുന്നു വാർത്തയ്ക്കതീതമായി പല വിവരങ്ങളും ഒരു ഫോട്ടോഗ്രാഫ് പകർന്ന് നൽകും. വൈകാരിക തലങ്ങൾക്കപ്പുറത്ത് വാർത്ത ഒരു യാഥാർത്ഥ്യമാണെന്ന് ബോധ്യപ്പെടുത്തുന്നു.

ഒരുചിത്രം ആയിരം വാക്കുകളേക്കാൾ ശക്തമാണ് (A picture is worth a thousand words) എന്ന അഭിപ്രായത്തെ ആഴത്തിൽ പ്രയോജനപ്പെടുത്തി വരുന്നത് പത്രങ്ങളാണ്. പത്രങ്ങളിലെ ദൃശ്യവൽക്കരിക്കപ്പെട്ട സംഭവങ്ങളെ വ്യക്ത്യനുഭവമാക്കി മാറ്റാൻ ഫോട്ടോകൾക്ക് കഴിയും. സാമൂഹികമോ രാഷ്ട്രീയമോ ആയ ഒരു സംഭവനിമിഷത്തെ ഫോട്ടോകളിലൂടെ പകർന്നുനല്കി, പത്രങ്ങൾ അത് വലിയൊരു വായനാസമൂഹത്തിനെയാകെ പങ്കെടുപ്പിക്കുന്ന അനുഭവമാക്കി മാറ്റുന്നു.


ഫോട്ടോകൾ ചില പ്രത്യേകസംഭവങ്ങളുടെ ദൃശ്യവൽക്കരിക്കപ്പെട്ട, രേഖപ്പെടുത്തപ്പെട്ട ചരിത്രമാണ്. ക്യാമറ പകർന്നെടുത്ത ഒരുനിശ്ചലദൃശ്യത്തെ സമൂഹത്തിനെത്തിച്ച്, അറിയിച്ച്, അടയാളപ്പെടുത്തി, നിത്യമാക്കുകയാണ് പത്രങ്ങളിലെ ഫോട്ടോകൾ. ഭൂതകാലത്തിലെ സംഭവങ്ങളെ, സാഹചര്യങ്ങളെ, ജീവിതാവസ്ഥകളെ എല്ലാം ഫോട്ടോകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

അന്തർദ്ദേശീയ പത്രങ്ങളിലെ വാർത്താചിത്രങ്ങൾ വ്യത്യസ്തരാജ്യങ്ങളിലെ ദേശഭേദങ്ങളെയും സംസ്കാരങ്ങളെയും ഭാഷകളെയും മറികടന്ന് ഒരു'ഏക ജനത' എന്നവിധം വായനക്കാരെ ബന്ധിപ്പിക്കുന്ന ഉപകരണമായിത്തീരുന്നു. വ്യത്യസ്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും കാഴ്ചപ്പാടുകളുമുള്ള ജനതകളാണ് ലോകമെമ്പാടുമുള്ളത്. അവരുടെ ജീവിതത്തെ അടുത്തറിയാൻ, എന്നാൽ അവയെ തങ്ങളുടേതിൽനിന്ന് ഭിന്നമായും സമാനമായും മനസിലാക്കാൻ, ആദരിക്കാൻ വാർത്താചിത്രങ്ങൾ ഇടയാക്കി. നമുക്കജ്ഞാതമായ വിദൂരനാടുകളിലെ സംഭവങ്ങളെ, ആഗോളതലത്തിൽ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളെ, വായനക്കാരിൽ എത്തിക്കുന്നതിലൂടെ വാർത്താചിത്രങ്ങൾ വിശ്വസാഹോദര്യത്തിന്റെ പാലങ്ങളാണ് നിത്യവും നിർമിച്ചുകൊണ്ടിരിക്കുന്നത്.

**അതിപ്രശസ്തമായ ചില ന്യൂസ് ഫോട്ടോകൾ**



1972-ലെ വിയറ്റ്നാം യുദ്ധകാലത്ത് നാപ്പാം ആക്രമണത്തിൽനിന്ന് ഓടി രക്ഷപ്പെടുന്ന വിയറ്റ്നാം പെൺകുട്ടി കിം ഫുക്കി (Kim Phuc) ന്റെ ചിത്രം. നിക്ക് ഉട്ട് (Nick Ut) പകർത്തിയ 'നാപ്പാംഗേൾ' (Napalm Girl), "The Terror of War"എന്നിങ്ങനെ പ്രശസ്തമായ ചിത്രം.



സൗത്താഫ്രിക്കൻ ഫോട്ടോജേർണലിസ്റ്റ് കെവിൻ കാർട്ടർ (Kevin Carter) പകർത്തിയ 'ദി വുൾച്ചർ ആന്റ് ദി ലിറ്റിൽ ഗേൾ' (The Vulture and the Little Girl) 1993. സുഡാൻ ക്ഷാമകാലത്ത് പട്ടിണിയിൽ മരിക്കാറായ കുട്ടിയെ കാത്തിരിക്കുന്ന കഴുകൻ. പുലിറ്റ്സർ പ്രൈസ് നേടിയെങ്കിലും കുട്ടിയെ രക്ഷിക്കാത്ത വിവാദങ്ങളിൽപ്പെട്ട് മൂന്നുമാസം കഴിഞ്ഞ് കാർട്ടർ ആത്മഹത്യചെയ്തു.



1932-ൽ ചാൾസ് എബറ്റ്സ് (Charles C Ebbets)പകർത്തിയ LUNCH ATOP A SKYSCRAPER എന്ന ചിത്രം. അന്ന് ന്യൂയോർക്ക് സിറ്റിയിലെ ഉയരം കൂടിയ റോക്കിഫെല്ലറിന്റെ (Rockefeller Center) 69-ാം നില കെട്ടുന്ന ചില നിർമ്മാണതൊഴിലാളികൾ വിശ്രമസമയത്ത് അപകടകരമാംവിധം ഉയർന്ന ഒരു ബീമിന്റെ മുകളിലിരുന്നുകൊണ്ട് ഭക്ഷണം കഴിക്കുന്നു.

ദേശീയപത്രങ്ങളിലെ വാർത്താചിത്രങ്ങൾ രാജ്യത്തിന്റെ തനിമയും സംസ്കാരവും സാമൂഹ്യബന്ധങ്ങളും അടുത്തറിയാൻ സഹായിക്കുന്നു. നിത്യജീവിതത്തിലെ സംഭവങ്ങളെ ഇഴചേർക്കുന്നതിലൂടെ ദേശീയ പ്രാധാന്യമുള്ള വാർത്താചിത്രങ്ങൾ രാജ്യത്തിന്റെ ആന്തരികമായ സംഭവവികാസങ്ങളെ നിത്യേന വിളിച്ചറിയിക്കുന്നു. സാമൂഹ്യ പ്രശ്നങ്ങൾക്ക് ക്രിയാത്മകവും അനുകൂലവുമായ പരിഹാരം കാണാൻ ഇത്തരം ചിത്രങ്ങൾ പലപ്പോഴും ഉപകരിക്കുന്നു. മനുഷ്യാ

വകാശലംഘനങ്ങൾ, സാമൂഹിക അനീതികൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട വാർത്താചിത്രങ്ങൾ ബഹുജനാഭിപ്രായ രൂപീകരണത്തിനും അതുവഴി പ്രശ്നപരിഹാരത്തിനും സഹായിക്കുന്നു.

> വിശ്വാസ്യതയും ആധികാരികതയും വാർത്താചിത്രങ്ങൾക്ക് അനിവാര്യമാണ്. ചിത്രത്തോടൊപ്പം സത്യസന്ധമായ വാർത്താ വിവരണം ഉണ്ടായിരിക്കണം. കൃത്യതയും മൂല്യബോധവും പത്രപ്രവർത്തന പൂർണതയുമുള്ള വിദഗ്ധപരിശീലനം ലഭിച്ച പ്രൊഫഷണൽ ജേർണലിസ്റ്റുകളാണ് വാർത്താ ചിത്രങ്ങൾ എടുത്തിരുന്നത്.

എത്ര സങ്കീർണ്ണത നിറഞ്ഞ വാർത്തകളെയും ലളിതമായി വിശദീകരിക്കാൻ ചിത്രത്തിനാവും. വായനക്കാരുടെ വൈകാരിക തലങ്ങളെ തൊട്ടുണർത്താൻ വാർത്താചിത്രങ്ങൾക്ക് കഴിയും. വാർത്തയും വായനക്കാരും തമ്മിൽ ഒരു അടുപ്പം സൃഷ്ടിച്ചുകൊണ്ട് സന്തോഷം, ദുഃഖം, അനുകമ്പ, ദേഷ്യം തുടങ്ങിയ വൈകാരികഭാവങ്ങളെ വാർത്താചിത്രങ്ങൾ രൂപപ്പെടുത്താറുണ്ട്.

ഫോട്ടോകൾ ഒരു ആഗോള ഭാഷയാണ്. അത് ലോകമെങ്ങുമുള്ള എല്ലാ ജനതകൾക്കും വർഗ, വർണ്ണ വ്യത്യാസങ്ങളില്ലാതെ മനസിലാവും. അതിർത്തികൾക്കപ്പുറത്തേക്ക് ഫോട്ടോകളുടെ സന്ദേശം എത്തിച്ചേരാറുണ്ട്. വാർത്തകൾക്കൊപ്പം അവതരിപ്പിക്കപ്പെടുന്ന ചിത്രങ്ങൾ ആ സംഭവത്തിന്റെ പശ്ചാത്തലം, സാഹചര്യം എന്നിവ പ്രതിഫലിപ്പിക്കാറുണ്ട്. ചിന്തയെ തകിടംമറിക്കും വിധമുള്ള ചില വാർത്താചിത്രങ്ങൾ പലപ്പോഴും വലിയ പൊതുജന സംവാദങ്ങൾക്ക് ഇടയാക്കാറുണ്ട്. ചില വാർത്താചിത്രങ്ങൾ വായനക്കാരുടെ മനസിൽ ദീർഘമായ അനുരണനങ്ങളുണ്ടാക്കും.

വിവരസാങ്കേതികവിദ്യകളിൽ വന്നുചേർന്ന വലിയ മുന്നേറ്റങ്ങൾ മുൻകാല മാധ്യമചിത്രങ്ങളെ കാലങ്ങൾക്കുശേഷവും ചർച്ചകൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കും. വാർത്താചിത്രങ്ങൾ വായനക്കാരെ പ്രചോദിപ്പിക്കാറുണ്ട്. ചില വ്യക്തികളുടെയും സമൂഹത്തിന്റെയും അസാധാരണമായ നേട്ടങ്ങളെ കൂടുതൽ വലിയ നേട്ടങ്ങളിലേക്ക് എത്തിക്കുന്നതിന് വാർത്താചിത്രങ്ങൾ ഉപകരിക്കാറുണ്ട്.

ആയിരക്കണക്കിന് സംഭവങ്ങളുമായി ബന്ധപ്പെട്ട് പകർത്തപ്പെട്ട വാർത്താ ചിത്രങ്ങൾക്ക് അതിവിപുലമായ ശേഖരങ്ങളുണ്ട്. ഫോട്ടോകൾ ദൃശ്യകഥകളാണ് പറയുന്നത്. കലകൾ, ചരിത്രം, പ്രകൃതി, നിത്യജീവിതസാഹചര്യങ്ങൾ, ഭൂപ്രകൃതി, കാലാവസ്ഥകൾ, സമുദ്രം, നദികൾ, ബഹിരാകാശം തുടങ്ങി എണ്ണമറ്റ മേഖലകളിലെ വാർത്താ ചിത്രങ്ങൾ വായനക്കാരനെ പ്രചോദിപ്പിക്കുകയും ചുറ്റുപാടുകളെ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു.

## എഡിറ്റോറിയൽ

സാമൂഹികവും കാലികപ്രധാനവുമായ ഒരു വിഷയത്തെക്കുറിച്ച് ഒരു പത്രത്തിന്റെ കാഴ്ചപ്പാട് അല്ലെങ്കിൽ പൊതുഅഭിപ്രായം എന്നവിധം പ്രസാധകനോ എഡിറ്റോറിയൽ സ്റ്റാഫോ എഴുതുന്ന പ്രധാന ലേഖനമാണ് എഡിറ്റോറിയൽ. മുഖപ്രസംഗം, ലീഡിങ് ആർട്ടിക്കിൾ, ഒപ്പീനിയൻ എന്നെല്ലാം എഡിറ്റോറിയൽ അറിയപ്പെടാറുണ്ട്. പത്രത്തിന്റെ പ്രധാനി എഡിറ്റർ ആണ്. എഡിറ്റോറിയൽ സ്വയം എഴുതുന്നതല്ലെങ്കിലും അതിന്റെ ഉത്തരവാദിത്തം എഡിറ്റർക്ക് തന്നെയാണ്. വിഷയസ്വഭാവത്തിനനുസരിച്ച് മുഖപ്രസംഗത്തിന്റെ ശൈലിയും സ്വരവും മാറാറുണ്ട്.

പത്രപ്രസിദ്ധീകരണത്തിലെ അതിപ്രധാന സ്ഥാനമാണ് എഡിറ്റോറിയലിനുള്ളത്. പത്രത്തിന്റെ സ്വരം എന്നുവിളിക്കപ്പെടുന്ന എഡിറ്റോറിയൽ ഓരോ വിഷയത്തെക്കുറിച്ചുമുള്ള ഔദ്യോഗിക നിലപാടാണ്. ആഴത്തിലുള്ള ഗവേഷണങ്ങളിലൂടെ, യുക്ത്യാധിഷ്ഠിതമായ വാദങ്ങൾനിരത്തി വളരെ ശ്രദ്ധാപൂർവ്വം വിദഗ്ധർ തയ്യാറാക്കുന്നവയാണ് എഡിറ്റോറിയലുകൾ. സമൂഹത്തെ ബാധിക്കുന്ന രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ പൊതുജനാഭിപ്രായം രൂപീകരിക്കുകയും, ക്രിയാത്മകമായ ചർച്ചകൾക്ക് വഴിതുറക്കുകയും ചെയ്യുക എഡിറ്റോറിയലിന്റെ ലക്ഷ്യമാണ്. അതിലൂടെ ഗുണപരമായ സമൂഹ മാറ്റത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യാറുണ്ട്. പത്രത്തിന്റെ മൂല്യബോധവും ദർശനവും എഡിറ്റോറി

യലിൽ അവതരിപ്പിക്കപ്പെടുന്നു. ഒരു ദിക്കു നോക്കിയന്ത്രംപോലെ വായനക്കാരന് ആശയക്കുഴപ്പം ഉണ്ടാകുന്ന വിഷയങ്ങളിൽ കൃത്യമായ ദിശകാണാൻ അതുപകരിക്കുന്നു.

> മിക്ക വലിയപത്രങ്ങൾക്കും ഒരു എഡിറ്റോറിയൽബോർഡ് ഉണ്ടാകാറുണ്ട്. അനവധി പേരടങ്ങുന്ന ഒരു ടീം തന്നെ അതിലുണ്ടാവും. ഉൾക്കാഴ്ചയോടുകൂടിയ അപഗ്രഥനങ്ങളും സമതുലിതമായ കാഴ്ചപ്പാടുകളും പത്രപ്രവർത്തനത്തിന്റെ മൂല്യങ്ങളും നിലനിർത്തിക്കൊണ്ടാണ് അവർ എഡിറ്റോറിയലുകൾ തയ്യാറാക്കുന്നത്.

ഓരോദിവസവും എന്ത് പ്രശ്നമാണ് എഡിറ്റോറിയൽ രചനയ്ക്കായി തിരഞ്ഞെടുക്കേണ്ടതെന്ന് എഡിറ്റോറിയൽബോർഡ് വിലയിരുത്തുന്നു. അതനുസരിച്ച് വിഷയത്തിന്റെ സമഗ്രവശങ്ങളും ചർച്ചചെയ്യുന്നു. തുടർന്ന് അതിന്റെ കരടുരൂപം തയ്യാറാക്കുന്നു. തുടർ ചർച്ചകൾക്കുശേഷം അതിനെ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും വരുത്തി പ്രസിദ്ധീകരിക്കാവുന്ന അവസാനരൂപത്തിലേക്ക് മാറ്റുന്നു. എഡിറ്റോറിയൽരചന വിഷയസംഗ്രഹത്തിൽ തുടങ്ങുന്നു. പിന്നെ, വിഷയത്തിന്റെ സമഗ്രമായ അവതരണത്തിനുശേഷംവിശകലനത്തിലൂടെനിഗമനത്തിലെത്തി, ഉപസംഹരിക്കുന്ന രീതിയാണ് പൊതുവേ സ്വീകരിക്കാറുള്ളത്.

എഡിറ്റോറിയലുകൾ സ്ഥിരമായി എഡിറ്റോറിയൽ പേജ് എന്നറിയപ്പെടുന്ന ഒരു പ്രത്യേക പേജിലാണ് പ്രസിദ്ധീകരിക്കുന്നത്. വായനക്കാർ എഡിറ്റർക്കയ്ക്കുന്ന കത്തുകളും അതേപേജിൽ ആണ് നൽകുന്നത്. ചില ദിവസങ്ങളിൽ, അടിയന്തിര പ്രാധാന്യമുള്ള വിഷയമാണെങ്കിൽ, വായനക്കാരുടെയും ഭരണാധികാരികളുടെയും ശ്രദ്ധ പിടിച്ചെടുക്കാൻ, ചില പത്രങ്ങൾ ഒന്നാം പേജ് തന്നെ എഡിറ്റോറിയലിനായി തെരഞ്ഞെടുക്കാറുണ്ട്. ചില യൂറോപ്യൻ രാജ്യങ്ങളിൽ ഇത്തരം രീതി സാധാരണമാണ്. സർക്കാരുകൾക്ക് അനുകൂലമായോ പ്രതികൂലമായോ ആയ പത്രത്തിന്റെ ചായ്വ് എഡിറ്റോറിയലിൽ പ്രകടമാകാറുണ്ട്.

പത്രത്തിന്റെ മൂല്യങ്ങളെയും ആദർശങ്ങളെയും പ്രതിഫലിപ്പിക്കുന്ന കണ്ണാടി കൂടിയാണ് എഡിറ്റോറിയൽ. പത്രത്തിന്റെ വിശ്വാസ്യതയും അംഗീകാരവും സർക്കുലേഷനും വർധിപ്പിക്കാനുള്ള ഉപാധി കൂടിയാണ് അവ. വസ്തുതകൾ, സ്ഥിതിവിവരക്കണക്കുകൾ, വിഷയവിദഗ്ധരുടെ അഭിപ്രായങ്ങൾ, സംഭവങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് വായനക്കാരന് വിശ്വസനീയമാംവിധം തയ്യാറാക്കുന്നവയാണ് എഡിറ്റോറിയലുകൾ.

ആഗോളചർച്ചകൾക്ക് വഴിതുറക്കുന്ന കാഴ്ചപ്പാടുകളും ചിന്തകളും വ്യത്യസ്തമായി അവതരിപ്പിക്കുന്നവയാണ് അതിപ്രശസ്തങ്ങളായ ന്യൂയോർക്ക് ടൈംസ്, വാഷിംഗ്ടൺ പോസ്റ്റ്, ദി ഗാർഡിയൻ തുടങ്ങിയ വമ്പൻ പത്രങ്ങളിലെ എഡിറ്റോറിയലുകൾ. ലോകത്തെ മിക്കരാജ്യങ്ങളിലെയും സങ്കീർണ്ണമായ പല സാമൂഹിക രാഷ്ട്രീയപ്രശ്നങ്ങളെയും അന്തർദ്ദേശീയമാനങ്ങളിൽ ഇത്തരം പത്രങ്ങൾ ചർച്ചചെയ്യാറുണ്ട്.

അന്തർദ്ദേശീയബന്ധങ്ങൾ, സംഘർഷങ്ങൾ, നയതന്ത്രങ്ങൾ, അന്തർദ്ദേശീയ നിയന്ത്രണങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ തുടങ്ങിയ ആഗോളപ്രാധാന്യമുള്ള വിഷയങ്ങളെ ഇത്തരം പത്രങ്ങളുടെ എഡിറ്റോറിയലുകൾ ചർച്ചകൾക്ക് വിധേയമാക്കാറുണ്ട്. പ്രശ്നങ്ങളിൽപ്പെടുന്ന തർക്കരാജ്യങ്ങളുടെ വാദമുഖങ്ങളിലെ വ്യക്തവും കാര്യകാരണസഹിതമുള്ള വിശദീകരണങ്ങൾ അതിൽ ഉൾപ്പെടുത്താറുണ്ട്. ഇരുഭാഗത്തെയും വ്യത്യസ്തവും വൈവിധ്യമാർന്നതുമായ കാഴ്ചപ്പാടുകളെ അവതരിപ്പിച്ചുകൊണ്ട് വായനക്കാരുടെ ബഹുമുഖ ചർച്ചകൾക്ക് വഴിയൊരുക്കിക്കൊണ്ട്, ഇത്തരം എഡിറ്റോറിയലുകൾ, അവയുടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയും ചെയ്യാറുണ്ട്.

ദേശീയപത്രങ്ങളുടെ എഡിറ്റോറിയലുകളിൽ ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളാണ് പ്രധാനമായും ചർച്ചചെയ്യപ്പെടുന്നത്. ദേശീയ പ്രാധാന്യമുള്ളതും സാമൂഹികവും രാഷ്ട്രീയവുമായ വ്യത്യസ്ത പ്രശ്നങ്ങൾ ഇത്തരം എഡിറ്റോറിയലുകളിൽ ചർച്ചയ്ക്ക് വഴിതുറക്കാറുണ്ട്. ദി ടൈംസ് ഓഫ് ഇന്ത്യ, ദി വാൾ സ്ട്രീറ്റ് ജേർണൽ തുടങ്ങിയ ദേശീയധാരാപത്രങ്ങൾ അവരുടെ ശക്തമായ എഡിറ്റോറിയൽ ബോർഡിന്റെ

കാഴ്ചപ്പാടുകൾക്കനുസരിച്ച് പ്രശ്നങ്ങളെ അപഗ്രഥിക്കാറുണ്ട്. തുടർന്ന് സർക്കാരിന്റെ നയതീരുമാനങ്ങൾ കൈക്കൊള്ളുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എഡിറ്റോറിയലുകളായി അവതരിപ്പിക്കുകയും ചെയ്യാറുണ്ട്. നിലവിലുള്ള പ്രശ്നവിഷയങ്ങളിൽ വായനക്കാരുടെ വൈകാരിക ചായ്‌വുകളെ കണക്കിലെടുത്തുകൊണ്ട് പ്രശ്നങ്ങളിൽ അവർക്കുതന്നെ തീരുമാനം എടുക്കാവുന്നവിധമാണ് എഡിറ്റോറിയലുകൾ തയ്യാറാക്കുന്നത്.

സമീപകാലങ്ങളിൽ ഡിജിറ്റൽ യുഗവിപ്ലവത്തിന്റെ ഭാഗമായി മിക്കപത്രങ്ങൾക്കും ഓൺലൈൻ എഡിഷനുകളുണ്ടായിട്ടുണ്ട്. അവയിലെ എഡിറ്റോറിയലുകൾക്ക് കമന്റുകളും ഷെയറുകളും ലൈക്കുകളും നൽകുന്നതും പതിവായിരിക്കുന്നു. എഡിറ്റോറിയലുകൾ പരസ്പര സംവാദത്തിനുള്ള സമൂഹവേദി തുറക്കുന്നു. വിരുദ്ധാഭിപ്രായങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ഇടം കിട്ടുന്നു. അതിലുപരി സമൂഹമാധ്യമങ്ങളിലൂടെ ഇവ ചർച്ചചെയ്യപ്പെടുന്നു. വ്യത്യസ്ത ആശയങ്ങൾക്ക് ഒരു ആഗോളതലം കൈവരിക്കാനാവുന്നു. ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമായി പല മാധ്യമ എഡിറ്റോറിയലുകളും വ്യക്തികളെയും സമൂഹത്തെയും പങ്കെടുപ്പിച്ചുകൊണ്ട് പല പ്രശ്നപരിഹാരങ്ങൾക്കും ഉപകരിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നു.

അന്തർദ്ദേശീയവും ദേശീയവുമായ പലപത്രങ്ങളിലെയും എഡിറ്റോറിയലുകൾ സാമൂഹിക മാറ്റങ്ങൾക്കും സഹായകമായിത്തീരുന്നു. വായനക്കാരന്റെ ചിന്തയെ പ്രചോദിപ്പിച്ചുകൊണ്ട്, പല സാമൂഹിക പരിഷ്കരണങ്ങൾക്കും പ്രേരിപ്പിക്കുന്നു. സമൂഹത്തിന്റെ വികസനോന്മുഖ താല്പര്യങ്ങളെ പോഷിപ്പിക്കുന്ന ഗുണപരമായ രാസത്വരകമായി എഡിറ്റോറിയലുകൾ മാറാറുണ്ട്.

പാർശ്വവല്ക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനങ്ങൾക്കും സാമൂഹ്യനീതികൾക്കും വേണ്ടി സംസാരിക്കുകയും അവയ്ക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യാൻ എഡിറ്റോറിയലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. പത്രങ്ങൾക്ക് വായനക്കാരുമായി സംവദിക്കാനും അവരുമായി സൗഹൃദപൂർണമായ ബന്ധം നിലനിർത്താനും എഡിറ്റോറിയലുകൾ സഹായിക്കുന്നു. അവയ്ക്കുകിട്ടുന്ന ഫീഡ്ബാക്കുകളിലൂടെ എഡിറ്റോറിയലിന്റെ ഫലപ്രാപ്തി അറിയാനും അവർക്കാവുന്നു.

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യപരവും അന്താരാഷ്ട്രപരവുമായ വിഷയങ്ങളെ എഡിറ്റോറിയലുകൾ അപഗ്രഥനാത്മകമായി അവതരിപ്പിക്കുന്നു. ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടാത്ത സാമൂഹികപ്രശ്നങ്ങൾ പത്രങ്ങൾ എഡിറ്റോറിയലുകളിലൂടെ ചൂണ്ടിക്കാണിക്കുകയും അവയ്ക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. കാലങ്ങളായി പരിഹാരംകിട്ടാത്ത സാമൂഹികപ്രശ്നങ്ങൾക്കുപോലും എഡിറ്റോറിയലുകളുടെ ഇടപെടലുകളിലൂടെ പരിഹാരം സാധ്യമായിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ എഡിറ്റോറിയലുകൾ സഹായിക്കുന്നു.

ഭരണാധികാരികൾക്ക് വികസനോന്മുഖമായ തീരുമാനങ്ങളെടുക്കാനും നിയമനിർമ്മാണങ്ങൾ നടത്താനും അതിനാവശ്യമായ സ്വാധീനം ചെലുത്താനും എഡിറ്റോറിയലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അപഗ്രഥനാത്മകമായും ഗവേഷണാത്മകമായും തയ്യാറാക്കപ്പെടുന്നവയാണ് മിക്ക എഡിറ്റോറിയലുകളും. വായനക്കാരുടെ അറിവുകൾ വർധിപ്പിക്കുന്നതിനും വിമർശനാത്മകമായ ചിന്ത വികസിപ്പിക്കുന്നതിനും സാമൂഹികതിന്മകൾക്കെതിരെ ശബ്ദമുയർത്തുന്നതിനും എഡിറ്റോറിയലുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

സമൂഹം നേരിടുന്ന അതിപ്രധാനമായ സംഭവങ്ങളെ ചരിത്രപരമായ പശ്ചാത്തലത്തിലും കാഴ്ചപ്പാടിലും വിലയിരുത്താനും ആഴത്തിൽ മനസ്സിലാക്കാനും വായനക്കാരനെ എഡിറ്റോറിയലുകൾ സഹായിക്കുന്നു. ആഗോളതലത്തിലെ മാറ്റങ്ങളുമായി വിലയിരുത്തി നമ്മുടെ രാജ്യം വികസനപരമായി നേരിടുന്ന വെല്ലുവിളികൾ ചൂണ്ടിക്കാണിച്ച്, നമുക്ക് ലഭിക്കേണ്ട അവസരങ്ങളും സാധ്യതകളും മുൻകൂട്ടിക്കണ്ട് പദ്ധതികൾ രൂപകല്പനചെയ്യാൻ ഭരണാധികാരികളെ എഡിറ്റോറിയലുകൾ സഹായിക്കാറുണ്ട്.

സമൂഹത്തിലെ നേതൃസ്ഥാനത്തിരിക്കുന്നവരും സാങ്കേതികവിദഗ്ധരും പ്രൊഫഷണലുകളും കൂട്ടായിച്ചേർന്ന് അവരുടെ അനുഭവപരിചയവും കാഴ്ചപ്പാടുകളും അവതരിപ്പിച്ച്, വികസനത്തിന് അനുകൂല സാഹചര്യം ഒരു

ക്കാൻ എഡിറ്റോറിയലുകൾ സഹായിക്കാറുണ്ട്. ജനാധിപത്യമൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനും കാവലാളായി നിലകൊള്ളാനും എഡിറ്റോറിയലുകൾ സഹായിക്കുന്നു.

പത്രത്തിന്റെ ബഹുമുഖമായ വളർച്ചയ്ക്കും നിലനില്പിനുമുപരി അതിന്റെ വിശ്വാസ്യതയ്ക്കും പ്രസക്തിക്കും എഡിറ്റോറിയലുകൾ സഹായിക്കുന്നു. രാജ്യതാല്പര്യവും സമൂഹതാല്പര്യവും സംരക്ഷിക്കുന്നതിന് അത് ഉപകരിക്കുന്നു. പത്രത്തിന്റെ സാമൂഹ്യകാഴ്ചപ്പാടിന്റെയും ദർശനങ്ങളുടെയും ബഹുമുഖതലങ്ങളെ അവതരിപ്പിക്കുകയാണ് എഡിറ്റോറിയലുകൾ.

സമൂഹത്തിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങളെ അപഗ്രഥിക്കുകയും വിമർശനാത്മകചിന്തയെ ഉത്തേജിപ്പിച്ചുകൊണ്ട് ഒരു കോമ്പസ് പോലെ വായനക്കാരന് വഴികാട്ടിയായി, ദിശാസൂചകമായി എഡിറ്റോറിയലുകൾ നിലകൊള്ളുന്നു.

## മാധ്യമങ്ങളും സമൂഹവും

മാധ്യമങ്ങളും സമൂഹവും തമ്മിൽ നൂറ്റാണ്ടുകളായി ആഴത്തിലുള്ള ബന്ധമുണ്ട്. കൊണ്ടും കൊടുത്തും വളരുംവിധം അവ തമ്മിൽ പരസ്പരം ചലനാത്മകമായി തുലനപ്പെട്ടിരിക്കുന്നു. ആധുനിക സംസ്കാരത്തെ ഇഴകോർത്ത് രൂപപ്പെടുത്തുന്നതിൽ, പ്രതിഫലിപ്പിക്കുന്നതിൽ, സ്വാധീനിക്കുന്നതിൽ നിർണായക പങ്കാണ് മാധ്യമങ്ങൾക്കുള്ളത്. വ്യക്തിയ്ക്കും സമൂഹത്തിനും വിശാലമായ ലോകത്തിലെ കൂട്ടായ സ്വത്വത്തിലേക്കും അവബോധത്തിലേക്കും എത്തിച്ചേരുന്നതിനുള്ള പാലങ്ങളാണ് പത്രങ്ങൾ.

> സമൂഹത്തിന്റെ കണ്ണും കാതുമാണ് മാധ്യമങ്ങൾ. സമൂഹത്തെ തിരുത്താൻ മാധ്യമങ്ങൾക്ക് കഴിയുന്നതുപോലെ മാധ്യമങ്ങളുടെ മൂല്യബോധത്തെയും മുൻഗണനാക്രമത്തെയും ആവശ്യങ്ങളെയും നിയന്ത്രിക്കാൻ സമൂഹത്തിനും കഴിയാറുണ്ട്.

സമൂഹത്തിന്റെ വിജയങ്ങൾ, വെല്ലുവിളികൾ, അഭിലാഷങ്ങൾ, വ്യക്തിപരമായ നേട്ടങ്ങൾ എന്നിവയെല്ലാം എല്ലാവരുമായി പങ്കുവെയ്ക്കാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. മനുഷ്യചരിത്രത്തിലെ ഒരു പ്രതീകാത്മകബന്ധത്തിലൂടെ സമൂഹത്തോടു ചേർന്നുനിന്ന് നിത്യആഖ്യാനങ്ങൾ നടത്തുകയാണ് മാധ്യമങ്ങൾ.

സമൂഹാവബോധത്തെ നിർമ്മിക്കുന്നതിനും തിരുത്തുന്നതിനും പുതിയവ രൂപപ്പെടുത്തുന്നതിനും സമൂഹമാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. പത്രങ്ങൾ, ടെലിവിഷൻ, റേഡിയോ, ചലച്ചിത്രം, ഇന്റർനെറ്റ്, സമൂഹമാധ്യമങ്ങൾ തുടങ്ങി എല്ലാത്തരം ആശയവിനിമയോപാധികളും സമൂഹത്തിന്റെ ബോധധാരയെ ചലനാത്മകമാക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്നു. വിവരവിനിമയസാധ്യതകളോടൊപ്പം വിനോദവും ബോധവല്ക്കരണവുമെല്ലാം ഇത്തരം മാധ്യമങ്ങൾ ലഭ്യമാക്കുന്നു.

സമൂഹമാധ്യമങ്ങളുടെ കടന്നുവരവോടെ പരമ്പരാഗതമാധ്യമങ്ങളും കൂടുതൽ ജാഗ്രതയിലായി. പത്രങ്ങളും മറ്റു മാധ്യമങ്ങളും നല്കുന്ന വാർത്തകൾക്ക്, അനുകൂലമായും പ്രതികൂലമായും വായനക്കാർ അഭിപ്രായങ്ങളിലൂടെ ഇടപെടുന്നു. അത്തരത്തിൽ പൊതുജനാഭിപ്രായരൂപീകരണത്തിൽ പത്രങ്ങൾ കൂടുതൽ പങ്കാളിത്തം വഹിക്കാനും തുടങ്ങി. അതുപോലെ, സമൂഹത്തെ ബാധിക്കുന്ന ഏതുവിഷയങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വ്യത്യസ്ത അഭിപ്രായങ്ങളോടെ വ്യാപകചർച്ചയ്ക്ക് വഴിതുറക്കാറുണ്ട്.

സമൂഹത്തിന്റേത് ചുറ്റിലേക്കും തുറന്നുവെച്ച കണ്ണാണ്. മാധ്യമസാക്ഷരത ഇന്നത്തെ സമൂഹത്തിൽ വളരെ വർധിച്ചിരിക്കുന്നു. ഏതുതരം വിവരങ്ങളെയും വിമർശനാത്മകമായി അപഗ്രഥിക്കാനുള്ള കഴിവ് അവരിൽ വർധിച്ചുവരുന്നു. എങ്കിലും ഭരണകൂടസഹായത്തോടെ ചിലരാഷ്ട്രീയപ്പാർട്ടികൾ, അധികാരം നിലനിർത്താൻവേണ്ടി, മാധ്യമങ്ങളെ പലവിധത്തിൽ സ്വാധീനിക്കുന്നു. ഭരണനേട്ടത്തിനുവേണ്ടി വ്യാജവാർത്തകളുണ്ടാക്കുന്നു, അവ വിവാദമാക്കുന്നു. വോട്ടുബാങ്കുകളെ ലക്ഷ്യംവെച്ച്, സമൂഹത്തിൽ വർഗീയകലാപങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. ബോധപൂർവം വൈകാരികത നിറഞ്ഞ തെറ്റായവിവരങ്ങൾ സമൂഹമാധ്യമപ്ലാറ്റ്ഫോമുകളിൽ പോസ്റ്റ്ചെയ്ത് സമൂഹത്തെ വിഭജിക്കാൻ ശ്രമിക്കുന്നു. ഇൻഡ്യയിൽ തന്നെ ഇത്തരം എത്രയെത്ര സംഭവങ്ങളാണ് വാർത്തകളാകുന്നത്.

മാധ്യമ ധാർമ്മികത ഉയർത്തിപ്പിടിക്കണം. വാർത്തകളിൽ നീതിപൂർവ്വകമായ കൃത്യതയും പക്ഷപാതമില്ലായ്മയും കാട്ടണം. വായനക്കാരോട് വിശ്വസ്തത പുലർത്തണം. പത്രങ്ങൾളിൽ കൂടി രാജ്യമനസ്സിൽ അഗ്നിപടർത്താൻ ഇടയാക്കരുത്. ഇത്തരമൊരു ജാഗ്രത മാധ്യമങ്ങളിൽ പുലർത്തേണ്ടതാണ്. മാധ്യമങ്ങൾ തങ്ങളുടെ തൊഴിലിൽ, പ്രവർത്തനങ്ങളിൽ ഒരു നിരീക്ഷണ സമിതിയെപ്പോലെ വിവേകപൂർണ്ണമായ ഉണർവ് പുലർത്തണം.

അന്വേഷണാത്മകമായ പത്രപ്രവർത്തനം ജനാധിപത്യത്തിന്റെ സുരക്ഷയ്ക്ക് അനിവാര്യമാണ്. പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും സമൂഹജീവിതത്തിലും പ്രവർത്തനമേഖലകളിലും അഴിമതിയ്ക്കെതിരായി നിലകൊള്ളുന്നവരാകണം. നമ്മുടെ സമൂഹത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ട ജനതകളുടെയും ന്യൂനപക്ഷങ്ങളുടെയും നിലവിളികളും കണ്ണീരുമല്ലാതെ, അവകാശശബ്ദങ്ങൾ ഇപ്പോഴും അധികം ഉയർന്നുകേൾക്കാറില്ല. സമൂഹത്തിലെ അസന്തുലിതാവസ്ഥ, അവഗണന, വർഗവർണവ്യത്യാസങ്ങൾ, ആചാരങ്ങൾ, വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ, സാമ്പത്തിക തകർച്ചകൾ എന്നിവയെല്ലാം അവരെ പൊതുധാരയിൽ നിന്ന് മാറ്റിനിർത്തുന്നു. സിറ്റിസൺ ജേർണലിസത്തിന്റെ വരവോടെ അവർക്കിടയിലും ഉണർവിന്റെ ശബ്ദങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്.

> വാർത്താമാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്ന 'ഇക്കോ ചേമ്പറുകൾ' (echo chambers) പണ്ടുകാലത്ത് നിലനിന്ന പല ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും പൂർവാധികം ശക്തിയോടെ പുനരവതരിപ്പിക്കുന്നു. ശാസ്ത്രസാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അത് പ്രചരിപ്പിക്കുന്നു. സമൂഹത്തെ ഭിന്നിപ്പിക്കാനും അതുവഴി അധികാരത്തിലെത്താനും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സാഹോദര്യബോധത്തോടെ സമൂഹത്തെ സംയോജിപ്പിച്ചുനിർത്താൻ മാധ്യമങ്ങൾക്ക് ബാധ്യതയുണ്ട്. കലാപങ്ങളും ഭിന്നിപ്പിക്കലും തകർക്കലുമല്ല, സമൂഹത്തിന്റെ യോജിച്ചുള്ള വികസനമുന്നേറ്റമാണ് മാധ്യമങ്ങൾ ലക്ഷ്യം വെയ്ക്കേണ്ടത്.

സമൂഹത്തിന്റെ പൊതുവായ ഉന്നമനത്തിനും ആരോഗ്യപരമായ ജീവിതത്തിനും ഉതകുംവിധമുള്ള കാഴ്ചപ്പാട് മാധ്യമങ്ങൾക്ക് വേണം. ഏറ്റവും മികച്ചതരം ഉല്പ്പന്നങ്ങളുടെ ഉറവിടം കണ്ടെത്തി അവ സമൂഹത്തിലേവർക്കും ലഭ്യമാകുംവിധത്തിൽ മാധ്യമങ്ങൾ ആവശ്യമായ കവറേജ് നൽകണം. അതുപോലെ, ഡിജിറ്റൽയുഗത്തിൽ സമൂഹത്തിനും അവയിലെ ഉപസംസ്കാരങ്ങൾക്കും ആവശ്യമായ ഉയർച്ച നൽകണം. അവരെക്കൂടി ഓൺലൈനായി ബന്ധിപ്പിച്ചുകൊണ്ട് അവരുടെ ഉന്നതിക്കായി ഭരണകൂടങ്ങൾ ആവശ്യമായ ക്രമീകരണങ്ങൾ നൽകാൻ മാധ്യമശ്രദ്ധ ഉണ്ടാകണം.

ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രശ്നങ്ങൾ നേരിടുന്ന ജനങ്ങളുണ്ട്. അവ വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തണം. അവരെ ബോധവൽക്കരിക്കണം. അതിലിടപെട്ട്, മനുഷ്യത്വപരമായ പരിശ്രമങ്ങളിലൂടെ അവയ്ക്ക് പരിഹാരം കാണുന്നതിന് ആഗോളതലത്തിൽ മാധ്യമങ്ങൾ വഹിക്കുന്നപങ്ക് വളരെ വലുതാണ്. ജനാധിപത്യരാജ്യങ്ങളിൽ മാധ്യമസ്വാതന്ത്ര്യം വളരെ വലുതാണെന്നാണ് പറയപ്പെടാറുള്ളത്. ഏതു വിഷയമായാലും വ്യത്യസ്ത അഭിപ്രായങ്ങൾക്കും അവയെക്കുറിച്ചുള്ള തുറന്ന സംവാദങ്ങൾക്കും അവസരങ്ങളുണ്ടായിരുന്നു. ഭയംകൂടാതെയും സെൻസർഷിപ്പുകളില്ലാതെയും അവ പ്രകടിപ്പിക്കുന്നതിനും റിപ്പോർട്ട്ചെയ്യുന്നതിനും സാഹചര്യം ഉണ്ടാകേണ്ടതാണ്.

പുതിയൊരു മാധ്യമസംസ്കാരത്തിന്റെ പിറവി ആവശ്യമാണ്. അതിന് സ്കൂൾതലത്തിൽ തന്നെ മാധ്യമതലങ്ങളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. ചുരുക്കത്തിൽ മാധ്യമവും സമൂഹവും തമ്മിലുള്ള ബന്ധം ചലനാത്മകവും ബഹുമുഖവുമാണ്. സമൂഹത്തിന്റെ സാഹോദര്യത്തിലധിഷ്ഠിതമായ പുരോഗതിക്കും അനുകൂലമായ വളർച്ചയ്ക്കും ഉപകരിക്കുംവിധം, മാധ്യമപ്രവർത്തനം രൂപപ്പെടുന്നതിനും വിമർശനാത്മകചിന്തകളും മാധ്യമസാക്ഷരതയും ഉയർത്തേണ്ടത് അനിവാര്യമാണ്.

## മാധ്യമ ധാർമികത

തൊഴിൽപരമായ സത്യസന്ധതയും നിലവാരവും ഉയർത്തിപ്പിടിക്കാൻ, പത്രമാധ്യമ പ്രവർത്തകർക്ക് ചില ധാർമിക നിയമങ്ങൾ പിന്തുടരേണ്ടതുണ്ട്. വാർത്തകളുടെ റിപ്പോർട്ടിംഗിലും അതിന്റെ അപഗ്രഥനത്തിലും വിവരവിതരണത്തിലും വഴികാട്ടിയായിരിക്കുന്ന മാർഗദർശനങ്ങളാണ് മാധ്യമധാർമികത എന്ന് അറിയപ്പെടുന്നത്. മാധ്യമപ്രവർത്തകർക്ക് അവരുടെ തൊഴിൽമേഖലയെക്കുറിച്ച് ഉത്തരവാദിത്വബോധം നൽകുന്ന ദിക്കുനോക്കിയന്ത്രമാണ് മാധ്യമ ധാർമികത. റിപ്പോർട്ടിംഗിൽ സത്യസന്ധത, കൃത്യത, വസ്തുനിഷ്ഠത, നീതിനിഷ്ഠത, സുതാര്യത എന്നിങ്ങനെ പത്രപ്രവർത്തനമേഖലയിൽ മാധ്യപ്രവർത്തകർ പാലിക്കേണ്ട ഒരുകൂട്ടം അടിസ്ഥാന തത്വങ്ങളുടെ മാർഗരേഖയാണ് മാധ്യമ ധാർമികത എന്നറിയപ്പെടുന്നത്.

മാധ്യമപ്രവർത്തനം ജനാധിപത്യത്തിന്റെ നിർണായക ശക്തിയാണ്. അതുകൊണ്ടുതന്നെ മാധ്യമ ധാർമികത എന്ന ആശയത്തിന് ഏറെ പ്രസക്തിയുണ്ട്. മീഡിയ എത്തിക്സ് എന്നറിയപ്പെടുന്ന സങ്കല്പനമാണ് മാധ്യമ ധാർമികത എന്നപദം കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. സമൂഹത്തിന്റെ അവകാശങ്ങൾ ഉൾക്കൊണ്ട്, പുതിയൊരു മാനവികനിർമിതിയുടെ ചാലകശക്തിയാകണം മാധ്യമങ്ങൾ. അതിനാൽ ചില ചട്ടക്കൂടുകളും മൂല്യങ്ങളും അവർ പാലിക്കേണ്ടിയിരിക്കുന്നു.

> തൊഴിലും, കച്ചവടവും, വ്യവസായവും ആയിരിക്കുമ്പോൾപ്പോലും, അതിലുപരി സമൂഹത്തോട് മാധ്യമങ്ങൾക്ക് മാന്യതനിറഞ്ഞ ചില കടമകളുണ്ട്. ജനങ്ങളെ സത്യസന്ധവും കൃത്യവുമായ വാർത്തകൾ അറിയിക്കണം. അതനുസരിച്ച് അവരുടെ അവബോധത്തെ രൂപപ്പെടുത്തണം.

എല്ലാ സർക്കാരുകളും ചില സെൻസർനിയമങ്ങൾ, മാധ്യമ നിയന്ത്രണനിയമങ്ങൾ എന്നിവയിലൂടെ ചില പെരുമാറ്റച്ചട്ടങ്ങൾ ഇക്കാര്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. വർഗീയകലാപം, സ്ത്രീപീഡനം, അപകടം തുടങ്ങിയ വാർത്തകൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ചില വ്യവസ്ഥകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകൻ നേരിടുന്ന ചില ധാർമിക പ്രതിസന്ധികളുണ്ട്. വാർത്ത ജനങ്ങളിലേക്കെത്തിക്കുക എന്ന ഉത്തരവാദിത്തമാണോ പൗരൻ എന്ന നിലയ്ക്കുള്ള ഉത്തരവാദിത്തമാണോ മുൻഗണന ആവശ്യപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. പട്ടിണിമരണത്തിന്റെ ചിത്രവും വാർത്തയും പകർത്തുന്ന പല മാധ്യമപ്രവർത്തകരും ഈ ചോദ്യം നേരിട്ടിട്ടുണ്ട്. യുദ്ധം, കലാപം, സ്ത്രീകൾക്കെതിരെയുള്ള കൈയേറ്റങ്ങൾ, അപകടം തുടങ്ങി മാനുഷികമായി ഒരാൾ ഇടപെടേണ്ട ഘട്ടത്തിൽപോലും പത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം അതിന്റെ ചിത്രം പകർത്തുക, വാർത്തകൾ റിപ്പോർട്ട് ചെയ്യുക എന്നതാണ് പ്രധാനദൗത്യം എന്നു കരുതുന്നവരുണ്ട്. മാധ്യമ ധാർമികതയുമായി ബന്ധപ്പെട്ട് ഉയരുന്ന രണ്ടാമത്തെ പ്രശ്നം ജനകീയ പ്രശ്നങ്ങളിൽ ഇടപെടുമ്പോഴുണ്ടാകുന്ന താൽപര്യസംഘർഷങ്ങളാണ്. പത്രമാധ്യമങ്ങൾ മുതലാളിയുടെ വ്യവസായരംഗം കൂടിയാണ്. അതിനാൽ അഴിമതി, സ്വജനപക്ഷപാതം, ജനവിരുദ്ധ ഇടപാടുകൾ എന്നിവ പൂർണമായും സത്യസന്ധമായും റിപ്പോർട്ടുചെയ്യാൻ കഴിയാറില്ല. ഇക്കാര്യത്തിൽ മാധ്യമപ്രവർത്തകർ പലതരത്തിലുള്ള സംഘർഷങ്ങളെയും ഭയങ്ങളെയും നേരിടേണ്ടിവരുന്നു. ഏതെങ്കിലുമൊരു വ്യക്തിക്കോ സമൂഹത്തിനോ മതത്തിനോ പാർട്ടിക്കോ കോട്ടംതട്ടാതെ ഇത്തരം വാർത്തകൾ ജനങ്ങളിലേക്കെത്തിക്കാൻ കഴിയില്ല. ഇത്തരം ഘട്ടങ്ങളിൽ പത്രക്കാർ ആരുടെ കൂടെയാണ് നിൽക്കുന്നത് എന്നകാര്യം പ്രസക്തമാണ്.

ചില വാർത്തകൾ റിപ്പോർട്ടുചെയ്യുന്നതിന്റെ പേരിൽ, ശത്രുക്കളുടെ ആക്രമണങ്ങൾക്കും എതിർപ്പുകൾക്കും മാധ്യമപ്രവർത്തകർ ഇരകളായി തീരുന്നു. ഭരണ- രാഷ്ട്രീയ, സാമ്പത്തിക സ്വാധീനങ്ങളുടെ ബലത്തിൽ പല പ്രശ്നങ്ങൾക്കുംനേരെ കണ്ണടയ്ക്കുന്ന മാധ്യമങ്ങൾ തങ്ങളുടെ യഥാർത്ഥ ഉത്തരവാദിത്വം മറയ്ക്കുകയാണ് ചെയ്യുന്നത്. അത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിക്കാൻ അത് ഇടയാക്കുകയും ചെയ്യുന്നു.

വ്യക്തികളുടെ സ്വകാര്യത, സ്വാതന്ത്ര്യം എന്നിവ മാനിക്കുക എന്നതും മാധ്യമ ധാർമ്മികതയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഒരു കാര്യം കുറ്റകൃത്യമാകുന്നതുവരെ അത് വ്യക്തിസ്വാതന്ത്ര്യമാണ്. എന്നാൽ ചില മാധ്യമങ്ങൾ വായനക്കാർക്ക് സ്തോഭജനകമായ വാർത്ത നല്കി, സർക്കുലേഷൻ വർധിപ്പിക്കാൻ ശ്രമിക്കുന്നു. അതിനായി ചിലവ്യക്തികളുടെ സ്വകാര്യജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കുന്നു. സ്വകാര്യവിവരങ്ങൾ ജനമധ്യത്തിലെത്തിച്ച്, അവരെ അപകീർത്തിപ്പെടുത്തി രസിക്കുന്നു. തരംതാണ മനുഷ്യവാസനയെ പത്രത്തിലൂടെ വില്ക്കുന്നു. സദാചാരം, വ്യക്തിസ്വാതന്ത്ര്യം, മൂല്യബോധം എന്നിവയിലുള്ള വ്യക്തികളുടെ തിരഞ്ഞെടുപ്പിനെ ഇത്തരം മാധ്യമങ്ങൾ അവഗണിക്കുന്നു. ഇക്കാര്യത്തിൽ കോടതികൾ ചില നിയന്ത്രണങ്ങൾ ഈയിടെ നടപ്പിലാക്കിയിട്ടുണ്ട്. പീഡനത്തിനിരയാകുന്ന പെൺകുട്ടിയെക്കുറിച്ചുള്ള വ്യക്തിപരമായ വിവരങ്ങൾ പരസ്യപ്പെടുത്തരുത് എന്ന നിയമം.

## പെയ്ഡ് ന്യൂസ്

തങ്ങളുടേതായ വലിയ നേട്ടങ്ങൾക്കു വേണ്ടി പല വ്യക്തികളും സ്ഥാപനങ്ങളും തങ്ങൾക്ക് വളരെ അനുകൂലമായ മാധ്യമ കവറേജ് ഉണ്ടാക്കാൻ ശ്രമിക്കാറുണ്ട്. അതിനുവേണ്ടി, മാധ്യമ സ്ഥാപനങ്ങൾക്കും ജേർണലിസ്റ്റുകൾക്കും വലിയതോതിൽ സാമ്പത്തിക പ്രതിഫലംനൽകും. ചിലർ വലിയ വിരുന്നുസൽക്കാരങ്ങളും വിലയേറിയ പാരിതോഷികങ്ങളും നല്കും. അങ്ങനെ മാധ്യമങ്ങളെക്കൊണ്ട് തങ്ങൾക്ക് അനുകൂലമായവിധം ചിത്രങ്ങളും വാർത്തകളും സൃഷ്ടിക്കുന്ന രീതിയാണ് പെയ്ഡ് ന്യൂസ്. തങ്ങൾക്ക് സമൂഹത്തിലുള്ള ഇമേജ് വർധിപ്പിക്കാൻവേണ്ടി, ദോഷകരമായി നില്ക്കുന്ന വിവരങ്ങളെല്ലാം മറച്ചുവെച്ചുകൊണ്ട് അനുകൂലമായ വിധത്തിൽ കൃത്രിമമായി വാർത്തകൾ സൃഷ്ടിക്കുന്ന രീതിയാണ് ̆പെയ്ഡ് ന്യൂസ്.

ഇന്ത്യയിൽ 1950 കളിൽത്തന്നെ വ്യാപകമായി ഇത് ആരംഭിച്ചു. ബി.സി.സി.എൽ ഗ്രൂപ്പിന്റെ നിയന്ത്രണത്തിലുള്ള ടൈംസ് ഓഫ് ഇൻഡ്യയിലും തുടർന്ന് ഹിന്ദുസ്ഥാൻ ടൈംസ്ഔട്ട്ലെറ്റിലും പിന്നെ ഇന്ത്യയിലെ പല മാധ്യമങ്ങളിലും ജേണലിസ്റ്റുകൾ ഇത്തരം പ്രചാരവേലകൾ ചെയ്തിരുന്നു. ചില രാഷ്ട്രീയ നേതാക്കൾ, സെലിബ്രിറ്റികൾ, സ്ഥാപനങ്ങൾ, ചില പ്രത്യേക വ്യാപാരബ്രാൻഡുകൾ, ചില ചലച്ചിത്രങ്ങൾ തുടങ്ങി അനവധി മേഖലകൾക്കുവേണ്ടി പെയ്ഡ് ന്യൂസുകൾ എഴുതപ്പെട്ടിരുന്നു. 2010- ലാണ് പാശ്ചാത്യമാധ്യമങ്ങളുടെ ശ്രദ്ധയിലേക്ക് ഇത് എത്തിച്ചേർന്നത്.

പണം മുടക്കാൻ തയ്യാറുള്ളവർക്ക് മാധ്യമങ്ങളിൽ അനർഹമായ കവറേജ് കിട്ടുന്നരീതി വ്യാപകമായി. അത് വർധിച്ചുവന്നു. വായനക്കാർ പണം മുടക്കി വാങ്ങുന്ന മാധ്യമങ്ങളിൽനിന്ന് നീതിപൂർവ്വകമായ വിവരങ്ങൾ അറിയാൻ കാത്തിരുന്നവർ കബളിപ്പിക്കപ്പെട്ടുകൊണ്ടേയിരുന്നു. വർത്തമാനപ്പത്രങ്ങൾ, വാരികകൾ, മാസികകൾ, ടെലിവിഷൻ തുടങ്ങിയ ഇന്ത്യയിലെ മിക്ക മാധ്യമങ്ങളും ഇതേ പാതയിലായി.

മാധ്യമ സദാചാരം ഔദ്യോഗികമായി ഉയർത്തിപ്പിടിക്കുന്ന പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ, 2010-ൽ പെയ്ഡ് ന്യൂസുകളെക്കുറിച്ച് ഒരു ലഘുപഠനം നടത്തി. ഇന്ത്യയിലെ വർത്തമാനപ്പത്രങ്ങളിലും മറ്റ് മാധ്യമരൂപങ്ങളിലും വളരെ ഉയർന്ന തലത്തിൽത്തന്നെ സംഘടിതമായി ആസൂത്രണം ചെയ്യപ്പെട്ടുകഴിഞ്ഞ സങ്കീർണമായ ഒരു പ്രതിഭാസമായി പെയ്ഡ് ന്യൂസുകൾ മാറിക്കഴിഞ്ഞുവെന്ന് അന്ന് കണ്ടെത്തി. പണത്തിനുവേണ്ടി വാർത്തായിടങ്ങളും അനുകൂലമായ വാർത്താകവറേജുകളും മാധ്യമങ്ങൾ നല്കുന്നത് തിരിച്ചറിഞ്ഞു.

> പെയ്ഡ് ന്യൂസുകൾക്കുള്ള പ്രതിഫലം പല രൂപത്തിലാണ് കൈപ്പറ്റുന്നത്. മാധ്യമപ്രതിനിധികൾ പല അവസരങ്ങളിലും പാരിതോഷികങ്ങൾ സ്വീകരിക്കുന്നു. സ്വദേശത്തും വിദേശത്തും ഉല്ലാസയാത്രകൾക്ക് പോകുന്നു. പലപ്പോഴും പണമായിത്തന്നെ സഹായങ്ങൾ സ്വീകരിക്കുന്നു.

1950 മുതൽ 2010 വരെ അറുപത് വർഷമായി പെയ്ഡ് ന്യൂസുകൾ പല രൂപത്തിൽ തുടർന്നുവരുന്ന പ്രതിഭാസമാണെന്ന് കണ്ടെത്തി. കൂടാതെ, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ്

ഓഫ് ഇന്ത്യ(സെബി), മാധ്യമസ്ഥാപനങ്ങളും കോർപ്പറേറ്റ് സ്ഥാപനങ്ങളും തമ്മിൽ പെയ്ഡ് ന്യൂസുകൾക്കുവേണ്ടിയുണ്ടാക്കിയ സ്വകാര്യ കരാറുകളെക്കുറിച്ചും വിവരങ്ങൾ നല്കിയിരുന്നു. അനുകൂലമായ പരസ്യങ്ങളും വാർത്തകളും കവറേജുകളും സ്ഥിരമായി നല്കാൻവേണ്ടി കോർപ്പറേറ്റ് സ്ഥാപനങ്ങൾ അവരുടെ ഓഹരികൾ, പ്രത്യുപകാരമായി മാധ്യമസ്ഥാപനങ്ങൾക്ക് കൈമാറുന്നുണ്ടെന്നും കണ്ടെത്തി.

സമീപകാലങ്ങളിലും ഇന്ത്യയിലെ ചിലമാധ്യമ പ്രവർത്തകരും ചില പ്രത്യേക കോർപ്പറേറ്റ് സ്ഥാപനങ്ങളും തമ്മിൽ ഒരുതരം 'പ്ലാന്റിങ്ങ്' (planting) നടത്തുന്നുണ്ട്. പണം പ്രതിഫലമായി സ്വീകരിച്ചുകൊണ്ട് വിവരങ്ങളും മുന്നറിവുകളും ചില പ്രത്യേക ലക്ഷ്യത്തോടെ തങ്ങളുടെ താല്പര്യക്കാർക്ക് മാധ്യമങ്ങൾ ചോർത്തി നല്കുന്നു. മാധ്യമരംഗം സംഘടിതവും സ്ഥാപനവല്ക്കരിക്കപ്പെട്ടതുമായ അഴിമതിയിൽ നിറഞ്ഞിരിക്കുന്നു. ചില വർത്തമാനപ്പത്രങ്ങളും ടെലിവിഷൻ ചാനലുകളും തങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം നല്കുന്ന വ്യക്തികൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുംവേണ്ടി കൂലിയെഴുത്തുകാരെപ്പോലെ പ്രവർത്തിക്കുന്നു.

തികച്ചും സത്യസന്ധമായി വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നവരെന്നവിധം, പ്രച്ഛന്നവേഷം ധരിച്ച ചില പത്രക്കാർ, തെരഞ്ഞെടുപ്പ് വേളകളിൽ തങ്ങൾക്ക് പറ്റിയ വാർത്തകൾക്ക് വേണ്ടി ഓടി നടക്കുന്നതു കാണാം. 2009-ലെ ഇലക്ഷനുമായി ബന്ധപ്പെട്ട് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ, 2010-ൽ പെയ്ഡ് ന്യൂസുകളെക്കുറിച്ച് ഒരു പഠനം നടത്തി. ഇന്ത്യൻ മാധ്യമങ്ങളും വ്യത്യസ്ത രാഷ്ട്രീയനേതാക്കളും തമ്മിലുള്ള വഞ്ചനാപരമായ ഗൂഢാലോചനകൾ അവർ അന്ന് കണ്ടെത്തിയിരുന്നു. അതനുസരിച്ച്, രാജ്യത്തെ ജനങ്ങളെ തമ്മിൽ ജാതി, മതം, വർഗ്ഗം, വർണ്ണം, സമൂഹം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ വെറുപ്പിക്കുകയോ ഭിന്നിപ്പിക്കുകയോ ചെയ്യുന്നതരം തെറ്റായ വാർത്തകൾ പ്രസിദ്ധീകരിക്കരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി. പണം നല്കാത്ത എതിർ സ്ഥാനാർത്ഥികളെ സ്വഭാവഹത്യ ചെയ്യരുതെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പെയ്ഡ് ന്യൂസുകളെക്കുറിച്ച് വിശദമായി തയാറാക്കിയ സബ്കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്, ഭൂരിഭാഗം വരുന്ന ജേർണലിസ്റ്റുകളും അവരുടെ പ്രതിനിധികളും ഉൾപ്പെട്ട പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ മരവിപ്പിച്ചു. പകരമായി റിപ്പോർട്ടിന്റെ ചുരുക്കരൂപം, ഒരു സംഗ്രഹ റിപ്പോർട്ട് മതിയെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇന്ത്യയിലെ നൂറുകണക്കിന് രാഷ്ട്രീയ നേതാക്കൾ തങ്ങൾക്കനുകൂലമായ റിപ്പോർട്ടുകൾ നല്കുന്നതിന് പത്രങ്ങൾക്കും ടെലിവിഷൻ ചാനലുകൾക്കും പണം നല്കുന്നതായി 2010-ൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ കണ്ടെത്തിയിരുന്നു. ഒരു ഉദാഹരണം - ആയിടെ ഒരേ ദിവസം തന്നെ വ്യത്യസ്ത പത്രങ്ങളിൽ വ്യത്യസ്ത ലേഖകന്മാരുടെ പേരുവച്ച് ശീർഷകങ്ങൾമാത്രം മാറ്റിക്കൊണ്ട്, ഒരു രാഷ്ട്രീയ നേതാവിനെ വാഴ്ത്തിക്കൊണ്ട്, വാക്കുകൾക്കുപോലും മാറ്റമില്ലാത്തവിധം ഒരേ ഉള്ളടക്കത്തോടെ വാർത്തകൾ വരികയുണ്ടായി. പണം നല്കിയ നേതാവിന്റെ ഓഫീസ് തയ്യാറാക്കി നല്കിയ വാർത്ത, തലക്കെട്ട് മാത്രം മാറ്റി, പല പത്രങ്ങളിൽ ഒരുപോലെ വന്നു.

2009-ലെ ഇലക്ഷന് 'പഞ്ചാബ് കേസരി' എന്ന പ്രാദേശികപത്രം രാഷ്ട്രീയക്കാർക്കുവേണ്ടി അനുകൂല കവറേജിനായി പെയ്ഡ് ന്യൂസ് നല്കാൻ നീക്കിവെച്ചപ്പോൾ കിട്ടിയത് പത്തുകോടി രൂപയായിരുന്നുവെന്ന് സമ്മതിക്കുകയുണ്ടായി. മറ്റുള്ള ഇന്ത്യൻ മാധ്യമങ്ങൾ ഇപ്രകാരം ചെയ്യുമ്പോൾ തങ്ങളെന്തിന് അത് ഒഴിവാക്കണം എന്നാണ് അന്ന് അവർ ചോദിച്ചത്. ചില ചാനലുകളുടെ ഓഫർ അംഗീകരിച്ചാൽ സൗജന്യമായി ജനക്കൂട്ടത്തെവരെ എത്തിച്ചുനല്കാമെന്ന ഉറപ്പുവരെ നല്കുന്നതായി വാർത്തവന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ ജയിച്ചുകേറണമെങ്കിൽ, രാഷ്ട്രീയക്കാർ പൊതുജനത്തെ കബളിപ്പിച്ചുകൊണ്ട്, മാധ്യമങ്ങളിലെ പെയ്ഡ് ന്യൂസായി നിറയണം എന്ന അവസ്ഥയായിരിക്കുന്നു. 2009 -2013 വരെ ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ 1400 പെയ്ഡ് ന്യൂസ് സംഭവങ്ങൾ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ കണ്ടെത്തിയിരുന്നു.

ഇന്ത്യയിലെ ചില മാധ്യമസ്ഥാപനങ്ങൾ ചില സെലിബ്രിറ്റികൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുംവേണ്ടി സ്ഥിരമായി പെയ്ഡ് ന്യൂസുകൾ എഴുതുന്നു. അതിനായി അവർ ഒരു 'സ്വകാര്യ ട്രീറ്റി' (privatet retay), ഒരുതരം എഗ്രിമെന്റ് ചെയ്യാറുണ്ട്. അതിലൂടെ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സെയിൽസ് ഡിപ്പാർട്ട്മെന്റും ന്യൂസ് റൂമും തമ്മിലുള്ള ചുവരുകൾ ഇല്ലാതാക്കപ്പെട്ടു എന്ന വിമർശനമുണ്ട്. അവയെ സാധൂകരിക്കുന്നതായിരുന്നു 2018- ലെ 'കോബ്രാപോസ്റ്റ് അലിഗേഷൻ'സും, 2010- ൽ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ, പെയ്ഡ് ന്യൂസുകളെക്കുറിച്ച് നടത്തിയ ലഘുപഠന റിപ്പോർട്ടും.

## സ്റ്റിംഗ് ഓപ്പറേഷൻ

ചില വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും, അഴിമതികളും രാജ്യദ്രോഹ പ്രവർത്തനങ്ങളും നടത്തി, വലിയതോതിൽ സമ്പത്ത് കുന്നുകൂട്ടാറുണ്ട്. അത്തരം അധാർമ്മിക പ്രവർത്തനങ്ങൾ കണ്ടെത്തി അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ടതുണ്ട്. അതിനുവേണ്ടി, അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ ഭാഗമായി രഹസ്യമായ കൂട്ടന്വേഷണം നടത്താറുണ്ട്. അതിനായി രഹസ്യക്യാമറകൾ, മൈക്രോഫോണുകൾ പ്രലോഭനാത്മകമായ മാർഗങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും. അല്ലെങ്കിൽ നിയമം നടപ്പാക്കാനുപയോഗപ്പെടുത്തുന്ന തന്ത്രങ്ങൾപോലെ അന്വേഷണം നടത്തും. അതാണ് സ്റ്റിംഗ് ഓപ്പറേഷൻ. അന്തർദ്ദേശീയവും ദേശീയവുമായ പത്രങ്ങൾ തങ്ങളുടെ വായനക്കാരെ അമ്പരപ്പിക്കുമാറ്, വിവാദപരമായ ചില വെളിപ്പെടുത്തലുകളിലൂടെ കാലങ്ങളായി പ്രയോജനപ്പെടുത്തിവരുന്ന ഒരു അന്വേഷണരീതിയാണ് സ്റ്റിംഗ് ഓപ്പറേഷൻ.

> ചില മയക്കുമരുന്ന് മാഫിയകൾ, ക്രിമിനൽ സംഘങ്ങൾ, ആയുധങ്ങളും സ്ഫോടകവസ്തുക്കളും കടത്തുകയും കൈമാറ്റം ചെയ്യുകയുംചെയ്യുന്ന ഭീകരസംഘങ്ങൾ, നിയമവിരുദ്ധപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ചില സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്റ്റിംഗ് ഓപ്പറേഷനുകളുടെ പരിധിയിൽ വരും.

ചില കോർപ്പറേറ്റുകളുടെ നിലനില്പിനായി അവർക്കുവേണ്ടി അധാർമ്മിക പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർ തുടങ്ങി സംഘടിതമായ ക്രിമിനൽ കൂട്ടായ്മകൾവരെ ഇത്തരം സ്റ്റിംഗ് ഓപ്പറേഷനുകളുടെ അന്വേഷണപരിധിയിൽപ്പെടും. ഇരുപതാം നൂറ്റാണ്ടിലെ പത്രപ്രവർത്തനമേഖലയിലാണ് സ്റ്റിംഗ് ഓപ്പറേഷനുകൾ കൂടുതൽ പ്രശസ്തമായത്. അന്വേഷണാത്മക പത്രപ്രവർത്തനത്തിലെ അനിവാര്യമായ ഒരു രീതിയാണ് സ്റ്റിംഗ് ഓപ്പറേഷൻ.

1986-ൽ ദ സൺഡേ ടൈംസ് എന്ന പത്രം 'കാഷ് ഫോർ ക്വസ്റ്റ്യൻസ്' എന്ന പേരിൽ അറിയപ്പെട്ട യു.കെ.യിലെ പാർലമെന്റ് മെമ്പർമാർക്കിടയിൽ നടത്തിയ സ്റ്റിംഗ് ഓപ്പറേഷൻ അന്തർദ്ദേശീയ പ്രാധാന്യമുള്ളതായിരുന്നു. പാർലമെന്റിൽ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നതിന് ചില കൂട്ടരിൽ (ലോബികളിൽ) നിന്ന് പണം കൈപ്പറ്റുന്നതായി കണ്ടെത്തിയ സംഭവം വലിയ വിവാദമായിരുന്നു. 1970 -80 കളിൽ എഫ്.ബി.ഐ. (FBI) അമേരിക്കയിൽ നടത്തിയ 'അബ്സ്കാം'(a-b-scam) എന്ന സ്റ്റിംഗ് ഓപ്പറേഷൻ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടതായിരുന്നു. അവിടെ ചില കോൺഗ്രസ് അംഗങ്ങൾ നിയമനിർമ്മാതാക്കൾക്ക് കൈക്കൂലി നൽകിയതുമായി ബന്ധപ്പെട്ട കുറ്റകരമായ വസ്തുതകളെക്കുറിച്ചുള്ള അന്വേഷണമായിരുന്നു അത്. സംഘടിതമായി കുട്ടികളെ കടത്തിക്കൊണ്ടുപോയി, ലൈംഗികമായിപ്പോലും ചൂഷണം ചെയ്ത് പണം നേടുന്ന, ഇരുണ്ട അധോലോകത്തു നടക്കുന്ന നിന്ദ്യവും കുറ്റകരവുമായ പല സംഭവങ്ങളെയും ബന്ധപ്പെടുത്തി പല അന്തർദ്ദേശീയ മാധ്യമങ്ങളും സ്റ്റിംഗ് ഓപ്പറേഷനുകൾ നടത്തിയിട്ടുണ്ട്. പല കോർപ്പറേറ്റ് ശക്തികളും കച്ചവടത്തിലും അനുബന്ധമേഖലയിലും നടത്തുന്ന അതിഭീമമായ സാമ്പത്തിക കൊള്ളകളെക്കുറിച്ച് പലപ്രാവശ്യം സ്റ്റിംഗ് ഓപ്പറേഷനുകൾ നടന്നിട്ടുണ്ട്.

2001-ൽ 'ഓപ്പറേഷൻ വെസ്റ്റ് എൻഡ്' (operation west end) എന്ന പേരിൽ ഇന്ത്യയിൽ അറിയപ്പെട്ട ഒരു സ്റ്റിംഗ് ഓപ്പറേഷൻ നടന്നിരുന്നു. പ്രതിരോധ മേഖലയിലെ ആയുധക്കച്ചവടവുമായി ബന്ധപ്പെട്ട വ്യക്തികൾ എന്നരീതിയിൽ ചില ജേർണലിസ്റ്റുകൾ നടത്തിയ അന്വേഷണം, പ്രതിരോധമേഖലയിലെ ഏതാനും ചില ഉന്ന

തോദ്യോഗസ്ഥർ കോഴവാങ്ങുന്നവരാണെന്ന് കണ്ടെത്തുകയുണ്ടായി. അതുപോലെ മതനേതാക്കളിൽ ചിലർ അസാന്മാർഗ്ഗികവും അനീതിപരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണെന്ന് പല സ്റ്റിംഗ് ഓപ്പറേഷനുകളും തെളിയിച്ചിട്ടുള്ളതാണ്.

2014-ൽ മാത്യു സാമുവലിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടത്തപ്പെട്ട, 'നാരദാ സ്റ്റിംഗ് ഓപ്പറേഷൻ' എന്നറിയപ്പെട്ട അന്വേഷണം വിവാദമായിരുന്നു. 2016-ൽ ഒരു സ്വകാര്യവെബ്സൈറ്റിൽ (തെഹൽക മാസികയിലും) പ്രസിദ്ധീകരിക്കപ്പെട്ട വിവരമനുസരിച്ച്, പല രാഷ്ട്രീയനേതാക്കളും ഉന്നത ഉദ്യോഗസ്ഥരും തെറ്റായ, നിയമവിരുദ്ധമായ വഴികളിലൂടെ പണം സ്വീകരിച്ചുകൊണ്ട് ഒരു കമ്പനിക്ക് അനർഹമായ സഹായം ചെയ്യുന്നുവെന്ന് കണ്ടെത്തിയിരുന്നു. അതിനെതിരേ, 2017-ൽ സി. ബി. ഐ. യും ഇ.ഡിയും പാർലമെന്ററി എത്തിക്സ് കമ്മിറ്റിയും കേസെടുത്തെങ്കിലും, തങ്ങൾ സ്വീകരിച്ച പണം ഇലക്ഷൻ സംഭാവനയായിരുന്നുവെന്ന് പ്രസ്തുതപാർട്ടി പറയുകയുണ്ടായി.

നീതി നടപ്പാക്കാനുള്ള സ്റ്റിംഗ് ഓപ്പറേഷനുകളിൽപ്പെട്ട ചിലരുടെ രീതികൾ കടുത്ത വിമർശനങ്ങൾക്കും വഴിതുറക്കാറുണ്ട്. ഒളിക്യാമറകളിൽ ദൃശ്യങ്ങൾ പകർത്തലും, സത്യമെന്ന രീതിയിൽ കളവ് പറഞ്ഞ് വിശ്വസിപ്പിച്ച്, വിവരങ്ങൾ ചോർത്തലുമൊക്കെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന് വാദങ്ങളുണ്ട്. വിവാദങ്ങളുണ്ടെങ്കിലും ചില രാജ്യങ്ങളിൽ അവയ്ക്ക് നിയമപരിരക്ഷയുണ്ട്. മാധ്യമ പ്രവർത്തകർ നടത്തുന്ന സ്റ്റിംഗ് ഓപ്പറേഷനുകൾ അവരുടെ ധാർമ്മിക നിലവാരത്തിനും നിയമപരമായ നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.

സമീപകാലങ്ങളിൽ സാങ്കേതികരംഗത്താകെ വന്നുചേർന്ന വിപ്ലവകരമായ മാറ്റങ്ങൾ സ്റ്റിംഗ് ഓപ്പറേഷനുകളുടെ ഭൂമികയും മാറ്റാൻ ഇടയാക്കിയിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെയും സമൂഹമാധ്യമങ്ങളുടെയും വരവുകളോടെ പുതിയ സാധ്യതകളും വെല്ലുവിളികളും ഇത്തരം ഗവേഷണാത്മകമായ പത്രപ്രവർത്തകർ നേരിടുന്നു. പരമ്പരാഗത പത്രപ്രവർത്തന രീതികളിൽനിന്ന് വ്യത്യസ്തമായി സിറ്റിസൺ ജേർണലിസവും അതുപോലെയുള്ള മറ്റുചില ഗവേഷണാത്മകമായ പ്ലാറ്റ്ഫോമുകളും ഇത്തരം മേഖലകളിൽ സഹായകരമാംവിധം വലിയ പങ്കുവഹിക്കുന്നു.

ലോകമെങ്ങും വൈവിധ്യമാർന്നതരം സ്റ്റിംഗ് ഓപ്പറേഷനുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഇന്റർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും കടന്നുവരവോടെ ഏതെങ്കിലും ഒരു രാജ്യത്തെ സ്റ്റിംഗ് ഓപ്പറേഷനുകളിലൂടെ വെളിപ്പെടുന്ന വിവരങ്ങൾ നിമിഷങ്ങൾക്കുള്ളിൽ ലോകമെങ്ങും എത്തിച്ചേരുന്നു. അവ ആഗോളവാർത്തകളുടെ ഭാഗമായിത്തീരുന്നു. അപായകരമാംവിധം അധാർമ്മിക ശക്തികൾ പെരുകുമ്പോൾ, സ്റ്റിംഗ് ഓപ്പറേഷനുകൾ വരുംകാലങ്ങളിലും ശക്തമായി നിലനില്ക്കും എന്നതിന് സംശയമില്ല.

## യെല്ലോ ജേർണലിസം

യെല്ലോ ജേർണലിസം (yellow journalism) എന്ന പദം രൂപപ്പെടുന്നത് 1890-കളിൽ ന്യൂയോർക്ക് സിറ്റിയിലെ 'ന്യൂയോർക്ക് വേൾഡ്', 'ന്യൂയോർക്ക് ജേർണൽ' എന്നീ രണ്ട് പത്രമാധ്യമങ്ങൾ തമ്മിലുള്ള മത്സരത്തിൽ നിന്നാണ്. 1897-ലാണ് യെല്ലോ ജേർണലിസം എന്ന പ്രയോഗം ആദ്യം അച്ചടിക്കപ്പെട്ടത്. അമേരിക്കയിലാണ് യെല്ലോ ജേർണലിസം എന്ന പദം കൂടുതലായി ഉപയോഗിക്കപ്പെടുന്നത്. യു.കെയിൽ ഇതിനു സമാനമായി 'റ്റാബ്ലോയിഡ് ജേർണലിസം' (Tabloid Journalism) എന്ന പദമാണ് പ്രയോഗത്തിലുള്ളത്.

> പത്രങ്ങളുടെ സർക്കുലേഷൻ വർധിപ്പിക്കണം. അതിനുവേണ്ടി വായനക്കാരെ ആകർഷിക്കും വിധമുള്ള വാർത്തകൾ ഉണ്ടാക്കണം. അത് സ്തോഭജനകമോ, ഭീഷണമോ ആയവിധം അവതരിപ്പിക്കണം. വ്യക്തിയെയോ വ്യക്തികളെയോ സംഭവത്തെയോ പ്രസ്ഥാനത്തെയോ പ്രവർത്തനത്തെയോ വിഷയമാക്കി രസകരവും നാടകീയവുമായി അവതരിപ്പിക്കണം. വായിക്കുന്നവർ വിശ്വസിക്കണം. അവരിൽ വികാരവിക്ഷോഭമുണ്ടാക്കുന്ന ആഖ്യാനമായിരിക്കണം.

യെല്ലോ ജേർണലിസം എന്ന് വിശേഷിപ്പിക്കപ്പെടുന്ന പത്രവാർത്തകൾക്ക് സത്യവുമായി

ഒരു ബന്ധവും ഉണ്ടാവണമെന്നില്ല. വാർത്തകളുടെ വസ്തുത പരിശോധിക്കാതെയാണ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുക. പത്രത്തിന് അതനുസരിച്ചുള്ള ലേഔട്ടായിരിക്കും നല്കുക. ആദ്യപേജിൽത്തന്നെ പലകോളങ്ങൾ നിറഞ്ഞുനില്ക്കുന്ന പല വിഷയങ്ങളെക്കുറിച്ചുള്ള വാർത്താതലക്കെട്ടുകൾ കാണും. കനത്ത ലേഔട്ടിലുള്ള അതിൽ മിക്കതും അപവാദ വാർത്തകൾ. അതിനെ സാധൂകരിക്കുന്നവിധം, ചിത്രകാരന്മാർ വരച്ചുണ്ടാക്കുന്ന വലിയ, നിറമുള്ളതും അല്ലാത്തതുമായ ഭാവനാചിത്രങ്ങൾ.

ഉറവിടം വെളിപ്പെടുത്താതെ, വിശ്വസ്തരിൽനിന്നുള്ള റിപ്പോർട്ടുകളെന്ന പേരിൽ, പലപ്പോഴും ലജ്ജാകരമായ വാർത്തകൾ. വ്യാജ അഭിമുഖങ്ങൾ. തെറ്റിദ്ധാരണയുണ്ടാക്കുന്ന വാർത്താശീർഷകങ്ങൾ. കപടമായ ശാസ്ത്രവാർത്തകൾ. ഞായറാഴ്ച പതിപ്പുകളിൽ തരംതാണ കോമിക്കുകളടങ്ങിയ ഫുൾപേജ് കളർസപ്ലിമെന്റുകൾ. സ്വന്തം പത്രത്തിന്റെ വളർച്ചയ്ക്കുവേണ്ടി റിപ്പോർട്ടിംഗിലുടനീളം ഒരു ആക്ടിവിസ്റ്റിനെപ്പോലെയുള്ള സ്വരം. ഇപ്രകാരം കുറച്ചുകാലം യെല്ലോ ജേർണലിസം അരങ്ങുവാണു. പത്രപ്രവർത്തനത്തിൽ ധാർമികമൂല്യങ്ങളോ, സദാചാര ബോധമോ ഇല്ലാത്ത ഇത്തരംരീതി ചിലരാജ്യങ്ങളിൽ വ്യാപകമായിരുന്നു.

ന്യൂയോർക്ക് വേൾഡ് (New York World)എന്ന പത്രത്തെ 1883-ൽ ജോസഫ് പുലിറ്റ്സർ (Joseph Pulister) വിലയ്ക്കുവാങ്ങുന്നു. അദ്ദേഹം ആ പത്രത്തെ, വായനക്കാരനെ രസിപ്പിക്കുന്ന വായനാനുഭവം നല്കുന്ന ഒന്നാക്കി മാറ്റി. പത്രത്തിൽ നിരവധി ചിത്രങ്ങളും വിനോദക്കളികളും മത്സരങ്ങളും അവതരിപ്പിച്ചു. പല പേജുകൾ നിറയുംവിധം കുറ്റകൃത്യകഥകൾ. കൂടാതെ, അക്കൂട്ടത്തിൽ അക്കാലത്തെ രാഷ്ട്രീയ അഴിമതികൾ, സാമൂഹിക അനീതികൾ എന്നിവ തുറന്നുകാട്ടുന്ന ചില വാർത്തകളും പ്രസിദ്ധീകരിക്കുന്നു. എല്ലാവാർത്തകളിലും മേല്പ്പറഞ്ഞ യെല്ലോ ജേർണലിസത്തിനിണങ്ങുന്ന ചില മേമ്പൊടികളും ചേർക്കുന്നു. രണ്ടുവർഷം കൊണ്ടുതന്നെ പത്രം രാജ്യത്തെ ഏറ്റവും ഉയർന്ന സർക്കുലേഷൻ നേടി ഒന്നാമതെത്തി. ഡമോക്രാറ്റിക് പാർട്ടിയുടെ സഹകരണത്തിലും സാമ്പത്തിക സഹായത്തിലും പത്രം അതിന്റെ വലിയ വളർച്ചയിലെത്തി. എങ്കിലും പത്രത്തിനെതിരേ പല വിമർശനങ്ങളും ഉയർന്നുകൊണ്ടിരുന്നു.

ആയിടയ്ക്ക് കാലിഫോർണിയയിലെ അതിസമ്പന്നനായ ഒരു ഖനി മുതലാളിയുടെ പുത്രനായ വില്യം റാൻഡോൾഫ് ഹേഴ്സ്റ്റ് (William Randolph Hearst) ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ വിദ്യാർഥിയായിരുന്നു. അയാൾ ന്യൂയോർക്ക് വേൾഡ് എന്ന പത്രം കാണുകയും അതിന്റെ സർക്കുലേഷനുമായി ബന്ധപ്പെട്ട വിജയഫോർമുല മനസിലാക്കുകയും ചെയ്തു. ഹേഴ്സ്റ്റിന്റെ പിതാവിന് സാൻ ഫ്രാൻസിസ്കോ എക്സാമിനർ (San Francisco Examiner) എന്ന പേരിൽ ഒരുപത്രം ഉണ്ടായിരുന്നു. ആ പത്രത്തെ ന്യൂയോർക്ക് വേൾഡിന്റെ മാതൃകയിൽ സാമ്പത്തിക വിജയത്തിലെത്തിക്കാൻവേണ്ടി ഹേഴ്സ്റ്റ് ഏറ്റെടുത്തു. അതിനെ പുലിറ്റ്സറുടെ പത്രത്തിന്റെ മാതൃകയിലാക്കി, കുറച്ച് വ്യതിയാനങ്ങളോടെ പ്രസിദ്ധീകരിച്ചു തുടങ്ങി. ഒരു ഹോട്ടലിലെ അഗ്നിബാധയുമായി ബന്ധപ്പെടുത്തിയുണ്ടാക്കിയ വാർത്തകൾക്കും ചില അതിശയോക്തി കലർത്തിയ കുറ്റാന്വേഷണകഥകൾക്കും കിട്ടിയ പ്രചാരം പത്രത്തിന്റെ സർക്കുലേഷൻ പെട്ടെന്ന് വർധിപ്പിച്ചു.

ആത്മവിശ്വാസത്തോടെ ഹേഴ്സ്റ്റ്, മറ്റൊരു പത്രമോഹവുമായി 1895-ൽ ന്യൂയോർക്കിലെത്തി. അവിടെ അദ്ദേഹം ന്യൂയോർക്ക് ജേർണൽ (New York Journal)എന്ന പത്രം വിലയ്ക്കുവാങ്ങി. വളരെ സെൻസേഷണലായ വാർത്തകളും ഞായറാഴ്ച ഫീച്ചർ പതിപ്പുകളും ഉൾപ്പെടെ പുറത്തിറക്കിക്കൊണ്ട് പുലിറ്റ്സറുടെ പത്രമേധാവിത്വത്തിന് വെല്ലുവിളി ഉയർത്തി. വളരെ വലിയ സർക്കുലേഷനിലെത്തിച്ച തന്റെ എക്സാമിനർ പത്രത്തിന്റെ വിജയ രീതിശാസ്ത്രം കുറേക്കൂടി ഹേഴ്സ്റ്റ് വിപുലപ്പെടുത്തി. അതിനായി തന്റെ എക്സാമിനർ പത്രത്തിൽനിന്നും ചിലതൊഴിലാളികളെ കൊണ്ടുവന്നു. കൂടുതൽ ശമ്പളം രഹസ്യമായി വാഗ്ദാനംചെയ്ത്, പുലിറ്റ്സറുടെ പത്രത്തിൽനിന്നും ചില സമർത്ഥരായ തൊഴിലാളികളെ അടർത്തിയെടുത്ത് തന്റെ സ്ഥാപനത്തിലെത്തിച്ചു.



Joseph Pulitzer (New York World



William Hearst (New York Journal)

പുലിറ്റ്സറുടെ സൺഡേ വേൾഡിൽ 'ദി യെല്ലോ കിഡ്' എന്ന പ്രശസ്തമായ കാർട്ടൂൺ പരമ്പര ചെയ്തുകൊണ്ടിരുന്ന (Richard F. Outcault) ഔട്കൾട്ട് എന്ന കാർട്ടൂണിസ്റ്റിനെയും സ്വാധീനിച്ചെടുത്ത് തനിയ്ക്ക് ഒപ്പംനിർത്തി. 1890-ൽ പത്രത്തിന് ഒരു പരസ്യവിഭാഗവും ആരംഭിച്ചു. പത്രത്തിന്റെ സർക്കുലേഷൻ വർധിപ്പിച്ചു. കൂടാതെ പത്രത്തിന്റെ വില പകുതിയായി കുറച്ചു.


അതോടെ ജേർണലിന്റെ സർക്കുലേഷൻ വളരെ പെട്ടെന്ന് ഉയർന്നു. അതോടെ ഭീതിയിലായ പുലിറ്റ്സർ തന്റെ പത്രത്തിന്റെ വില അതിനേക്കാൾ കുറച്ചു. അവർ തമ്മിൽ പത്രമാധ്യമ മത്സരം തുടർന്നു കൊണ്ടിരുന്നു.

ഔട്കൾട്ടിനു പകരം (George B Luks) ലൂക്സ്, സൺഡേ വേൾഡിൽ യെല്ലോ കിഡ് എന്ന കാർട്ടൂൺ പരമ്പര വരച്ചുതുടങ്ങി. അങ്ങനെ രണ്ടു പത്രങ്ങളിലും രണ്ട് യെല്ലോ കിഡുകൾ വരാൻ തുടങ്ങി. ഞായറാഴ്ചകളിലിറങ്ങുന്ന കളർപതിപ്പുകൾക്ക് ഭീമമായ തുക രണ്ടു പത്രങ്ങൾക്കും മുടക്കേണ്ടി വന്നിരുന്നു. ആ രണ്ടു പത്രങ്ങളുടേയും സർക്കുലേഷൻ അതിലൂടെ ക്രമാതീതമായി വർധിച്ചു. അവരുടെ പത്രമാധ്യമ മത്സരം അമേരിക്കയിലെ മറ്റ് പല പത്രങ്ങളുടേയും സർക്കുലേഷൻ ഇടിച്ചു. അവയിൽ ചിലതിന്റെ നിലനില്പുവരെ ഭീഷണിയിലെത്തിച്ചേർന്നിരുന്നു. മാധ്യമധർമ്മമോ, നീതിബോധമോ, മാന്യതയോ ഇല്ലാത്ത ഇവരുടെ മത്സരത്തെ മറ്റു പലപത്രങ്ങളും വിമർശിച്ചുകൊണ്ടിരുന്നു.

ഹേഴ്സ്റ്റിന്റെയും പുലിറ്റ്സറുടെയും പത്രങ്ങളിലെ ശത്രുതാപരമായ, നിറംപിടിപ്പിച്ച ദൃശ്യചിത്ര പരമ്പരകൾ വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റി. രണ്ടു പത്രത്തിലും യെല്ലോ കിഡ് പ്രത്യക്ഷപ്പെട്ടുതുടങ്ങിയപ്പോൾ, ഹേഴ്സ്റ്റ് 'സൺഡേ വേൾഡി'ൽനിന്നും ഔട്കൾട്ടിനെയും യെല്ലോ കിഡിനെയും തന്റെ പത്രത്തിലേക്ക് കടത്തിക്കൊണ്ടുപോയതിനെ 'ന്യൂയോർക്ക് പ്രസ്സി'ലെ ഒരു വിമർശകൻ, സെൻസേഷണൽ ഭാഷയിൽ ലജ്ജാകരമെന്നു വിശേഷിപ്പിച്ചു. 'യെല്ലോ കിഡ് ജേർണലിസം' എന്ന് ഒരു കാർട്ടൂണിന് അടിക്കുറിപ്പും നല്കി. ആ പദം ചുരുങ്ങി 'യെല്ലോ ജേർണലിസം'എന്ന പദം ക്രമേണ പ്രചാരത്തിലായി. സെൻസേഷണൽ പത്രങ്ങളെ വിശേഷിപ്പിക്കാൻ പില്ക്കാലത്ത് യെല്ലോ ജേർണലിസം എന്ന പദം ഉപയോഗത്തിൽ വരികയും ചെയ്തു.



Yellow Kid




Yellow Kid



Yellow Kid

'യെല്ലോ ജേർണലിസ'ത്തിന്റെ വ്യാജവാർത്തകൾ വിറ്റ് രണ്ടുപത്രങ്ങളും രാജ്യമെങ്ങും വലിയ സ്വാധീനമുണ്ടാക്കി. ഈ പത്രങ്ങൾ നിർമ്മിച്ചെടുത്ത വ്യാജവാർത്തകൾ സ്പാനിഷ് അമേരിക്കൻ യുദ്ധത്തിന് കാരണമായെന്ന് പില്ക്കാല ചരിത്രം വെളിപ്പെടുത്തുന്നു.

ആ കാലഘട്ടത്തിൽ, ഇന്നത്തേതുപോലെ വാർത്താവിനിമയ സംവിധാനങ്ങൾ വികാസം പ്രാപിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ വാർത്തയുടെ നിജസ്ഥിതി പരിശോധിക്കാനുള്ള (fact checking) മാർഗങ്ങളുമില്ലായിരുന്നു. അതിനാൽ ഹേഴ്സ്റ്റിനെപ്പോലെയുള്ളവർക്ക് കച്ചവടലാഭം ലക്ഷ്യമാക്കി, സർക്കുലേഷൻ വർധിപ്പിക്കാൻവേണ്ടി, വായനക്കാരെ ഹരംകൊള്ളിക്കുന്ന, രമിപ്പിക്കുന്ന ഏതുതരം വ്യാജവാർത്താനിർമ്മിതിയും സാധ്യമായിരുന്നു.

ആ ശതാബ്ദത്തിന്റെ അവസാനത്തോടെ സെൻസേഷണലായ വാർത്തയെഴുത്ത് കുറയുകയും യെല്ലോ ജേർണലിസം ക്രമേണ രൂപാന്തരം പ്രാപിക്കുകയും ചെയ്തു. എന്നിരുന്നാലും യെല്ലോ ജേർണലിസത്തിന്റെ ഭാഗമായിവന്ന ചില സവിശേഷതകൾ പില്ക്കാലത്തെ മിക്ക മാധ്യമങ്ങളും വ്യാപകമായി അനുകരിച്ചു, സ്വീകരിച്ചു. പത്രത്തിലെ വലിയ അക്ഷരത്തിലുള്ള പലകോളം തലക്കെട്ട്, ഹാസ്യചിത്രങ്ങൾ, വാർത്തകൾക്കും ഫീച്ചറുകൾക്കുമൊപ്പം വരകളും ചിത്രങ്ങളും നല്കുന്ന അനുകരണം, സെൻസേഷണലായ വാർത്തയെഴുത്ത് തുടങ്ങിയവ പില്ക്കാല മാധ്യമങ്ങളിൽ സ്ഥിരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വർത്തമാനകാല ഇന്ത്യയിലും യെല്ലോ ജേർണലിസം കരാളരൂപത്തിൽ പലതരത്തിൽ പുനർജനിക്കുന്നു. വിഷമുനയുള്ള സെൻസേഷണലായ ചില പത്ര- ദൃശ്യ- സാമൂഹിക- മാധ്യമവാർത്തകൾ സൃഷ്ടിക്കുന്ന സാമൂഹിക, സാമുദായിക ചേരിതിരിവ്, സാഹോദര്യത്തെയും മതസൗഹാർദ്ദത്തെയും തകർത്തുകൊണ്ട്, ചില സംസ്ഥാനങ്ങളിൽ കലാപങ്ങൾക്കും കൂട്ടക്കുരുതികൾക്കുംവരെ കാരണമായിത്തീരുന്നതും കാണാതിരുന്നുകൂടാ.

## സെൻസറിംഗ്

മാധ്യമ സെൻസറിംഗ് പലവിധത്തിലുണ്ട്. ഭരണകൂടങ്ങൾ മാധ്യമ സ്ഥാപനങ്ങളുടെ മേൽ അവർക്കെതിരായതോ ചില പ്രത്യേക വിഭാഗത്തിൽപ്പെട്ടതോ ആയ വാർത്തകൾ പ്രസിദ്ധീകരിക്കരുത് എന്ന തരത്തിലുള്ള നിർബന്ധിത വിലക്ക്. മറ്റൊന്ന് മാധ്യമ സംഘടനകൾതന്നെ നൽകുന്ന ചില പ്രത്യേകതരം വിഷയങ്ങളെക്കുറിച്ചുള്ള സെൻസർഷിപ്പ്. ഇനിയൊന്ന് ചില പ്രത്യേക പത്രമാധ്യമങ്ങൾ ചില വിഷയങ്ങളിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകാനിടയുണ്ടെന്ന ബോധ്യത്തിൽ അത്തരം വാർത്തകളുടെമേൽ അവരുടെ എഡിറ്റോറിയൽ ടീമിന്റെ തീരുമാന പ്രകാരം നടപ്പാക്കുന്ന വിലക്ക്. അതിൻപ്രകാ

രം ചില പ്രത്യേക തരത്തിലുള്ള ആഖ്യാനങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കാൻ അവയെ നിയന്ത്രിച്ചുകൊണ്ടുള്ള അധികാരം ഉപയോഗിക്കൽ.

മാധ്യമ സ്വാതന്ത്ര്യം ഓരോ രാജ്യത്തെയും സാഹചര്യത്തിനും സ്വാതന്ത്ര്യത്തിനും അനുസരിച്ച് വ്യത്യസ്തമാണ്. ചിലരാജ്യങ്ങളിൽ മാധ്യമങ്ങൾക്ക് സർവസ്വാതന്ത്ര്യം നൽകുന്നു. മറ്റുചില രാജ്യങ്ങളിൽ നിയമങ്ങൾകൊണ്ടും സെൻസർഷിപ്പുകൊണ്ടും അവയെ പരിമിതപ്പെടുത്തുന്നു. സ്വതന്ത്ര പത്രപ്രവർത്തകരും സിറ്റിസൺ ജേർണലിസ്റ്റുകളും മാധ്യമസ്വാതന്ത്ര്യ സംഘടനകളും സെൻസർഷിപ്പുകൾക്കെതിരെ എക്കാലവും നിലകൊള്ളാറുണ്ട്.

ഭരണകൂടം ചില പ്രത്യേകതരം വാർത്തകൾ പൂർണമായി ഒഴിവാക്കുകയോ നിയന്ത്രിക്കുകയോ പ്രസിദ്ധീകരിക്കാൻ അനുവദിക്കാതിരിക്കുകയോ ചെയ്തുകൊണ്ട് മാധ്യമസ്ഥാപനങ്ങളുടെമേൽ കൊണ്ടുവരുന്ന നിയന്ത്രണങ്ങളെയാണ് സെൻസർഷിപ്പ് എന്നു വിശേഷിപ്പിക്കുന്നത്. മാധ്യമ സെൻസർഷിപ്പ് മിക്ക രാജ്യങ്ങളിലും കാലങ്ങളായി നിലനില്ക്കുന്ന ഭരണകൂട ഏജൻസികളുടെ ഇടപെടലാണ്. ദേശീയ താല്പര്യങ്ങളെ മുൻനിർത്തിയാണ്, രാഷ്ട്രീയമോ വൈകാരികമോ അപകടകരമോ ആയ ചില വാർത്തകൾ നിരോധിക്കുന്നത്.

മിക്ക രാജ്യങ്ങളിലും യുദ്ധകാലാവസ്ഥകളിൽ ആഭ്യന്തരസുരക്ഷയുമായി ബന്ധപ്പെട്ട സൈനികനടപടികളോ സൈനികനീക്കങ്ങളെയോ കുറിച്ചുള്ള കൃത്യമായ വാർത്തകൾ പുറത്തുവിടാറില്ല. മാധ്യമങ്ങൾക്ക് അറിവുണ്ടെങ്കിൽപ്പോലും അത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് കുറ്റകരമായിട്ടാണ് കരുതപ്പെടുന്നത്. രണ്ടുവിഭാഗങ്ങൾ തമ്മിൽ ആഭ്യന്തരകലാപങ്ങളുണ്ടാകുമ്പോഴും അവ കൂടുതൽ വ്യാപിക്കാതിരിക്കാൻ വേണ്ടി അത്തരം വാർത്തകൾ സെൻസർ ചെയ്യുക പതിവാണ്.

എതിരഭിപ്രായങ്ങൾ പുറത്തറിയാതിരിക്കാനും, ഒരേ സംഭവത്തെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണത്തിലുള്ള മാധ്യമവാർത്തകൾ പുറത്തുവരാതിരിക്കാനും ഭരണാധികാരികൾ സെൻസർഷിപ്പ് ഉപയോഗിക്കാറുണ്ട്. ചൈനയുടെ ഗ്രേറ്റ് ഫയർവാൾ(Great Firewall) മാധ്യമ സെൻസർഷിപ്പിന് ഒരു ഉദാഹരണമായി പറയാം. പല വിദേശരാജ്യങ്ങളുടെയും വെബ്സൈറ്റുകൾ തടയുകയും സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് ചില പ്രത്യേകതരം വാർത്തകൾ ആ രാജ്യത്ത് പ്രചരിക്കാതിരിക്കാൻ ശ്രമിച്ചിരുന്നു.

ചില പ്രത്യേക രാജ്യങ്ങളിൽ സർക്കാരുകൾക്ക് ഇഷ്ടപ്പെടാത്തതരം വാർത്തകൾ പ്രസിദ്ധീകരിച്ചതിന്റെ പേരിൽ മാധ്യമ പ്രവർത്തകരെയും പത്രപ്രവർത്തകരെയും ജയിലിലടയ്ക്കുന്നത് പതിവായിരിക്കുന്നു. അവരെ ശാരീരികവും മാനസികവുമായ ക്രൂരപീഢനങ്ങൾക്ക് ഇരയാക്കുന്നു. അവരിൽ ചിലരെല്ലാം ചോദ്യംചെയ്യപ്പെട്ട് ജയിലിലും പുറത്തും വെച്ച് വധിക്കപ്പെടുന്നതും പതിവായിരിക്കുന്നു.

സോവിയറ്റ് കാലഘട്ടങ്ങളിലും ചില പത്രങ്ങളും മാധ്യമങ്ങളും സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്നതരം വാർത്തകൾ പ്രചരിപ്പിക്കുന്നത് വിലക്കിയിരുന്നു. ചില ജനാധിപത്യരാജ്യങ്ങളിൽ മാധ്യമ സെൻസർഷിപ്പ് നിയമപരമായ മാർഗങ്ങളിലൂടെയേ നടപ്പാക്കാൻ കഴിയൂ. ദേശീയ സുരക്ഷയെ ബാധിക്കുന്നതരം വാർത്തകളോ ഭരണാധികാരികളെ ബോധപൂർവം അപകീർത്തിപ്പെടുത്തുന്ന വാർത്തകളോ തടയപ്പെടാറുണ്ട്. മാധ്യമസ്ഥാപനങ്ങൾ തന്നെ അവരുടെ നിലനില്പിനെ ബാധിക്കുന്ന, സാമ്പത്തികത്തകർച്ചയുണ്ടാക്കുന്ന, സർക്കുലേഷൻ ഇടിയാൻ ഇടയാക്കുന്ന തരം വാർത്തകളൊന്നും പ്രസിദ്ധീകരിക്കാറില്ല. അതും ഒരിനം സെൻസറിംഗ് തന്നെയാണ്.

വിയറ്റ്നാം യുദ്ധവുമായി ബന്ധപ്പെട്ട് 1971-ൽ പെന്റഗൺ പേപ്പേഴ്സ് (Pentagon Papers) എന്നറിയപ്പെടുന്ന സർക്കാർ രേഖകൾ ചില പ്രധാന പത്രങ്ങൾക്ക് ലഭിച്ചയുടനേ അത് പ്രസിദ്ധീകരിക്കാതിരിക്കാൻ സെൻസർ ചെയ്യാൻ ശ്രമിക്കുകയുണ്ടായി. രാഷ്ട്രീയ അട്ടിമറികളോ പ്രക്ഷോഭങ്ങളോ രാജ്യത്ത് ഉടലെടുക്കുമ്പോഴോ

സാമൂഹിക അസ്വസ്ഥതകൾ ഉണ്ടാകുമ്പോഴോ, തെറ്റായ വിവരങ്ങൾ പ്രചരിക്കാതിരിക്കാൻ ചില സർക്കാരുകൾ അത്തരം സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകൾക്ക് താല്ക്കാലിക സെൻസർഷിപ്പുകൾ ഏർപ്പെടുത്തുക പതിവാണ്.

മാധ്യമവിലക്കുകളും ഇന്റർനെറ്റ് സെൻസർഷിപ്പും നിലവിലുള്ള ചില രാജ്യങ്ങളിൽ ചില പ്രത്യേക വെബ്സൈറ്റുകളും സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളുംവഴി കൃത്യമായ വിവരങ്ങൾ കൈമാറ്റംചെയ്യാൻ കഴിയാതെവരും. മാധ്യമ സെൻസർഷിപ്പുകൾക്കെതിരെ മാധ്യമ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള വാദങ്ങൾ ലോകമെങ്ങും നടക്കുന്നുണ്ട്. ഭീകരപ്രവർത്തനത്തിന് കൂട്ടുനില്ക്കുന്നു എന്ന വ്യാജപ്രചാരണം ഉയർത്തിക്കൊണ്ട് പല മാധ്യമസ്ഥാപനങ്ങളെയും അടച്ചുപൂട്ടുന്നതും മാധ്യമ പ്രവർത്തകരെ ജയിലിലടയ്ക്കുന്നതും സാധാരണയായിരിക്കുന്നു.

വേറിട്ടതും വൈവിധ്യമാർന്നതുമായ ജീവിതരീതികൾ നിലനില്ക്കുന്ന സമൂഹത്തിൽ ഭിന്നിപ്പ് ഉണ്ടാകാതിരിക്കാൻവേണ്ടി ചില മതപരമായ ആചാരങ്ങളെയും സാംസ്കാരിക വിശേഷങ്ങളെയും കുറിച്ചുള്ള വാർത്തകൾക്ക് മാധ്യമസ്ഥാപനങ്ങൾതന്നെ സ്വയം സെൻസർഷിപ്പ് നൽകാറുണ്ട്. സൗത്ത് ആഫ്രിക്കയിൽ വർണവിവേചനം നിലനിന്നിരുന്ന കാലത്ത് അതിനെതിരായ നീക്കങ്ങളെ തടയുന്നതിനുവേണ്ടി അത്തരം വാർത്തകൾക്ക് സർക്കാർ സെൻസർഷിപ്പ് ഏർപ്പെടുത്തിയിരുന്നു. ചില നാടുകളിൽ അരികുവല്ക്കരിക്കപ്പെട്ട ചില സമൂഹത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ബാഹ്യലോകം അറിയാതിരിക്കാൻ ചില സർക്കാരുകൾ അത്തരം വാർത്തകൾ സെൻസർചെയ്യുന്നതും പതിവാണ്.

## മാധ്യമങ്ങളും നിയമങ്ങളും

ഉത്തരവാദപ്പെട്ട മാധ്യമപ്രവർത്തനത്തിന്റെ മൂലക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്നതാണ് മാധ്യമസദാചാരം. അത്തരം മാധ്യമ മൂല്യബോധത്തിൽ രൂപപ്പെടുത്തിയിരിക്കുന്ന തത്വങ്ങളും നിയമങ്ങളും പത്രപ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കും ആവശ്യമാണ്. അവർക്ക് വഴികാട്ടിയായ മാർഗ്ഗരേഖയാണ് മാധ്യമനിയമങ്ങൾ. സത്യത്തെ പിൻതുടർന്നുകൊണ്ട് നീതിയും ന്യായവും വിശ്വസ്തതയും ഉത്തരവാദിത്വവും നിലനിർത്തുന്ന രീതിയിലാവണം വാർത്താവതരണം. വായനക്കാരന് വസ്തുനിഷ്ഠമായി വാർത്തകൾ അറിയാനുള്ള അവകാശമുണ്ട്.

ലോകമെങ്ങും പ്രകാശവേഗത്തിൽ വാർത്തകൾ എത്തിച്ചേരുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ വാർത്തകളിൽ വിശ്വസ്തതയും സത്യസന്ധതയും പുലർത്തേണ്ടത് മാധ്യമധർമ്മത്തിന്റെ പ്രധാന കടമയാണ്. വാർത്താറിപ്പോർട്ടിംഗിന് പല മാനങ്ങളുണ്ട്. സത്യസന്ധത, വസ്തുനിഷ്ഠത, സ്വകാര്യതയുടെ സംരക്ഷണം, വൈകാരികത എന്നിവ അവയിൽ പ്രധാനമാണ്. വാർത്തയ്ക്ക് വിധേയമാകുന്ന വ്യക്തിയുടെ സ്വകാര്യ അന്തസ്സിനെ ഹനിക്കാത്ത വിധത്തിൽ, പൊതുജനങ്ങൾക്ക് അറിയാനുള്ള അവകാശത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് നീതിബോധത്തോടുകൂടിവേണം വാർത്തകൾ റിപ്പോർട്ടുചെയ്യേണ്ടത്. ഉദാത്തമായ ഒരു ധാർമ്മികബോധം പത്രപ്രവർത്തകന് ഉണ്ടായിരിക്കണം.

ഒരു മാധ്യമപ്രവർത്തകന് വ്യത്യസ്തതരം വിഷയങ്ങൾ റിപ്പോർട്ടു ചെയ്യേണ്ടതുണ്ട്. രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങൾ, ചിലദുരന്തങ്ങൾ തുടങ്ങി എന്തും അവയിൽ വരാം. കൃത്യതയോടെ, ഏതെങ്കിലും ഒരു വിഭാഗത്തോടുള്ള പ്രത്യേക ചായ്വ് കൂടാതെ. അതിവൈകാരികത എന്നിവ കൂടാതെ വേണം പത്രപ്രവർത്തകൻ അവയുടെ വിശദാംശങ്ങൾ നൽകേണ്ടത്.

വ്യാജചിത്രങ്ങളും വ്യാജവാർത്തകളും അതുപോലെ, തെറ്റിദ്ധരിപ്പിക്കുന്ന വിവരണങ്ങളും നിമിഷങ്ങൾക്കുള്ളിൽ കണ്ടെത്താൻ കഴിയുന്ന സംവിധാനങ്ങൾ നിലവിലുള്ള കാര്യം ജേർണലിസ്റ്റുകൾ ഓർക്കണം. സമൂഹമാധ്യമങ്ങളുടെ ജാഗ്രതാപൂർണമായ ഇടപെടലുകളും ഉണ്ടാകും എന്നകാര്യം വാർത്താറിപ്പോർട്ടിംഗിൽ പ്രത്യേകം ശ്രദ്ധിക്കണം. നിയമപരവും ധാർമികവുമായ മാർഗത്തിലൂടെ വാർത്തകൾ പങ്കുവയ്ക്കണം. അതിലൂടെ മാധ്യമസ്ഥാപനങ്ങൾക്ക് ലഭിക്കുന്നത് അവയുടെ വിശ്വാസ്യതയാണ്. സമൂഹം ജാഗ്രതാപൂർണമാണ്. അതിനാൽ വസ്

തുനിഷ്ഠമായ വാർത്തകൾകൊണ്ടുള്ള പൊതു സംവാദങ്ങളാണ് തീർക്കേണ്ടത്.

ജേർണലിസ്റ്റുകളും എഡിറ്റർമാരും അവരുടെ പ്രവർത്തനമേഖലയുടെ നിയമപരമായ അതിർത്തികൾക്കുള്ളിൽ നിന്നുമാത്രമേ വാർത്തകൾ വായനക്കാരെ അറിയിക്കുന്നതിന് ആവശ്യമായ സ്വാതന്ത്ര്യം എടുക്കാവൂ. കരാർ അടിസ്ഥാനത്തിൽ ആവശ്യക്കാർക്ക് വാർത്തകൾ എത്തിച്ചുകൊടുത്തിരുന്ന ജോലിയിൽനിന്നു തുടങ്ങിയതാണ് പത്രപ്രവർത്തനചരിത്രം. നിയമപരമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട്, സമൂഹത്തിന്റെ സുരക്ഷയെ തകർക്കാത്തതരം വാർത്തകളും വിവരങ്ങളും വിജ്ഞാനവും പങ്കുവെയ്ക്കുന്നതാണ് പത്രപ്രവർത്തനത്തിന്റെ പ്രധാനപാഠം. ചില മാധ്യമനിയമങ്ങൾ പരിശോധിക്കാം.

**പത്രസ്വാതന്ത്ര്യം –** സമൂഹമാധ്യമരംഗത്തെ ഏറ്റവും പഴയരൂപമാണ് പത്രത്തിന്റേത്. മാധ്യമസ്വാതന്ത്ര്യത്തിന്റെ മുൻനിരയിൽ നില്ക്കുന്നതിപ്പോഴും പത്രങ്ങളാണ്. നിയമങ്ങൾ അനുസരിക്കുക എന്നതുകൊണ്ട് പത്രസ്വാതന്ത്ര്യം അടിയറവെയ്ക്കണം എന്നല്ല അർഥം. സമൂഹസുരക്ഷയെ പ്രധാനമായി കാണണം. ബഹുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ അതിപ്രധാന പങ്കുവഹിക്കുന്നത് പത്രങ്ങളാണ്. വാദപ്രതിവാദങ്ങൾക്കു വഴിയൊരുക്കുന്നതും ഭരണാധികാരികളെ ഉത്തരവാദിത്വബോധത്തിൽ നിലനിർത്തുന്നതും പത്രങ്ങളാണ്.

**മാനഹാനി ഉണ്ടാക്കുന്നതരമോ അപകീർത്തികരമോ ആയ പ്രസിദ്ധീകരണം –** പത്രങ്ങൾ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സമൂഹത്തിനോ മാനഹാനിയോ അപകീർത്തികരമോ ആയ വാർത്തകൾ പ്രദ്ധീകരിക്കാൻ പാടുള്ളല്ല. അത്തരംവാർത്തകൾ നിയമയുദ്ധങ്ങൾക്കും വലിയ സാമ്പത്തിക നഷ്ടങ്ങൾക്കും മാധ്യമസ്ഥാപനത്തിന്റെ പ്രശസ്തിക്കും അഭിമാനത്തിനും ക്ഷതമുണ്ടാക്കും. അതുകൊണ്ടുതന്നെ മാധ്യമപ്രവർത്തകരും എഡിറ്റർമാരും തങ്ങൾ പ്രസിദ്ധീകരിക്കുന്നത് പൂർണമായും വിശ്യാസയോഗ്യമായ വാർത്തയാണെന്ന് അറിഞ്ഞിരിക്കേണ്ടതാണ്.

**സ്വകാര്യതയും വൈകാരികതയും –** സ്വകാര്യവ്യക്തികളുടെ ജീവിതവും ദുരന്തങ്ങളുംമറ്റും പത്രങ്ങൾ വാർത്തയാക്കാറുണ്ട്. വൈകാരികമായി വാർത്തകൾ അവതരിപ്പിക്കുമ്പോഴും, വ്യക്തിസ്വകാര്യതയെ ഹനിക്കാത്തവിധം അത് അവതരിപ്പിക്കപ്പെടേണ്ടതാണ്.

**ഉറവിട സംരക്ഷണം –** അന്വേഷണാത്മകമായ വാർത്താവതരണവേളയിൽ, വാർത്തകൾ പൂർണമായും സത്യസന്ധമാണെന്ന് ഉറപ്പുവരുത്തിയിരിക്കണം. അതോടൊപ്പം വാർത്തയുടെ ഉറവിടം നിയമപരമായി ചോദ്യം ചെയ്യപ്പെടാത്തവിധം സുരക്ഷിതമായി സൂക്ഷിക്കാവുന്നതാണ്.

**മാധ്യമ ധാർമികത –** വായനക്കാരുടെ വിശ്വാസ്യതയും വിശ്വസ്തതയും നിലനിർത്തുന്നതിന് പത്രമാധ്യമങ്ങൾ ധാർമിക മാർഗരേഖകൾ നിലനിർത്തേണ്ടതാവശ്യമാണ്. വസ്തുനിഷ്ഠത, വിശ്വസ്തത, പ്രത്യേക താല്പര്യം മുൻനിർത്തി പക്ഷപാതം കാട്ടാതിരിക്കുക എന്നീ മാധ്യമ ധാർമ്മികത പുലർത്തേണ്ടതാവശ്യമാണ്.

**പ്രസ്സ് കൗൺസിലുകളും സ്വന്തം റെഗുലേഷനും –** പൊതുജനങ്ങളിൽ നിന്നുണ്ടാകുന്ന വാർത്താനുബന്ധ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാൻ ചില രാജ്യങ്ങളിൽ പ്രസ്സ് കൗൺസിലുകളോ പത്രങ്ങളുടെ സ്വയംനിയന്ത്രിത സമിതികളോ ഉണ്ടാകാറുണ്ട്. ഇത്തരം സമിതികളിൽ പ്രവർത്തിക്കുന്നവർ പത്രപ്രവർത്തന മേഖലയിൽ ധർമ്മനീതി ഉള്ളവരും ഉത്തരവാദിത്വമുള്ളവരും ആയിരിക്കാറുണ്ട്.

**മുൻപരിശോധനയും സെൻസർഷിപ്പും –** ചിലപ്രത്യേക രാജ്യങ്ങളിൽ പ്രത്യേക സന്ദർഭങ്ങളിൽ സർക്കാരിനെ ദോഷകരമായി ബാധിക്കുന്ന വാർത്തകളുണ്ടെങ്കിൽ, പത്രങ്ങൾ അവയ്ക്ക് മുൻ പരിശോധനകൾ നടത്തി ആവശ്യമായ മാറ്റങ്ങൾ നടത്തേണ്ടിവരും. അല്ലെങ്കിൽ സെൻസർഷിപ്പുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഉണ്ടായേക്കാം. അത്തരം രാജ്യങ്ങളിൽ മാധ്യമപ്രവർത്തനം താരതമ്യേന അപകടകരമായ അവസ്ഥയിലാണെന്നു പറയാം.

**കോടതിയോടുള്ള അനാദരവ് –** നിലവിൽ ചില കോടതികളുടെ പരിഗണനയിലിരിക്കുന്ന കേസുമായി ബന്ധപ്പെട്ട വാർത്തകൾ പത്രങ്ങളിലൂടെ വാർത്തയാക്കാൻ പാടുള്ളതല്ല. അവയെ അവഗണിച്ചുകൊണ്ടുള്ള റിപ്പോർട്ടിംഗ് കോടതി അലക്ഷ്യമായി തീരാവുന്നതാണ്.

ബൗദ്ധിക സ്വത്തവകാശം - പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ചിത്രങ്ങൾ, ലേഖനങ്ങൾ, മറ്റ് ഉറവിടങ്ങളിൽനിന്ന് സ്വീകരിക്കുന്ന ഉള്ളടക്കങ്ങൾ എന്നിവയിൽ പലതിനും ബൗദ്ധിക സ്വത്തവകാശം ഉള്ളവയാകാം. അങ്ങനെയെങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

**ഓൺലൈനിൽ പ്രസിദ്ധീകരിക്കലും ബാധ്യതകളും –** ആധുനിക ഡിജിറ്റൽയുഗത്തിൽ, മിക്ക പത്രമാധ്യമങ്ങൾക്കും ഓൺലൈൻ എഡിഷനുകൾ നിലവിലുണ്ട്. അതുകൊണ്ടുതന്നെ പ്രസിദ്ധീകരിക്കുന്ന വാർത്തകളുമായി ബന്ധപ്പെട്ട നിയമപരമായ കുരുക്കുകൾ ഉണ്ടാകാനിടയുണ്ട്. അതോടൊപ്പം ഉപയോക്താവ് അയയ്ക്കുന്ന അപകീർത്തികരമോ ഹാനികരമോ ആയ അഭിപ്രായങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്.

പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട നിയമപരമായ അതിർത്തികൾക്കുള്ളിൽ നിന്നുകൊണ്ട് വാർത്തകൾ വായനക്കാർക്ക് എത്തിച്ചുകൊടുക്കുന്ന വലിയൊരു ഉത്തരവാദിത്തമാണ് പത്രങ്ങളുടേത്. അപ്പോഴെല്ലാം മാധ്യമസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുകയും അപകീർത്തികരമായ വാർത്തകൾ ഒഴിവാക്കുകയും വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ഉറവിടം സംരക്ഷിച്ചുകൊണ്ടും ഉന്നതമായ ധാർമ്മിക നിലവാരം നിലനിർത്തിക്കൊണ്ടും ജനാധിപത്യത്തിന്റെ നെടുംതൂണെന്ന് വിശേഷിപ്പിക്കാവുന്ന, 'ഫോർത്ത് എസ്റ്റേറ്റ്' (fourth estate) എന്നുവിളിക്കപ്പെടുന്ന മാധ്യമങ്ങൾ സമൂഹത്തോട് കടപ്പെട്ടവരെന്നനിലയിൽ ഉത്തരവാദിത്തമുള്ള, കൃത്യതയുള്ള വാർത്തകളും വിവരങ്ങളും നൽകാൻ ബാധ്യസ്ഥരാണ്.

## Recap

- അറിവിന്റെയും അനുഭവങ്ങളുടെയും ജാലകങ്ങളാണ് അഭിമുഖങ്ങൾ
- അന്തർദേശീയ, ദേശീയ, പ്രാദേശിക ഭേദമനുസരിച്ച് അഭിമുഖങ്ങൾക്ക് മാറ്റം സംഭവിക്കുന്നു.
- കഥ പറച്ചിലിന്റേതു പോലുള്ള ആഖ്യാനം
- വിദഗ്ധരും, പ്രശസ്തരും, ആദരണീയരായ വ്യക്തികളിൽ നിന്നാകണം അഭിമുഖങ്ങൾ
- അന്വേഷണാത്മകവും നിരീക്ഷണാത്മകവുമായ ആഖ്യാന മാതൃകയാണ് ഫീച്ചറുകൾ
- വസ്തുനിഷ്ഠമായ വിവരങ്ങളും സർഗപരമായ ചിന്തകളും ദർശനങ്ങളുമാണ് ഫീച്ചറുകളുടെ പ്രത്യേകത
- സാഹിത്യോപന്യാസമോ ലേഖനമോ ആണ് മിഡിൽ പീസുകൾ
- പൊതുസമൂഹത്തെ ലക്ഷ്യം വയ്ക്കുന്നു
- ഹാസ്യചിത്രമാണ് കാർട്ടൂൺ
- കുറഞ്ഞവരകളിൽ കൂടുതൽ വിവരങ്ങൾ
- പരിഹാസനിർമ്മിതി
- ഫോട്ടോകൾ വാർത്ത വാസ്തവമാണെന്ന് ബോധ്യപ്പെടുത്തുന്നു
- ഫോട്ടോകൾ ചരിത്രനിമിഷങ്ങൾക്ക് നിത്യജീവൻ നൽകുന്നു
- ഒരു വിഷയത്തെക്കുറിച്ചുള്ള പത്രത്തിന്റെ കാഴ്ചപ്പാടാണ് എഡിറ്റോറിയൽ
- പത്രത്തിന്റെ ഔദ്യോഗികനിലപാടാണ് എഡിറ്റോറിയൽ
- എഡിറ്റോറിയൽ ഗവേഷണാത്മകമായും അപരനാമാത്മകമായും അവതരിപ്പിക്കുന്നു

- പണം വാങ്ങി അനർഹമായ കവറേജ് നൽകൽ
- വ്യക്തികളും സ്ഥാപനങ്ങളും അനുകൂല മാധ്യമ കവറേജ് നൽകുന്നു
- കൃത്രിമായി വാർത്തകൾ സൃഷ്ടിക്കുന്ന രീതി
- നിയമവിരുദ്ധപ്രവർത്തനങ്ങൾക്കെതിരെ സ്റ്റിംഗ് ഓപ്പറേഷൻ
- അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ ഭാഗം
- അധാർമ്മികതയ്ക്ക് എതിരെ രഹസ്യമായ കൂട്ടന്വേഷണം
- യെല്ലോജേർണലിസത്തിൽ വാർത്തകൾക്ക് സത്യവുമായി ഒരു ബന്ധവുമില്ല
- സർക്കുലേഷൻ വർധിപ്പിക്കാൻ വ്യാജനിർമ്മിതി
- അപവാദ വാർത്തകൾ, കുറ്റകൃത്യകഥകകൾ, കാർട്ടൂണുകൾ
- ദേശീയ സുരക്ഷയെ ബാധിക്കുന്ന തരം വാർത്തകൾക്ക് വിലക്ക്
- മാധ്യമസെൻസറിംഗ്-ഭരണാധികാരികൾക്ക് അപകീർത്തിയുണ്ടാവുന്ന വാർത്തകൾ
- മാധ്യമങ്ങൾക്ക് വഴികാട്ടിയായ തത്വങ്ങളും നിയമങ്ങളും
- മാധ്യമ നിയമങ്ങൾ - പത്രപ്രവർത്തകർക്കും മാധ്യമസ്ഥാപനങ്ങൾക്കും

## Objective Type Questions

1. മറ്റാരുംപറയാത്ത കഥാനുഭവപരമ്പരകൾ എന്നതുകൊണ്ട് അർഥമാക്കുന്നത് എന്തിനെ?
2. അഭിമുഖത്തിൽ ഏതുതരം ആഖ്യാനമാണ് വേണ്ടത്?
3. ഫീച്ചറുകളുടെ ആഖ്യാനരീതി?
4. ഫീച്ചറുകളിലെ വിവരങ്ങൾ എങ്ങനെയുള്ളതാകണം ?
5. സാഹിത്യോപന്യാസങ്ങൾക്കോ ലേഖനങ്ങൾക്കോപറയുന്നപേര്?
6. മിഡിൽ പീസ് ആരെ ലക്ഷ്യം വയ്ക്കുന്നു?
7. സമകാല ജേർണലിസത്തിന്റെ അവിഭാജ്യഘടകമെന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്തിനെ?
8. ഇന്ത്യയിലെ രാഷ്ട്രീയകാർട്ടൂൺ പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?
9. രാഷ്ട്രീയ താല്പര്യം നിറഞ്ഞ നിന്ദാസ്തുതികൾ ഏത് പേരിലറിയപ്പെടുന്നു?
10. പോക്കറ്റ് കാർട്ടൂൺ എന്നറിയപ്പെടുന്നത് എന്താണ്?
11. 'ഇത്തിരി നേരമ്പോക്ക് ഒത്തിരി ദർശനം' എന്നറിയപ്പെടുന്ന കാർട്ടൂൺ ആരുടേത്?
12. പത്രങ്ങളിലെ വാർത്താ ചിത്രങ്ങൾ നൽകുന്ന സന്ദേശം?
13. ചരിത്രനിമിഷങ്ങൾക്ക് നിത്യജീവൻ നൽകുന്നതെന്ത്?
14. സംഭവത്തിന്റെ ഹൃദയത്തിലേക്ക് ക്യാമറ ലക്ഷ്യംവയ്ക്കുന്നതാര്?
15. പത്രത്തിലെ എഡിറ്റോറിയലിന്റെ ഉത്തരവാദിത്തം ആർക്കാണ്?
16. ഒരു വിഷയത്തെക്കുറിച്ച് പത്രത്തിന്റെ കാഴ്ചപ്പാട് അറിയുന്ന പേജ്?
17. മാധ്യമ പ്രവർത്തകർ പാലിക്കേണ്ട അടിസ്ഥാന തത്വങ്ങളുടെ മാർഗരേഖ അറിയപ്പെടുന്നത് ഏത് പേരിൽ ?
18. പ്രതിഫലം വാങ്ങി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനർഹമായ കവറേജ് നൽകുന്നതിന് പറയുന്ന പേര്?
19. യെല്ലോ ജേർണലിസത്തിനു പകരം ഉപയോഗിക്കുന്ന പദം?

## Answers

1. അഭിമുഖ സംഭാഷണത്തെ
2. കഥ പറച്ചിലിന്റേതു പോലെയുള്ള
3. അന്വേഷണാത്മകം
4. വസ്തുനിഷ്ഠം
5. മിഡിൽ പീസ്
6. പൊതുസമൂഹത്തെ
7. രാഷ്ട്രീയ കാർട്ടൂണുകളെ
8. ശങ്കർ
9. രാഷ്ട്രീയ കാരിക്കേച്ചറുകൾ
10. രാഷ്ട്രീയ കാർട്ടൂൺ
11. ഒ.വി വിജയന്റെ
12. ഏകജനത
13. ഫോട്ടോകൾ
14. പത്രഫോട്ടോഗ്രാഫർമാർ
15. എഡിറ്റർക്ക്
16. എഡിറ്റോറിയൽ
17. മാധ്യമധാർമികത
18. പെയ്ഡ് ന്യൂസ്
19. റ്റാബ്ലോയ്ഡ് ജേർണലിസം

## Assignment

1. മാധ്യമങ്ങൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് അപഗ്രഥിക്കുക.
2. പത്രങ്ങളിലെ കാർട്ടൂണിന്റെ ചരിത്രം വിവരിക്കുക.
3. പെയ്ഡ് ന്യൂസുകളെ കുറിച്ച് ഉപന്യസിക്കുക.
4. സമൂഹത്തിന്റെ കണ്ണും കാതുമാണ് മാധ്യമങ്ങൾ വിശദമാക്കുക?
5. സ്റ്റിംഗ് ഓപ്പറേഷൻ എന്തെന്ന്? ഉദാഹരണ സഹിതം വിവരിക്കുക.
6. എഡിറ്റോറിയൽ പത്രത്തിന്റെ ഔദ്യോഗിക നിലപാടാണോ വിശദീകരിക്കുക.

## References


1. ജോയി തിരുമൂലപുരം, വാർത്ത 1 മുതൽ 3 വരെ വാല്യങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
2. കെ.പി. വിജയൻ, പത്രങ്ങൾ വിചിത്രങ്ങൾ,എസ്.പി.സി.എസ്., കോട്ടയം
3. എ.ജി.ശ്രീകുമാർ,പുസ്തകങ്ങൾ നിർമ്മിച്ച കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
4. ജി. പ്രിയദർശൻ, മലയാള പത്രപ്രവർത്തന ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
5. പ്രൊഫ. പന്മന രാമചന്ദ്രൻ (എഡി.), മാധ്യമപഠനങ്ങൾ, കറന്റ് ബുക്സ്, കോഴിക്കോട്
6. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തനചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
7. ഡോ. എ.എം. ശ്രീധരൻ, മാധ്യമം :മൗലികതയും നിരാകരണവും, എസ്.പി.സി.എസ്. കോട്ടയം
8. എൻ.പി. രാജേന്ദ്രൻ, ഫോർത്ത് എസ്റ്റേറ്റിന്റെ മരണം, മാതൃഭൂമി ബുക്സ്, കോഴിക്കോട്
9. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം, മാതൃഭൂമി ബുക്സ്, കോഴിക്കോട്
10. പി.കെ. രാജശേഖരൻ,മലയാളിയുടെ മാധ്യമ ജീവിതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
11. ഡോ.കെ.ബി. ശെൽവമണി, ടൈംസ് ഓഫ് മീഡിയ, തൃശ്ശൂർ

# Model Question Paper Sets

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

**FOURTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE SPECIFIC ELECTIVE COURSE- B21ML01DE -**

**അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും**

( CBCS - PG )

**MODEL QUESTION PAPER- SET- A**

2023-24 - **Admission Onwards**

Time: 3 Hours Max Marks: 70

---

**SECTION - A**

**I. ഏതെങ്കിലും പത്ത്ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. പ്രസ്റിലീസിനു പറയുന്ന മറ്റൊരു പേര്എന്ത്?
2. ബഹുജന ആശയവിനിമയത്തിന് ഹിന്ദിയിൽ പറയുന്ന പേരെന്ത്?
3. യെല്ലോജേർണലിസത്തിനു പകരം ഉപയോഗിക്കുന്ന പദം എന്ത്?
4. 'ഇത്തിരിനേരമ്പോക്ക് ഒത്തിരി ദർശനം'എന്നറിയപ്പെടുന്ന കാർട്ടൂണിന്റെ ഉപജ്ഞാതാവ് ആര്?
5. ടെലിവിഷനിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട പാവയുടെ പേര്എന്താണ്?
6. പത്രങ്ങളിലെ വാർത്താചിത്രം നൽകുന്ന സന്ദേശം എന്ത്?
7. പൊതുജനാഭിപ്രായം രൂപപ്പെടുന്നത്എന്തിന്റെ അടിസ്ഥാനത്തിലാണ്?
8. ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന സൈദ്ധാന്തികൻ ആര്?
9. പ്രാർത്ഥനയുടെ രൂപത്തിൽ ഒരു വ്യക്തിയുടെ ഉള്ളിൽ നടക്കുന്ന ആശയവിനിമയത്തിനു പറയുന്ന പേര്എന്ത്?
10. പത്രത്തിന്റെ ഏറ്റവും വലിയ ദൗത്യമെന്താണ്?
11. ലോകത്തിലെ ആദ്യത്തെഓൺലൈൻ ന്യൂസ്പോർട്ടലിന്റെ പേര് എന്ത്?
12. കേരളത്തിലെ ആദ്യ വിദ്യാലയ പ്രസിദ്ധീകരണത്തിന്റെ പേര് എന്ത്?
13. പത്രത്തിലെ എഡിറ്റോറിയലിന്റെ ഉത്തരവാദിത്വം ആർക്കാണ്?
14. ആശയവിനിമയ പ്രകിയയിലെ മുഖ്യഘടകം ആര്?
15. വാർത്താശേഖരണത്തിന്റെ കേന്ദ്ര ബിന്ദു ആര്?

**(10X1 = 10 Marks)**

## SECTION - B

**II. ഏതെങ്കിലും അഞ്ച്ചോദ്യത്തിന് രണ്ടോ മൂന്നോ  വാചകത്തിൽ ഉത്തരമെഴുതുക.**

16. കാർഷിക വാർത്തകൾ എന്നാലെന്ത്?
17. മിഡിൽ പീസ് എന്നാലെന്ത്?
18. ഫീച്ചറുകൾക്ക് മികവു നൽകുന്നതെന്ത്?
19. കമ്പ്യൂട്ടർ എന്നാലെന്ത്?
20. കമ്മ്യൂണിക്കേഷൻ എന്ന പദം രൂപപ്പെട്ടത് ഏതെല്ലാം പദങ്ങളിൽ നിന്നാണ്?
21. മലയാള ഭാഷയിൽ സാഹിത്യമാസികയ്ക്കുള്ള പ്രാധാന്യം എന്ത്?
22. കാർട്ടൂൺ എന്ന പദത്തിന്റെ അർഥം എന്ത്?
23. ഫീച്ചർ എന്നാലെന്ത്?
24. ആശയവിനിമയത്തെക്കുറിച്ചുള്ള ജോർജ്ഗർബ്‌നറുടെ വീക്ഷണം എന്ത്?
25. നിയമനിർമ്മാണസഭകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്എന്ത്?

**(5×2=10 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. വാർത്താമൂല്യത്തിൽ 'സാമീപ്യ'ത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക?
27. വ്യക്ത്യന്തരആശയവിനിമയം എന്തെന്ന് വിശദമാക്കുക?
28. മലയാളത്തിലെ ആനുകാലികങ്ങളെകുറിച്ച് വിവരിക്കുക?
29. മാധ്യമ സെൻസറിംഗ്എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെന്ന് വ്യക്തമാക്കുക?
30. വാർത്താവബോധം അഥവാ New Senceവിശദമാക്കുക?
31. വെർചൽ വിനോദവും വിനിമയവും വ്യക്തമാക്കുക?
32. വിവിധ വിനിമയമാധ്യമങ്ങളെക്കുറിച്ച് വിശദീകരിക്കുക
33. മാധ്യമധാർമ്മികത എന്തെന്ന് വ്യക്തമാക്കുക?
34. മലയാളത്തിലെ സാഹിത്യമാസികകളെ കുറിച്ച് വിശദീകരിക്കുക?
35. ദാതാവ്, സ്വീകർത്താവ് ഇവ എന്തെന്ന് വിശദമാക്കുക?
36. ഇൻവർട്ടഡ് പിരമിഡ്ഘടനയെകുറിച്ച് വിശദീകരിക്കുക ?
37. വെബ്ബ് ചാനലുകളെ കുറിച്ച് വിശദമാക്കുക?

**(6×5=30 Marks)**

## SECTION D

**IV.ഏതെങ്കിലും രണ്ട്ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. വാർത്തയുടെ വിവിധ നിർവചനങ്ങൾ വിശദീകരിക്കുക
39. വെബ്ബധിഷ്ഠിത മാധ്യമങ്ങളുടെ പൊതുസ്വഭാവങ്ങൾ വിശദീകരിക്കുക
40. വിവിധ ആശയവിനിമയ രീതികളെക്കുറിച്ച്  ഉപന്യസിക്കുക
41. പത്രങ്ങളിലെ കാർട്ടൂണിന്റെ ചരിത്രം അപഗ്രഥിക്കുക

**(2×10=20 Marks)**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………..............

Name : ………………...

**FOURTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE COURSE- B21ML01DE -**

**അച്ചടിമാധ്യമം തത്ത്വവും പ്രയോഗവും**

( CBCS - PG )

**MODEL QUESTION PAPER- SET- B**

2023-24 - **Admission Onwards**

Time: 3 Hours Max Marks: 70

---

## SECTION - A

**I. ഏതെങ്കിലും പത്ത്ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. മാധ്യമങ്ങളിൽ ജീവൽ പ്രധാനമുള്ള ഘടകം ഏത്?
2. സന്ദേശത്തെ രൂപമാറ്റം വരുത്തുന്നതിനു പറയുന്ന പേരെന്ത്?
3. WWW പൂർണരൂപം എഴുതുക?
4. അഭിമുഖത്തിൽ ഏതു തരം വ്യാഖ്യാനമാണ് വേണ്ടത്?
5. പൊതുജനാഭിപ്രായങ്ങൾ രൂപപ്പെടുന്നത്ഏതിന്റെ അടിസ്ഥാനത്തിലാണ്?
6. വാർത്താശേഖരണത്തിന്റെ കേന്ദ്രബിന്ദു ആരാണ്?
7. ഫീച്ചറുകളിലെ വിവരണം എങ്ങനെയുള്ളതാകണം?
8. പ്രതിഫലം വാങ്ങി വ്യക്തികൾക്കുംസ്ഥാപനങ്ങൾക്കും അനർഹമായ കവറേജ് നൽകുന്ന രീതിക്ക്പറയുന്നപേര്?
9. പോക്കറ്റ്കാർട്ടൂൺ എന്നറിയപ്പെടുന്നതെന്താണ്?
10. പ്രസ്റിലീസിന്റെ മറ്റൊരു പേര്?
11. മിഡിൽ പീസ്ആരെയാണ്ലക്ഷ്യം വയ്ക്കുന്നത്?
12. ഇ-മെയിൽ എന്നാലെന്ത്?
13. ഒരു റിപ്പോർട്ടറുടെ ചിന്ത എപ്രകാരമുള്ളതായിരിക്കണം?
14. ആധുനിക ഇലക്ട്രോണിക്യുഗത്തിന്റെ പ്രവാചകനെന്നറിയപ്പെടുന്ന ചിന്തകനാരാണ്?
15. ആശയം പുറപ്പെടുവിക്കുന്ന വ്യക്തിക്ക്പറയുന്ന പേര്എന്ത്?

**(10X1 = 10 Marks)**

## SECTION - B

**II. ഏതെങ്കിലും അഞ്ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. മാധ്യമം എന്ന പദത്തിന്റെ അർഥം എന്ത്?
17. ബ്ലോഗുകൾ എന്നാലെന്ത്?
18. രാഷ്ട്രീയ വാർത്തകൾ എന്നാലെന്ത്? ഉദാഹരണം എഴുതുക?
19. നവമാധ്യമത്തിന്റെ സവിശേഷതയെന്ത്?
20. വാർത്തയിൽ കൃത്യതയ്ക്കുള്ള പ്രാധാന്യം എന്ത്?
21. ഇന്ന് മുൻ നിരയിൽ നിൽക്കുന്ന സമൂഹമാധ്യമങ്ങൾ ഏതെല്ലാം ?
22. വെബ്ബ്ന്യൂസ്പോർട്ടലുകളുടെ മുഖ്യ ദൗത്യം എന്ത്?
23. ആദ്യകാലത്ത് വാർത്തകൾ അറിയിച്ചിരുന്നതെങ്ങനെ?
24. ഫോളോഅപ്പ് ഒന്നാന്തരം വാർത്തയാണ് എന്നു പറയുന്നതിന്റെ കാരണം എഴുതുക ?
25. സന്ദേശങ്ങളിലൂടെയുള്ള സാമൂഹ്യ സമ്പർക്കമാണ്ആശയവിനിമയം -ഈ നിർവചനത്തിന്റെ ഉപജ്ഞാതാവ്ആര്?

**(5×2=10 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ്ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. വാർത്താമൂല്യങ്ങളെകുറിച്ച് വിലയിരുത്തുക?
27. സമൂഹമാധ്യമങ്ങളെ കുറിച്ച് വിവരിക്കുക?
28. വാർത്താ മൂല്യത്തിലെ പുരോഗതി, അധോഗതി ഇവ വിലയിരുത്തുക?
29. ടെലിവിഷൻ കണ്ടുപിടിത്തത്തെക്കുറിച്ച് വിവരിക്കുക?
30. ആദ്യകാലപത്രങ്ങളെക്കുറിച്ച് വിവരിക്കുക?
31. വാർത്തകൾ തരം തിരിക്കുന്നതെങ്ങനെ? ഏതെങ്കിലും അഞ്ച്തരംവാർത്തകളെക്കുറിച്ച് എഴുതുക?
32. പത്രപ്രസിദ്ധീകരണത്തിൽ എഡിറ്റോറിയലിനുള്ളസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യുക?
33. പെയ്ഡ് ന്യൂസിനെക്കുറിച്ച് വിശദമാക്കുക?
34. റിപ്പോർട്ടിംഗ്എന്നാലെന്ത്?വിവരിക്കുക?
35. വാർത്താമൂല്യത്തിൽ 'മാറ്റം' എന്നത്കൊണ്ട്ഉദ്ദേശിക്കുന്നത്എന്ത്?
36. ന്യൂസ് എന്ന വാക്ക് ഉണ്ടായതെങ്ങനെയെന്ന് വിശദമാക്കുക?
37. റിപ്പോർട്ടിംഗിലെ നൂതനപ്രവണതകൾ എഴുതുക?

## SECTION D

**(6×5=30 Marks)**

**IV.ഏതെങ്കിലും രണ്ട്ചോദ്യത്തിന്മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. വാർത്തകളുടെ രീതിശാസ്ത്രത്തെക്കുറിച്ച്അപഗ്രഥിക്കുക
39. പത്രങ്ങളിൽ ഫോട്ടോകൾക്കുള്ള പ്രാധാന്യം ഉദാഹരണസഹിതം വിവരിക്കുക
40. വാർത്തകളുടെ തത്വവും പ്രയോഗവും ഏത് രീതിയിലാണ് മാധ്യമസംസ്കാരത്തെ സ്വാധീനിക്കുന്നത്
41. ബഹുജനമാധ്യമങ്ങളെ എത്രയായി തരംതിരിക്കാം?ഏതെല്ലാം? ഉപന്യസിക്കുക

**(2×10=20 Marks)**

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# അച്ചടിമാധ്യമം – തത്ത്വവും പ്രയോഗവും

COURSE CODE: B21ML01DE

SGOU



YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-970238-3-5
9 788197 023835